# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**2016 ഫെബ്രുവരി 17, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 - നമ്പർ 9

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 17, ബുധൻ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1322/2017.

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*


**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 68

**II. ഗവർണറുടെ സന്ദേശം** ... 324

**III. അടിയന്തരപ്രമേയം**

റേഷൻ മൊത്തവ്യാപാര ഡിപ്പോ കോഴക്കേസ്
(അവതരണാനുമതി നിഷേധിച്ചു) ... 324

**IV. ശ്രദ്ധ ക്ഷണിക്കൽ**

ജി.സി.സി. രാജ്യങ്ങളിൽ നോർക്ക സെല്ലുകൾ
(ശ്രീ. എൻ. ഷംസുദ്ദീൻ) ... 342

**V. മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) ലിസ്റ്റ് 1 പ്രകാരം ... 344

(2) ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം ... 346

**VI. റിപ്പോർട്ട് സമർപ്പണം**

(1) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും
അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബില്ലിനെ
സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ... 347

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ ... 347

**VII. ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള
ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ... 347

*പേജ്*

**അനുബന്ധം**

(1) 17-2-2016-ലെ ശ്രീ. എൻ. ഷംസുദ്ദീന്റെ ശ്രദ്ധ ക്ഷണിക്കലിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി ... 349

(2) 17-2-2016-ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ മേശപ്പുറത്തുവച്ച പ്രസംഗം (തുടർച്ച) ... 350

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 17, ബുധൻ*

വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2016 ഫെബ്രുവരി മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *181

(ചോദ്യോത്തരവേള ആരംഭിച്ച ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്താൻ തുടങ്ങി.)

### സംസ്ഥാനത്തെ റെയിൽവേ വികസനം

1 (*181) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ യാത്രക്കാരുടെ വർദ്ധനയ്ക്കനുസരിച്ച് ട്രെയിനുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും കൂടുതൽ ട്രെയിനുകളും ലൈനുകളും അനുവദിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റെയിൽവേയുടെ പൊതുവായ വികസനവുമായി ബന്ധപ്പെട്ട് കൂടുതൽ ട്രെയിനുകളും ലൈനുകളും അനുവദിക്കുക ഉൾപ്പെടെയുള്ള നിരവധി നിർദ്ദേശങ്ങൾ ഇതിനോടകം തന്നെ കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ഡിവിഷന്റെയും തിരുവനന്തപുരം ഡിവിഷന്റെയും കീഴിലുള്ള നിരവധി റൂട്ടുകളിൽ ഇപ്പോൾത്തന്നെ ലൈൻശേഷിയുടെ 100 ശതമാനത്തിൽ കൂടുതലാണ് ട്രെയിൻ ഓപ്പറേഷൻ നടന്നുവരുന്നത്. ചില റൂട്ടുകളിൽ മാത്രമാണ് അത് 70 ശതമാനത്തിനും 100 ശതമാനത്തിനും ഇടയ്ക്കുള്ളത്. അവിടെ മാത്രമേ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് റെയിൽവേയാണ്. സംസ്ഥാനത്ത് നേരിടുന്ന സ്ഥല ലഭ്യതയുടെ പരിമിതി മറികടക്കാൻ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതി എന്ന നിലയിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏൽപ്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ ദൂരത്തേയ്ക്ക് ഏകദേശം 3063.97 കോടി രൂപ അടങ്കലിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ.-ൽ വ്യക്തമാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനു വേണ്ടി സംസ്ഥാനം തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാ പത്രം 27-1-2016-ൽ ഒപ്പു വയ്ക്കുകയുമുണ്ടായി. സബർബൻ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇതുകൂടാതെ സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക മെമ്മോറാണ്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയും എം.പി.-മാരും ചേർന്ന് നേരിട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകുകയുണ്ടായി. ടി മെമ്മോറാണ്ടത്തിൽ ഏറ്റവും പ്രധാനമായ താഴെ പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ റെയിൽ ലൈനുകൾ ഇരട്ടിപ്പിക്കുക, വൈദ്യുതീകരണം, ഗേജ് മാറ്റം എന്നീ പ്രവർത്തികൾക്ക് 602 കോടി രൂപയുടെ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് ഒരു സ്വതന്ത്ര ട്രെയിനായി സർവ്വീസ് നടത്തുക.

തിരുവനന്തപുരം - മധുര – വേളാങ്കണ്ണി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഭാരത് തീർത്ഥ ട്രെയിൻ ആരംഭിക്കുക.

തിരുവനന്തപുരം - മംഗലാപുരം ഇന്റർസിറ്റി എക്സ്പ്രസ് ആരംഭിക്കുക.

തമിഴ്നാട്, കേരള, കർണ്ണാടക, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് കന്യാകുമാരി - ഗോവ ടൂറിസ്റ്റ് ട്രെയിൻ ആരംഭിക്കുക.

തിരുവനന്തപുരം - നിസ്സാമുദ്ദീൻ രാജധാനി എക്സ്പ്രസ് ദിവസേന സർവ്വീസ് നടത്തുക.

കോട്ടയം വഴിയുള്ള കണ്ണൂർ - തിരുവനന്തപുരം ജനശതാബ്ദി ട്രെയിൻ ദിനംപ്രതിയാക്കുക.

(സി) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ RPF (Railway Protection Force)-ഉം സംസ്ഥാന സർക്കാരും തൃപ്തികരമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ റെയിൽവേ വികസനം വളരെ മന്ദഗതിയിലാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ സന്ദർഭങ്ങളിലും വലിയ ആക്ഷേപങ്ങൾ ഉയരാറുണ്ട്. കേരളത്തിൽ ട്രെയിൻ യാത്രക്കാരുടെ എണ്ണം നാൾക്കുനാൾ കൂടിവരികയാണ്. മലയാളികൾ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡീസന്റ് പാസഞ്ചേഴ്സാണ്. അതുകൊണ്ടുതന്നെ നമ്മൾ റെയിൽവേയ്ക്ക് നൽകുന്നത് നല്ല വരുമാനമാണ്. പക്ഷേ അതിനനുസരിച്ച പുരോഗതി നമ്മുടെ സംസ്ഥാനത്തിന് പലപ്പോഴും ലഭിക്കാറില്ല. ഇപ്പോൾ റെയിൽവേ ബഡ്ജറ്റ് വരാൻ പോകുകയാണ്. എം.പി.മാരുമായി ചേർന്ന് പുതിയ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എല്ലാ വർഷവും ഇത്തരം നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. ഇത്തവണത്തെ ബഡ്ജറ്റിൽ ഇതെല്ലാം ചേർത്തുകിട്ടുമെന്ന് എന്തെങ്കിലും ഉറപ്പ് കിട്ടിയിട്ടുണ്ടോ; കേരളം ആവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട പ്രീ-ബഡ്ജറ്റ് ഡിസ്കഷന് സംസ്ഥാന ഗവൺമെന്റിനെ കേന്ദ്ര ഗവൺമെന്റ് വിളിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ അറിയാൻ താൽപ്പര്യമുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, എം.പി.മാരുടെ കോൺഫറൻസ് കൂടിയ കാര്യവും പ്രധാനമന്ത്രിയെ സന്ദർശിച്ച കാര്യവുമൊക്കെ കഴിഞ്ഞ മറുപടിയിൽ വളരെ വ്യക്തമായി ഞാൻ പറഞ്ഞിരുന്നു. അതിനുപുറമേ കഴിഞ്ഞ മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞാനും കേരളത്തിലെ എം.പി.മാരും ചേർന്ന് ഒരു പ്രീ-ബഡ്ജറ്റ് ഡിസ്കഷൻ ഡൽഹിയിൽ വച്ച് നടത്തിയിട്ടുണ്ട്. പല കാര്യങ്ങളും പരിഹരിക്കുമെന്നാണ് എന്റെ വിശ്വാസം. ബഡ്ജറ്റ് കാര്യമായതു കൊണ്ട് എന്തൊക്കെ വരുമെന്ന് കാലേക്കൂട്ടി പറയാനോ അവർക്ക് ഉറപ്പുതരാനോ സാധിച്ചിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഷൊർണ്ണൂർ - കോഴിക്കോട് വൈദ്യുതീകരണം പൂർത്തിയായിട്ട് മാസങ്ങളായി. അത് എന്തുകൊണ്ട് കമ്മീഷൻ ചെയ്യുന്നില്ല; അത് ഉടൻ ഉണ്ടാകുമോ എന്നറിയാൻ താൽപ്പര്യമുണ്ട്. ഞങ്ങളൊക്കെ യാത്ര ചെയ്യുന്ന പല ട്രെയിനുകളും ഷൊർണ്ണൂരിൽ എഞ്ചിൻ മാറ്റത്തിനായി അരമണിക്കൂറിലധികം പിടിച്ചിടാറുണ്ട്. കോഴിക്കോട് വരെയുള്ള വൈദ്യുതീകരണം പൂർത്തിയായതുമാണ്. അത് കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; ഒരു കാര്യം കൂടി, അങ്ങയുടെ നിയോജക മണ്ഡലത്തിൽ നിന്നും പുറപ്പെടുന്ന രാജ്യറാണി എക്സ്പ്രസ് പാലക്കാട് വന്ന് അമൃത എക്സ്പ്രസുമായി ചേരുകയാണ്. അതിനായി ഒന്നര മണിക്കൂറോളം കാത്തുനിൽക്കുന്നുണ്ട്. അത് രണ്ടും ബൈഫർക്കേറ്റ് ചെയ്ത് സെപ്പറേറ്റ് ട്രെയിനാക്കു മെന്ന് പറയാൻ തുടങ്ങിയിട്ട് കുറെ നാളുകളായി. ഇന്നും ബഹുമാനപ്പെട്ട മന്ത്രി അത് പറഞ്ഞു. അതുകൊണ്ട് രണ്ടും രണ്ട് ട്രെയിനായി, രണ്ട് സമയത്ത് വരുന്നതിനു വേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും സംസ്ഥാന ഗവൺമെന്റും അടിയന്തരമായ പരിശ്രമങ്ങൾ നടത്തുമോയെന്നും അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ പറഞ്ഞ രണ്ട് കാര്യങ്ങളെക്കുറിച്ചും കഴിഞ്ഞ പ്രാവശ്യം ഡൽഹിയിൽ വച്ച് നടന്ന കേന്ദ്രമന്ത്രിയുമായുള്ള ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ കാര്യം പരിഗണിക്കാമെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി പറഞ്ഞിട്ടുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, റെയിൽവേയുടെ നിയമങ്ങൾ അനുസരിച്ച് ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന ആളുകൾ ഏറ്റവും അധികമുള്ള സംസ്ഥാനമാണ് കേരളം. പക്ഷേ, മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന സംവിധാനങ്ങളോ സൗകര്യങ്ങളോ റെയിൽവേ നമുക്ക് നൽകുന്നില്ല. കേരളത്തിലൂടെ ഓടുന്ന ട്രെയിനിന്റെ ബോഗികൾ കാണുമ്പോൾ നമുക്കത് മനസ്സിലാകും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം, ട്രെയിനുകളിൽ കൂടുതൽ അപകട മരണങ്ങൾ ഉണ്ടാകുന്നുവെന്നതാണ്. ട്രെയിനുകളിലെ വാഷ് ബേസിനും ടോയ്ലറ്റുമൊക്കെ വാതിലിനടുത്തുള്ളതാണ് അതിന്റെ പ്രധാന കാരണം. ട്രെയിനുകളിൽ വേറെ ഏതെങ്കിലും ഒരു സ്ഥലത്ത് വാഷ് ബേസിനും ടോയ്ലറ്റുമൊക്കെ സ്ഥാപിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും. മറ്റൊന്ന്, റെയിൽവേ ട്രാക്കിലൂടെ നടക്കുമ്പോഴും റെയിൽവേ ട്രാക്ക് മുറിച്ചു കടക്കുമ്പോഴും കുറെ അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. അതിന് കുറെ സബ്‌വേകളും ആർ.ഒ.ബി.കളും ആവശ്യമാണ്. എന്റെ മണ്ഡലത്തിൽത്തന്നെ ഒരു സബ്‌വേ ആവശ്യമുണ്ട്. പക്ഷേ, ആ സബ്‌വേ ഇല്ലാത്തതുകൊണ്ട് കുറെ ആളുകൾ ട്രെയിൻ തട്ടി മരിക്കുന്നുണ്ട്. സബ്‌വേ നിർമ്മിക്കണമെങ്കിൽ 6 കോടി രൂപ ആവശ്യമുണ്ട്. അതുമാത്രമല്ല, പഞ്ചായത്ത് റെയിൽവേയ്ക്ക് 6 ലക്ഷം രൂപ കെട്ടിവയ്ക്കേണ്ടതുമുണ്ട്. 6 കോടി രൂപ ജനങ്ങൾക്ക് ഉണ്ടാക്കാൻ സാധിക്കുകയില്ല. കേരളത്തിന്റെ പല ഭാഗത്തും ഇതുപോലെ സബ്‌വേയും ആർ.ഒ.ബി.-യും ആവശ്യമുണ്ട്. ഇതിനുള്ള തുക സംസ്ഥാന സർക്കാർ അനുവദിക്കുമോ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. അതുപോലെതന്നെ, രാജധാനി എക്സ്പ്രസിന് സ്റ്റോപ്പില്ലാത്ത കേരളത്തിലെ ഏക ജില്ലാ ആസ്ഥാനം കാസർഗോഡാണ്. നിരവധി സംഘടനകളും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും ജനപ്രതിനിധികളുമൊക്കെ ഈ ആവശ്യം കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇതുവരെ രാജധാനി എക്സ്പ്രസിന് കാസർഗോഡ് സ്റ്റോപ്പ് കിട്ടിയിട്ടില്ല. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, രാജധാനി എക്സ്പ്രസ് കാസർഗോഡ് ജില്ലയിൽ മാത്രമല്ല മലപ്പുറം ജില്ലയിലും നിർത്തുന്നില്ല. ഈ രണ്ട് ജില്ലകളിലും രാജധാനി എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള നിവേദനം കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അപകടങ്ങൾ കുറയ്ക്കാനുള്ള സബ്‌വേ, ആർ.ഒ.ബി. തുടങ്ങിയ ചില മാർഗ്ഗങ്ങൾ ഇവിടെ പറഞ്ഞു. ഈ കാര്യങ്ങളെല്ലാം കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ഒരിക്കൽ കൂടി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും കേന്ദ്ര റെയിൽവേ മന്ത്രിയുടെയുമൊക്കെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി ഇവിടെ പറയുകയുണ്ടായി. എന്നാൽ അതിൽ വിട്ടുപോയ കാര്യമായി എനിക്ക് തോന്നുന്നത്, സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാറിലെ ജനങ്ങളുടെ ഏറെ നാളത്തെ ആവശ്യമാണ് നിലമ്പൂർ-നഞ്ചൻകോട് പാത. ഇപ്പോൾ കേന്ദ്രവുമായി സംസ്ഥാന സർക്കാർ ഒരു ധാരണാപത്രം ഒപ്പിട്ടതായി അറിയാൻ സാധിച്ചു. എത്രയും വേഗം ഈ നിലമ്പൂർ- നഞ്ചൻകോട് പാതയ്ക്ക് മുൻഗണന നൽകി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, നിലമ്പൂർ - നഞ്ചൻകോട് പാതയുടെ കാര്യം കേന്ദ്ര മന്ത്രിയുമായുള്ള ചർച്ചയിൽ നമ്മൾ ഉന്നയിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മളൊരു ജോയിന്റ് കമ്പനി രജിസ്റ്റർ ചെയ്യാൻ പോവുകയാണ്, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ. ആ കമ്പനി പ്രയോഗത്തിൽ വന്നുകഴിഞ്ഞാൽ ഈ പറയുന്ന വർക്കുകളൊക്കെ കമ്പനിക്ക് ഏറ്റെടുത്ത് നടത്താൻ സാധിക്കും.

<u>ശ്രീ. എം. ഉമ്മർ</u>: സർ, നിലമ്പൂർ - ഷൊർണ്ണൂർ ലൈനിലെ ഏറ്റവും തിരക്കുകൂടിയതും ഏറെ ജനങ്ങൾ യാത്ര ചെയ്യുന്നതുമായ ഒരു റെയിൽവേ സ്റ്റേഷനാണ് അങ്ങാടിപ്പുറം. എന്നാൽ അടുത്ത സ്റ്റേഷനുകളായ പട്ടിക്കാട്, മേലാറ്റൂർ റെയിൽവേ സ്റ്റേഷനുകളിലൊക്കെതന്നെ വളരെ സുഖകരമായ രീതിയിൽ പ്ലാറ്റ്ഫോമും അതുപോലുള്ള മറ്റ് സൗകര്യങ്ങളുമൊക്കെ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിന് തീരെ പൊക്കമില്ല, അവിടെ ഷെൽട്ടറുകളില്ല. വളരെ പ്രയാസമുണ്ട്. അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുവേണ്ടി അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര റെയിൽവേ ബോർഡിന്റെ മുമ്പിൽ ഈ കാര്യം ഉന്നയിച്ചിട്ടുമുണ്ട്. ഇനി വീണ്ടും ഉന്നയിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് ശബരി റെയിൽപ്പാത. പക്ഷേ ദൗർഭാഗ്യമെന്നു പറയട്ടെ, ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുപ്രകാരം മൊത്തം ചെലവിന്റെ പകുതി സംസ്ഥാനം വഹിക്കണമെന്നുള്ളതാണ്. അതൊട്ടും പ്രായോഗികമല്ല. അതുകൊണ്ട് കൊങ്കൺ റെയിൽവേ മാതൃകയിൽ ശബരി റെയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിന് ശബരി റെയിൽ കോർപ്പറേഷൻ രൂപീകരിക്കേണ്ട കാര്യമില്ല. കഴിഞ്ഞ മാസം കേന്ദ്ര റെയിൽവേ ബോർഡുമായി വച്ച എഗ്രിമെന്റ് അനുസരിച്ച് ഒരു എസ്.പി.വി. നമ്മൾ രജിസ്റ്റർ ചെയ്യുകയാണ്. അതിന്റെ ആസ്ഥാനം തിരുവനന്തപുരത്തായിരിക്കും. അതുവഴി ഇതുപോലുള്ള വർക്കുകളൊക്കെ ഏറ്റെടുത്ത് നടത്താൻ കഴിയും. ആ എസ്.പി.വി.യിൽ 49 ശതമാനം ഷെയർ റെയിൽവേ ബോർഡിനും 51 ശതമാനം ഷെയർ കേരള ഗവൺമെന്റിനുമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്, എല്ലാ വർക്കുകൾക്കും 50 ശതമാനം ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണമെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക പ്രയാസമുള്ളതുകൊണ്ട് സാധ്യമല്ലാതെ വരുന്നു. അതുകൊണ്ടാണ് ഇങ്ങനെയൊരു എസ്.പി.വി. രജിസ്റ്റർ ചെയ്ത് ഇതുപോലുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് കേരള ഗവൺമെന്റ് ഉദ്ദേശിച്ചത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് നഗരത്തിൽ പണി ആരംഭിച്ച് ഏതാണ്ട് പന്ത്രണ്ട് വർഷം കഴിഞ്ഞാണ് ഒരു റെയിൽവേ മേൽപ്പാലം ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചത്. പക്ഷേ ടൗണിൽനിന്ന്, ഗേറ്റിൽനിന്ന് ഏതാണ്ട് അരകിലോമീറ്റർ അപ്പുറത്തുകൂടിയാണ് പുതിയ മേൽപ്പാലം വന്നിട്ടുള്ളത്. അവിടെ റെയിൽവേ മതിലടച്ച് കെട്ടിയിരിക്കുകയാണ്. ടൗൺ ബൈസെക്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. രണ്ട് ഭാഗമായി നിൽക്കുന്നതുപോലെയാണ് ടൗൺ നിൽക്കുന്നത്. ഒരു പദയാത്രികനുപോലും അപ്പുറത്ത് എത്താൻ സാധിക്കാത്ത സാഹചര്യമാണ്. ആ സ്ഥാനത്ത് ആർ.ഒ.ബി.-ക്ക് സാധ്യതയില്ലായിരുന്നെന്നാണ് അവർ പറയുന്നത്. പന്ത്രണ്ട് വർഷം മുമ്പ് എടുത്ത തീരുമാനമായതുകൊണ്ട് ഇപ്പോഴത് റിവോക്ക് ചെയ്യാനും സാധിക്കില്ല. പക്ഷേ അവർ ഇപ്പോഴൊരു ഓപ്ഷൻ വച്ചിട്ടുണ്ട്. ഗവൺമെന്റ് ഡെപ്പോസിറ്റ് ഫണ്ടുവഴി ചെയ്യുകയാണെങ്കിൽ കാൽനട യാത്രക്കാർക്കുവേണ്ടി നാല് എസ്കലേറ്ററുകളും ഒരു ഫൂട്ട് ഓവർബ്രിഡ്ജും ഈ ടൗണിന്റെ ഹൃദയ ഭാഗത്ത് സ്ഥാപിക്കാമെന്നും ഒരു അനുമതി നൽകിയതുപോലെ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതൊരു ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുക്കാൻ ഗവൺമെന്റിന് ഏതെങ്കിലും തരത്തിൽ സാമ്പത്തിക സഹായം അനുവദിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറഞ്ഞ എസ്.പി.വി. മുഖേന നടത്താൻ സാധിക്കും. അതിന് ഗവൺമെന്റ് ഷെയർ 51 ശതമാനവും 49 ശതമാനം ഷെയർ റെയിൽവേ ബോർഡിനുമാണ്. ബാക്കി നമുക്ക് കടം വാങ്ങിക്കൊണ്ട് ചെയ്യാൻ സാധിക്കും. അതിനെല്ലാം ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു എസ്.പി.വി. രജിസ്റ്റർ ചെയ്യുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: റെയിൽവേയുമായി ബന്ധപ്പെട്ട നിരവധി വികസന പദ്ധതികൾ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങയുടെയും മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും നേതൃത്വത്തിൽ കൊച്ചി മെട്രോ രാജ്യത്തിനുതന്നെ മാതൃകയാംവണ്ണം ഏറ്റവും കുറഞ്ഞ സമയംകൊണ്ട് യാഥാർത്ഥ്യമാകാൻ പോകുകയാണ്. മെട്രോ നഗരങ്ങളുടെ പട്ടികയിലേയ്ക്ക് കൊച്ചിയും കേരളവുമൊക്കെ വന്നുകഴിഞ്ഞു. ആ സാഹചര്യത്തിൽ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള സബർബൻ ട്രെയിൻ സർവ്വീസ് വളരെ പ്രതീക്ഷയോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുന്നത്. ചെങ്ങന്നൂർ - തിരുവനന്തപുരം സബർബൻ ട്രെയിൻ സർവ്വീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദീകരിക്കാൻ കഴിയുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സബർബൻ ട്രെയിൻ സർവ്വീസിനെ സംബന്ധിച്ച് ബോംബെ ആസ്ഥാനമായുള്ള റെയിൽവേ കോർപ്പറേഷനുമായി അതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടുകയും അവർ അതിന്റെ ഡി.പി.ആർ. വരെ തയ്യാറാക്കിക്കഴിഞ്ഞിരിക്കുകയുമാണ്. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച എസ്.പി.വി. നിലവിൽ വന്നാൽ നമ്മൾ ആദ്യമായി ചെയ്യാൻ പോകുന്ന പ്രവർത്തനം അതായിരിക്കും.

ശ്രീ. കെ. എം. ഷാജി: സർ, റെയിൽവേയുമായി ബന്ധപ്പെട്ട് ചില പരിമിതികളുണ്ടെങ്കിലും കാലങ്ങളായി ഉയരുന്ന പരാതി നമുക്ക് നല്ല ട്രെയിനുകളില്ലെന്നുള്ളതാണ്. ഉള്ള ട്രെയിനുകളിൽത്തന്നെ, എ.സി. കമ്പാർട്ടു മെന്റുകളിൽ തിരുവനന്തപുരത്തേയ്ക്കൊക്കെ ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ എപ്പോഴും വെയിറ്റിംഗ് ലിസ്റ്റിലാണെന്നു മാത്രമല്ല ഇ.ക്യൂ. കൊടുത്താൽപോലും ടു ടയറിൽ കൊടുത്താൽ ത്രീ ടയറിലൊക്കെയാണ് കിട്ടുന്നത്. ബോഗികൾ വർദ്ധിപ്പിക്കാൻ, എ.സി. കമ്പാർട്ടുമെന്റുകൾ കൂടുതൽ വർദ്ധിപ്പിക്കാവുന്ന എന്തെങ്കിലും തരത്തിലുള്ള ശ്രമങ്ങൾ നടത്താൻ സാധിക്കുമോ; അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വീണ്ടും റെയിൽവേ ബോർഡിനെ ഈ കാര്യങ്ങൾക്കു വേണ്ടി സമീപിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരി റെയിൽപ്പാത അടക്കമുള്ളവയ്ക്ക് ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ സാർ തന്നെയാണ് നിലമ്പൂർ-സുൽത്താൻബത്തേരി-നഞ്ചൻകോട് റെയിൽവേയ്ക്ക് നേതൃത്വം വഹിക്കുന്നതും തുടക്കം കുറിച്ചതുമെല്ലാം. നിലമ്പൂർ-സുൽത്താൻബത്തേരി-നഞ്ചൻകോട് റെയിൽവേ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇത് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതിനുവേണ്ടി 50:50 റേഷ്യോയിൽ സംസ്ഥാന സർക്കാർ ബഡ്ജറ്ററി സപ്പോർട്ട് നൽകണമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിനുപോലും കേരള ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. പക്ഷേ കർണ്ണാടക അതിന് തയ്യാറായില്ലെന്നുള്ളതാണ് വസ്തുത. ഏതായാലും നേരത്തെ പറഞ്ഞ എസ്.പി.വി. രജിസ്റ്റർ ചെയ്ത് നടത്തുന്ന പ്രവർത്തനത്തിൽ ഏറ്റവും വലിയ മുൻഗണന നൽകുന്നത് സബർബൻ റെയിൽവേയ്ക്കും അതുപോലെ നിലമ്പൂർ -നഞ്ചൻകോട് റെയിൽവേയ്ക്കുമായിരിക്കും.

ശ്രീ. സി. പി. മുഹമ്മദ്: സർ, നിലമ്പൂർ-ഷൊർണ്ണൂർ ലൈനിലെ മലപ്പുറം-തൃശ്ശൂർ സ്റ്റേയിറ്റ് ഹൈവേയിൽ വാടാനാംകുറിശ്ശി റെയിൽവേ ഗേറ്റ് ഗതാഗത സ്തംഭനമുണ്ടാക്കുന്ന വിധത്തിൽ സ്ഥിരമായി അടച്ചിട്ടിരിക്കുകയാണ്. അവിടെ ഒരു റെയിൽവേ മേൽപ്പാലം പണിയുന്നതിന് സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോ; അവിടെയുള്ള ഗതാഗതക്കുരുക്ക് അഴിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേയിൽ പല സ്ഥലത്തും ഇതുപോലുള്ള പ്രയാസങ്ങളുണ്ട്. വാടാനാംകുറിശ്ശിയിലെ കാര്യം ഞാൻ തന്നെ നേരിട്ട് അനുഭവിക്കുന്ന കാര്യമാണ്. അതുകൊണ്ട് ഇതും അതുപോലെ നിലമ്പൂരുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വീണ്ടും ആവശ്യപ്പെടുന്നതാണ്.

ശ്രീ. ടി.എൻ. പ്രതാപൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹങ്ങളിലൊന്നാണ് തീരദേശ റെയിൽവേ എന്നുള്ള സ്വപ്നം. ഗുരുവായൂർ-താനൂർ റെയിൽവേ പ്രൊപ്പോസൽ ഉൾപ്പെടെയുള്ളവ അതിന്റെ ഭാഗമായി ഉണ്ടായതാണ്. തീരദേശ റെയിൽവേയ്ക്കുവേണ്ടി നേരത്തെ ഒരു സർവ്വേയും നടന്നിരുന്നു. എറണാകുളത്തു നിന്നുള്ളതായിരുന്നു തീരദേശ റെയിൽവേ. അതുകൊണ്ട് തീരദേശ റെയിൽവേ എന്ന കേരളത്തിന്റെ ചേതോവികാരം സഫലീകൃതമാകുന്നതിനുവേണ്ടി മുമ്പ് നടന്ന സർവ്വേയുടെ പശ്ചാത്തലത്തിൽ വീണ്ടും ഒരു പുതിയ സർവ്വേ നടത്താനും വരുന്ന റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന്റെ പഴയ സ്വപ്ന പദ്ധതിയായ തീരദേശ റെയിൽവേ ഉൾപ്പെടുത്താനും ശ്രമിക്കുമോ; അതോടൊപ്പം ഒരു ചോദ്യം കൂടി, ഗുരുവായൂർ നിന്നും താനൂർ വഴി ഉള്ള ഒരു റെയിൽ പ്രൊപ്പോസൽ നേരത്തേ ഉണ്ടായിരുന്നു. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്വപ്നമായിരുന്നു അത്. അതുകൂടി യാഥാർത്ഥ്യമാക്കുന്നതിന് പ്രത്യേക താൽപ്പര്യമെടുക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, താനൂർ അല്ല, ഇപ്പോൾ കുറ്റിപ്പുറം-ഗുരുവായൂർ ആണ്. അതിന്റെ അലൈൻമെന്റ് കേരള ഗവൺമെന്റ് അംഗീകരിച്ചു കഴിഞ്ഞു. ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലാണ് ഏറ്റവും വലിയ തടസ്സമുള്ളത്. ഏതായാലും അത് പ്രധാനപ്പെട്ട വർക്കായിത്തന്നെ കേരള ഗവൺമെന്റ് കണക്കാക്കി മുന്നോട്ടുപോകുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യംവിളി അവസാനിപ്പിച്ച് അവരവരുടെ സീറ്റുകളിൽ ഇരുന്നു)

## സഹകരണ സംഘങ്ങളിലെ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും

2(*182) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പാ സഹകരണ സംഘങ്ങളിലെ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ത്രിതല വായ്പാ മേഖലയിലെ നിലവിലുള്ള നിഷ്ക്രിയ ആസ്തിയും കുടിശ്ശികയും സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ,

(എ) പരിശോധിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ വിലത്തകർച്ചമൂലം യഥാസമയം കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്നതിന് വായ്പക്കാർ വീഴ്ച വരുത്തുന്നതും, വയനാട് പോലെയുള്ള ജില്ലകളിൽ കാലാവസ്ഥ വ്യതിയാനംമൂലം കാർഷിക മേഖല കൂടുതൽ പ്രതിസന്ധിയിലായതുമൂലവും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവിന് ആനുപാതികമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തത് വ്യക്തിഗത വായ്പകളുടെ തിരിച്ചടവിനെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ വായ്പാതിരിച്ചടവ് ശേഷി പരിഗണിക്കാതെ വായ്പ അനുവദിക്കുന്നതുമൂലവും വായ്പാ തിരിച്ചടവിൽ വീഴ്ച വരുന്നതുമൂലവും യഥാസമയം വായ്പാ തിരിച്ചടവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ സംഘം ഭരണസമിതികൾ ശ്രദ്ധ പുലർത്താതിരിക്കുന്നതുമൂലവും, ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നതുമൂലവും സംഘങ്ങളുടെ വായ്പാ കുടിശ്ശികയിൽ വർദ്ധനവ് വരുന്നുണ്ട്. ജില്ലാ ബാങ്കുകളെ സംബന്ധിച്ച് അംഗസംഘങ്ങളിലെ ഭരണ മികവില്ലായ്മയും വായ്പാ തിരിച്ചടവിലെ അനാസ്ഥയും നിഷ്ക്രിയ ആസ്തികളുടെയും കുടിശ്ശികയുടെയും വർദ്ധനവിന് കാരണമാകുന്നു.

(ബി) കേരള സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള ആശ്വാസ് പദ്ധതികളിൽ ഉൾപ്പെടുത്തിയും വായ്പാ കുടിശ്ശിക നിവാരണ അദാലത്തുകൾ സംഘടിപ്പിച്ചും നിയമാനുസൃതം ലഭ്യമാക്കാവുന്ന പരമാവധി ഇളവുകൾ നൽകി വായ്പാതിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നിഷ്ക്രിയ ആസ്തികളും കുടിശ്ശികയും കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ച് വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും കഴിയുന്നുണ്ട്.

(സി) ലഭ്യമാണ്. സംസ്ഥാന സഹകരണ ബാങ്കിന് 31-3-2015-ലെ കണക്ക് പ്രകാരം 557.78 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾക്ക് 1957.33 കോടി രൂപയും നിഷ്ക്രിയ ആസ്തിയായുണ്ട്. കൂടാതെ പ്രാഥമിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾക്ക് 21543.36 കോടി രൂപയും കുടിശ്ശികയുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, വായ്പാ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കാത്തതും ഒരു കാര്യമായ ഭരണം പൊതുവിൽ സഹകരണ രംഗത്ത് കാഴ്ചവയ്ക്കാത്തതിന്റെയും ഫലമായി കേരളത്തിൽ നമ്മുടെ അഭിമാനമായിട്ടുള്ള കണസ്യൂമർ ഫെഡിൽ ഏതാണ്ട് 356 കോടി രൂപയുടെ അഴിമതി നടന്നതായി ഞാൻ ഈ നിയമസഭയിൽ രേഖകൾ അടക്കം വച്ചുകൊണ്ട് ഉന്നയിക്കുകയുണ്ടായി. നമുക്ക് അത് പ്രത്യേകമായി സംസാരിക്കാമെന്ന നിലയിലാണ് അന്ന് അങ്ങ് എന്നോട് പറഞ്ഞത്. അതിനുശേഷം 100 കോടി രൂപയുടെ അഴിമതി കാണിച്ച

കൊണ്ട് വിജിലൻസ് ഡയറക്ടർക്ക് പരാതികൊടുത്തു. അതിനുശേഷം ഞാൻ ചെയ്ത കാര്യങ്ങളൊക്കെ തന്നെ ഈ സഭയുടെ ഒരു പൊതു വികാരമായിരുന്നു. കൺസ്യൂമർഫെഡിന്റെ ചെയർമാനായിട്ടുള്ള ശ്രീ. ജോയ് തോമസ് അടക്കമുള്ള ബോർഡു മെമ്പർമാരെ, ശ്രീ. പാച്ചേനി സതീശനടക്കമുള്ള ആൾക്കാരുടെ അഭിപ്രായം കൂടി മാനിച്ചുകൊണ്ടും വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും പിരിച്ചുവിട്ടു. ഇപ്പോൾ കൺസ്യൂമർഫെഡിന്റെ സ്ഥിതി എന്താണ് ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ പറഞ്ഞതൊക്കെ ശരിയാണ്, ഞാൻ അത് കേട്ടിട്ടുമുണ്ട്. പക്ഷേ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് വിജിലൻസിന്റെ അന്വേഷണം, മറുഭാഗത്ത് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. എതാണ്ട് അവസാന സ്റ്റേജ് ആയി, അങ്ങ് പറഞ്ഞ കോടിക്കണക്കൊന്നുമല്ല. ഒരാഴ്ചയ്ക്കുള്ളിൽ അതിന്റെ ഫൈനൽ റിപ്പോർട്ട് വരും. ആ റിപ്പോർട്ട് വരുമ്പോൾ അതിൽ ബന്ധപ്പെട്ട ആരെങ്കിലുമുണ്ടെങ്കിൽ, കുറച്ച് ഉദ്യോഗസ്ഥൻമാർ വന്നിട്ടുണ്ട്. ജോയ് തോമസാണോ, എം.ഡി. യാണോ, എന്ന കാര്യമൊന്നും എനിക്കറിയില്ല. റിപ്പോർട്ട് വരുന്ന മുറയ്ക്ക് കർശനമായ നടപടിയെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു പുകമറയുണ്ടാക്കേണ്ട ആവശ്യമില്ല. ഇപ്പോൾ കൺസ്യൂമർഫെഡിന് സാമ്പത്തികമായി ബുദ്ധിമുട്ട് ഉണ്ട് എങ്കിലും ഒരു വിധം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഇത് അങ്ങുതന്നെ സമ്മതിച്ചു. അങ്ങയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുകയുണ്ടായി. ഒന്നുമില്ലെങ്കിലും കൺസ്യൂമർഫെഡിന്റെ ചെയർമാനേയും ബോർഡു മെമ്പർമാരെയും പിരിച്ചുവിടേണ്ട ഒരു സാഹചര്യവുമില്ലല്ലോ; നാട്ടിലാകെ ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് അങ്ങ് തന്നെ ഇപ്പോൾ പറഞ്ഞു ഞാൻ നിഷേധിക്കുന്നില്ല എന്ന്, അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ ഏറ്റവും അഭിമാനമായിട്ടുള്ള കൺസ്യൂമർഫെഡിന്റെ ബോർഡിനെ പിരിച്ചുവിടേണ്ട ഒരു സാഹചര്യം ഇവിടെ ഉണ്ടായിട്ടുള്ളത്. അങ്ങ് തൃശ്ശൂരിൽ ഒരു സഹകരണ കോളേജ് ആരംഭിച്ചു. തൃശ്ശൂർ കച്ചേരിയിലെ ഫാർമസി കോളേജിനുവേണ്ടി ഭൂമി വാങ്ങി. അങ്ങ് നേരിട്ട് കോടതി ഇടപെടലിന്റെ അടിസ്ഥാനത്തിൽ 4.23 കോടി രൂപയുടെ ഭൂമി വാങ്ങി. സഹകരണ കൺസ്യൂമർഫെഡിന്റെ നിയമം അനുസരിച്ച് അങ്ങനെ ഫാർമസി കോളേജ് തുടങ്ങുന്നതിനുള്ള അനുവാദം ഇല്ല. 4.23 കോടി രൂപ ഡിസ്പോസ് ചെയ്യണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. അങ്ങ് അറിഞ്ഞുകൊണ്ട് 6 കോടി രൂപ കൺസ്യൂമർഫെഡിൽ നിന്നും വിത്ഡ്രോ ചെയ്തു, അതിൽ 1.5 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ട്. അതിൽ അങ്ങേയ്ക്കും പങ്കുണ്ടെന്ന ഒരു ചർച്ച നാട്ടിലാകെ ഉയർന്നുവരുന്നുണ്ട്. ഇതിനെ സംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, അവിടെയൊരു സംഘം ഉണ്ടായിരുന്നു. ആ സംഘത്തിൽ കുറെയധികം ഡെപ്പോസിറ്റ് വാങ്ങിക്കേണ്ടി വന്നു. ഡെപ്പോസിറ്റ് കൊടുക്കാൻ പറ്റാതെ വന്നപ്പോൾ ആളുകൾ ആ കമ്മിറ്റിയുടെ പേരിൽ ക്രിമിനൽ കേസ്സു കൊടുത്തു. ഞാൻ ആ കമ്മിറ്റിയിൽ ഇല്ല. വലിയ സ്വത്തുള്ള ഒരു സ്ഥാപനമാണ്, അത് ലേലത്തിന് വച്ചു. ലേലത്തിൽ അത് പുറത്തുപോകാൻ പാടില്ല. കാരണം ഇരുപത് കോടി രൂപയോളം മുതലുള്ള ഒരു സ്ഥാപനമാണ്. ഡെപ്പോസിറ്റുകാർക്ക് 6 കോടിരൂപയോളം കൊടുക്കാനുണ്ട്, അതിന് ഗവൺമെന്റിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വന്നിരുന്ന് ചർച്ച ചെയ്ത് അവരാണ് അത് ഫൈനലൈസ് ചെയ്തത്. അതിന്റെ എല്ലാ രേഖകളുമുണ്ട്. ശ്രീ. ശിവൻകുട്ടിയോട് പറയാനുള്ളത്, നമുക്ക് ആരെപ്പറ്റി വേണമെങ്കിലും പറയാം, ഇന്നത്തെ വ്യവസ്ഥിതി അതാണ്. ഒരു വെള്ളക്കടലാസ് കൊണ്ടുകൊടുത്താൽ അഴിമതിയായി, കേസ്സായി. വസ്തുതകൾ സ്റ്റഡി ചെയ്യണം. ഒരു പ്രൈവറ്റ് ഏജൻസി ലേലം ചെയ്ത് കൊണ്ടു പോകാതിരിക്കാനായി സദുദ്ദേശ്യത്തോടുകൂടി ഗവൺമെന്റ് ആലോചിച്ച് ചെയ്തതാണ്. യാതൊരുവിധ അഴിമതിയും ഇതിലില്ല. ഏതു കാര്യത്തിനും അവിടെ അന്വേഷിച്ചോളൂ, എല്ലാ രേഖകളും അവിടെയുണ്ട്. ഉദ്യോഗസ്ഥൻമാരാണ് അത് ഏറ്റെടുത്ത് ഡെപ്പോസിറ്റുകാർക്ക് പണം തിരികെ കൊടുത്തത്. അത് വളരെ കൃത്യമാണ്. ഇപ്പോൾ, വലിയ സ്ഥാപനമായി മാറിയിരിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ് : സർ, കുടിശ്ശിക നിവാരണത്തിന് നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപ സർക്കാർ ഏറ്റെടുത്തിരുന്നുവെങ്കിലും നാളിതുവരെ ആ പണം സംഘങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിലുണ്ടോ; ഇവിടെ വായ്പാ കുടിശ്ശിക വരുത്തുന്നവർക്കാണ് ഇളവു കൊടുക്കുന്നത്, വളരെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ബാക്ക് എന്റ് സബ്സിഡി നൽകികൊണ്ട് കുടിശ്ശിക കുറച്ചുകൊണ്ടുവരാനും അതുവഴി നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, എസ്.സി./എസ്.ടി.-യുടെ കാര്യത്തിൽ കുറച്ചു ഡിലേ വന്നിട്ടുണ്ട്. പെട്ടെന്നുതന്നെ അത് പരിഹരിക്കുന്നതാണ്. രണ്ടു വകുപ്പിന്റേയും പണം വന്നിട്ടുണ്ട്, അവർ കൈപ്പറ്റിയിട്ടുണ്ട്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം പ്രധാനപ്പെട്ടതാണ്, ഇതെല്ലാം തിരിച്ചടയ്ക്കാത്തവർക്കുള്ള ആനുകൂല്യങ്ങളാണ്, യഥാർത്ഥത്തിൽ തിരിച്ചടയ്ക്കുന്നവർക്കും ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം, സാമ്പത്തിക പരാധീനതകൊണ്ടും പല പ്രശ്നങ്ങൾ കൊണ്ടും അത് സാധിക്കുന്നില്ല. വളരെ വേഗം ഈ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, കുടിശ്ശിക, നിഷ്ക്രിയ ആസ്തി എന്നിവയെ സംബന്ധിച്ച് അങ്ങ് പറഞ്ഞ മറുപടി ഭാഗികമായ സത്യം മാത്രമാണ്. നിങ്ങൾ കുറ്റപ്പെടുത്തുന്നത് സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയേയും വായ്പയെടുത്ത ആളുകളേയുമാണ്. എന്താണ് നമ്മുടെ നാട്ടിലെ സ്ഥിതി? ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, എഴുപതോളം ആളുകൾ ആത്മഹത്യ ചെയ്തുവെന്ന്. ഈ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ റബ്ബർ, നാളികേരം, ഏലം എന്നിവ കൃഷി ചെയ്യുന്നവർ ഉൾപ്പെടെ സകല കൃഷിക്കാരും തകർന്ന തരിപ്പണമായി. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നയത്തിന്റെ ഭാഗമായിട്ടല്ലേ ഈ തകർച്ച. ഒരു കണക്കുപ്രകാരം സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി 2014-15-ൽ 442133 മെട്രിക് ടൺ. സിന്തറ്റിക് റബ്ബർ 402170 മെട്രിക് ടൺ. രണ്ടും കൂടി 844303 മെട്രിക് ടൺ. ഇങ്ങനെ മറ്റുരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തെ റബ്ബർ കർഷകർ എന്തു ചെയ്യും; അവർക്ക് ലോൺ തിരിച്ചടയ്ക്കാനുള്ള ഒരു സാധ്യതയുമില്ല. ഇത് നന്നായിട്ട് അറിയാമെന്നുള്ളവരാണ് സഹകരണ സംഘങ്ങളിലെ ഭരണസമിതിക്കാർ. അതുകൊണ്ട് അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇതിന് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നാണ് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ശ്രദ്ധിക്കേണ്ടത്. ഇന്ന് പത്രത്തിൽ വന്നിട്ടുണ്ട്, ഒരു ലക്ഷത്തി നാല്പതിനായിരത്തിൽപരം കോടി രൂപ വൻകിടക്കാരുടെ, കോടീശ്വരന്മാരുടെ ബാധ്യത എഴുതിത്തള്ളിയിരിക്കുകയാണ്. സുപ്രീംകോടതി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോട് അതിന്റെ കണക്ക് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ രാജ്യത്ത് കോടീശ്വരന്മാർക്ക് ലക്ഷക്കണക്കിന് കോടി രൂപ എഴുതിത്തള്ളുന്നു, പാവപ്പെട്ട കൃഷിക്കാരന് ഒരു ആനുകൂല്യവുമില്ല. പാവപ്പെട്ട കൃഷിക്കാരന്റെ കടങ്ങൾ എഴുതിത്തള്ളാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, നാണ്യവിളകളുടെ വിലത്തകർച്ച സഹകരണ മേഖലയേയും ബാധിച്ചിട്ടുണ്ട്. സംഘം ലോൺ കൊടുക്കുന്നത് അതെടുക്കുന്ന വ്യക്തി നൽകുന്ന സെക്യൂരിറ്റിയുടെ ഉറപ്പിന്മേലാണ്. പക്ഷേ ഇന്ന് അങ്ങനെ കൊടുത്ത സെക്യൂരിറ്റികളിൽനിന്നും വേണ്ടത്ര തിരിച്ചടവിനുള്ള പണം വരുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിലാണ് നിഷ്ക്രിയ ആസ്തി ഉണ്ടാകുന്നത്. അതിന്റെ പ്രധാനപ്പെട്ട കാരണം നാണ്യവിളകളുടെ വിലത്തകർച്ചയാണ്. ഈ വസ്തുത എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. റബ്ബറിന്റെ കാര്യം ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി, സ്റ്റേറ്റ് ഗവൺമെന്റ് താങ്ങുവിലയായി 150 രൂപ കൊടുക്കുകയാണ്. ഇപ്പോൾ കിലോയ്ക്ക് 90-ഉം 95-ഉം രൂപ വിലയുള്ള റബ്ബർ ഗവൺമെന്റ് സബ്സിഡൈസ് ചെയ്യുകയാണ്. ഇതിൽക്കൂടുതലായി ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും? കേന്ദ്ര ഗവൺമെന്റിന്റെ ചില നയപരമായ പ്രശ്നങ്ങൾകൊണ്ട് സംഭവിക്കുന്ന പല കാര്യങ്ങളുണ്ട്. നാണ്യവിളകളുടെ വിലത്തകർച്ചമൂലം

സഹകരണ മേഖലയ്ക്ക് വളരെ ബുദ്ധിമുട്ടുണ്ട്. നിങ്ങളെല്ലാം സഹകാരികളായതു കൊണ്ട് ഈ പ്രശ്നം അറിയാവുന്നതാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന കാര്യത്തെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിഷ്ക്രിയ ആസ്തി കൂടിക്കൊണ്ടിരിക്കുകയാണ്, അത് കുറച്ചുകൊണ്ടുവരാനായി 'ആശ്വാസ്' പോലുള്ള പലനടപടികളും ഏറ്റെടുത്ത് ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. ഈ കാര്യങ്ങളൊക്കെ നിങ്ങളുടെ ശ്രദ്ധയിലും ഗവൺമെന്റിന്റെ ശ്രദ്ധയിലുമുണ്ട്. ഇതിനെക്കുറിച്ച് ആലോചിച്ച് പരമാവധി കഴിയുന്ന എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, വായ്പാകുടിശ്ശിക പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന വിവിധ നടപടികളെക്കുറിച്ച് അങ്ങ് വിശദീകരിക്കുകയുണ്ടായി. സാധാരണ കുടിശ്ശിക വന്ന ആളുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ഒന്നിച്ച് അടയ്ക്കുന്ന സമയത്ത് പലിശയിളവ് അനുവദിക്കാറുണ്ട്. അതാത് കാലത്തെ ഗവൺമെന്റ് ഉത്തരവിന് വിധേയമായിട്ട് ഒരു നിശ്ചിത ശതമാനം ഇളവ് പ്രൈമറി സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾ നൽകിവരുന്നുണ്ട്. വളരെ പാവപ്പെട്ട ആളുകളെ സംബന്ധിച്ച് അവർക്കുള്ള ആസ്തി വകകളെല്ലാം വിറ്റ് കൊടുക്കേണ്ട സാഹചര്യത്തിൽ, അത്രയും തകർച്ചയെ നേരിടുന്ന അവസ്ഥയിലാണ് പലരും ബാങ്കിനെ അഭിമുഖീകരിക്കുന്നത്. ജനറലായിട്ട് വരുന്ന എല്ലാവർക്കുംകൂടി ഒരു പാറ്റേണിൽ ഒന്നിച്ച് തീർപ്പാക്കുന്നതിനുപകരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഒരു പ്രത്യേക പരിഗണന, അതായത് കുറച്ച് കൂടുതൽ പലിശയിളവ് കൊടുക്കാവുന്ന ഒരു സമീപനം സ്വീകരിക്കാനാവുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ചെയ്യേണ്ട കാര്യങ്ങൾ തന്നെയാണ് അങ്ങ് പറയുന്നത്. പക്ഷേ സഹകരണ വകുപ്പിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ നിന്ന് ഗവൺമെന്റിന് അങ്ങനെ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് റിസ്ക് ഫണ്ടുണ്ട്. പാവപ്പെട്ട ആളുകൾ വായ്പയെടുത്ത ശേഷം മരണപ്പെടുകയാണെങ്കിൽ അവരുടെ ലോൺ തിരിച്ചടവിനുവേണ്ടി റിസ്ക് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അത് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾത്തന്നെ ഇതിനായി 156 കോടിയിലധികം രൂപ നമ്മൾ കൊടുത്തുകഴിഞ്ഞു. 23000-ത്തിൽപ്പരം ആളുകൾക്ക് ഇത് കൊടുത്തിട്ടുണ്ട്. ഒന്നര ലക്ഷം രൂപ വച്ചാണ് ഇപ്പോൾ കൊടുക്കുന്നത്, അത് രണ്ട് ലക്ഷം രൂപയാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അങ്ങനെയുള്ള ചില കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞ കാര്യങ്ങൾ ഏതെല്ലാം രീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്ന കാര്യം വളരെ ഗൗരവമായി ഗവൺമെന്റ് ആലോചിക്കാം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടു വരേണ്ടത് ഒരു സ്ഥാപനത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. സഹകരണ വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇതെല്ലാം ധനകാര്യ സ്ഥാപനങ്ങളാണ്. ഇങ്ങനെയുള്ള ധനകാര്യ സ്ഥാപനങ്ങൾ നിലനിൽക്കണമെങ്കിൽ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടു വരാതെ കഴിയില്ല. മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾക്ക് കുടിശ്ശിക നിവാരണത്തിന് പ്രത്യേകമായി ധാരാളം നിയമങ്ങളുണ്ട്. ആ നിയമങ്ങൾ ഉപയോഗിച്ച് ഏത് സാഹചര്യമാണെങ്കിലും അവരുടെ പണം തിരിച്ചെടുക്കാനുള്ള ചില സംവിധാനങ്ങൾ അവർക്കുണ്ട്. പക്ഷേ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാനത്തെ പൊതുവായ സാഹചര്യത്തിനും വിധേയമായിട്ടാണ് പ്രവർത്തിക്കുന്നതെന്നുള്ളതിനാൽ പലപ്പോഴും കുടിശ്ശിക പിരിക്കുന്നതിന് വലിയ തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. ഉദ്യോഗസ്ഥതലത്തിൽപ്പോലും പലപ്പോഴും കുടിശ്ശിക പിരിക്കുന്നതിനെതിരെ ധാരാളം നിയന്ത്രണങ്ങൾ ഉണ്ടാകുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ടാണ് പലപ്പോഴും നിഷ്ക്രിയ ആസ്തി വർദ്ധിക്കുന്നത്. അത് സ്ഥാപനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ സബ്സിഡി ചെയ്തു കൊടുക്കുന്നുണ്ട്. കുടിശ്ശിക നിവാരണത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സഹകരണ സംഘങ്ങൾക്കുവേണ്ടി ഏർപ്പെടുത്തി യിരിക്കുന്നത്; ഏതെല്ലാം തരത്തിൽ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ട് വരുന്നതിന് സംഘങ്ങളെ സഹായിക്കാൻ കഴിയും; അതുപോലെതന്നെ ബോധപൂർവ്വമായ തിരിച്ചടവിനെതിരായുള്ള നിലപാടുകൾ, പൊതുവായി ഗവൺമെന്റ് തലത്തിലോ രാഷ്ട്രീയതലത്തിലോ എടുക്കാതിരിക്കാനുള്ള സംവിധാനങ്ങളെപ്പറ്റിയും ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u> : സർ, നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ട് വരുന്നതി നെതിരായിട്ടുള്ള നടപടികളൊന്നും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. ഈ രംഗത്ത് ഉദ്യോഗസ്ഥതലത്തിൽ കുറച്ചൊക്കെ രാഷ്ട്രീയമുണ്ട്. ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും മറ്റും പൊതുപ്രവർത്തകർ ആവശ്യപ്പെടാറുണ്ട്. അതവരുടെ ആവശ്യമാണ്. അങ്ങനെയുള്ള ചില കാര്യങ്ങൾ നടക്കുമെന്നല്ലാതെ മറ്റൊരു തരത്തിലുമുള്ള ഇടപെടലുകളും ഉണ്ടാകാറില്ല. നമ്മൾ ഓരോ വർഷവും നടത്തി വരുന്ന 'ആശ്വാസ്' നടപടികൾ ഇപ്പോഴും തുടർന്നുവരുന്നുണ്ട്. അതിൽ അദാലത്തു നടത്തി പല പാവങ്ങൾക്കും പലിശ ഇളവുകളനുവദിച്ചുകൊണ്ട് ലോൺ തിരിച്ചടയ്ക്കുന്നതിനും മറ്റുമുള്ള നടപടികൾ വളരെ ഭംഗിയായി നടത്തുന്നുണ്ട്.

ഇങ്ങനെ ഏതെല്ലാം തരത്തിൽ അവരെ സഹായിക്കാൻ കഴിയുമെന്ന കാര്യം വളരെ ഗൗരവമായി ആലോചിക്കുന്നുണ്ട്. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതു പോലുള്ള കാര്യങ്ങളും സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയുമൊക്കെ പഠിക്കാനായി ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാമെന്ന് വിചാരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയുടെ പ്രധാന കാരണം ഇവിടെയിരിക്കുന്ന എല്ലാവരുടെയും സഹകരണമാണ്. നിഷ്ക്രിയ ആസ്തി കുറയ്ക്കാനും എൻ.പി.എ. കുറയ്ക്കാനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഏത് രീതിയിൽ സഹായിക്കാൻ കഴിയുമെന്നുള്ള കാര്യവും ആ കമ്മിറ്റി വളരെ ഗൗരവതരമായി പരിശോധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, പ്രാഥമിക സഹകരണ സംഘങ്ങളിൽ നിഷ്ക്രിയ ആസ്തി 21,543 കോടി രൂപയുണ്ടെന്ന് അങ്ങ് ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പറയുകയുണ്ടായി. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥതന്നെ തകർന്നുവെന്നാണ്. കടം വാങ്ങിയതിൽ മഹാഭൂരിപക്ഷവും സാധാരണക്കാരായ കൃഷിക്കാരാണ്. സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്ത് കർഷകന് കൊടുക്കാതെ, കടം വാങ്ങിയ കൃഷിക്കാരന് തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നതുകൊണ്ടും ഇങ്ങനെയൊക്കെ സംഭവിക്കുന്നുണ്ട്. കാർഷിക മേഖല തകർന്നതിന്റെ ഭാഗമായിട്ടാണ് ഈ കുടിശ്ശിക വരുന്നതെന്ന കാര്യം മനസ്സിലാക്കി എഴുതിത്തള്ളുന്നതിനോ, മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനോ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊന്ന്, ഒരു ലക്ഷത്തിലധികം രൂപ ഡെപ്പോസിറ്റ് ചെയ്യുവരുടെ പേരുവിവരം ഇൻകം ടാക്സ് ഓഫീസിൽ അറിയിക്കണമെന്നതിന്റെ ഭാഗമായി ഇപ്പോൾ സഹകരണ സംഘങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ എണ്ണം കുറഞ്ഞു വരികയാണ്. പ്രാഥമിക സഹകരണ സംഘങ്ങളെ ആദായ പരിധിയിൽ നിന്നും ഒഴിവാക്കിയെന്ന് പറഞ്ഞ് മിനിഞ്ഞാന്ന് ഒരു കോടതി വിധി വന്നിട്ടുണ്ട്. ആ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളെ ആദായ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നുകൂടി അറിയേണ്ടതുണ്ട്.

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u> : സർ, ഇതുസംബന്ധിച്ച് നമുക്കനുകൂലമായ തീരുമാനം ഉടൻതന്നെ പാർലമെന്റിൽ നിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സഹകാരികളും മൂന്നാറിൽ കൂടുകയുണ്ടായി. അവരുടെ പ്രധാന ആവശ്യം ഇൻകം ടാക്സ് സംബന്ധിച്ചായിരുന്നു. ഇതുസംബന്ധിച്ച് എല്ലാ സംഘത്തിനും ഒറ്റ

അഭിപ്രായമാണുണ്ടായിരുന്നത്. ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയും ഇടുക്കി ജില്ലാ ബാങ്കിന്റെ പ്രസിഡന്റും ഡൽഹിയിൽ പോയി ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ഫൈനാൻസ് ബില്ലിൽ ഉൾപ്പെടുത്തി ഇക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞു. കൂടാതെ ഞങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ആശ്വാസകരമായ നടപടി തീർച്ചയായും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവിടെ അഞ്ച് ലക്ഷത്തിന്റെ സീലിംഗ് ഇരുപത്തിയഞ്ച് ലക്ഷം വരെ ആക്കാമെന്നാണ് പറയുന്നത്. കാർഷിക ലോണുമായി ബന്ധപ്പെട്ട് ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ ഇപ്പോൾ ഗവൺമെന്റ് ഉത്തരവിട്ടിരിക്കുകയാണ്. പാവപ്പെട്ട കൃഷിക്കാരുടെ പണം കിട്ടാതിരിക്കുമ്പോൾ ജപ്തി നടപടികളിലേയ്ക്ക് പോകുന്നത് വളരെ ഗുരുതരമായ വിഷയമാണ്. ഇത് താഴെത്തട്ടിലുള്ള ആളുകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇത് സംഘങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കപ്പെടുമെന്നതിനാൽ സംഘങ്ങൾക്ക് മുന്നോട്ടുപോകുന്നതിന് സാധിക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങളെ നമ്മൾ നിലനിർത്തിക്കൊണ്ടുപോകണം. ഇത്തരത്തിൽ ഓരോ പുതിയ നടപടി സ്വീകരിക്കുമ്പോഴും നിഷ്ക്രിയ ആസ്തി വർദ്ധിക്കുകയാണ്. റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും തീരുമാനപ്രകാരം ഒരു ലോണെടുത്ത് മൂന്ന് മാസം കഴിഞ്ഞാൽ, മൂന്ന് മാസവും തവണകൾ അടച്ചില്ലെങ്കിൽ അത് നിഷ്ക്രിയ ആസ്തിയിൽ പോകും.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് ബി.ജെ.പി. ഗവൺമെന്റിനെ കാണാൻ പോയ കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സഹകരണ സ്ഥാപനങ്ങൾക്ക് ഇത്തരമൊരു അവസ്ഥ സംജാതമാക്കിയതും പ്രസ്തുത ബില്ലിൽ ഭേദഗതി കൊണ്ടുവന്നതും കോൺഗ്രസ് ഗവൺമെന്റാണ്. ഇത് ബി.ജെ.പി. ഗവൺമെന്റ് മാറ്റണമെന്ന് പറയുന്നതിൽ എന്തെങ്കിലും യുക്തിയുണ്ടോയെന്ന് അറിയില്ല. ഇത് ആളുകളെ കബളിപ്പിക്കുന്ന ഏർപ്പാടാണ്; ഇതൊരു പൊളിറ്റിക്കൽ ഇഷ്യുവാണ്. നിങ്ങൾ മുമ്പ് ചെയ്തകാര്യങ്ങൾ ബി.ജെ.പി. ഗവൺമെന്റിന് എങ്ങനെയാണ് പിൻവലിക്കാൻ സാധിക്കുക? കൂടാതെ അതിനനുബന്ധമായ ബില്ല് ഇവിടെ പാസ്സാക്കുകയും ചെയ്തു. ഇത്തരത്തിൽ സഹകരണ ബാങ്കുകളെ തകർക്കുന്നതിനാവശ്യമായ നിയമമുണ്ടാക്കിയശേഷം നിങ്ങൾതന്നെ അവിടെ പോയി ഇത് മാറ്റണമെന്ന് പറയുന്നത് എന്ത് അർത്ഥത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ബഡ്ജറ്റ് അലോക്കേഷൻ പോലുമില്ലാതെ സംസ്ഥാനത്തിന്റെ പൊതുവിതരണ മേഖലയിൽ ശക്തമായ ഇടപെടൽ

നടത്തുകയുണ്ടായി. അങ്ങ് സഹകരണ വകുപ്പുമന്ത്രിയായി വന്നപ്പോഴും കുറച്ച് കാര്യങ്ങൾ ചെയ്യുന്നതിനുള്ള ശ്രമം ആരംഭിച്ചു. കൺസ്യൂമർ ഫെഡിന്റെ സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റുകളൊന്നും ഇന്ന് പ്രവർത്തിക്കുന്നില്ല, സൂപ്പർമാർക്കറ്റിലൂടെ ഒരു സബ്സിഡി സാധനവും ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഈ രീതിയിൽ കൺസ്യൂമർ ഫെഡിനെ തകർച്ചയിലേയ്ക്ക് നയിച്ചതിനെതിരെ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? കൺസ്യൂമർ ഫെഡിൽ നടന്ന കടുത്ത അഴിമതിക്ക് എതിരായി ഇന്നുവരെ ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നിങ്ങളുടെ ഡയറക്ടർ ബോർഡ് മുന്നോട്ടുവച്ചിരിക്കുന്ന അന്വേഷണ കമ്മീഷൻ റിപ്പോർട്ടിനകത്ത് ഗുരുതരമായ അഴിമതി നടത്തിയിരിക്കുന്നത് നിങ്ങൾ തന്നെ നിയോഗിച്ചിരിക്കുന്ന ഡയറക്ടർ ബോർഡും അതിലെ ബന്ധപ്പെട്ട ആളുകളുമാണ്. ഈ നിലയിൽ കൺസ്യൂമർ ഫെഡിനെ തകർച്ചയിലേയ്ക്ക് നയിച്ചതിന് ആരാണ് ഉത്തരവാദികൾ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : അഴിമതിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞാൽ ഒരു സ്ഥാപനവും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. ബി.ജെ.പി.യുടെ ഭരണകാലത്തല്ല, യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് മുഖ്യമന്ത്രി ഇതു സംബന്ധിച്ചുള്ള നിവേദനം നൽകിയിട്ടുള്ളത്. അതൊരു തുടർച്ചയാണ്, അതിന്റെ ഫയലുകളെല്ലാം അവിടെയുണ്ട്. ഇപ്പോൾ ഞങ്ങൾ പോയി അത് ഓർമ്മപ്പെടുത്തി. ശ്രീ. സുനിൽകുമാർ ഓരോ കാര്യങ്ങൾ പറയുമ്പോഴും ഞാൻ ശ്രദ്ധിച്ചു മാത്രമേ മറുപടി പറയുകയുള്ളൂ. അങ്ങ് പറഞ്ഞ കാര്യങ്ങളിൽ സത്യമുണ്ടെങ്കിൽ അക്കാര്യം വളരെ ഗൗരവമായി പരിഗണിക്കും. അക്കാര്യത്തിൽ സംശയിക്കണ്ട.

ശ്രീ. ജോസ് തെറ്റയിൽ : സർ, എന്റെ മണ്ഡലത്തിൽ അയ്യമ്പുഴ വില്ലേജിൽ ചുള്ളിക്കരയിലെ വട്ടേക്കാടൻ സെബാസ്റ്റ്യന്റെ ഏക മകളായ ദിവ്യമോളുടെ വിദ്യാഭ്യാസത്തിനുവേണ്ടി രണ്ട് ലക്ഷം രൂപ നിർദ്ധന കുടുംബാംഗമെന്ന നിലയിൽ സഹകരണ സംഘത്തിൽ നിന്നും ലോണെടുത്തിരുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആ കുട്ടി ഒരു ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. ഇപ്പോൾ പ്രസ്തുത ലോൺ തിരിച്ചടയ്ക്കുന്നതിനുവേണ്ടിയുള്ള ജപ്തി വന്നിരിക്കുകയാണ്. ഒരു പ്രത്യേക കേസ് എന്നുള്ള നിലയിൽ, ഒരു കാരുണ്യ പ്രവർത്തനമെന്നുള്ള നിലയിൽ ആ ലോൺ എഴുതിത്തള്ളുന്നതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : ഇതുസംബന്ധിച്ച അപേക്ഷ നൽകിയാൽ വേണ്ടവിധത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടിയാണ് സഹകരണ ബാങ്കുകൾ ഒറ്റത്തവണ തീർപ്പാക്കൽ എന്നൊരു പദ്ധതി പലപ്പോഴായി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല എന്നതു കൊണ്ട് അത് വിജകരമായി മുന്നോട്ടുപോയിട്ടില്ല. അതിനൊരു പ്രധാന കാരണം, ഒരാൾ പതിനായിരം രൂപ വായ്പ എടുത്താൽ നാല് കൊല്ലമോ അഞ്ച് കൊല്ലമോ കഴിയുമ്പോൾ അത് ഒരു ലക്ഷം രൂപയായി മാറുകയാണ്. ഇത്തരത്തിൽ പതിനായിരം രൂപ കടമെടുത്ത ഒരാൾക്ക് ഒരു ലക്ഷവും ഒന്നര ലക്ഷവും രൂപ തിരിച്ചടയ്ക്കേണ്ട ദുസ്ഥിതി ഉണ്ടാകുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ഇതിന്റെ അപാകത പരിശോധിച്ച് ജനങ്ങൾക്ക് സഹായകരമായ വിധത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പുനഃക്രമീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ആശ്വാസ് പദ്ധതിയിൽ പ്രസ്തുത പലിശ സംബന്ധിച്ച് വ്യക്തത നൽകിയിട്ടുണ്ട്. അതിന്റെ സർക്കുലർ നോക്കിയാൽ മതി. പതിനായിരം രൂപ വായ്പ എടുക്കുമ്പോൾ അത് ഒരു ലക്ഷം രൂപ ആകുന്ന പരിതസ്ഥിതി ഇനി വരില്ല. പ്രധാനപ്പെട്ട ബാങ്കുകൾ ഇപ്പോൾ അദാലത്ത് നടത്തുന്നുണ്ട്. പ്രസ്തുത ബാങ്കുകൾ ഇപ്പോൾ പലിശ വളരെയധികം കുറയ്ക്കുന്നുണ്ട്.

ശ്രീ. എം. ഹംസ : സർ, സഹകരണ രംഗത്ത് എൻ.പി.എ. ഉണ്ടാകുന്നതിന് കാരണം കേരളത്തിലെ ജനങ്ങളുടെ ക്രയശേഷിയിൽ വന്നിട്ടുള്ള ഇടിച്ചിലാണെന്ന് എല്ലാവർക്കുമറിയാം. എൻ.പി.എ.യുടെ പ്രശ്നം പരിഹരിക്കുന്നതിന് ക്രയശേഷിയുടെ വർദ്ധനവിനുവേണ്ടിയുള്ള ഇടപെടലാണ് വേണ്ടത്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രശ്നത്തിൽ എൻ.പി.എ.യോടൊപ്പം തന്നെയാണ് സഹകരണ മേഖലയിലെ സർപ്ലസ് ഫണ്ടിന്റെ കാര്യവും. സർപ്ലസ് ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനുവേണ്ടിയുള്ള ഏന്തെങ്കിലും പരിപാടിയുണ്ടോ; അതിനുവേണ്ടി സ്റ്റേറ്റ് അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? അതിനോടൊപ്പംതന്നെ ഒരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി സഭയിൽ ഉള്ളതിനാൽ ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. സഹകരണ സംഘം മെമ്പറും, സഹകരണ പ്രസ്ഥാനവും സ്ഥലം രജിസ്റ്റർ ചെയ്യുന്ന സമയത്ത് രജിസ്ട്രേഷൻ ടാക്സിൽ ഇളവുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ രജിസ്ട്രേഷൻ ടാക്സിൽ ആ ഇളവില്ല. ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി അത് പരിശോധിക്കാമെന്ന് സഭ മുമ്പാകെ പറയുകയുണ്ടായി. ഇതിൽ ഗവൺമെന്റ് ഇടപെടാമെന്ന് സഹകരണ വകുപ്പുമന്ത്രിയും കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. അതിന് യാതൊരു റിസൾട്ടും ഉണ്ടായിട്ടില്ല. അതുസംബന്ധിച്ച് രണ്ട് മന്ത്രിമാരും പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഇതുസംബന്ധിച്ച് ഞാൻ രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും ബന്ധപ്പെടുകയും ക്യാബിനറ്റിൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ കുറച്ച് എതിർപ്പുണ്ട്. പണം തിരിച്ചടയ്ക്കുന്നതിന് മൊറട്ടോറിയം നൽകിയാൽ ബാങ്കുകളുടെ സ്ഥിതി വളരെ അപകടത്തിലാകും. അതിന് നമുക്ക് പരിഹാരമില്ല. ആശ്വാസിന്റെ പലിശ കൊടുക്കുന്നതുതന്നെ സഹകരണ സംഘങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പലരും അത് ഇഷ്ടപ്പെടുന്നില്ല. പക്ഷേ ഗവൺമെന്റ് എന്ന നിലയിൽ പാവങ്ങളെ സഹായിക്കുന്നതിനായി ചെയ്യാതിരിക്കുന്നതിനും സാധിക്കില്ല. നമുക്ക് ഇത് ഏതുരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കാം. സംഘം നിലനിൽക്കണം, അതനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകണം. ബാക്കി കാര്യങ്ങൾ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി പറയുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇതിൽ സ്റ്റാറ്റ്യൂട്ടറിയായിത്തന്നെ ഇളവുകളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതില്ലെങ്കിൽ നിർബന്ധമായി പരിശോധിച്ച് ഇളവ് നൽകുന്നതിനുള്ള സമീപനം സ്വീകരിക്കുന്നതാണ്.

ശ്രീ. പി. തിലോത്തമൻ: സർ, സഹകരണ മേഖലയിലെ അഴിമതിയെക്കുറിച്ച് നിരന്തരമായി വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അത് ഈ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്ന മട്ടിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. ചേർത്തല, പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്കുകളിൽ നടന്ന അഴിമതിയെക്കുറിച്ചുള്ള വാർത്തകൾ കഴിഞ്ഞ കുറെ മാസമായി പത്രങ്ങളിൽ സ്ഥാനം പിടിക്കുകയാണ്. അവിടെ ഏതാണ്ട് 40 കോടി രൂപയുടെ അഴിമതി നടന്നതായാണ് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. സഹകരണ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ പ്രസ്തുത അഴിമതി ശരിവയ്ക്കുന്നുമുണ്ട്. കഴിഞ്ഞ സഭാ സമ്മേളന കാലത്ത് ഞാൻ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. എന്നാൽ അതിന്മേൽ യാതൊരു നടപടിയുമെടുത്തതായി കാണുന്നില്ല. ഇക്കഴിഞ്ഞ ദിവസം അവിടെ നിലവിലുണ്ടായിരുന്ന, അഴിമതിക്കെല്ലാം നേതൃത്വം കൊടുത്ത പ്രസിഡന്റിനെ ബാക്കിയെല്ലാവരും കൂടിച്ചേർന്ന് പുറത്താക്കി. ഇപ്പോഴും ആ ഭരണസമിതി അതുപോലെതന്നെ തുടരുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഇക്കാര്യത്തിൽ വളരെ ഗൗരവമായി ആക്ഷൻ എടുത്തിട്ടുണ്ട്. 4 ആളുകളെ സസ്പെന്റ് ചെയ്യുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. അവിടെ 14 കോടി രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. ഇത് ഗുരുതരമായ തെറ്റാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ല. അവിടത്തെ ഭരണ സമിതിയെ പിരിച്ചുവിടാതെ ഇപ്പോഴും നിലനിർത്തിക്കൊണ്ടുപോകുന്നുണ്ട്. കാരണം അത് പിരിച്ചുവിട്ടാൽ അവരൊക്കെ കയ്യൊഴിഞ്ഞ് പോകും. മുൻ പ്രസിഡന്റിനെ മാറ്റുകയും പകരം പുതിയ പ്രസിഡന്റ് വരികയും ചെയ്തു. നടപടി സംബന്ധിച്ച് ഒരിളവും കൊടുത്തിട്ടില്ല. ക്രിമിനൽ കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സൗരോർജ്ജ പദ്ധതികൾ**

3 (*183) ഡോ. എൻ. ജയരാജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഊർജ്ജോല്പാദന മേഖലയിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സൗരോർജ്ജം നേരിട്ട് കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ആരോപണ വിധേയനായ ഊർജ്ജ വകുപ്പുമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ സീറ്റുകളിൽനിന്നും എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കാൻ തുടങ്ങി.)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) സൗരോർജ്ജ മേഖലയിൽ അനെർട്ട് വഴി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി
2. സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി
3. യൂട്ടിലിറ്റി ഗണത്തിൽപ്പെടുന്ന മെഗാവാട്ട് പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി
4. സൗരോർജ്ജ റാന്തൽ വിതരണം
5. സൗരോർജ്ജ ഹോം ലൈറ്റിംഗ് സിസ്റ്റം
6. സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി
7. സൗരോർജ്ജ വാട്ടർ പമ്പ് പദ്ധതി
8. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാനായുള്ള കൺസൾട്ടൻസി/ ഡെപ്പോസിറ്റ് സ്കീം പദ്ധതി
9. സൗരോർജ്ജ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പദ്ധതി

<u>കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദ്ധതികൾ:-</u>

ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കൾക്കും അവരുടെ കെട്ടിടത്തിന്റെ മുകളിൽ ഗ്രിഡുമായി ബന്ധിപ്പിക്കാനുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് ഉപഭോഗം നിറവേറ്റുന്നതിനും ബാക്കിയുള്ളവ വൈദ്യുത ഗ്രിഡിലേയ്ക്ക് കടത്തിവിടുന്നതിനും കെ.എസ്.ഇ.ആർ.സി. റെഗുലേഷൻ പ്രകാരം സുതാര്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബാങ്കിംഗ് നൽകുക വഴി പകൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മറ്റ് ആവശ്യമായ സമയങ്ങളിൽ ഉപയോഗിക്കുന്നതിന് ഉപഭോക്താവിന് കഴിയുന്നു. ഗ്രിഡുമായി ബന്ധിപ്പിക്കാത്ത വൈദ്യുതോൽപ്പാദനത്തിന് യൂണിറ്റ് 1-ന് ഒരു രൂപ നിരക്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇൻസെന്റീവ് നൽകിവരുന്നു.

(ബി) സൗരോർജ്ജോത്പാദന മേഖലയിലൂടെ അനെർട്ട് വഴി കൈവരിച്ച നേട്ടങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന 1.56 MW-ന്റെ 4 പദ്ധതികൾ പൂർത്തീകരിച്ചു. 3.4815 MW-ന്റെ ആറ് പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 15.4 MW-ന്റെ 16 പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച 200 MW സോളാർ പാർക്കിനായി KSEB Limited-ഉം Solar Energy Corporation of India-യും (കേന്ദ്ര പൊതുമേഖലാ സ്ഥാപനം) Renewable Power Corporation of

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Kerala എന്ന ഒരു സംയുക്ത സംരംഭം ആരംഭിക്കുകയും കാസർഗോഡ് ജില്ലയിൽ 1000 ഏക്കർ സ്ഥലം ഈ ആവശ്യത്തിനായി പ്രസ്തുത കമ്പനിക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 50 മെഗാവാട്ടിന്റെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ടെണ്ടർ നടപടികൾ ഇതിനകം പൂർത്തിയാക്കുകയും പ്രാരംഭ ഘട്ട നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 1 കിലോവാട്ട് മുതൽ 1 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ നിലയങ്ങൾ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകുന്നത് സംബന്ധിച്ച് 2014 ജൂണിൽ റെഗുലേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സൗരോർജ്ജ പ്ലാന്റുകൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗത്തിനധികമായി വരുന്നത് ഗ്രിഡുമായി ബന്ധിപ്പിച്ചിരിക്കുന്ന ബൈ-ഡയറക്ഷണൽ മീറ്ററിലൂടെ നൽകുകയാണ് ചെയ്യുന്നത്. ഈ വൈദ്യുതി ഉത്പാദകൻ ഗ്രിഡിൽ നിന്ന് ഉപയോഗിക്കുന്ന വൈദ്യുതിയിൽ നിന്ന് കുറവു ചെയ്യുന്ന രീതിയിലാണ് ഇപ്പോഴുള്ള റെഗുലേഷനുകൾ (നെറ്റ് മീറ്ററിംഗ്). ഇത് അതാത് വൈദ്യുതി ബില്ലുകളിൽ കുട്ടി കിഴിക്കുന്നതാണ്. സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതി അധികമായുണ്ടെങ്കിൽ അത് അതാത് വർഷം സെപ്തംബർ മാസം വരെ ബാങ്ക് ചെയ്യാവുന്നതാണ്. സൗരോർജ്ജ വൈദ്യുതി ഉത്പാദകന് തന്റെ പേരിലുള്ള മറ്റൊരു വൈദ്യുതി കണക്ഷനുള്ള സ്ഥലത്ത് 500 യൂണിറ്റിലധികം വൈദ്യുതി പ്രതിമാസം ഉപയോഗിക്കുകയാണെങ്കിൽ, ഈ അധിക സൗരോർജ്ജ വൈദ്യുതി അവിടെ ഉപയോഗിക്കാനും സാധിക്കും. അതാത് വർഷം സെപ്തംബർ മാസം വരെ ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതി ഉപയോഗിച്ച വൈദ്യുതിയേക്കാൾ അധികമാണെങ്കിൽ ഈ അധിക വൈദ്യുതിക്ക് വിതരണ ഏജൻസി ആ വർഷത്തെ ആവറേജ് പൂൾഡ് പർച്ചേസ് വിലയായ ഒരു യൂണിറ്റ് വൈദ്യുതിക്ക് 3.14 രൂപ നൽകേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങൾക്ക് അങ്ങ് നൽകുന്ന സംഭാവനകൾ സന്തോഷപൂർവ്വം ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ സൗരോർജ്ജ ഉത്പാദന കാര്യത്തിൽ ഒട്ടേറെ വർദ്ധനവ് വരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിന് ഏകദേശം രണ്ട് ലക്ഷം രൂപയോളം ചെലവ് വരുമെന്നുള്ളതാണ്. നിലവിൽ 92000 രൂപ സബ്സിഡി നൽകുന്നുണ്ട്.

ഇതിനായി സാധാരണ കുടുംബങ്ങളിലുള്ളവർ 1 ലക്ഷം രൂപയോളം മുടക്കാൻ തയ്യാറാകുകയില്ല. നിലവിലുള്ള സബ്സിഡി തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കൂടുതൽ ആളുകൾ സൗരോർജ്ജ ഉത്പാദനത്തിന് പ്രത്യേകിച്ച് ഹോം ലൈറ്റിംഗ് പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി മുന്നോട്ടുവരുമെന്നുള്ളതുകൊണ്ട് സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ; കർഷകർക്ക് നിലവിലുള്ള സബ്സിഡിയാണ് നൽകുന്നത്. അതിനായി ഇത്തവണ ഏതാണ്ട് 30 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന മോട്ടോർ പമ്പുകൾ സോളാർ വാട്ടർ പമ്പിംഗ് പ്രോഗ്രാമിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുകയാണെങ്കിൽ അത് കർഷകർക്ക് വളരെയേറെ ആശ്വാസപ്രദമാകും. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സോളാർ പമ്പ് സെറ്റ് നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഏത് കർഷകൻ ചോദിച്ചാലും അത് ഫ്രീയായി കൊടുക്കാനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. സബ്സിഡിയോടുകൂടി എത്ര പമ്പ് സെറ്റ് വേണമെങ്കിലും കൊടുക്കാനും സാധിക്കും. സോളാറിന്റെ സബ്സിഡി വർദ്ധിപ്പിക്കുകയല്ല, വില കുറച്ചുവരികയാണ് ചെയ്യുന്നത്. എന്നുമാത്രമല്ല സെൻട്രൽ ഗവൺമെന്റുപോലും അതിന്റെ സബ്സിഡി തുക കുറച്ചിരിക്കുകയാണ്. അതുകൊണ്ട് തൽക്കാലം സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. എഫ്. തോമസ് : സർ, ഊർജ്ജ വകുപ്പിന്റെ കീഴിൽ സോളാർ സിറ്റികൾ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ട്. അതിനായി തിരുവനന്തപുരവും കൊച്ചിയും തെരഞ്ഞെടുത്തിട്ടുണ്ട്. പക്ഷേ അവിടെ സോളാർ സിറ്റി സെൽ ഉണ്ടാക്കാനും കൺസൾട്ടന്റിനെ നിയമിക്കാനും മാസ്റ്റർ പ്ലാനുണ്ടാക്കാനുമുള്ള നടപടികളൊന്നും ആയിട്ടില്ല. അതുകൊണ്ട് ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.)

## കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സംയുക്ത പദ്ധതികൾ

4 (*184) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര പൊതു മേഖലയുമായി സഹകരിച്ച് വ്യവസായ വകുപ്പ് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ&ബി) ഉണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ പോർട്ട്ട്രസ്റ്റുമായി സഹകരിച്ച് 160 കോടി രൂപ ചെലവിൽ കൊച്ചി പോർട്ടിൽ സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട്ടും KSIDC-യുടെ ആഭിമുഖ്യത്തിൽ ചേർത്തലയിലും ഓരോ മെഗാഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനും കേന്ദ്ര സഹായത്തോടെ കൊച്ചിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ഹബ്ബ് സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും ആധുനികവത്കരണത്തിനും വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനോടൊപ്പം തന്നെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ Transformers & Electricals Kerala Ltd (TELK), Steel Complex Ltd, Kerala Electrical & Allied Engg Co. Ltd (KEL) എന്നീ സ്ഥാപനങ്ങൾ യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുമായി നേരത്തെ തന്നെ ഏർപ്പെട്ടിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (KSIDC) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) ചേർന്ന് സംയുക്ത മേഖലയിൽ 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 10000 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി 2013 ഏപ്രിൽ മാസം 4-ാം തീയതി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് മെക്കോൺ എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പലതവണ കൂടുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യ പ്രകടനം (EoI) ക്ഷണിക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരം സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ടചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികവർഗ്ഗക്കാരുടെ ഭവന പുനരുദ്ധാരണ പദ്ധതി

5(*185) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഭവന പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ച നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതും ഭാഗീകമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്ക് ധനസഹായം നൽകുന്നതുമാണ് ഭവന പുനരുദ്ധാരണ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. വീടുകൾ അനുവദിച്ചുകഴിഞ്ഞ് കുറഞ്ഞത് ആറ് വർഷത്തിനുശേഷമാണ് ഭവന പുനരുദ്ധാരണ ത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം മുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | പുനരുദ്ധാരണം നടത്തിയ വീടുകൾ | അനുവദിച്ച തുക |
|---|---|---|
| 2013-14 | 500 | 500 ലക്ഷം രൂപ |
| 2014-15 | 500 | 500 ലക്ഷം രൂപ |
| 2015-16 | 500 | 500 ലക്ഷം രൂപ |

## സഹകരണ മേഖല

6(*186) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പല മേഖലകളും സഹകരണ മേഖലയിലൂടെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ മേഖലയിലേയ്ക്ക് സഹകരണ പ്രസ്ഥാനം വ്യാപിപ്പിച്ച് സഹകരണ മേഖല സുദൃഢമാക്കുന്നതിന് പകരം നിലവിലുള്ള സഹകരണ ശൃംഖല തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ മേഖലയെ സംബന്ധിച്ച് മാത്രമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടിമേഖല, റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാക്ഷേമം എന്നിവ സംബന്ധിച്ച് വെവ്വേറെ പഠനം നടത്തുകയുണ്ടായി. മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖല കാലാനുസൃതമായി മാറ്റുന്നതിനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുമായി വിവിധ കാര്യപരിപാടികൾ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. 2012-ൽ തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ച 7-ാം സഹകരണ കോൺഗ്രസ്, 2014-ൽ കേരളത്തിലെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച സഹകാരി സമ്പർക്ക പരിപാടിയായ മുഖാമുഖം, 2015-ൽ മൂന്നാറിൽ വച്ച് നടത്തിയ വിഷൻ 2025 ശിൽപ്പശാല, കൂടാതെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന സഹകരണ വാരാഘോഷം പോലുള്ള വേദികൾ എന്നിവയിലെല്ലാം സംസ്ഥാനത്തെ സഹകരണ മേഖല പുതിയ മേഖലകളിൽ പ്രവേശിച്ച് വിജയം കൈവരിക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ചർച്ചകളിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും സഹകരണ വകുപ്പിന്റെ നയങ്ങളുടെ അടിസ്ഥാനത്തിലും പുതിയ മേഖലകളിൽ സഹകരണ മേഖല ഇതിനോടകം പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് അത്യാധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന ക്യാൻസർ കെയർ സെന്റർ, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം, ടിഷ്യൂ കൾച്ചർ ലാബുകൾ, മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ, ഫാർമേഴ്സ് സർവീസ് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള വായ്പ പദ്ധതികൾ, മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ, പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള 'ആലില' പദ്ധതി, പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി, അവയുടെ വിപണനവുമായി ബന്ധപ്പെട്ട 'സുവർണ്ണം' പദ്ധതി, സ്വകാര്യ പണമിടപാടുകാരുടേയും അമിത പലിശക്കാരുടേയും ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' വിജയിപ്പിക്കുന്നതിന് സഹകരണ

വകുപ്പ് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായുള്ള പുതിയ കോഴ്സുകൾ ആരംഭിച്ചത്, നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് രൂപീകരിച്ച നിക്ഷേപ ഗ്യാരന്റി ബോർഡ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്നതിനുള്ള പദ്ധതി, മാനവശേഷി വികസനത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾ, സഹകരണ മേഖലയിലെ ആധുനികവത്കരണം എന്നീ നടപടികൾ സഹകരണ മേഖലയെ പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തനസജ്ജമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയെ തകർക്കുന്ന സമീപനം ഈ സർക്കാരിനില്ല. സഹകരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

## ആദിവാസികളെ ചൂഷണത്തിനെതിരെ ബോധവൽക്കരണം

7(*187) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ ചൂഷണത്തിൽ നിന്നും മോചിതരാക്കുവാൻ ബോധവൽക്കരിക്കുന്നതിലുള്ള അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അജ്ഞതമൂലം ആദിവാസികൾ നിയമ നടപടിക്ക് വിധേയമാകുന്നത് ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഭാഗത്തെ ബോധവല്ക്കരിക്കുന്നതിന് സാധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ശാരീരികമായും മറ്റും ആദിവാസികൾ ഏതെല്ലാം തരത്തിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് സാധ്യമാകാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടു കൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മോണിറ്ററിംഗ് കമ്മിറ്റിയും, സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) ഉണ്ട്. ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ് മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമപരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) അതിക്രമം തടയൽ നിയമം, വിദ്യാഭ്യാസ പുരോഗതി, ബോധവത്കരണം എന്നിവയിലൂടെ ആദിവാസികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് വകുപ്പിന് സാധിക്കുന്നുണ്ട്. എന്നിരുന്നാലും അജ്ഞതയിലൂടെയും നിഷ്കളങ്കതയിലൂടെയും സാമ്പത്തിക പ്രലോഭനങ്ങളിലൂടെയും ഇപ്പോഴും ചൂഷണങ്ങൾക്കിരയാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

8(*188) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

## ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം

9(*189) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) വാതകാധിഷ്ഠിത വൈദ്യുതോല്പാദനം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ (BDPP) രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനുവേണ്ടി അടങ്കൽ കണക്കാക്കിയതും ദർഘാസുകൾ സ്വീകരിച്ചതും സാങ്കേതിക വിദ്യയായ Engine based plant, Gas turbine based plant എന്നിവ പരാമർശിക്കാതെയായതിനാൽ ഇപ്രകാരം കണക്കാക്കിയിട്ടുള്ള അടങ്കൽ തുക 171 കോടി രൂപയായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി Engine based open cycle ടെക്നോളജിയിൽ അധിഷ്ഠിതമായതും 104 കോടി രൂപയുള്ളതുമായ ദർഘാസ് ആണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് അംഗീകരിച്ചത്. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ. എൻ. ജി. ഉപയോഗിച്ച് ഏകദേശം 39.86 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ബ്രഹ്മപുരം ഡീസൽ നിലയത്തോട് അനുബന്ധമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭഗവതി അനാലാബ്സ് (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

(ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (K.S.E.R.C) 12-1-2016-ലെ ഉത്തരവുപ്രകാരം BDPP നിലയത്തിലെ കേടായ രണ്ട് ഡീസൽ ജനറേറ്റർ എൻജിനുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് മൂലധന നിക്ഷേപം നടത്തുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ താഴെ പറയുന്ന കാര്യങ്ങൾ നിരത്തി തിരസ്കരിക്കുകയുണ്ടായി.

1. വരുന്ന അഞ്ചു വർഷക്കാലയളവിലേയ്ക്ക് വർഷന്തോറുമുള്ള പ്രതീക്ഷിത വൈദ്യുതി ലഭ്യതയും വിതരണവും തമ്മിലുള്ള അന്തരം കണക്കിലെടുത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡ് കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള ദീർഘകാല കരാറിലേർപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ സംസ്ഥാനത്തിനു നികത്താൻ കഴിയുന്ന വൈദ്യുതി കമ്മി മാത്രമേ വരുംനാളുകളിൽ ഉണ്ടാകാൻ സാധ്യതയുള്ളുവെന്നും വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്നും short term market-ൽ നിന്നും പീക്ക് സമയത്ത് 5 രൂപയിൽ താഴെ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ഇപ്പോൾ കരാറിലേർപ്പെട്ടിരിക്കുന്ന ദീർഘകാലകരാറുകൾ പ്രകാരമുള്ള വൈദ്യുതി ലഭ്യമാകുമെന്നതിനാൽ കൂടുതൽ വൈദ്യുതി ദീർഘകാല കരാർ മുഖേന ആവശ്യം വരില്ലെന്ന നിഗമനത്തിലാണ് കമ്മീഷൻ ഒന്നാമതായി എത്തിച്ചേർന്നത്.

2. നിർദ്ദിഷ്ട വാതകാധിഷ്ഠിത പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ കണക്കാക്കിയിട്ടുള്ള വേരിയബിൾ ചാർജ്ജ് (variable charge) സംസ്ഥാനത്തിന് മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതിയുടെ നിരക്കിനെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന നിഗമനത്തിലാണ് കമ്മീഷൻ രണ്ടാമതായി എത്തിച്ചേർന്നത്.

3. നിർദ്ദിഷ്ട വാതകാധിഷ്ഠിത നിലയത്തിന് രാജ്യത്തിനകത്തുനിന്ന്, വാതകം ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്നും, ഈ പദ്ധതിക്കു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് GAIL, BPCL, IOC മുതലായ കമ്പനികളിലേതെങ്കിലും ഒന്നുമായി ഒപ്പിടേണ്ടി വരുന്ന വാതക വിതരണ കരാറിലെ 'Take or Pay' വ്യവസ്ഥ കാരണവും GAIL-ഉം ആയി ഒപ്പിടേണ്ടി വരുന്ന 'Gas Transport Agreement'-ലെ 'Ship or Pay' വ്യവസ്ഥമൂലവും വാതകം എടുത്താലും ഇല്ലെങ്കിലും ഇന്ധനവില കൊടുക്കേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ടി ഉത്തരവ് മൂലം ടി പദ്ധതി തൽക്കാലം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ആഗോള കമ്പോളത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ഗ്യാസിന്റെയും വിലയിൽ കുറവ് വന്ന സാഹചര്യത്തിൽ 'Take or Pay' വ്യവസ്ഥയിൽ ഇളവ് വരുത്താമെന്നും, വേരിയബിൾ ചാർജ്ജിൽ ഗണ്യമായ കുറവ് സാദ്ധ്യമാണെന്നും പെട്രോനെറ്റ് LNG സൂചിപ്പിട്ടുണ്ട്. പുതുക്കിയ സാഹചര്യത്തിൽ ഈ ഉത്തരവ് റിവ്യൂ ചെയ്യാൻ കെ.എസ്.ഇ.ആർ.സി.-യോട് ആവശ്യപ്പെടാൻ കെ.എസ്.ബി.എൽ ഉദ്ദേശിക്കുന്നു.

## കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

10(*190) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ലാവുകളും മൃഗശാലകളുമാണുള്ളത്; അവ ഏതൊക്കെ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ എല്ലാതരം പക്ഷി-മൃഗാദികളും സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയത് പൂർണ്ണതോതിൽ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കാഴ്ചബംഗ്ലാവ്/മൃഗശാല എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ ആവശ്യപ്പെടുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 6 കാഴ്ചബംഗ്ലാവുകളും തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകളുമാണുള്ളത്. കാഴ്ചബംഗ്ലാവുകൾ താഴെ പറയുന്നവയാണ്:

തിരുവനന്തപുരം
ആർട്ട് ഗ്യാലറി
ആർട്ട് മ്യൂസിയം
നാച്വറൽ ഹിസ്റ്ററി മ്യൂസിയം

തൃശ്ശൂർ
വിവിധോദ്ദേശ്യ മ്യൂസിയം
ആർട്ട് മ്യൂസിയം

കോഴിക്കോട്

ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം

(ബി &സി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലായി 831 സസ്തനികൾ, 338 പക്ഷികൾ, 239 ഉരഗങ്ങൾ എന്നിങ്ങനെ പക്ഷിമൃഗാദികളെ ഒരുക്കിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൃഗശാലയിൽ ഇല്ലാത്തതുമായ പക്ഷിമൃഗാദികള ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## ആദിവാസികളുടെ പ്രശ്നങ്ങൾ

11(*191) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഈ സർക്കാരിന്റെ കാലയളവിൽ സംഭവിച്ചതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിലെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചേർന്നെടുത്ത തീരുമാനങ്ങൾ നടപ്പിലായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികൾക്ക് പ്രഖ്യാപനങ്ങളും ആശകളും മാത്രമാണ് ലഭിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച ഉണ്ടായിട്ടില്ല. ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-10-2014-ന് ചേർന്ന യോഗത്തിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായും ഭവന നിർമ്മാണവുമായും, പെസ നിയമം നടപ്പിലാക്കുന്നതുമായും വിദ്യാർത്ഥികൾക്ക് പഠന ആനുകൂല്യം നൽകുന്നതുമായും ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു.

(ബി&സി) അട്ടപ്പാടിയിലെ ആദിവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി 20-12-2013-നും 23-6-2014-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 20-12-2013-ലെ യോഗത്തിൽ അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ ചുമതലയിൽ ഏകോപിപ്പിച്ച് നടത്തണമെന്ന് തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ജലനിധിയുടെ പ്രോജക്ടുകൾ നടപ്പാക്കുന്നത്, കമ്മ്യൂണിറ്റി കിച്ചൺ സജീവമാക്കുന്നത്, ആദിവാസികൾക്ക് പൂർണ്ണമായും റേഷൻ ലഭ്യമാക്കുന്നത്, സ്വയം വരുമാനം ആർജ്ജിക്കുവാൻ വേണ്ട പ്രോജക്ടുകൾ നടപ്പാക്കുന്നത് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ യോജിപ്പിച്ച് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തിനെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോധവൽക്കരണവും ശക്തമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആരോഗ്യ കേരളം പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

23-6-2014-ലെ യോഗത്തിൽ ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി നിയോഗിച്ചു. അട്ടപ്പാടിയിലെ സർക്കാർ ആശുപത്രിയിൽ 75 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 5 മൊബൈൽ ക്ലിനിക്കുകളും മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

- കേരള വാട്ടർ അതോറിറ്റിയുടെ ജലനിധി സ്കീം വഴി പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി 11 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

- അട്ടപ്പാടി ബ്ലോക്കിലെ മൂവായിരത്തോളം പേർക്ക് കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരം കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.

- അട്ടപ്പാടിയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 6 ഏക്കർ സ്ഥലം വിനിയോഗിക്കുന്ന നടപടി പുരോഗതിയിലാണ്.

- അട്ടപ്പാടിയിൽ സപ്ലൈകോയുടെ സബ് ഡിപ്പോ നിർമ്മിക്കുന്നതിനായി നടപടി കൈക്കൊണ്ടുവരുന്നു.

- അട്ടപ്പാടി മേഖലയിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നടപ്പുസാമ്പത്തിക വർഷം 2296 വീടുകൾ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

19-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അട്ടപ്പാടിയിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകണമെന്നും, അട്ടപ്പാടിയിൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്ത എല്ലാ ആദിവാസി കുട്ടികൾക്കും പ്രത്യേക സർക്കാർ ഉത്തരവിലൂടെ പ്രവേശനം നൽകാനും, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അട്ടപ്പാടിക്കായി തയ്യാറാക്കിയ "സീറോ ഹംഗർ ഇൻ ട്രൈബൽ ഹാബിറ്റാറ്റ്സ് " എന്ന പദ്ധതിയ്ക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്താനും പ്രസ്തുത സമിതിയിൽ പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം, പ്ലാനിംഗ്, ജലവിഭവ വകുപ്പുകളുടെ സെക്രട്ടറിമാർ, ഒറ്റപ്പാലം സബ് കളക്ടർ എന്നിവരെ അംഗങ്ങളാക്കാനും യോഗത്തിൽ തീരുമാനിച്ചു. അട്ടപ്പാടിയിൽ ഗോതമ്പിന് പകരം റാഗി സ്ഥിരമായി വിതരണം ചെയ്യുന്നതിനുള്ള സാധ്യത ആരായുവാനും തീരുമാനിക്കുകയുണ്ടായി.

**താപനിലയം**

12(*192) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായി എത്ര വർഷത്തേയ്ക്കാണ് കരാറിൽ ഏർപ്പെട്ടത്; കരാറിന്റെ കാലാവധി അവസാനിക്കുന്നത് എന്ന്; കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ പുതുക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കാണ് പുതുക്കാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (ബി.കെ.പി.എൽ.) എന്ന സ്ഥാപനം കൊച്ചിയിൽ 165 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു താപവൈദ്യുത നിലയം സ്ഥാപിച്ചിട്ടുള്ളതും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേരളത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി (ബി.കെ.പി.എൽ.) 3-5-1999-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതു മുതൽ (Date of Commercial Operation-COD) 15 വർഷകാലത്തേയ്ക്കാണ് കരാർ ഉണ്ടായിരുന്നത്. ആയത് 31-10-2015-ൽ അവസാനിച്ചു. പ്രസ്തുത കരാർ അനുസരിച്ച് പ്രതിമാസം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഇന്ധന ചെലവിനുപുറമേ, ഫിക്സഡ് ചാർജ്ജും കൂടി നൽകേണ്ടതാണ് എന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. കരാർ പ്രകാരം വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാതെ വരുന്ന സാഹചര്യത്തിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തിക്കൊണ്ടു പോകുന്നതിനും ചെലവായ തുക ആനുപാതികമായി ഉല്പാദകന് ലഭിക്കാൻ വേണ്ടിയാണ് ഇത്തരമൊരു നിബന്ധന ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ മാർഗ്ഗ രേഖകളിലുള്ള രീതിയിൽ വൈദ്യുതി വാങ്ങൽ കരാറിൽ ഉൾപ്പെടുത്തിയത്. വൈദ്യുതി നിലയം പ്രവർത്തനക്ഷമമാക്കി നിലനിർത്തുകയും എന്നാൽ വൈദ്യുതി വാങ്ങൽ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഉല്പാദനം നിർത്തിവയ്ക്കുകയും അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയും ആണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്. നിലവിലുണ്ടായിരുന്ന കരാർ പ്രകാരം ഇരുകക്ഷികളും തയ്യാറാകുന്ന പക്ഷം കരാർ അടുത്ത 10 വർഷകാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി വീണ്ടും പുതുക്കാവുന്നതാണ്. കൂടാതെ 15 വർഷത്തിനു ശേഷമുള്ള ഫിക്സഡ് ചാർജ്ജ് കമ്പനിയും ബോർഡും കൂടി ചർച്ച ചെയ്ത് തീരുമാനിക്കണ മെന്നും വ്യവസ്ഥ ചെയ്തിരുന്നു.

(ബി) കരാർ കാലാവധിയിൽ വൈദ്യുതി ഉപയോഗിക്കാത്ത സമയത്തും ഫിക്സഡ് ചാർജ്ജ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തിക്കൊണ്ടുപോകുന്നതിനും ചെലവായ തുക ആനുപാതികമായി ഫിക്സഡ് ചാർജ്ജായി നൽകണമെന്ന കരാർ വ്യവസ്ഥ പ്രകാരം കഴിഞ്ഞ നാലര വർഷം ബി.കെ.പി.എൽ.-ന് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ നൽകിയ തുക താഴെ പറയുംപ്രകാരമാണ്:

| വർഷം | ലാൻഡ് ലീസ് ചാർജ്ജ് ഉൾപ്പെടെ ഫിക്സഡ് ചാർജ്ജ് (കോടി രൂപയിൽ) |
|---|---|
| 4/2011 - 3/2012 | 88.70 |
| 4/2012 - 3/2013 | 95.21 |
| 4/2013 - 3/2014 | 85.79 |
| 4/2014 - 3/2015 | 71.19 |
| 4/2015 - 10/2015 | 42.86 |

(സി) ഉണ്ട്. ബി.കെ.പി.എൽ. പ്ലാന്റിലെ ഇന്ധനം നാഫ്തയാക്കി നിലനിർത്തിക്കൊണ്ട്, ചില നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി വാങ്ങൽ കരാർ രണ്ട് വർഷത്തേയ്ക്ക് കൂടി നീട്ടാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പുതിയ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സർക്കാരിന്റെയും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെയും അനുമതി ലഭിക്കേണ്ടതാണ്. കരാർ പുതുക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കർഷക സേവന കേന്ദ്രങ്ങൾ**

13(*193) <u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷി രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജന ക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉല്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽസേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുക, മണ്ണ് പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ച് ആയതിന്റെ സേവനം കർഷകർക്ക് ലഭ്യമാക്കുക, ആധുനിക കാർഷിക രീതികളായ പോളിഹൗസ്, ഗ്രീൻഹൗസ് എന്നിവ നടപ്പിലാക്കുക, ആധുനിക കാർഷിക ജൈവ നഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള തൈകൾ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാം ഘട്ടമായി 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുമടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നു. കർഷകസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ബ്ലോക്ക് തലത്തിൽ മേൽനോട്ടം വഹിക്കുന്നതായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കർഷകസേവന കേന്ദ്രം പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് കോ-ചെയർമാനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനും ബ്ലോക്കിലെ ഇതര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സർവ്വീസ് സഹകരണ ബാങ്കിലെ ഭരണസമിതി അംഗങ്ങൾ, ബ്ലോക്കിലെ ഇതര സർവ്വീസ് സഹകരണ ബാങ്കിലെ പ്രസിഡന്റുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർ, ബ്ലോക്കിലെ കൃഷി ഭവനുകളിലെ കൃഷി ആഫീസർമാർ, സർവ്വീസ് സഹകരണ ബാങ്കിന്റെ യൂണിറ്റ് ഇൻസ്പെക്ടർ, സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറി എന്നിവർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും ബ്ലോക്കുതല മോണിറ്ററിംഗ് കമ്മിറ്റിയും സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറും കൃഷി ഡയറക്ടർ, ആസൂത്രണ ബോർഡ് അഗ്രികൾച്ചറൽ വിഭാഗം മേധാവി, കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന പ്രാഥമിക അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങളുടെ പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായി സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### വ്യവസായ സംരംഭകത്വ സംസ്കാരം

14(*194) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനം സാധ്യമാകുന്നതിന് അനുകൂലമായ എന്തെല്ലാം സാഹചര്യങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ളവയുടെ നിലവാരം ഉയർത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധ്യമായിട്ടുണ്ടോ;

(സി) വ്യവസായ സംരഭകത്വ സംസ്കാരം സൃഷ്ടിക്കുന്നതിലും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംരംഭകത്വത്തെ വളർത്തിയെടുക്കാൻ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയുണ്ടായോ; ഇനിയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ലാത്തവയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) വ്യവസായ വികസനം സാധ്യമാക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ വിവിധ ഏജൻസികളായ കെ.എസ്.ഐ.ഡി.സി., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഇത്തരത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ഡി) പ്രഖ്യാപിച്ച ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

## മലിനീകരണ നിയന്ത്രണത്തിന് കർമ്മ പദ്ധതി

15(*195) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമദ്) :

(എ) മലിനീകരണ നിയന്ത്രണത്തിനും അതുവഴി പരിസ്ഥിതി സംരക്ഷണത്തിനുമായുള്ള പദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡുവഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

- മലിനീകരണ നിയന്ത്രണത്തിനായി ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം 1974, വായു (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1981, പരിസ്ഥിതി സംരക്ഷണ നിയമം തുടങ്ങിയ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും പ്രകാരം മലിനീകരണ സാധ്യതയുള്ള എല്ലാ പ്രവർത്തനങ്ങളും ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്ന് മലിനീകരണ നിയന്ത്രണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നു.

- ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

- ജല/വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് പ്രദർശിപ്പിക്കുന്നതിനായി ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

- ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടു കൂടിയ കേന്ദ്ര പരിശോധനശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു.

- ഫെസ്റ്റിവൽ മോണിറ്ററിംഗിന്റെ ഭാഗമായി ശബരിമല തീർത്ഥാടന കേന്ദ്രം, മാരാമൺ കൺവെൻഷൻ, ആറ്റുകാൽ എന്നിവിടങ്ങളിൽ ഉത്സവ സമയത്ത് ബോർഡ് മോണിറ്ററിംഗും നടത്തുന്നു.

- എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, വടക്കാഞ്ചേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും പാമ്പാടി താലൂക്കാശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിനും ഖാദി ആന്റ് വില്ലേജ് അസോസിയേഷന് ഡൈ ഹൗസിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിനും ബോർഡ് സാമ്പത്തിക സഹായം നൽകി നടപ്പാക്കി. കൊല്ലം ജനറൽ ആശുപത്രി, വിക്ടോറിയ ആശുപത്രി എന്നിവിടങ്ങളിലെ സീവേജ് ശുദ്ധീകരിക്കുന്നതിനുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് സാമ്പത്തിക സഹായം നൽകി. ശബരിമല സീസൺ കാലത്ത് എരുമേലി തോട്ടിലെ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ബോർഡ് അവിടെ സ്ഥാപിച്ച് ദേവസ്വം ബോർഡിന് കൈമാറി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച സീവേജ് സംസ്കരണ പ്ലാന്റിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒഴുക്കി കളയുവാൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ബോർഡ് സാമ്പത്തിക സഹായം നൽകി.

• തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാര മാപ്പിംഗ് നടത്തുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പാക്കിവരുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം സംബന്ധിച്ച് NATPAC മുഖേന പഠനം നടത്തിവരുന്നു.

• പൊതുജന ബോധവൽക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമാണ്. ഇതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ മേഖലകളിലും മാലിന്യത്തിന്റെ തോത് നിയന്ത്രണാധീനമാക്കുന്നതിനായാണ് മേൽപ്പറഞ്ഞ നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുവഴി നടപ്പാക്കിവരുന്നത്.

(സി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനായി കമ്പ്യൂട്ടർവത്കരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ബോർഡിന്റെ മുഖ്യ പ്രവർത്തനങ്ങളിൽ ഒന്നായ കൺസെന്റ് അഡ്മിനിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ന്യൂഡൽഹി വികസിപ്പിച്ച ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് സിസ്റ്റം (OCMMS) എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ NIC-യുടെ തിരുവനന്തപുരത്ത സ്റ്റേറ്റ് സെന്ററിന്റെ കൂടി സഹായത്താൽ 2014 ജൂൺ മുതൽ ബോർഡിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയും ഇന്റർനെറ്റും ലഭ്യമാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവും അതിനുള്ള നിയമ പരിപാലനവും ഉറപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അധികാരികളെ നിയോഗിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ തക്കസമയത്ത് അധികാരികളെ അറിയിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് മതിയായ അധികാരത്തോടെ 'പരിസ്ഥിതി കാവൽ സംഘം' ആയി പ്രവർത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ ജൈവവൈവിധ്യ പരിപാലന സമിതികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ നിർബന്ധമാക്കുകയും ഉപയോഗ ശൂന്യമായ സിറിഞ്ചുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

**യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി**

16(*196) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രിഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് കാർഷിക സാക്ഷരതാ പദ്ധതി. ശാസ്ത്ര സാങ്കേതികതയും കൃഷി സാധ്യതയും പ്രയോജനപ്പെടുത്തി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രിഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ സംഘാടനത്തിനായി യുവജനക്ഷേമ ബോർഡ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് 17-ന് കർഷക ദിനത്തിൽ കാർഷിക യുവത്വശിൽപ്പശാല ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. കൂടാതെ കാർഷിക ശില്പശാലകൾ, തെങ്ങുകയറ്റ പരിശീലനം, കാർഷിക സാക്ഷരതാ രജിസ്റ്റർ പ്രകാശനം, കൃഷി-മൃഗസംരക്ഷണ സാധ്യതകൾ പരിചയപ്പെടുത്തുന്ന സെമിനാറുകൾ, വിദ്യാർത്ഥികളെ യൂണിറ്റുകളായി തിരിച്ച് കൃഷിചെയ്യിക്കലും വിളവെടുക്കലും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി പരിശീലന പരിപാടികൾ, വിവിധ കാർഷിക വിദഗ്ദ്ധരുമായുള്ള മുഖാമുഖം, കാർഷിക വിളംബര ഘോഷയാത്ര തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.

## സംയോജിത സഹകരണ വികസന പദ്ധതി

17(*197) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സംയോജിത സഹകരണ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും അനുബന്ധ മേഖലകളിലുള്ള ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളാണ് സംയോജിത സഹകരണ വികസന പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) സംയോജിത സഹകരണ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ രണ്ടാം ഘട്ടം നടപ്പാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് എൻ.സി.ഡി.സി.-യുടെ അനുമതി ലഭിച്ചു. ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയെക്കുറിച്ച് പഠനം

18(*198) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എളമരം കരീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയുടെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്റ്റീൽ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്റ്റീൽ വ്യവസായ യൂണിറ്റുകളിൽ മുഖ്യപങ്ക് വഹിക്കുന്ന കഞ്ചിക്കോട് മേഖലയിൽ സ്റ്റീൽ വ്യവസായ പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട കുടുംബങ്ങളുടെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയുടെ കാരണങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ട്. ഇറക്കുമതി ചുങ്കം കുറച്ചതുമൂലം വിദേശരാജ്യങ്ങളിൽ നിന്നുള്ള അനിയന്ത്രിതമായ ക്രൂഡ് സ്റ്റീലിന്റെ ഇറക്കുമതി ലോകത്തിലെ തന്നെ മൂന്നാമത്തെ സ്റ്റീൽ ഉൽപ്പാദക രാജ്യമായ ഇൻഡ്യയിലെ സ്റ്റീൽ വ്യവസായമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയിലുണ്ടായിട്ടുള്ള വർദ്ധനവ്, ഉൽപ്പാദനച്ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത്, ഉൽപ്പാദനമേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, നിർമ്മാണമേഖലയിലെ വലിയ പദ്ധതികൾ തീർപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം എന്നിവ സ്റ്റീൽ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

## നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വൈദ്യുത പദ്ധതികൾ

19(*199) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വൈദ്യുത പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വനം - പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണങ്ങളും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല. എന്നാൽ ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചെങ്കിലും അനുമതിയിലെ "സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം പാടില്ല" എന്ന കർശനമായ വ്യവസ്ഥ കാരണം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി (NTCA) മുന്നോട്ടുവച്ച ഈ വ്യവസ്ഥ ഒഴിവാക്കുന്നതിനായി അവരെ സമീപിച്ചെങ്കിലും മറുപടിയൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

(ബി) അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതി (30 മെഗാവാട്ട്) അപ്പർ ചെങ്കുളം (24 മെഗാവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതി. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള കമ്പമല തേയില തോട്ടത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ച് 40 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല.

(സി) അച്ചൻ കോവിൽ, അപ്പർ ചെങ്കുളം, കമ്പമല തേയില തോട്ടത്തിലുള്ള സൗരോർജ്ജ പദ്ധതി എന്നീ പദ്ധതികൾക്കുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

## സഹകരണ മേഖലയും റിസർവ് ബാങ്ക് നയങ്ങളും

20(*200) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ മേഖലയെ എന്തെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായിട്ടുണ്ടെന്ന് വിശദമായി വെളിപ്പെടുത്താമോ;

(ബി) പുത്തൻ സാമ്പത്തിക നയങ്ങളുടെയും ബാങ്കിംഗ് നിയമ ഭേദഗതികളുടെയും തുടർച്ചയായി റിസർവ് ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന നടപടികളെ പ്രതിരോധിക്കാനും സഹകരണ സ്ഥാപനങ്ങൾക്ക് നൽകിവന്നിരുന്ന പ്രത്യേക പരിഗണന തുടർന്നും വ്യവസ്ഥ ചെയ്തുകിട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2012 പ്രകാരം സഹകരണ ബാങ്കുകളുടെമേൽ റിസർവ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയുണ്ടായി. കൂടാതെ റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ, ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും, സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്നും റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സഹകരണ ബാങ്കുകൾ അവയുടെ ധനസഹായ ബാങ്കുകളിൽ നിന്നും എസ്.എൽ.ആർ. നിക്ഷേപം പിൻവലിക്കുന്ന സാഹചര്യം

സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31-3-2017-ന് 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്ക് നിർദ്ദേശം പരിമിതമായ എണ്ണം സംഘങ്ങൾ/ബാങ്കുകൾ മാത്രം അംഗങ്ങളായിട്ടുള്ള സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധനം സമാഹരിക്കുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പാലിക്കുന്നതിനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ അർബൻ സഹകരണ ബാങ്കുകളിലും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലും നടത്തുന്ന സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക്/നബാർഡ് നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത സാഹചര്യങ്ങളിൽ അതാത് ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാങ്കിംഗ് നിയമ ഭേദഗതികളുടെ തുടർച്ചയായി സഹകരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള ദോഷകരമായ നടപടികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## എമർജിംഗ് കേരള നിക്ഷേപ സംഗമം

21(*201) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപക സംഗമം വഴി വ്യാവസായിക മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത നിക്ഷേപ സംഗമത്തിലൂടെ എന്തെല്ലാം വ്യവസായ പദ്ധതികൾക്കാണ് തുടക്കം കുറിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(സി) എമർജിംഗ് കേരളയിലൂടെ വ്യവസായ വകുപ്പിനു കീഴിൽ ഏകദേശം എത്ര തുക മുതൽ മുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ സർക്കാർ എമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു. സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതും, വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതുമായിരുന്നു എമർജിംഗ് കേരളയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുവാനും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്.

(ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) എമർജിംഗ് കേരളയിലൂടെ നിർദ്ദേശിക്കപ്പെട്ട ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. ടി 14 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ മേഖലയുടെ പൊതുവിപണിയിലെ സാന്നിദ്ധ്യം

22(*202) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സാജു പോൾ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇടപെടുന്നതിന് സഹകരണമേഖലയെ ശക്തമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പായില്ലെങ്കിൽ ആയതിൻെറ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ മേഖലയിലെ അഴിമതിയും കെടുകാര്യസ്ഥതയും യഥാസമയം തടയുന്നതിൽ സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ച വന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) നടപ്പിലാക്കിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടുകൂടി കാലാകാലങ്ങളിൽ പ്രത്യേകിച്ച് ഉത്സവകാലഘട്ടങ്ങളിൽ സഹകരണ കൺസ്യൂമർ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് മുഖാന്തരം സർക്കാർ സബ്സിഡിയോടെ വിപണന മേളകൾ നടത്തിവരുന്നു. വർഷം മുഴുവൻ സബ്സിഡിയിനത്തിൽ നിത്യോപയോഗ സാധനങ്ങൾ നന്മ സ്റ്റോറുകൾ വഴിയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ നീതി സ്റ്റോറുകൾ വഴിയും ജനങ്ങൾക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ വിലയ്ക്ക് സഞ്ചരിക്കുന്ന ത്രിവേണികൾ മുഖേനയും വിപണനം നടത്തിവരുന്നു. വിവിധ സഹകരണ സ്ഥാപനങ്ങൾ മുഖേന പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും മിതമായ നിരക്കിൽ വില്പന നടത്തിവരുന്നു.

(ബി) ബാധകമല്ല.

(സി) സഹകരണ കൺസ്യൂമർ മേഖലയിലെ അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിന് സർക്കാർ യഥാസമയം ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## നെയ്ത്ത് മേഖലയുടെ വികസനം

23(*203) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുക, നെയ്ത്തുകാരന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറും നവീകരിക്കുക, പൊതുജനങ്ങളുടെ ഇടയിൽ കൈത്തറിയെക്കുറിച്ച് അവബോധം ഉണ്ടാക്കുക, ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക, കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ സഹായിക്കുക, നെയ്ത്തുകാരുടെ ജോലി ഭാരം കുറയ്ക്കുക, തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പക്കുക, കൂടുതൽ ആൾക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൈത്തറി മേഖലയെ പുനരുദ്ധരിക്കുക എന്നിവയാണ് ഈ കർമ്മ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നെയ്ത്ത് മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച സ്വയം തൊഴിൽ പദ്ധതി പ്രകാരം 65 കൈത്തറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൈത്തറി മേഖലയിൽ പ്രചോദന പരിപാടി നടപ്പിലാക്കി. വിപണന പ്രോത്സാഹന പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കൈത്തറി വസ്ത്രപ്രദർശനമേളകൾ നടത്തി. കൈത്തറി സംഘത്തിന്റെയും നെയ്ത്തുകാരുടെയും ഷെഡ്ഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സൊസൈറ്റികളുടെ ഷോറൂം നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിച്ചു. ആധുനിക രീതിയിലുള്ള ഡിസൈൻ ഉല്പന്നങ്ങൾ നെയ്യുന്നതിന് വിദഗ്ദ്ധ പരിശീലനം നെയ്ത്തുകാർക്ക് നൽകി. കൈത്തറി ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനായി കേരളാ കൈത്തറി എന്ന പേരിൽ ബ്രാൻഡ് വികസിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ലോഗോ വികസിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നൂതന ഡിസൈന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഡിസൈൻ ബാങ്ക് രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനുമായി ബാലരാമപുരത്ത് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയെടുത്തു. കോട്ട്ലൂം നാനോ ലൂമുകൾ വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി.

## ഒപ്റ്റിക്കൽ ഫൈബർ കേബിൾ

24(*204) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ഐ.ടി. വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക നഷ്ടം വരുത്തുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അവഗണിച്ച് സംസ്ഥാന ഐ.ടി. വകുപ്പ് മാർഗ്ഗനിർദ്ദേശം നല്കിയത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ;

(സി) എങ്കിൽ സംസ്ഥാനത്തിന് വൻ നഷ്ടം വരുത്തുന്ന നിലയിൽ തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി വിദഗ്ദ്ധ പരിശോധന നടത്തിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-ഡി) സംസ്ഥാനത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് 15-9-2015-ലെ G.O.(Ms)39/15/ITD നമ്പർ ഉത്തരവ് പ്രകാരം ഐ.ടി. വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതല്ല. എന്നാൽ ടി ഉത്തരവ് പ്രകാരം സർക്കാരിന് അധിക വരുമാനം ഉണ്ടാകുന്ന തരത്തിലാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന്റെ 2013 ഓഗസ്റ്റ് 6, 7 തീയതികളിലെ RW/NH 33044/27/2005/S&R(R)(Pt) നമ്പർ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭൂമിക്കടിയിലൂടെ കേബിൾ ഇടുന്നതിന് യാതൊരു വിധത്തിലുള്ള charges, levy, lease rents, license fee, free bandwidth, revenue share, cashless equity എന്നിവ ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിലോമീറ്ററൊന്നിന് 75,000 രൂപ ഒറ്റത്തവണ ചാർജ്ജ് നൽകണമെന്നും കൂടാതെ സൗജന്യ ബാൻഡ് വിഡ്ത്തും നൽകണമെന്നുമുള്ള വ്യവസ്ഥകൾ കേരള സർക്കാർ അധികമായി ഉൾപ്പെടുത്തുക ആണുണ്ടായത്. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് RoW അനുമതി നൽകുന്നതിന് കിലോമീറ്ററൊന്നിന് 75,000 രൂപ ഈടാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്.

### വനിതാ സംരംഭകരുടെ സംഗമം

25(*205) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) വനിതാ സംരംഭകരുടെ സംഗമത്തിൽ (വി-സമ്മിറ്റ് 2015) നാല് സെഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. റീട്ടെയിൽ മേഖലയിൽ എം.എസ്.എം.ഇ.-കളുള്ള സാധ്യതകൾ, ധനസമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, ഭക്ഷ്യസംസ്കരണത്തിനും അത്യാധുനിക കൃഷി രീതിയിലുള്ള സാധ്യതകൾ, വസ്ത്രനിർമ്മാണത്തിലും ഫാഷൻ മേഖലയിലും കേരളത്തിനുള്ള സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രമുഖ വ്യവസായ സംരംഭകർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധർ, അതത് മേഖലയിൽ കഴിവ് തെളിയിച്ച വനിതാ സംരംഭകർ എന്നിവർ ചർച്ച നടത്തുകയും, വനിതാ സംരംഭകർക്ക് തങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഈ സംഗമത്തിനോട് അനുബന്ധിച്ച് വനിതാ സംരംഭകരുടെയും അവരെ പ്രോത്സാഹിപ്പിക്കുന്ന വിവിധ ഏജൻസികളുടെയും ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

(സി) വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു:

- വിവിധ മേഖലയിലുള്ള വനിതാസംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റിന്റെ രൂപകൽപ്പന.
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ.
- ഓരോ മേഖലയിലുമുള്ള വനിതാ സംരംഭകർക്കായി ജില്ലാ തലത്തിൽ പ്രത്യേക ക്ലാസുകൾ.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുകളുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, കുടുംബശ്രീ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശ ക്ലാസുകളും നടത്തുക.
- വനിതാ സംരംഭകരുടെ ഉല്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. ഇതുകൂടാതെ വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ പ്രത്യേക ധനസഹായ പാക്കേജും (വായ്പാ സഹായം) രൂപീകരിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിലെ പുതിയ സംരംഭങ്ങൾ

26(*206) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മെഗാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സഹകരണ മേഖലയിൽ നിന്നും കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കൂടുതൽ സംഭാവനകൾ നല്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ മേഖലയിലുള്ള നിക്ഷേപം സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിന് ഉതകുന്ന മെഗാ പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ കഴിയും. അനുയോജ്യമായ പദ്ധതികൾക്കുവേണ്ടി ഇതിനോടകംതന്നെ ചില ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്. എറണാകുളം ജില്ലാ സഹകരണ ബാങ്ക്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന് വേണ്ടി 470 കോടി രൂപയും, കെ.എസ്.ആർ.ടി.സി.-ക്ക് 91 കോടി രൂപയും, കേപ്പിന് 75 കോടി രൂപയും, കൺസ്യൂമർ ഫെഡറേഷന് 201.88 കോടി രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കായി 'ജവഹർ ഭവന പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും, നിലവിൽ 1412 ലക്ഷം രൂപ വായ്പയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ULCYBER ധനസഹായ കൺസോർഷ്യത്തിൽ വയനാട് ജില്ലാ ബാങ്കിന്റെ പങ്കാളിത്ത വിഹിതമായി 20 കോടി രൂപ നൽകിയിട്ടുണ്ട്. മാത്രമല്ല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സംഘം പുതിയ മെഗാപ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. സഹകരണ മേഖലയിലെ വായ്പ സംഘങ്ങൾക്ക് ലഭ്യമായിട്ടുള്ള നിക്ഷേപം സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ വൻകിട പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ കഴിയും. പദ്ധതിയുടെ വിജയസാധ്യത, നൽകുന്ന വായ്പയുടെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കാൻ കഴിയുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയും. ആയതിനാൽ ഇത്തരം പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ സഹകരണ മേഖല സന്നദ്ധമാണ്. ഇക്കാര്യത്തിൽ പുതിയതും വിജയസാധ്യതയുള്ളതുമായ പുതിയ പദ്ധതികളുമായി മുന്നോട്ടുവരുന്ന വേളയിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി സഹകരണ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ലഘു വിവരണം ചുവടെ ചേർക്കുന്നു:

- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന പരമാവധി 3% പലിശ ഇളവ് ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകിവരുന്നു.
- നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീ-ഇംബേഴ്സ് ചെയ്ത് ഇളവ് നൽകിവരുന്നു.
- തിരഞ്ഞെടുക്കപ്പെട്ട 60 ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുള്ള 60 ഫാർമേഴ്സ് സർവീസ് സെന്ററുകൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുകയും കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുകയും ആധുനിക കാർഷിക ഉപകരണങ്ങൾ, ശാസ്ത്രീയമായ കൃഷിരീതി എന്നിവ ചെയ്യുന്നതിനുള്ള പരിശീലനവും നിർദ്ദേശവും നൽകുന്നു.
- NCDC ധനസഹായത്തോടെ വിത്ത്, വളം, കീടനാശിനി മുതലായവ വില്പന നടത്തുന്നതിനുള്ള ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും, കൊപ്രാ, നാളികേരം, നെല്ല് സംഭരണ പദ്ധതികളും, വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.
- ജൈവപച്ചക്കറികൾ, അനുബന്ധ ഉല്പന്നങ്ങൾ തുടങ്ങിയവയുടെ സംഭരണ വിപണനത്തിനായി "സുവർണ്ണം" എന്ന പേരിൽ ഒരു വിപണന ശൃംഖല 2015 ഓഗസ്റ്റ് മാസം മുതൽ ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ ആരംഭിച്ചിട്ടുണ്ട്.
- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾ/സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവ മുഖാന്തരം കാർഷിക മേഖലയിൽ ഉണർവ് ഉണ്ടാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.
- പുതിയ പദ്ധതികളിൽ ജൈവ പച്ചക്കറികൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും കാർഷിക സംസ്കരണത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്നു.

## പവർ സർവ്വേ റിപ്പോർട്ട്

27(*207) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പവർ സർവ്വേ റിപ്പോർട്ടുപ്രകാരം കണക്കാക്കപ്പെട്ട കേരളത്തിന്റെ വൈദ്യുതി ആവശ്യകത സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കണക്കാക്കപ്പെട്ടിരിക്കുന്ന ആവശ്യകതയുടെ സ്ഥാനത്ത് നിലവിലുള്ള ലഭ്യത എത്രയാണ്; ഇപ്പോഴത്തെ ആഭ്യന്തര ഇറക്കുമതി വൈദ്യുതി എത്ര യൂണിറ്റാണ്; വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ അളവും അതിന്റെ പങ്ക് ശതമാന കണക്കിലും വിശദമാക്കാമോ;

(സി) കേരളത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി ആഭ്യന്തരമായി വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ലക്ഷ്യവും പദ്ധതികളും ഉണ്ടോ; വിശദമാക്കാമോ; ലക്ഷ്യമിട്ട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയായിരുന്നു?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 18-ാം ഇലക്ട്രിക് പവർ സർവ്വേ റിപ്പോർട്ട് (18th EPS) പ്രകാരം കണക്കാക്കിയിട്ടുള്ള 2012-13 മുതൽ 2021-22 വരെയുള്ള കേരളത്തിന്റെ വൈദ്യുതി ആവശ്യകത സംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർക്കുന്നു* .

(ബി) വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു* .

(സി) ഉണ്ട്. സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 1.156 മെഗാവാട്ടിന്റെ നാല് പദ്ധതികൾ പൂർത്തീകരിച്ചു. കൂടാതെ നടന്നുവരുന്നതും ലക്ഷ്യം വയ്ക്കുന്നതുമായ Solar/Wind പദ്ധതികളുടെ വിശദവിവരം അനുബന്ധം (3) ആയി ചേർക്കുന്നു*. സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 363 കിലോ വാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 323 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

താപ വൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്:

1. ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി. ഇന്ധനമായുള്ള 40 മെഗാവാട്ട് ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കുവേണ്ടി ലെറ്റർ ഓഫ് അവാർഡ് wartsila എന്ന കമ്പനിക്ക് നൽകിക്കഴിഞ്ഞു. കമ്പനിയുമായി വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

2. കായംകുളം നിലയം നാഫ്തയിൽ നിന്നും എൽ.എൻ.ജി.-യിലേക്ക് മാറ്റുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഗ്യാസിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 1026 മെഗാവാട്ട്, ആദ്യഘട്ടമായി 400 മെഗാവാട്ട് വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എൺവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിക്കുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനുവേണ്ടി ഇംപാക്ട് അസ്സെസ്സ്മെന്റ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

4. പെട്രോനെറ്റും കെ.എസ്.ഇ.ബി.എൽ.-ഉം യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്കുവേണ്ടി വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

5. കൽക്കരി ഇന്ധനമായുള്ള താപനിലയം ചീമേനിയിൽ സ്ഥാപിക്കാൻ മുമ്പുണ്ടായിരുന്ന തീരുമാനം പരിഗണനയിലാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

6. കൊച്ചിയിൽ ഫാക്ടിന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലം പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രാരംഭമായി ഫാക്ടിന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

7. പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ ചതുപ്പു നിലങ്ങളിൽ എൻ.എച്ച്.പി.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിക്കുവേണ്ടി 7-5-2014-ൽ കെ.എസ്.ഇ.ബി.എൽ.-ഉം, എൻ.എച്ച്.പി.സി.-യും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയുമായി 29-9-2015-ൽ പദ്ധതിക്കുവേണ്ട സ്ഥലം പാട്ടത്തിന് എടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കുറഞ്ഞ താരിഫിൽ പദ്ധതിയിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിന് എൻ.എച്ച്.പി.സി.-യോടും ആവശ്യപ്പെട്ടിട്ടുണ്ട്.

പീച്ചി-1.25 മെഗാവാട്ട്, വിലങ്ങാട്-7.5 മെഗാവാട്ട്, ചിമ്മിണി-2.5 മെഗാവാട്ട്, ആഢ്യൻപാറ-3.5 മെഗാവാട്ട്, പൊരിങ്ങൽകുത്ത് മൈക്രോ-0.011 മെഗാവാട്ട് എന്നീ 5 ജലവൈദ്യുത പദ്ധതികൾ പൂർത്തിയായി (ആകെ 14.76 മെഗാവാട്ട്). 2022 വരെയുള്ള കാലയളവിൽ ഇനി ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (4) ആയി ചേർക്കുന്നു*. സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധം (5) ആയി ചേർത്തിട്ടുണ്ട്*. ഇതിനു പുറമെ 55 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ മേഖലയുടെ സാധ്യതകൾ

28(*208) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ മേഖലകൾ വഴി ധാരാളം സേവനങ്ങൾ സമൂഹത്തിനും സംസ്ഥാനത്തിനും ചെയ്യാൻ സാധിക്കുന്നത് സർക്കാർ പ്രാവർത്തികമാക്കുന്നില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(സി) സ്വകാര്യമേഖലയോടുള്ള ആഭിമുഖ്യം വച്ചുപുലർത്തുന്ന സർക്കാരായതിനാലാണ് സഹകരണ പ്രസ്ഥാനങ്ങളോട് മുഖം തിരിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ മേഖലയെ സംബന്ധിച്ച് മാത്രമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യ മേഖല, പട്ടികജാതി പട്ടികവർഗ്ഗ മേഖല, അച്ചടി മേഖല തുടങ്ങിയവയെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാക്ഷേമ മേഖല എന്നിവ സംബന്ധിച്ച പഠനം നടത്തിവരുന്നു. മറ്റു മേഖലകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖലയിൽ, കാലാനുസൃതമായി പുതിയ തലങ്ങൾ കണ്ടെത്തുന്നതിനും വെല്ലുവിളികൾ ഏറ്റെടുക്കാൻ സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുമായി വിവിധ നടപടികൾ മേൽപഠനങ്ങളുടെ അടിസ്ഥാനത്തിലും അല്ലാതെയും സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സഹകരണ മേഖലവഴി ധാരാളം സേവനങ്ങൾ ഈ സർക്കാർ സമൂഹത്തിനും സംസ്ഥാനത്തിനും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും അപ്രകാരം സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ് ' നടപ്പിലാക്കി. കൂടാതെ നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം,

സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം, ലേബർ രംഗത്ത് അപ്പെക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘ കാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് നിയമാനുസൃതം നീക്കം ചെയ്യുന്നതിനായി നടത്തിയ 'ഉണർവ് ' ക്യാമ്പയിൻ, സഹകരണ നിയമഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം, 7- ാം സഹകരണ കോൺഗ്രസ്സ് / എക്സ്പോ, വിഷൻ 2025 എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കാർഷിക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള "മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ "ആലില" പദ്ധതി, ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, 'മിഷൻ 676' പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിങ്ങനെ സഹകരണ സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയതും മേഖലാ അടിസ്ഥാനത്തിൽ വിപണന മേളകൾ സംഘടിപ്പിച്ചതും, ഐ.സി.ഡി.പി. പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കിവരുന്നതും വിവിധ കടാശ്വാസ പദ്ധതികൾ/സേവനാവകാശ നിയമം നടപ്പിലാക്കിയതും, ഓപ്പറേഷൻ കുബേര വിജയിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളും, സഹകരണ മേഖലയിലെ ആധുനികവത്കരണ നടപടികൾ ത്വരിതപ്പെടുത്തിവരുന്നതും, വാർഷിക പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച നേട്ടം കൈവരിച്ചതും സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതും സംഘങ്ങൾ മുഖേന സഹകരണ മേഖലയിലൂടെ നടപ്പിലാക്കിയ ശ്രദ്ധേയമായ പദ്ധതികളാണ്.

(സി) സ്വകാര്യ മേഖലയോട് ആഭിമുഖ്യം പുലർത്തുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. സഹകരണ പ്രസ്ഥാനത്തോട് മുൻപത്തേക്കാൾ ഏറെ ആഭിമുഖ്യം ഉണ്ടെന്നാണ് സഹകരണ മേഖലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും ചൂണ്ടിക്കാട്ടുന്നത്.

## ജോബ് ഫെസ്റ്റ്

29(*209) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ആറ് ജില്ലകളിൽ ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി. മേഖലയിലെയും മറ്റു വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ എന്നിവരുമായി ചേർന്നാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്.

(സി) ഓരോ സാമ്പത്തിക വർഷത്തിലും ജോബ്ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുകയും ആയത് യുവജനക്ഷേമ ബോർഡ് നേരിട്ടോ മറ്റ് ഏജൻസികളുടെ സഹായത്തോടെയോ സംഘടിപ്പിക്കുകയും ചെയ്യുന്നു. നാളിതുവരെ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച ജോബ്ഫെസ്റ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 7200 പേർ രജിസ്റ്റർ ചെയ്യുകയും 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും ചെയ്തു.

2. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു.

4. ആലപ്പുഴ ജില്ലയിൽ 2013-ൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1008 പേർ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. 2014-ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 4943 പേർ രജിസ്റ്റർ ചെയ്യുകയും 2631 പേർ പങ്കെടുക്കുകയും 261 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തു.

5. കോട്ടയം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 7000 പേർ രജിസ്റ്റർ ചെയ്യുകയും 1500 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

6. മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെയറിൽ 4200 പേർ പങ്കെടുക്കുകയും 220 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2015 ജൂൺ 12 മുതൽ 15 വരെ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5200 പേർ പങ്കെടുക്കുകയും 600 പേർക്ക് ജോലി ലഭിക്കുയും ചെയ്തിട്ടുണ്ട്.

**യുവ സംരംഭകത്വം**

30(*210) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽരഹിതരിൽ എത്ര ശതമാനം സാങ്കേതികവൈദഗ്ധ്യമുള്ളവരും ബിരുദധാരികളുമാണെന്ന് വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള, വ്യവസായ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കണ്ടെത്താനാവുന്ന, ഉപഭോഗവസ്തുക്കൾ ഏറെയും ഇറക്കുമതി ചെയ്യുന്നതിനും ആവശ്യക്കാരുള്ളതുമായ സംസ്ഥാനത്ത് സംരംഭകത്വം വികസിച്ചുവരാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ മനുഷ്യവിഭവവും സമ്പത്തും പ്രവാസി മലയാളികളുടെ സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സംരംഭകത്വത്തെ വളർത്തിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പരിശോധിച്ചിട്ടില്ല.

(ബി) സംസ്ഥാനം സംരംഭകത്വ വികസനത്തിൽ ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും വേണ്ടി വ്യവസായ വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്*.

(സി) പ്രവാസി മലയാളികൾക്കിടയിൽ സംരംഭകത്വം വളർത്തിയെടുക്കാൻ വിവിധ പദ്ധതി/പരിപാടികൾ മുഖേന സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നോർക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങൾ

1(2039) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എവിടെയെല്ലാം അതിഥി മന്ദിരങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് ഒരിടത്തും അതിഥി മന്ദിരങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രോജക്ട് വർക്കുകൾ, വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ, സബ്സ്റ്റേഷനുകൾ, പ്രധാനപ്പെട്ട വൈദ്യുതി ഭവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രം ലഭ്യമായതിനാൽ ഈ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ വിനോദ സഞ്ചാരികൾക്ക് നൽകുന്നതിന് അനുയോജ്യമല്ല.

### എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം

2(2040) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി സംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പേരിൽ ഒരു പദ്ധതി വൈദ്യുതി ബോർഡ് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും. കെ.എസ്.ഇ.ബി.-യും കേന്ദ്ര സർക്കാരിന്റെ നാഷണൽ

എൽ.ഇ.ഡി. മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്രസർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപ്പാദകരിൽ നിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത്. ഇത്തരത്തിൽ 150 ലക്ഷം ബൾബുകൾ സൗജന്യ നിരക്കിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്.

## സെക്ഷൻ ഓഫീസ്

3(2041) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുവാൻ കെ.എസ്.ഇ.ബി. സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ?

### ഉത്തരം

ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോ മീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും, അതേ സമയം ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രാദേശികമായ സാഹചര്യങ്ങളും ഇക്കാര്യത്തിൽ കണക്കിലെടുക്കാറുണ്ട്.

## സ്വകാര്യവ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ്ജ് കുടിശ്ശിക

4(2042) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ വ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ് കുടിശ്ശിക സംബന്ധിച്ച വിശദാംശം 31-1-2016 ലെ കണക്ക് പ്രകാരം ലഭ്യമാക്കാമോ?

### ഉത്തരം

31-1-2016-ലെ കണക്ക് പ്രകാരം സ്വകാര്യ വ്യക്തികൾ വരുത്തിയ വൈദ്യുത ചാർജ്ജ് കുടിശ്ശിക 150.86 കോടി രൂപയാണ്.

## അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി

5(2043) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞു; വിശദവിവരം നൽകാമോ;

(ബി) ഇക്കാലത്ത് എത്ര മിനി ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 234.87 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 6 പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. 18.761 MW സ്ഥാപിതശേഷി അധികമായി കൂട്ടിച്ചേർത്തിട്ടുണ്ട്. 15 MW-ന്റെ ബാരപ്പോൾ പദ്ധതി ഈ മാസം കമ്മീഷൻ ചെയ്യുന്നതാണ്. കൂടാതെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളിലൂടെ 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ സ്വകാര്യമേഖലയിലും 15.16 MW-ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു*.

ഇതിനുപുറമെ 1.156 MW-ന്റെ 4 സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-II *ആയി ചേർക്കുന്നു.

(ബി) അനുബന്ധം (3) *ആയി ചേർക്കുന്നു.

## ഒഴിവുകൾ

6(2044) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യിൽ ലൈൻമാൻ, ഓവർസിയർ തസ്തികകളെത്ര ; എത്ര ഒഴിവുകളുണ്ട്; എത്ര പേർ ജോലി നോക്കുന്നു;

(ബി) ഓവർസിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് എങ്ങനെയാണ്, ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയർ തസ്തികയിലേയ്ക്ക് അർഹരായവർക്ക് പ്രൊമോഷൻ നൽകാത്തതിന് കാരണമെന്താണ്;

(സി) ലൈൻമാൻ തസ്തികയിലെ പ്രൊമോഷൻ നൽകാൻ അർഹരായവർ മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നിട്ടും പ്രൊമോഷൻ നൽകാത്തതിനു കാരണമെന്ത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അർഹമായ പ്രൊമോഷനുകൾ സമയബന്ധിതമായി നൽകാത്തതു കൊണ്ട് മസ്ദൂർ തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പി.എസ്.സി. മസ്ദൂർ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>തസ്തികകൾ</u>

| | |
|---|---|
| ലൈൻമാൻ | 8975 |
| ഓവർസീയർ | 5418 |

<u>ഒഴിവ്</u>

| | |
|---|---|
| ലൈൻമാൻ | 378 |
| ഓവർസീയർ | ഒഴിവില്ല |

<u>ജോലി ചെയ്യുന്നവർ</u>

| | |
|---|---|
| ലൈൻമാൻ | 8597 |
| ഓവർസിയർ | 5418 |

(ബി) ലൈൻമാൻ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകി ആണ് ഓവർസിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്. അർഹരായ എല്ലാ ലൈൻമാൻമാർക്കും ഓവർസീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) 23-1-2016-ൽ ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയറായി പ്രൊമോഷൻ നൽകിയതിനെ തുടർന്നാണ് ലൈൻമാൻ തസ്തികയിൽ ഒഴിവ് വന്നിരിക്കുന്നത്. പ്രസ്തുത ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ഇല്ല.

(ഇ) മസ്ദൂർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്.

## അനെർട്ട് നടത്തിയ പ്രവർത്തനങ്ങൾ

7(2045) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് എന്ന സ്ഥാപനം 2011 മുതൽ 2016 വരെ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ വൈദ്യുതി മേഖലയിൽ നടത്തിയെന്നും ഓരോ വർഷവും എത്ര തുകയുടെ കേന്ദ്ര/സംസ്ഥാന ഫണ്ട് പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും അനെർട്ട് സൗരോർജ്ജ പ്രവർത്തനങ്ങൾക്കായി എത്ര സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ സ്വകാര്യമേഖലാ സ്ഥാപനങ്ങൾ തുടങ്ങി മറ്റു സ്ഥാപനങ്ങളുമായി പ്രവർത്തന കരാറുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു എന്നും ആയതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ലാഭത്തിലാക്കാൻ സാധിച്ചുവെന്നും എത്ര തുക സബ്സിഡിയിനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് അനെർട്ട് നൽകിയെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോ വർഷവും അനെർട്ട് ഊർജ്ജ സംരക്ഷണത്തിനായി വിതരണം ചെയ്ത ഉപകരണങ്ങൾ/മറ്റുള്ളവ എന്തെല്ലാം; ഇവ അനെർട്ടിന് നൽകിയ സ്ഥാപനങ്ങൾ ഏതെല്ലാം; പ്രസ്തുത സ്ഥാപനങ്ങൾ ഇവ എന്തു തുകയ്ക്ക് നൽകി ; ഉപഭോക്താക്കൾക്ക് അനെർട്ട് എത്ര സബ്സിഡി നൽകി എന്തു തുകയ്ക്ക് വിതരണം ചെയ്തുവെന്നും ആയതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ലാഭത്തിലാക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം ഇതുവരെ വൈദ്യുതി മേഖലയിൽ നടത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി
2. സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി
3. യൂട്ടിലിറ്റി ഗണത്തിൽപ്പെടുന്ന മെഗാവാട്ട് പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി
4. സൗരോർജ്ജ റാന്തൽ വിതരണം
5. സൗരോർജ്ജ ഹോം ലൈറ്റിംഗ് സിസ്റ്റം
6. സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി
7. സൗരോർജ്ജ വാട്ടർ പമ്പ് പദ്ധതി
8. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാനായുള്ള കൺസൾട്ടൻസി/ ഡെപ്പോസിറ്റ് സ്കീം പദ്ധതി
9. സൗരോർജ്ജ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പദ്ധതി.

2011-12 മുതൽ 2015-16 വരെ ലഭിച്ച സംസ്ഥാന ഗ്രാന്റ് - ഇൻ - എയ്ഡിന്റെയും കേന്ദ്ര ധനസഹായത്തിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

Rs. in lakhs

| Year | Grant-in-aid received from State | CFA received from MNRE |
|---|---|---|
| 2011-12 | 2000.00 | 609.78 |
| 2012-13 | 1613.00 | 743.52 |
| 2013-14 | 2070.00 | 139.89 |
| 2014-15 | 175.00 | 2454.55 |
| 2015-16 | --- | 1033.85 |

(ബി) സൗരോർജ്ജ പവർ പ്ലാന്റുകളുടെ പട്ടിക അനുബന്ധം (1)* ആയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സൗരോർജ്ജ പവർപ്ലാന്റുകളുടെ പട്ടിക അനുബന്ധം (2) ആയും ചേർക്കുന്നു*. ഈ പദ്ധതികളിൽ കേന്ദ്ര/സംസ്ഥാന ഫണ്ട് ലഭിച്ചവയുടെ പട്ടിക അനുബന്ധം (3) ആയി ചേർക്കുന്നു*. സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ, സോളാർ വാട്ടർ പമ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട് 7 സ്ഥാപനങ്ങൾ പ്രവർത്തന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും അർദ്ധസർക്കാർ സ്ഥാപനങ്ങളുമായി അനെർട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവകളെല്ലാം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ആകെ 683 KW വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കും. ഗുണഭോക്താവിന് MNRE അംഗീകരിച്ച ഏത് ഏജൻസിയിൽ നിന്നും സോളാർ വാട്ടർ ഹീറ്ററുകൾ വാങ്ങാവുന്നതും ആയതിനുള്ള സബ്സിഡി ഏജൻസി മുഖാന്തരമല്ലാതെ, അനെർട്ട് നേരിട്ട് ഗുണഭോക്താവിന് നൽകിവരികയുമാണ് ചെയ്യുന്നത്.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | ഉപകരണം | ഉപകരണം അനെർട്ടിന് നൽകിയ സ്ഥാപനത്തിന്റെ പേര് | വില | സബ്സിഡി |
|---|---|---|---|---|
| 2012-13 | സോളാർ ലാന്റേൺ | അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് | 1889 | 1000 |
| | സോളാർ ലാന്റേൺ | സുരാന ടെലികോം & പവർ കമ്പനി ലിമിറ്റഡ് | 1889 | 1000 |
| 2013-14 | സോളാർ ലാന്റേൺ | അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് | 2270 | 750 |
| 2014-15 | സി.എഫ്.എൽ. ലാന്റേൺ | അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് | 2190 | General -500 SC/ST, BPL-1000 |
| | എൽ.ഇ.ഡി. ലാന്റേൺ | അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് | 2240 | General -500 SC/ST, BPL-1000 |
| 2011-12 2012-13 | സോളാർ എൽ.ഇ.ഡി. തെരുവ് വിളക്ക് | യു.എം. ഗ്രീൻ ലൈറ്റിംഗ്സ്, പ്രൈവറ്റ് ലിമിറ്റഡ് | 27,400 | 27,400 |
| 2013-14 2014-15 | സോളാർ എൽ.ഇ.ഡി. തെരുവ് വിളക്ക് | സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് | 44,875 | 30000 |

മേൽപ്പറഞ്ഞ ഉപകരണങ്ങൾ വഴി 17 ലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ലാഭിക്കാൻ സാധിച്ചു.

2012-13 കാലയളവിൽ ആരംഭിച്ച 10000 സൗര ഗൃഹ-പദ്ധതിയിലൂടെ 10000 വീടുകളുടെ മേൽക്കൂരകളിൽ 1 കിലോവാട്ടിന്റെ സോളാർ പാനൽ, 7200 Wh കിലോവാട്ടിന്റെ ബാറ്ററി, 1KVA ശേഷിയുള്ള പവർ കണ്ടീഷനിംഗ് യൂണിറ്റും സ്ഥാപിച്ച് 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 8500-ഓളം പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ട് ഓളം സ്ഥാപിതശേഷി കൈവരിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞ പവർപ്ലാന്റുകൾ ഉപഭോക്താവ് തെരഞ്ഞെടുക്കുന്ന ഏജൻസികൾ നേരിട്ടാണ് സ്ഥാപിച്ചുനൽകുന്നത്. അനെർട്ട് Eol വഴി തെരഞ്ഞെടുക്കുന്ന ഏജൻസികളുടെ ലിസ്റ്റും അവർ ഈടാക്കുന്ന തുകയും അനുബന്ധം (4) ആയി ചേർക്കുന്നു*. ഇത്തരത്തിൽ 1 കിലോവാട്ട് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നവർക്ക് കേന്ദ്ര ധനസഹായമായി 53,262 രൂപയും സംസ്ഥാന ധനസഹായമായി 39,000 രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ അനെർട്ട്, റാന്തലുകൾ, സൗരോർജ്ജ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ, സോളാർ വാട്ടർ പമ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തന കരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു*:

1. അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
2. ഒമേഗ ഇലക്ട്രോണിക്സ്, തിരുവനന്തപുരം
3. യു.എം. ഗ്രീൻ ലൈറ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഗർഗോൺ, ഹരിയാന
4. ജയിൻ ഇറിഗേഷൻ സിസ്റ്റം ലിമിറ്റഡ്, ജൽഗോൺ
5. ടോപ്സൺ എനർജി ലിമിറ്റഡ്, ഗാന്ധിനഗർ
6. സേഫ് ഗാർഡ് ലൈറ്റിംഗ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
7. സുരാന ടെലികോം & പവർ കമ്പനി ലിമിറ്റഡ്, സെക്കന്തരാബാദ്

2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി 2,84,000 ലിറ്റർ പ്രതിദിന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകി. 2012-13 വർഷത്തിൽ 5,42,000 ലിറ്റർ പ്രതിദിന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകി. 2013-14 വർഷത്തിൽ 3,95,000 ലിറ്റർ പ്രതിദിന ശേഷിയുള്ള സോളാർ വാട്ടർഹീറ്ററുകൾ സ്ഥാപിച്ചു നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ 3,11,000 ലിറ്റർ പ്രതിദിനശേഷിയുള്ള സോളാർ വാട്ടർഹീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 10,10,000 ലിറ്റർ പ്രതിദിനശേഷിയുള്ള സോളാർ വാട്ടർഹീറ്ററുകൾ സ്ഥാപിക്കാനുള്ള ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടന്നുവരുന്നു. സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്ന ഉണഭോക്താക്കൾക്ക് 2011-12, 2012-13, 2013-14 വർഷങ്ങളിലായി 100 ലിറ്റർ ശേഷിക്ക് ഇ.റ്റി.സി. (ഇവാക്യുവേറ്റഡ് ട്യൂബ് കളക്ടർ) മോഡൽ വാട്ടർ ഹീറ്ററുകൾക്ക് 4500, 3000, 3000 രൂപ നിരക്കിലും എഫ്.പി.സി. (ഫ്ളാറ്റ് പ്ലേറ്റ് കളക്ടർ) മോഡൽ വാട്ടർഹീറ്ററുകൾക്ക് 6000, 6000, 4000 രൂപ നിരക്കിലും സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നു. 2014-15, 2015-16 വർഷങ്ങളിൽ ഇ.റ്റി.സി. വിഭാഗത്തിൽപ്പെട്ട സോളാർ വാട്ടർ ഹീറ്ററിന് 100 ലിറ്റർ പ്രതിദിനശേഷിക്ക് 3000 രൂപ പ്രകാരവും എഫ്.പി.സി. വിഭാഗത്തിൽപ്പെട്ട സോളാർവാട്ടർ ഹീറ്ററിന് 100 ലിറ്റർ പ്രതിദിനശേഷിക്ക് 4000 രൂപ പ്രകാരം സബ്സിഡി നൽകിവരുന്നുണ്ട്. നാളിതുവരെ ഓരോ വർഷവും അനെർട്ട് സ്ഥാപിച്ച ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണവും മെച്ചപ്പെട്ട വിറകടുപ്പുകളുടെ എണ്ണവും ചുവടെ രേഖപ്പെടുത്തുന്നു:

| വർഷം | ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം | മെച്ചപ്പെട്ട വിറകടുപ്പുകളുടെ എണ്ണം |
|---|---|---|
| 2011-12 | 3050 | 6000 |
| 2012-13 | 4017 | 11344 |
| 2013-14 | 2325 | 8500 |
| 2014-15 | 3499 | 2938 |
| 2015-16 | 680 | 1228 |
| ആകെ | 13571 | 30010 |

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് പരിശോധനയ്ക്കു ശേഷം 8000 രൂപ വീതം സബ്സിഡിയായി നൽകുന്നു. 10 ക്യൂബിക് മീറ്ററിന് മുകളിൽ ശേഷിയുള്ള വലിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ക്യൂബിക് മീറ്ററിന് 4000 രൂപ വീതം സബ്സിഡി നൽകുന്നു. കഴിഞ്ഞ 5 വർഷ കാലയളവിൽ 30,010 മെച്ചപ്പെട്ട വിറകടുപ്പുകൾ ഗുണഭോക്താക്കൾക്ക് സ്ഥാപിച്ചു നൽകി. ഇതുവഴി പ്രതിവർഷം 32,000 ടൺ വിറക് ലാഭിക്കാൻ സാധിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സമ്പൂർണ്ണ ഭവന പദ്ധതിയിൽ വീട് ലഭിച്ച ഗുണഭോക്താക്കൾക്കും ഗാർഹിക അടുപ്പുകൾ സ്ഥാപിക്കുന്നതിന് 2500 രൂപ സബ്സിഡി നൽകുന്നു. സ്കൂളുകൾ, അംഗൻവാടികൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുന്നതിന് 6000 രൂപ സബ്സിഡി നൽകിവരുന്നു.

### കെ.എസ്.ഇ.ബി. ഓൺലൈൻ പേമെന്റ്

8(2046) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ആകെ ഉപഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഡിസംബർ , ജനുവരി മാസങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ ബില്ലുകൾ ഓൺലൈൻ വഴിയടച്ച ഉപഭോക്താക്കളുടെ എണ്ണം സർക്കിൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യും എസ്.ബി.റ്റി.-യുമായുള്ള ഓൺലൈൻ പേയ്മെന്റ് സംബന്ധിച്ച കരാറിന്റെ പകർപ്പ് നൽകാമോ;

(ഡി) കെ.എസ്.ഇ.ബി-യിൽ ബിൽ അടയ്ക്കുവാനുള്ള ഒരു എ.റ്റി.എം. പേയ്മെന്റ് മെഷീനിന്റെ ചെലവ് എത്ര;

(ഇ) മെഷീൻ സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന നെറ്റ് വർക്ക് ഫെസിലിറ്റി ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഒരു മെഷീനിന്റെ നെറ്റ് വർക്ക് ഫെസിലിറ്റിക്കായി എത്ര തുകയാണ് ചെലവാക്കേണ്ടി വരുന്നത് ?

<u>ഉത്തരം</u>

(എ) 1,16,41,508 ആണ്.

(ബി)

| ക്രമ നമ്പർ | സർക്കിൾ | ഡിസംബർ 2015 | ജനവരി 2016 |
|---|---|---|---|
| 1 | ആലപ്പുഴ | 3529 | 4706 |
| 2 | എറണാകുളം | 20612 | 20040 |
| 3 | ഹരിപ്പാട് | 4157 | 4470 |
| 4 | ഇരിഞ്ഞാലക്കുട | 4387 | 5022 |
| 5 | കല്പറ്റ | 1593 | 1474 |
| 6 | കണ്ണൂർ | 4727 | 4643 |
| 7 | കാസർഗോഡ് | 3305 | 3230 |
| 8 | കാട്ടാക്കട | 5330 | 5824 |
| 9 | കൊല്ലം | 5085 | 4377 |
| 10 | കൊട്ടാരക്കര | 3528 | 3251 |
| 11 | കോട്ടയം | 4977 | 5290 |
| 12 | കോഴിക്കോട് | 8825 | 8922 |
| 13 | മഞ്ചേരി | 4848 | 5085 |
| 14 | നിലമ്പൂർ | 1693 | 1747 |
| 15 | പാലാ | 1973 | 2192 |
| 16 | പാലക്കാട് | 6313 | 5692 |
| 17 | പത്തനംതിട്ട | 4524 | 4433 |
| 18 | പെരുമ്പാവൂർ | 10308 | 10446 |
| 19 | ഷൊർണ്ണൂർ | 3599 | 3418 |
| 20 | ശ്രീകണ്ഠപുരം | 3767 | 4244 |
| 21 | തിരുവനന്തപുരം | 17199 | 17730 |
| 22 | തൊടുപുഴ | 3934 | 3214 |
| 23 | തൃശ്ശൂർ | 7358 | 9719 |
| 24 | തിരൂർ | 4619 | 5323 |
| 25 | വടകര | 2998 | 3290 |

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) ഒരു എ.റ്റി.എം. (കാഷ് ഡെപ്പോസിറ്റ് മെഷീൻ - സി.ഡി.എം.) പേമെന്റ് മെഷീന് 3.5 ലക്ഷം രൂപയോളം ചെലവാകും.

(ഇ) നിലവിൽ ഒരു സി.ഡി.എം. പേയ്മെന്റ് മെഷീൻ ഇലക്ട്രിസിറ്റി ബോർഡിൽ ഉണ്ട്. 5 സി.ഡി.എം. പേയ്മെന്റ് മെഷീൻ കൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവ കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ സർക്കിൾ ഓഫീസുകളിലാണ് സ്ഥാപിക്കുക, അതിനാൽ മെഷീനിന് പ്രത്യേകമായി നെറ്റ്‌വർക്ക് ഫെസിലിറ്റി ആവശ്യമില്ല.

## കെ.എസ്.ഇ.ബി.-യിലെ കാഷ്യർ/മീറ്റർ റീഡർ തസ്തിക

9(2047) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കാഷ്യർ/മീറ്റർ റീഡർ തസ്തികയെക്കുറിച്ച് പഠനം നടത്തുവാൻ ഐ.ഐ.എം. കോഴിക്കോടിന് കരാർ നൽകിയതെന്നാണ്; പ്രസ്തുത പഠനത്തിന് എത്ര രൂപയാണ് ചെലവ്;

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പഠന റിപ്പോർട്ട് തയ്യാറാക്കിയില്ലെങ്കിൽ, കാലതാമസമുണ്ടാവുന്നതിന്റെ കാരണമെന്ത്; എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കും?

ഉത്തരം

(എ) 13-3-2014-ന് കരാർ നല്കി ₹ 57,57,326 (അൻപത്തിയേഴ് ലക്ഷത്തി അൻപത്തിയേഴായിരത്തി മുന്നൂറ്റി ഇരുപത്തിയാറ് രൂപ) രൂപയാണ് ചെലവ്.

(ബി) പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല.

(സി) റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. ഐ.ഐ.എം. കോഴിക്കോട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. മസ്ദൂര്‍ നിയമനം

10(2048) ശ്രീ. പി. ശ്രീരാമകൃഷ്ണന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയില്‍ നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂര്‍ പി.എസ്.സി. റാങ്ക് ല്സ്റ്റില്‍ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ആകെ എത്ര മസ്ദൂര്‍ തസ്തികകളാണ് ജില്ലയില്‍ ഉള്ളത് ; അതില്‍ എത്ര എണ്ണത്തില്‍ ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഒഴിവുകളില്‍ അടിയന്തരമായി നിയമനം നടത്താന്‍ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 277 പേരെ നിയമിച്ചിട്ടുണ്ട്.

(ബി&സി) 490 മസ്ദൂര്‍ തസ്തികകള്‍ മലപ്പുറം ജില്ലയിലുണ്ട്. 504 പേര്‍ മസ്ദൂര്‍മാരായി നിലവില്‍ ജോലി ചെയ്യുന്നു. ആയതിനാല്‍ മലപ്പുറം ജില്ലയില്‍ മസ്ദൂര്‍ തസ്തികയില്‍ ഒഴിവില്ല.

## കെ.എസ്.ഇ.ബി. മസ്ദൂര്‍ നിയമനം

11(2049) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 30-9-2013-ന് നിലവില്‍ വന്ന കെ.എസ്.ഇ.ബി. മസ്ദൂര്‍ പി.എസ്.സി. റാങ്ക് ലിസ്റ്റില്‍ നിന്നും ഇതുവരെയായി എത്ര പേര്‍ക്ക് നിയമനം നല്കി; എത്ര ഒഴിവുകള്‍ നിലവിലുണ്ട്; ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും; ജില്ല തിരിച്ച് വിശദാംശം നല്‍കുമോ;

(ബി) 1-1-2013 -ന് ശേഷം ഓവര്‍സിയര്‍ ലൈന്‍മാന്‍ തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ടായിരുന്നു ; പ്രസ്തുത ഒഴിവുകളില്‍ യഥാസമയം പ്രൊമോഷന്‍ നല്കി നിയമനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ എത്രപേരെ അത്തരത്തില്‍ നിയമിച്ചിട്ടുണ്ട് ജില്ല തിരിച്ച് വിശദാംശം നല്‍കുമോ;

(സി) യഥാസമയം പ്രൊമോഷന്‍ നല്‍കി നിലവിലുള്ള മസ്ദൂര്‍ റാങ്ക് ലിസ്റ്റില്‍ നിന്നും പരാമവധി ഉദ്യോഗാര്‍ത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) 1877 പേർക്ക് നിയമനം നൽകി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 177 |
| കൊല്ലം | 17 |
| ആലപ്പുഴ | 20 |
| പത്തനംതിട്ട | 2 |
| കോട്ടയം | 55 |
| ഇടുക്കി | 30 |
| എറണാകുളം | 139 |
| തൃശ്ശൂർ | 379 |
| പാലക്കാട് | 287 |
| മലപ്പുറം | 277 |
| കോഴിക്കോട് | 222 |
| വയനാട് | 77 |
| കണ്ണൂർ | 119 |
| കാസർഗോഡ് | 78 |

ജില്ല തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തൃശ്ശൂർ | 11 |
| പാലക്കാട് | 1 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 7 |

മറ്റ് ജില്ലകളിൽ ഒഴിവില്ല.

1322/2017.

ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ടി ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും ആയിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് പുതിയ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ പഴയ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ബി) ഓവർസിയർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയറായി 276 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. മസ്ദൂർ തസ്തികയിൽ നിന്നും ലൈൻമാനായി 426 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ജില്ലാ അടിസ്ഥാനത്തിലല്ല, സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തുന്നത്.

(സി) ലൈൻമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷനും മസ്ദൂർ തസ്തികയിൽ നിയമനവും യഥാസമയം നടത്തിവരുന്നുണ്ട്.

## കെ.എസ്.ഇ.ബി. മസ്ദൂർ

12(2050) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-9-2013-ന് കെ.എസ്.ഇ.ബി. മസ്ദൂർ ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ഇതുവരെ കൊല്ലം ജില്ലയിൽ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവ് ഉണ്ടെന്നും, എത്ര ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ നിയമനം നടക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 17

(ബി) നിലവിൽ ഒഴിവില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലാഭപ്രഭ പദ്ധതിയുടെ മൂന്നാം ഘട്ടം

13(2051) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭ പ്രഭ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) മൂന്നാം ഘട്ടത്തിൽ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട ഇ-വേസ്റ്റ് ശേഖരിക്കാനും റീ-സൈക്കിൾ ചെയ്യാനും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014-ലും തുടർന്നു. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി, ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. ലാമ്പുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 27385 പേർ തങ്ങളുടെ ഉപഭോഗത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു.

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ II പദ്ധതിയുടെ സവിശേഷത. പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുകയും അതുവഴി ഗണ്യമായ ഊർജ്ജലാഭം നേടിയ സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കുന്ന 5 കി. വാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുവാനും പങ്കെടുത്ത ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ എല്ലാ അദ്ധ്യാപകർക്കും ഓരോ സൗരോർജ്ജ റാന്തൽ നൽകുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ദൃശ്യ-ശ്രവ്യ-മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ലാഭപ്രഭ പദ്ധതിയുടെ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി. പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) വീടുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമവും ലാഭകരവുമാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ  വീട്ടിലും 3 വർഷം വാറന്റിയുള്ള 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കാനാണ് ലാഭപ്രഭ മൂന്നാം ഘട്ടത്തിൽ പ്രധാനമായും ഉദ്ദേശിക്കുന്നത്. മൊത്തം 150 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാവുന്നതോടെ പ്രതിവർഷം ഏകദേശം 400 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭവും പീക് സമയത്ത് വൈദ്യുതി ആവശ്യകതയിൽ 350 മെഗാവാട്ടിന്റെ കുറവും വീടുകളിൽ ഏകദേശം 7 യൂണിറ്റ് വൈദ്യുതി പ്രതിമാസം ലാഭിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ന് കമ്പോളത്തിൽ 400 രൂപയിലധികം വിലയുള്ള എൽ.ഇ.ഡി. ബൾബ് ഈ പദ്ധതി പ്രകാരം 95 രൂപയ്ക്ക് ഉപഭോക്താവിന് നൽകുന്നതാണ്. 1000 വാട്ട്സിൽ താഴെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റിൽ താഴെ ഉപഭോഗവുമുള്ള 6 ലക്ഷം കുടുംബങ്ങൾക്ക് എൽ.ഇ.ഡി. ബൾബുകൾ സൗജന്യമായി നൽകും. പ്രതിമാസം ഏകദേശം 25 ലക്ഷം ബൾബുകൾ എന്ന രീതിയിൽ 2016 മെയ്-ജൂൺ മാസത്തോടെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (EESL) ഗുണമേന്മയും വാറന്റിയും ഉറപ്പാക്കി നൽകുന്ന എൽ.ഇ.ഡി. ബൾബുകൾ കെ.എസ്.ഇ.ബി. സ്റ്റോറുകൾ മുഖേന നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളുടെയിടയിൽ ഊർജ്ജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമായി ലാഭപ്രഭ സീസൺ 3 മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 11-8-2015-ലെ ബോർഡ് ഉത്തരവ് പ്രകാരം താഴെ പറയുന്ന 3 കമ്പനികളിൽ നിന്നും ക്വട്ടേഷൻ വാങ്ങി അതിൽ കൂടിയ വില ഓഫർ ചെയ്യുന്ന കമ്പനിക്ക് വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട ഇ-വേസ്റ്റ് ശേഖരിച്ച് നശിപ്പിച്ചു കളയാൻ വിതരണ മേഖലയിലെ സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റിയിലെ കൺവീനർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(1) M/s. ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, എറണാകുളം

(2) M/s. അൽ അമീൻ ഇൻഡസ്ട്രീസ്, എറണാകുളം

(3) M/s. വേണാട് സ്റ്റീൽ കോർപ്പറേഷൻ, തിരുവനന്തപുരം വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ ഇത് സംബന്ധിച്ച മറ്റ് സംവിധാനങ്ങൾ ഒന്നും നിലവിലില്ല.

## കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം

14(2052) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പവർ ഇപ്രൂവ്മെന്റ് സ്കീം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിതരണ മേഖല ശക്തിപ്പെടുത്തി പ്രസരണ, വിതരണ വാണിജ്യ നഷ്ടം കുറയ്ക്കുകയും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയും ചെയ്യാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) കേരളത്തിലെ 4 പുതിയ മുനിസിപ്പാലിറ്റികളിലും, 12 ടൗണുകളിലുമായി 45.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നല്കുകയും പണികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

## വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ

15(2053) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾക്ക് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ മുഖേന താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് :

- മാനവ വിഭവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം മുഖേന നടപ്പിലാക്കി.
- എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.Kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായാണ് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളത്.
- മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.
- ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സംവിധാനം വഴി ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുമുള്ള സേവനം, നൽകിവരുന്നു.

- ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.
- ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു.
- കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ് വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിംഗും ഇതുവഴിയാണ് ചെയ്യുന്നത്. കൂടാതെ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടി ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നു.

സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) മേൽപ്പറഞ്ഞ വിവിധ കമ്പ്യൂട്ടർവൽകൃത സോഫ്റ്റ് വെയറുകൾ പ്രവർത്തിപ്പിക്കാനായി ബൃഹത്തായ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഉപഭോക്തൃസേവനം, പരാതി പരിഹാരം, ഹ്യൂമൻ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം, SARAS, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പുതിയ സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവയിൽ വിവിധ തലങ്ങളിലെ ജീവനക്കാർക്ക് തുടർച്ചയായ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും, കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ. ചെയർമാന്റെ അദ്ധ്യക്ഷതയിൽ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ വിലയിരുത്തുകയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## പുതിയ സെക്ഷൻ ഓഫീസുകൾ

16(2054) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിസ്തൃതിയും ജനസംഖ്യയും താരതമ്യേന കൂടുതലുള്ള സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

ഉപഭോക്താക്കളുടെ എണ്ണവും ഭൂപ്രദേശത്തിന്റെ വിസ്തൃതിയും പ്രാദേശിക സാഹചര്യങ്ങളും കണക്കിലെടുത്ത് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നുണ്ട്.

## പുതിയ സെക്ഷൻ ഓഫീസുകൾ

17(2055) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ആരംഭിച്ചുവെന്നും എവിടെയെല്ലാമാണെന്നും ഓരോ ഓഫീസ് പരിധിയിലേയും ഉപഭോക്താക്കളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിഭജിക്കാൻ പരിഗണിക്കുന്ന സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും, അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രാദേശികമായ സാഹചര്യങ്ങളും സെക്ഷൻ ഓഫീസ് രൂപീകരണത്തിന് പരിഗണിക്കാറുണ്ട്.

(സി-ഇ) ഉണ്ട്. വളളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂരിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വികസന പദ്ധതികൾ**

18(2056) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതൊക്കെയാണ്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെടുന്ന കുഞ്ഞിമംഗലം, പഴയങ്ങാടി, മാടായി, മാതമംഗലം, തളിപ്പറമ്പ്, ധർമ്മശാല, ചെറുകുന്ന് എന്നീ സെക്ഷനുകളുടെ പരിധിയിൽ 2011-2016 കാലയളവിൽ 22.6 കിലോമീറ്റർ 11 കെ.വി. ലൈൻ, 32.64 കിലോമീറ്റർ എൽ.റ്റി. ലൈൻ, 89 ട്രാൻസ്ഫോർമർ, 31.99 കിലോമീറ്റർ കൺവേർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് 6.83 കോടി രൂപ ചെലവഴിച്ചു. ഈ കാലയളവിൽ 9736 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ പഴയങ്ങാടി 110 കെ.വി. സബ്സ്റ്റേഷനിലെ രണ്ട് 110 കെ.വി. സർക്യൂട്ട് ബ്രേക്കറുകൾ മാറ്റിവച്ചു.

ചെലവഴിച്ച തുക - 12 ലക്ഷം രൂപ

മങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിലെ ഒരു 110 കെ.വി. സർക്യൂട്ട് ബ്രേക്കർ മാറ്റി വച്ചു.

ചെലവഴിച്ച തുക - 6 ലക്ഷം രൂപ

## ഇന്ധന സർചാർജ്ജ്

19(2057) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജൂലൈ ഒന്നു മുതൽ 2015 മാർച്ച് 31 വരെ ഇന്ധന സർചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്; ഈ തുക പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ധന സർചാർജ്ജിന്റെ പേരിൽ സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഇന്ധന സർചാർജ്ജ് റെഗുലേഷൻ-2010-നു വിധേയമായി ഈ കാലയളവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ വ്യതിയാനം മൂലമുണ്ടായ അധിക ബാധ്യതയായ 123.30 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ടായ അധിക ബാധ്യതയായ 123.30 കോടി രൂപ 23-12-2015-ലെ ഒറ്റ ഉത്തരവിലൂടെ ഇന്ധന സർചാർജ്ജായി കമ്മീഷൻ അംഗീകരിച്ചെങ്കിലും, ഉപഭോക്താക്കളിൽ നിന്നും ഈ തുക ഈടാക്കാനുള്ള അനുമതി ടി ഉത്തരവിലൂടെ നൽകിയില്ല.

(ബി) ഇന്ധന സർചാർജ്ജിന്റെ പേരിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

### ആശ്രയ ട്രസ്റ്റിന്റെ ഓഫീസിനു സമീപത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

20(2058) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കാൻസർ സെന്ററിലെ രോഗികളെ പരിചരിക്കുന്ന ആശ്രയ ട്രസ്റ്റിന്റെ ഓഫീസിനു സമീപത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റ് തുക ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

### ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

21(2059) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളെയാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; ഏതെല്ലാം ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിലെ കൊടുമ്പുഴ, നെല്ലിയാമ്പതി, കുറിരി, ചെക്കുന്നത്ത് അംബേദ്ക്കർ, കലക്കപ്പാറ, ഓടണ്ണപ്പാറ, പാലക്കയം വെണ്ണേക്കോട്, പ്ലാക്കൽചോല, കണ്ടിലിപ്പാറ, നായാടംപൊയിൽ, മേലേമങ്ങാട്, വെങ്ങാട് തുടങ്ങിയ 12 ആദിവാസി കോളനികളാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുള്ളത്. മൈലാടി ആദിവാസി കോളനി വൈദ്യുതീകരിക്കാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അമ്പുമല ആദിവാസി കോളനി ഐ.ടി.ഡി.പി. ഫണ്ട് ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

## ഹൈഡൽ ടൂറിസം

22(2060) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിങ്ങൽകുത്തിലും ഷോളയാറിലും ഹൈഡൽ ടൂറിസത്തിന്റെ വികസനത്തിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇവിടങ്ങളിലെ കെ.എസ്.ഇ.ബി. വക ക്വാർട്ടേഴ്സുകൾ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസ സൗകര്യത്തിന് പ്രയോജന പ്പെടുത്തുന്നതിനും റോഡുകൾ നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

പെരിങ്ങൽകുത്തിലെയും ഷോളയാറിലെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ടൂറിസ്റ്റുകൾക്ക് ഉപകാരപ്രദമായി തീരുന്ന വിധത്തിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

## സൗജന്യ വൈദ്യുതീകരണം

23(2061) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ പേര്, സൗജന്യ വൈദ്യുതീകരണം ലഭിക്കാനുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകർക്ക് ഈ പദ്ധതിയിൽ സൗജന്യ വൈദ്യുതീകരണം നടത്തി നൽകിയെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം അർഹതപ്പെട്ടവർ സൗജന്യ വൈദ്യുതീകരണത്തിനായി ഏത് ഓഫീസിലാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്; കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) നിലവിലുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരായിരിക്കണം എന്നുള്ളതാണ് സൗജന്യ വൈദ്യുതീകരണം ലഭിക്കാനുള്ള മാനദണ്ഡം.

(സി) ഈ സാമ്പത്തിക വർഷം 1236 ബി.പി.എൽ. അപേക്ഷകർക്ക് വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

**ലാഭപ്രഭ**

24(2062) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിന് ആവിഷ്കരിച്ച 'ലാഭപ്രഭ' പദ്ധതി വിജയകരമാണെന്ന് കരുതുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; നാളിതുവരെ ഇതിനായി എന്തു തുക ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി ലാഭിച്ചതായി അവകാശപ്പെടുന്ന ഉപഭോക്താക്കളെ പദ്ധതിപ്രകാരമുള്ള ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ലെന്ന ഉപഭോക്താക്കളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പദ്ധതിയുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. ലാമ്പുകളും ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകളും വിതരണം ചെയ്തിട്ടുണ്ട്. ലാഭപ്രഭ സീസൺ-2-ലെ ഗുണഭോക്താക്കൾക്ക് സമ്മാന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 2013 ലാഭപ്രഭ സീസൺ-1-ൽ സമ്മാനം നല്കുന്നതിനായി 60,00,000 രൂപ ചെലവായിട്ടുണ്ട്. 2014 മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-2-ന്റെ പ്രചാരണത്തിനുൾപ്പെടെ മൊത്തം 12.5 കോടി രൂപയാണ് വകയിരുത്തിയത്.

(സി) പദ്ധതി പ്രകാരം വൈദ്യുതി ഉപഭോഗത്തിലുണ്ടായ യൂണിറ്റിന്റെ ലാഭമാണ് കണക്കാക്കിയത്. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 2280750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

(ഡി) ഫെബ്രുവരി വരെയുള്ള വൈദ്യുതിബില്ലും അതിനുശേഷമുള്ള വൈദ്യുതി ബില്ലും തമ്മിൽ താരതമ്യപ്പെടുത്തിയാണ് ഉപഭോക്താക്കളെ തെരഞ്ഞെടുത്തത്.

(ഇ) സമ്മാന വിതരണത്തിലുണ്ടായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച നടപ്പിലാക്കാൻ അതാത് സർക്കിൾ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇടുക്കി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

25(2063) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇടുക്കി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കാനായി നടത്തിയ പ്രവർത്തികളുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം 2016 ജനുവരി 31 വരെ നൽകിയ പുതിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ 11389 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ സാധിച്ചു. 99 ട്രാൻസ്ഫോർമറുകൾ 99.18 കിലോമീറ്റർ 11 കെ.വി. ലൈൻ, 172 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ സ്ഥാപിക്കാനും 112.84 കിലോമീറ്റർ സിങ്കിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി) സെക്ഷൻ തിരിച്ചുള്ള കണക്ക് താഴെ നൽകിയിരിക്കുന്നു:

| സെക്ഷൻ ഓഫീസിന്റെ പേര് | കണക്ഷനുകളുടെ എണ്ണം |
|---|---|
| ഇരട്ടയാർ | 1364 |
| മുരിക്കശ്ശേരി | 1280 |
| കാഞ്ചിയാർ | 363 |
| കട്ടപ്പന | 4021 |
| പൈനാവ് | 1822 |
| കഞ്ഞിക്കുഴി | 1268 |
| മൂലമറ്റം | 211 |
| കമ്പിളികണ്ടം | 1060 |
| ആകെ | 11389 |

**ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ**

26(2064) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മസ്ദൂർ, ലൈൻമാൻ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജോത്പാദനം ഉൾപ്പെടെ ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധംആയി നൽകിയിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പൂർത്തീകരിച്ചത്. 3.4815 മെഗാവാട്ട് പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നു. 15.4 മെഗാപദ്ധതികൾക്ക് ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) ഓവർസിയർ തസ്തികയിലും മസ്ദൂർ തസ്തികയിലും സംസ്ഥാന അടിസ്ഥാനത്തിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ഓവർസിയർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ലൈൻമാൻ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിവരുന്നു. മസ്ദൂർ തസ്തികയിൽ ഇപ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്തി വരുന്നുണ്ട്.

## ഹൈഡൽ ടൂറിസം

27(2065) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൈഡൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയതും തുടക്കം കുറിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിലെ മൂന്നാറിലുള്ള ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടിയിലെ ബോട്ടിംഗ് സെന്റർ, ചെങ്കുളം ബോട്ടിംഗ് സെന്റർ എന്നിവ നവീകരിക്കുകയും ഇടുക്കി ഡാമിനോടു ചേർന്നുള്ള ഹൈഡൽ ടൂറിസം സെന്ററിന് കൂടുതൽ സൗകര്യങ്ങൾ കൂട്ടി ചേർക്കുകയും ചെയ്തു. കൂടാതെ ആനയിറങ്കൽ, പൊൻമുടി എന്നീ ഡാമുകളോടു ചേർന്ന പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ഊർജ്ജ വകുപ്പിൽ നിന്നും ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി

28(2066) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെ അളവും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഉയർന്ന വില കൊടുത്ത് സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി വാങ്ങുന്നത് കുറയ്ക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വാങ്ങിയ വൈദ്യുതിയുടെ അളവ് (MU) | ചെലവഴിച്ച തുക (കോടി രൂപ) |
|---|---|---|
| 2011-12 | 10506.14 | 3366.57 |
| 2012-13 | 13108.61 | 4942.66 |
| 2013-14 | 12608.65 | 4683.61 |
| 2014-15 | 13921.222 | 5194.52 |
| 2015-16 (ഡിസംബർ 2015 വരെ) | 11378.992 | 4226.3508 |

(ബി) വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിംഗ് കമ്പനികളിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള 1815 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 865 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) " Tariff based bidding" വഴി ദീർഘകാലാടിസ്ഥാനത്തിൽ 4.11 രൂപ ശരാശരി നിരക്കിലും, 550 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) ദീർഘകാലാടിസ്ഥാനത്തിൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (CERC) നിശ്ചയിക്കുന്ന താരിഫിലും, 400 മെഗാവാട്ട് (മാർച്ച് 2014 മുതൽ ഫെബ്രുവരി 2017 വരെ) മദ്ധ്യകാലാടിസ്ഥാനത്തിൽ 4.449 രൂപ മുതൽ 4.494 രൂപ 'levellised tariff'-ലും ഉള്ളതാണ്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി കൂടുതൽ വൈദ്യുതി ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാനുള്ള വിപുലമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**ഉർജ്ജ സംരക്ഷണ പ്രവർത്തനം**

29(2067) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തന ഫലമായി 'പീക്ക് ഡിമാന്റ്' എത്ര കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം മുഖേന പവർ പർച്ചേസ് എത്ര യൂണിറ്റ് കുറയ്ക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ARR&ERC യിൽ 2016 ജനവരി മാസത്തിൽ പ്രതീക്ഷിച്ച പീക്ക് ഡിമാന്റ് 3685 മെഗാവാട്ടും വൈദ്യുതി ആവശ്യകത 3545 മെഗാവാട്ടും ആയിരുന്നു. വൈദ്യുതി ആവശ്യകതയിൽ വന്ന (140 മെഗാവാട്ടിന്റെ കുറവിൽ) ഊർജ്ജ സംരക്ഷണ ഫലവും ഉൾപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഏകദേശം പ്രതിദിനം 0.56 ദശലക്ഷം യൂണിറ്റിന്റെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു. 14-2-2016 വരെ പ്രതീക്ഷിച്ച ഉയർന്ന പീക്ക് ഡിമാന്റ് 3822 മെഗാവാട്ടും രേഖപ്പെടുത്തിയ വൈദ്യുതി ആവശ്യകത 3517 മെഗാവാട്ടുമാണ്. 2014-15 കാലയളവിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടത്തിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കൊണ്ട് 281 മെഗാ യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) 2016 ഫെബ്രുവരി മാസത്തിൽ ഊർജ്ജ ഉപഭോഗത്തിൽ ഉണ്ടായ കുറവ് മൂലം പി.റ്റി.സി. സിംഹപുരിയിൽ നിന്ന് വാങ്ങുന്ന വൈദ്യുതിയിൽ നിന്ന് 150 മെഗാവാട്ട് കുറച്ചിട്ടുണ്ട്.

**എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തനം**

30(2068) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1-7-2013-ൽ ആരംഭിച്ചു.

## ഉർജ്ജ വകുപ്പ് കൊട്ടാരക്കര നടപ്പാക്കിയ വികസന പദ്ധതി

31(2069) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| പ്രവൃത്തി (പദ്ധതി)യുടെ പേര് | 11 കെ.വി. ലൈൻ Km. | ട്രാൻസ് ഫോർമറുകൾ Nos. | എൽ.റ്റി. ലൈൻ Km. | കൺവേർഷൻ Km. | സർവ്വീസ് കണക്ഷൻ Nos. |
|---|---|---|---|---|---|
| ബോർഡിന്റെ നോർമൽ ഫണ്ട് | 91.3 | 107 | 13.13 | 192.56 | 1872 |
| ആർ.ജി.ജി.വി.വൈ. | 0.23 | | 3.877 | | 235 |
| ഡി.ഡി.യു.ജി.ജെ.വൈ. | | | 0.138 | | 183 |
| ഒ.വൈ.ഇ.സി. | | | | | 5030 |
| എം.എൽ.എ. എസ്.ഡി.എഫ് | | | 0.45 | 0.4 | |
| ആകെ | 91.53 | 107 | 17.595 | 192.96 | 7320 |

ഇതിനുപുറമേ പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 5 എം.വി.എ.-യിൽ നിന്നും 10 എം.വി.എ. ആയി ഉയർത്തുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് അനുബന്ധമായി കൊടുത്തിരിക്കുന്നു*. പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തികൾക്കായി 2015-16 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തുകയും 36.2174 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) ഇനി പൂർത്തിയാക്കാനുള്ളതും ഇപ്പോൾ നടന്നുവരുന്നതുമായ ജോലികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രവൃത്തികൾ | അളവ് | തുക ലക്ഷം (രൂപയിൽ) |
|---|---|---|
| 11 കെ.വി. ലൈൻ | 3.75 കി.മീ. | 18.52 |
| ട്രാൻസ്ഫോർമറുകൾ | 3 എണ്ണം | 6.9 |
| കൺവേർഷൻ | 4.1 കി.മീ. | 5.43 |

## വൈദ്യുതി ഉല്പാദനം

32(2070) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി എത്ര വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്ര; ഉല്പാദനവും ഉപഭോഗവും തമ്മിൽ നിലവിലുള്ള അന്തരം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 10-2-2016-ലെ കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 62.933 ദശലക്ഷം യൂണിറ്റ്.

(ബി) 10-2-2016 കണക്കനുസരിച്ച് പ്രതിദിന ശരാശരി ആഭ്യന്തര ഉല്പാദനം 15.840 ദശലക്ഷം യൂണിറ്റാണ്. ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം - 47.093 ദശലക്ഷം യൂണിറ്റാണ്. അതിൽ കേന്ദ്ര വിഹിതം - 34.736 ദശലക്ഷം യൂണിറ്റാണ്. ഹ്രസ്വ/മദ്ധ്യ/ദീർഘകാല കരാറുകൾ മുഖേന ട്രേഡർമാർ വഴിയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി ലഭ്യമാക്കിയുമാണ് ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം നിറവേറ്റുന്നത്.

(സി) നിർമ്മാണം ആരംഭിച്ച 6 പദ്ധതികൾ കൂടാതെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നീ ഉത്പാദന മേഖലകളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട് *. സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദ വിവരങ്ങൾ അനുബന്ധം* 2-ൽ കൊടുത്തിരിക്കുന്നു.

നിലവിലുള്ള വൈദ്യുതിയുടെ ലഭ്യതയുടെയും ആവശ്യകതയുടെയും കണക്കുകൾ (ലോഡ് ജനറേഷൻ ബാലൻസ് LGB) പരിശോധിച്ച് വരും വർഷങ്ങളിലേക്ക് വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിംഗ് കമ്പനികളിൽ നിന്നും ദീർഘ/മദ്ധ്യ/ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടുവരുന്നു. അതിൻപ്രകാരം 1415 മെഗാവാട്ട് (25 വർഷത്തേക്ക്) ദീർഘകാലാടിസ്ഥാനത്തിലും, 400 മെഗാവാട്ട് (മാർച്ച് 2014 മുതൽ ഫെബ്രുവരി 2017 വരെ) മദ്ധ്യകാലാടിസ്ഥാനത്തിലും 300 മെഗാവാട്ട് (ജൂൺ 2015 മുതൽ മേയ് 2016 വരെ) ഹ്രസ്വകാലാടി സ്ഥാനത്തിലും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ഉല്പാദനം

33(2071) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചതും, പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയതുമായ ചെറുകിട വൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച് കമ്മീഷൻ ചെയ്ത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി MW | ആരംഭിച്ച വർഷം | കമ്മീഷൻ ചെയ്ത വർഷം |
|---|---|---|---|---|
| 1 | ചിമ്മിനി | 2.5 | 18-8-2011 | 5-2015 |
| 2 | ആഢ്യൻപാറ | 3.5 | 17-1-2013 | 3-9-2015 |
| 3 | പൊരിങ്ങൽകുത്ത്മൈക്രോ | 0.011 | 28-7-2015 | 2-2016 |

കൂടാതെ എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള 70 പീക്കോ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

## വൈദ്യുതി ദുരുപയോഗം

34(2072) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തരത്തിലുമുള്ള വൈദ്യുതി ദുരുപയോഗം തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വൈദ്യുതി മോഷണം സംബന്ധിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പ്രഖ്യാപിച്ചത്; ഇതിലൂടെ എത്ര മോഷണക്കേസ്സുകൾ കണ്ടെത്തി; എന്ത് തുക ഇതിലൂടെ പിഴയിനത്തിൽ ഈടാക്കി; എന്ത് തുക പാരിതോഷികമായി നൽകി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണം തടയുന്നതിനായി അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി ദുരുപയോഗം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നല്കുന്നുണ്ട്. ഇതുകൂടാതെ ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് മീറ്റർ സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള ഡിജിറ്റൽ ക്യാമറ, അക്യുചെക്ക്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 3-3-2016-ലും 3-4-2013-ലും ബോർഡ് ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഇതിലൂടെ 57 മോഷണക്കേസുകൾ കണ്ടെത്തുകയും 44,37,836 രൂപ പിഴയിനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പാരിതോഷികമായി നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 25132 നമ്പരായുള്ള ഉപഭോക്താവ് വൈദ്യുതി മോഷണം നടത്തുന്നതായി ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ മലപ്പുറം എ.പി.റ്റി.എസ്. സ്ക്വാഡ് 23-2-2013-ന് ടി സ്ഥലം പരിശോധിക്കുകയും 92,721 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തു. ഈ തുകയുടെ 5% ആയ 4,636 രൂപ വിവരം നൽകിയ ആൾക്ക് ബോർഡ് പാരിതോഷികമായി നൽകുകയുണ്ടായി.

(2) തൊടുപുഴ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 12012 നമ്പരായുള്ള ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. വാഴത്തോപ്പ് യൂണിറ്റ് 2-8-2014-ന് പരിശോധന നടത്തി 1,99,445 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി. സൂചന നൽകിയ വ്യക്തിക്ക് ഈ തുകയുടെ 5% ആയ 9,972 രൂപ നൽകിയിട്ടുണ്ട്.

(3) പന്തളം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 20481 നമ്പരായുള്ള ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. തിരുവല്ല യൂണിറ്റ് 12-12-2014-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും 90,745 രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി ഈടാക്കുകയും ആയതിന്റെ 5% വരുന്ന 4,537 രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകുകയുമുണ്ടായി.

(4) കോലയാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 1898 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. കണ്ണൂർ യൂണിറ്റ് 4-10-2014-ന് പരിശോധിച്ച് വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 56,345 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ 5% ആയ 2,817 രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.

(5) കക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 2134-ൽ എ.പി.റ്റി.എസ്. കണ്ണൂർ യൂണിറ്റ് 3-12-2014-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 66,366 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ 5% ആയ 3,468 രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.

(6) നാദാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 2078 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. കോഴിക്കോട് യൂണിറ്റ് 17-3-2015-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 70,658 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ 5% ആയ 3,533 രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.

(7) കടുത്തുരുത്തി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 20435 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും കോട്ടയം എ.പി.റ്റി.എസ്. പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 4,38,757 രൂപ ഈടാക്കുകയും ചെയ്തു. ഈ തുകയുടെ 5% ആയ 21,937 രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശിപാർശ

35(2073) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലായെങ്കിൽ പിഴ നൽകണമെന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശിപാർശ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡിലെ തൊഴിലാളികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഓരോ സെക്ഷനിലും ജീവനക്കാരെ നിയമിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിതരണ ലൈസൻസികളുടെ പ്രവർത്തന നിലവാരം നിഷ്കർഷിച്ച് 2015 ഡിസംബർ 15-ന് പുറപ്പെടുവിച്ച പുതുക്കിയ ചട്ടങ്ങളിൽ വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലെങ്കിൽ പിഴ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഈ ചട്ട പ്രകാരം സാധാരണ നിലയിൽ ഫ്യൂസ് പോകുമ്പോഴുണ്ടാകുന്ന വൈദ്യുതി തടസ്സം നഗരപ്രദേശത്ത് 6 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും, പുഞ്ച നിലങ്ങൾ, മലമ്പ്രദേശങ്ങൾ തുടങ്ങിയ പ്രയാസമേറിയ സ്ഥലങ്ങളിൽ 10 മണിക്കൂറിനുള്ളിലും പരിഹരിക്കണം. ഓവർഹെഡ് ലൈനിലോ കേബിളിലോ ഉള്ള തകരാറാണെങ്കിൽ നഗരപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 12 മണിക്കൂറിനുള്ളിലും പ്രയാസമുള്ള സ്ഥലങ്ങളിൽ 16 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. ഭൂഗർഭ കേബിളുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്തും പ്രയാസമുള്ള സ്ഥലങ്ങളിലും 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വിതരണ ട്രാൻസ്ഫോർമറുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും, ഗ്രാമപ്രദേശത്ത് 36 മണിക്കൂറിനുള്ളിലും, പ്രയാസമുള്ള സ്ഥലങ്ങളിൽ 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെയുള്ള സമയം ഈ സമയനിബന്ധനകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സമയനിബന്ധന പാലിച്ചില്ലെങ്കിൽ പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇല്ല.

(സി) വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുവാൻ സെക്ഷൻ ഓഫീസുകളിൽ ആവശ്യാനുസരണമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഫീൽഡ് ജീവനക്കാരെ കാപ്പിറ്റൽ മെയിന്റനൻസ് & ബ്രേക്ക് ഡൌൺ, റവന്യൂ എന്നീ 3 വിഭാഗങ്ങളായി തരംതിരിച്ച് കൊണ്ടും, (24 മണിക്കൂറും) വാഹനസൗകര്യം ലഭ്യമാക്കിക്കൊണ്ടും വൈദ്യുത തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി നിലയങ്ങളുടെ സ്ഥാപിതശേഷി

36(2074) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വൈദ്യുതി നിലയങ്ങളുടെ സ്ഥാപിത ശേഷിയും ഉൽപ്പാദനവും എത്ര മെഗാവാട്ടാണ്; വ്യക്തമാക്കാമോ;

(ബി) വിവിധ തരം നിലയങ്ങളിൽ നിന്നും പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്; തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ പ്രതിദിനം പുറമേ നിന്നും വാങ്ങുന്ന വൈദ്യുതി എത്ര; ആയതിന് ദിനം പ്രതി വരുന്ന ചെലവ് എത്ര; വ്യക്തമാക്കുമോ; നിലവിൽ പ്രതിദിനം കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി എത്ര; ആയത് 2010-11 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ജലസംഭരണികളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ശേഷിക്കുന്നത്;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉത്പാദിപ്പിച്ചു; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും, ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എന്ത് തുക നാളിതുവരെ മാറ്റിവച്ചുവെന്നും ആയതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോഴത്തെ സ്ഥാപിതശേഷി 2844 മെഗാവാട്ടും വാർഷിക ഉത്പാദന ശേഷി 11971 ദശലക്ഷം യൂണിറ്റും ആണ്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 10-02-2016 കണക്കനുസരിച്ച് പ്രതിദിനം ശരാശരി 15.12 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുറമേ നിന്ന് വാങ്ങുന്നുണ്ട്. 2015 ഡിസംബർ മാസത്തെ കണക്കനുസരിച്ച് കേരളത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ 1475.762 മില്യൻ യൂണിറ്റ് വൈദ്യുതി വിവിധ ഉല്പാദകരിൽ നിന്നായി വാങ്ങിയിട്ടുണ്ട്. ആയതിന് 591.0402 കോടി രൂപ ചെലവായിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിനം ഏകദേശം 19.0658 കോടി രൂപയുടെ വൈദ്യുതിയാണ് വാങ്ങുന്നത്. നിലവിൽ പ്രതിദിന ശരാശരി കേന്ദ്ര വിഹിതം 34.736 ദശലക്ഷം യൂണിറ്റാണ്. 2010-11-ൽ ഇത് 18.51 ദശലക്ഷം യൂണിറ്റായിരുന്നു.

(ഡി) 10-2-2016 കണക്കനുസരിച്ച് 2375.81 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണ്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218.95 മെഗാവാട്ട് ശേഷി അധികമായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 44.066 മെഗാവാട്ട് ശേഷി അധികമായി വർദ്ധിപ്പിച്ചു.

(എഫ്&ജി) അന്തർ സംസ്ഥാന പ്രസരണ ഇടനാഴികളുടെ അപര്യാപ്തത മൂലവും ശേഷിക്കുറവുമൂലവും പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ടി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഫലമായി മേൽ സൂചിപ്പിച്ച പരിമിതികൾ ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. 400 കെ.വി. മൈസൂർ-അരീക്കോട് ലൈൻ കമ്മീഷൻ ചെയ്തു. കൂടംകുളത്തു നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി. ലൈൻ ഇടമൺ-കൊച്ചി ഭാഗം ഒഴിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ഭാഗത്തെ RoW-യിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിച്ച് പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തൃശ്ശൂർ മാടക്കത്തറയിൽ 2000 MW HVDC Substation നിർമ്മിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. പ്രസ്തുത പ്രവൃത്തികൾ Power Grid Corporation of India Limited മുഖേനയാണ് നടപ്പാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഊർജ്ജ സംരക്ഷണത്തിനായി കർമ്മ പദ്ധതി

37(2075) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിനും ഊർജ്ജ സംരക്ഷണത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

- വിതരണ മേഖലയിലെ ഊർജ്ജ സംരക്ഷണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക
- പവർ സിസ്റ്റത്തിന്റെ നിലവാരം ഉയർത്തി സമൂഹത്തിന് ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുക
- കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിന് പൊതുജനങ്ങളെയും സന്നദ്ധ സംഘടനകളെയും ഉദ്യോഗസ്ഥരെയും ബോധവത്ക്കരിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയയിടങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക
- വ്യവസായ സ്ഥാപനങ്ങളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ആഡിറ്റ് നടപ്പിലാക്കുക
- വ്യവസായ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധർക്ക് ഊർജ്ജ കാര്യക്ഷമതയെക്കുറിച്ച് അവബോധം നൽകുക
- ഊർജ്ജമേഖലയിലെ പുതിയ സാങ്കേതിക വിദ്യകളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക
- ഊർജ്ജമേഖലയെപ്പറ്റി പൊതുജനങ്ങൾക്കുള്ള എല്ലാ സംശയങ്ങൾക്കും നിവാരണം നടത്തുക

(സി) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഹൈറൈസ് ബിൽഡിംഗുകൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുകയും ഓഡിറ്റ് പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് 30 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ഉൾപ്പെടെ 117 സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഇവാല്യേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കുന്നതിന് പരമാവധി 50000 രൂപ സബ്സിഡി നൽകുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.

- ചെറുകിട-ഇടത്തരം വ്യവസായങ്ങളിലെ സ്റ്റീൽ റീ റോളിംഗ്, റൈസ് മിൽ, ക്രമ്പ് റബ്ബർ, പ്ലൈവുഡ്, കയർ എന്നീ സെക്ടറുകളിലെ 21 വ്യവസായ യൂണിറ്റുകളിൽ ഊർജ്ജകാര്യക്ഷമതാ പഠനങ്ങൾ നടത്തി.

- സർക്കാർ കെട്ടിടങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് നടത്തി. റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയേറ്റ് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് കളക്ടറേറ്റുകൾ, ഹൈക്കോടതി ബിൽഡിംഗ്, വികാസ് ഭവൻ എന്നിവിടങ്ങളിൽ പി.ഡബ്ള്യൂ.ഡി. ഇലക്ട്രിക്കൽ വിംഗുമായി ചേർന്ന് ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി, കാര്യക്ഷമത കൂടിയവ സ്ഥാപിച്ചു. സൗരോർജ്ജ പാനൽ, ഊർജ്ജകാര്യക്ഷമ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതിലൂടെ 8 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 6 കളക്ടറേറ്റുകളിൽ ഓഡിറ്റ് നടത്തുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്.

- സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള 4 വ്യവസായശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തി.

- തെരുവുവിളക്കുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് മാതൃകാ പദ്ധതിയായി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ സൂര്യോദയ-അസ്തമയ സമയക്രമമനുസരിച്ച് ഓൺ/ഓഫ് സംവിധാനത്തോടെ സ്ഥാപിച്ചു.

- ഊർജ്ജസംബന്ധമായ പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരളത്തിലുടനീളം 125 റിസോഴ്സ് പേഴ്സണുകൾക്ക് പരിശിലനം നൽകുകയുണ്ടായി.
- ഡിസംബർ 14-ന് (ദേശീയ ഊർജ്ജസംരക്ഷണ ദിനം) എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞ എടുത്തു.
- സംസ്ഥാനത്തെ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കും, വയർമാൻമാർക്കും വേണ്ടി ജില്ലാതലത്തിൽ ഊർജ്ജ സംരക്ഷണ ശില്പശാലകൾ നടത്തി.
- ഹോം എനർജി ഓഡിറ്റിംഗ് എന്ന പേരിൽ വീട്ടുകളിലെ ഊർജ്ജ ഉപഭോഗം മനസ്സിലാക്കുന്നതിലേക്കായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു.
- വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തി വരുന്നു.
- കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.
- വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധരടങ്ങുന്ന ഒരു ഇൻകുബേഷൻ സെന്റർ ഇ.എം.സി.-യിൽ പ്രവർത്തിക്കുന്നു.
- അദ്ധ്യാപകർക്കും ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന മറ്റ് വ്യക്തികൾക്കും ഊർജ്ജ മേഖലയിൽ ഗവേഷണം നടത്തുവാൻ ഇ.എം.സി. സഹായം നൽകിവരുന്നു.
- അദ്ധ്യാപകർക്കായി ഇ.എം.സി. ഊർജ്ജ സംബന്ധമായ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുവാൻ ആസൂത്രണം ചെയ്യുന്നു.
- 2015 കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ കുട്ടികൾക്കിടയിൽ ഊർജ്ജ അവബോധം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 'മിന്നു' (തേനീച്ചയുടെ രൂപം) ഇ.എം.സി. അവതരിപ്പിക്കുകയുണ്ടായി.

- പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് 193 പരിപാടി കേരളമൊട്ടാകെ നടത്തിവരുന്നു. ഈ പരിപാടി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ (152 എണ്ണം) വഴിയാണ് നടത്തുന്നത്. ഈ പരിപാടിയുടെ പേര് 'ഊർജ്ജ കിരൺ' എന്നാണ്.

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ ബോധവത്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

- പൊതുജനങ്ങൾക്ക് ഊർജ്ജബോധവത്കരണം നടത്തുന്നതിലേയ്ക്കായി വിവിധ എക്സിബിഷനുകൾ, ലഘുലേഖാ വിതരണം എന്നിവ നടത്തുന്നു.

- ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്ത് മാതൃകാ ഊർജ്ജകാര്യക്ഷമതാ പഞ്ചായത്താക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

- പറവൂർ നിയോജകമണ്ഡലം സമ്പൂർണ്ണ ഊർജ്ജകാര്യക്ഷമ നിയോജക മണ്ഡലമാക്കുന്നതിന്റെ ഭാഗമായി വിവിധ സംഘടനകളുമായി ചേർന്ന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സർവ്വേകളും നടത്തി വരുന്നു.

- AIR ലെ "ഹലോ ആകാശവാണി" എന്ന പരിപാടിയിലൂടെ 12 ആഴ്ചകളിൽ പൊതുജനങ്ങളുടെ ഊർജ്ജ സംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി പരിപാടികൾ അവതരിപ്പിക്കുന്നു.

- സംസ്ഥാനത്തെ വായനശാലകൾ വഴിയുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വായനശാലകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

- ഊർജ്ജ സംരക്ഷണ വിവരവിജ്ഞാന വ്യാപനത്തിനായി ടോൾ ഫ്രീ നമ്പരോടുകൂടി എനർജി ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഊർജ്ജ സംരക്ഷണം, ഊർജ്ജ സംരക്ഷണ നിയമം എന്നിവയെപ്പറ്റി അറിവ് നൽകുന്നതിനാവശ്യമായ ലഘുലേഖകൾ, കൈപുസ്തകങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

- കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി എസ്കോ ടീം രൂപീകരിച്ചിട്ടുണ്ട്. (എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം) പ്രസ്തുത സെക്ഷന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2014-15-ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് 1.95 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.
- സൗരോർജ്ജ റാന്തലുകൾ വാങ്ങുന്നതിനായി ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കി ടെണ്ടർ നടപടി പൂർത്തിയായി വരുന്നു.
- സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റത്തിനായി ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കി ടെണ്ടർ വിളിക്കുകയും ടെക്നിക്കൽ ബിഡ്ഡും ഫിനാൻഷ്യൽ ബിഡ്ഡും ഓപ്പൺ ചെയ്തു.
- കർഷകർക്ക് സോളാർ പമ്പ് സ്ഥാപിക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിക്കുകയും രണ്ട് സ്ഥാപനങ്ങളെ സോളാർ പമ്പ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.
- 2015-16 സാമ്പത്തിക വർഷത്തിൽ 750000 ലിറ്റർ പ്രതിദിന ശേഷിയുള്ള ETC (Evacuated Tube Collection) വിഭാഗത്തിൽപ്പെട്ട സോളാർ വാട്ടർഹീറ്ററുകളും 260000 ലിറ്റർ പ്രതിദിന ശേഷിയുള്ള FPC (Flat Plate Collector) വിഭാഗത്തിൽപ്പെട്ട സോളാർ വാട്ടർഹീറ്ററുകളും സ്ഥാപിക്കാനുള്ള അനുമതി നൽകിയതിനെ തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ബയോഗ്യാസ് പ്ലാന്റുകളും മെച്ചപ്പെട്ട വിറകടുപ്പുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും, പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം

38(2076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ വൈദ്യുതി വകുപ്പിന്റെ പ്രധാനപ്പെട്ട വികസന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, ത്രീഫേസ് ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി നീക്കിവച്ച തുകയും, സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണവും വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി 27.536 കി.മീ. 11 കെ.വി. ലൈൻ, 4.242 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കൽ 61 ട്രാസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കായി ഏകദേശം 651.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

## വൈദ്യുതി മീറ്ററുകളുടെ ഉപയോഗം

39(2077) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, നാളിതുവരെ എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ; അവയിൽ ഇലക്ട്രോണിക് മീറ്ററുകൾ എത്ര; മെക്കാനിക്കൽ മീറ്ററുകൾ എത്ര; ഇവയുടെ ഇനം തിരിച്ച മീറ്റർ വില എത്ര ;

(ബി) ഇതിൽ എത്ര മീറ്റർ ഉപയോഗിച്ചു; ഇനി എത്ര മീറ്റർ ഉപയോഗിക്കുവാനുണ്ട്; മീറ്ററുകൾ വാങ്ങുവാനായി നാളിതുവരെ എത്ര രൂപ ചെലവായി ; എത്ര തുക കുടിശ്ശിക നൽകാനുണ്ട് ; ആർക്കെല്ലാം ;വിശദാംശം വ്യക്തമാക്കുമോ ;

(സി) നിലവിൽ ഗാർഹിക/മറ്റുമേഖലകളിൽ എത്ര കണക്ഷനുകൾ വീതമുണ്ട് ; അവയിൽ ഓരോ വിഭാഗത്തിലും മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ എത്ര എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന മെക്കാനിക്കൽ/ഇലക്ട്രോണിക് വൈദ്യുതി മീറ്ററുകളിൽ നിലവിൽ കേടായ മീറ്ററുകൾ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) നിലമ്പൂർ ഡിവിഷനിൽ ഇത്തരത്തിൽ എത്ര മീറ്ററുകളാണ് നിലവിൽ കേടായി കിടക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) നാളിതുവരെ വാങ്ങിയ മീറ്ററുകളിൽ 11-2-2016-ലെ സ്റ്റോക്ക് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ റ്റി.എം.ആർ. സ്റ്റോറുകളിൽ താഴെപ്പറയുന്ന മീറ്ററുകൾ ലഭ്യമാണ്:

| സിംഗിൾ ഫേസ് മീറ്റർ | ത്രീഫേസ് മീറ്റർ | എൽ.റ്റി.സി.റ്റി. മീറ്റർ |
|---|---|---|
| 119839 | 23319 | 28 |

മീറ്ററുകൾ വാങ്ങുവാനായി ചെലവായ തുക താഴെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 41.9 കോടി |
| 2012-13 | 56.77 കോടി |
| 2013-14 | 100.35 കോടി |
| 2014-15 | 75.72 കോടി |
| 2015-16 | 63.46 കോടി |
| ആകെ | 338.2 കോടി |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലാർസർ & ട്യൂബ്രോസ്റ്റ് 24-7-2015-ൽ നൽകിയ 56000 മീറ്ററുകളുടെ (ത്രീഫേസ്) പർച്ചേസ് ഓർഡർ പ്രകാരം 9.58 കോടി രൂപയും 11-11-2015-ൽ നൽകിയ 14000 ത്രീഫേസ് മീറ്ററുകളുടെ പർച്ചേസ് ഓർഡർ പ്രകാരം 2.4 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(സി)

| എനർജി മീറ്റർ | ഗാർഹികം | മറ്റ് മേഖല |
|---|---|---|
| ആകെ കണക്ഷനുകൾ | 9121880 | 2514856 |
| മെക്കാനിക്കൽ മീറ്റർ | 1305485 | 335040 |
| ഇലക്ട്രോണിക് മീറ്റർ | 7816395 | 2179816 |

(ഡി)

| | |
|---|---|
| മെക്കാനിക്കൽ | 215734 എണ്ണം |
| ഇലക്ട്രോണിക് | 473617 എണ്ണം |

(ഇ) നിലവിലുള്ള കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനു ജനുവരി 2016-ലെ കണക്കുകൾ പ്രകാരം ഉദ്ദേശം 70 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(എഫ്) 4085.

### വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കൊറിയൻ കമ്പനിയുമായി ധാരണ

40(2078) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറിയൻ കമ്പനിയായ ടാൻജോംഗുമായുണ്ടാക്കിയ ധാരണ പ്രകാരം നിലവിൽ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകാനാണ് ടാൻജോംഗുമായി ധാരണയുണ്ടാക്കിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ടാൻജോംഗ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

**അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതി**

41(2079) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതികളിൽ ഏതിലെങ്കിലും സുരാന വേഞ്ചേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം പങ്കാളിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴെല്ലാം ഏതെല്ലാം പദ്ധതികളിലാണ് പങ്കാളിയായത്;

(സി) ടെണ്ടർ മുഖേനയാണോ ഈ സ്ഥാപനത്തെ ഇതിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ പേരിൽ ഈ സ്ഥാപനത്തിന് ഇതുവരെ എത്ര രൂപയാണ് നൽകാനുള്ളത്; അതിൽ എത്ര രൂപ ഇതുവരെ നൽകിയിട്ടുണ്ട്; ഓരോ പ്രാവശ്യവും നൽകിയ തുകയും തീയതിയും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എംപാനൽ ചെയ്യപ്പെട്ടിരുന്നു.

(ബി) 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിലാണ് എംപാനൽ ചെയ്തിരിക്കുന്നത്.

(സി) അനെർട്ട് 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരിൽ നിന്ന് മാത്രമായി Expression of Interest ക്ഷണിക്കുകയും ഇതിൽ യോഗ്യത നേടിയതിനെ തുടർന്ന് സുരാന വേഞ്ചേഴ്സ് എന്ന സ്ഥാപനവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്.

(ഡി) സംസ്ഥാനത്താകെ നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിൽ സുരാന വേഞ്ചേഴ്സ് എന്ന സ്ഥാപനം പ്രതിഷ്ഠാപനം ഒന്നും നടത്തിയിട്ടില്ല. ആയതിനാൽ ഇതുവരെ യാതൊരു തുകയും പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടില്ല. ടി ഏജൻസിയുടെ എംപാനൽമെന്റിനെ തുടർന്ന് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ലിസ്റ്റിൽ നിന്നും സുരാന വേഞ്ചേഴ്സ് പുറത്തായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ അനെർട്ടിന്റെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി

42(2080) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ്, മുഖേന കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഇതുവരെ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്:

- ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം എന്നിവ സ്ഥാപിക്കൽ.
- 43 നഗരങ്ങളിലെ പദ്ധതി ഭാഗികമായിട്ടുള്ള പൂർത്തീകരണം.
- 43 നഗരങ്ങളിലെ വിവര സാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കൽ.
- 43 നഗരങ്ങളിലെ സമഗ്ര വിവര ശൃംഖല വിശകലന പൂർത്തീകരണം.

ഇവ കൂടാതെ 3 നഗരങ്ങളിലായി സമയബന്ധിതമായി നടപ്പാക്കുന്ന സ്കാഡ പദ്ധതി, പ്രദേശത്തെ വൈദ്യുതി വിതരണം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറച്ച് 15 ശതമാനത്തിൽ താഴെയാക്കി, ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ആർ.എ.പി. ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമിടുന്നു. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT&C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി

നടപ്പിലാക്കുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് വിവരസാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഉർഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. കൂടാതെ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾ സെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് മൂല്യാധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കലും ലക്ഷ്യമിടുന്നു. സ്കാഡ പദ്ധതിയിൽ വിതരണമേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർത്ത് ഓൺലൈൻ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പാർട്ട്-എ-യുടെ ഭാഗമായുള്ള സ്കാഡ ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള Distribution Reforms Committee (DRC) ശിപാർശ ചെയ്ത പ്രവൃത്തികൾക്കാണ് RAPDRP പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുമതി നൽകിയത്. കേന്ദ്ര സർക്കാർ എല്ലാ മാസവും അവലോകനയോഗം നടത്തി പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശകലനം ചെയ്യാറുണ്ട്. ഇതിനു പുറമെ ബോർഡ് തലത്തിലും അവലോകനം ചെയ്യാറുണ്ട്.

## വീടുകളിലെ സൗരോർജ്ജ പ്ലാന്റുകൾ

43(2081) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.എസ്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്; എത്ര വീടുകളിൽ സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്; ഇതുവരെ എത്ര വീടുകളിൽ സ്ഥാപിച്ചു;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കമ്പനികളെയാണ് അനെർട്ട് തെരഞ്ഞെടുത്തിരുന്നത്; ഏതെല്ലാം; ഓരോ കമ്പനികളും 1 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ടെണ്ടറിൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; ഗുണഭോക്താവിന് സംസ്ഥാന ഗവൺമെന്റിന്റെ സബ്സിഡി എത്ര രൂപയായിരുന്നു;

(സി) 2012-ൽ കേന്ദ്ര ഗവൺമെന്റിന്റെ എം.എൻ.ആർ.ഇ. വകുപ്പ് ഈ പദ്ധതിയിൽ 1 കിലോ വാട്ട്സിസ്റ്റത്തിന് വേണ്ടി അംഗീകരിച്ച എസ്റ്റിമേറ്റ് തുക എത്രയായിരുന്നു: ഈ തുകയിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര പ്രാവശ്യം തുക പുതുക്കി നിശ്ചയിച്ചു; ഓരോ പ്രാവശ്യവും പുതുക്കി നിശ്ചയിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് വില പുതുക്കിയതനുസരിച്ച് സബ്സിഡിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റ് സോളാർ പ്ലാന്റുകളുടെ വില പുതുക്കി നിശ്ചയിച്ചതിന് അനുസരിച്ച് പ്ലാന്റുകളുടെ വില പുതുക്കി നിശ്ചയിച്ചോ; എങ്കിൽ എപ്പോഴെല്ലാം വ്യക്തമാക്കുമോ ;

(എഫ്) വില പുതുക്കി നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 കാലയളവിൽ ഈ പദ്ധതി മുഖേന വീടുകളിൽ ഒരു കിലോ വാട്ട് ശേഷിയുള്ള 10000 സൗരപ്ലാന്റുകൾ സ്ഥാപിക്കുന്നതു വഴി 10 മെഗാവാട്ട് സൗരോർജ്ജ സ്ഥാപിതശേഷി കൈവരിക്കുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 8500 ഓളം പ്ലാന്റുകൾ ഈ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുത്ത 28 കമ്പനികളുടേയും ടെണ്ടറിൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു* . ഈ പദ്ധതി വഴി പ്ലാന്റ് സ്ഥാപിക്കുന്ന ഗുണഭോക്താവിന് 39,000 രൂപ സംസ്ഥാന ധനസഹായമായി അനുവദിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2012-ൽ ബാറ്ററിയോടുകൂടിയുള്ള 1 കിലോവാട്ട് സോളാർ സിസ്റ്റത്തിന് കേന്ദ്ര സർക്കാർ സബ്സിഡി നിർണ്ണയിക്കുന്നതിനായി നിശ്ചയിച്ച അടിസ്ഥാന വില ഒരു വാട്ടിന് 270 രൂപയായിരുന്നു. ഇത് കേന്ദ്ര സർക്കാർ പല ഘട്ടത്തിലായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

22-11-2012-ൽ - 240 രൂപ/വാട്ട്

30-5-2013-ൽ - 210 രൂപ/വാട്ട്

എന്നാൽ 3-11-2014-ലെ ഉത്തരവ് പ്രകാരം അടിസ്ഥാന വില മാറ്റി കേന്ദ്ര ധനസഹായമെന്ന നിലയിൽ 45 രൂപ/വാട്ട് എന്ന നിലയിൽ Absolute value ആയി തീരുമാനിക്കുകയാണ് ചെയ്തത്.

(ഡി) കേന്ദ്ര ഗവൺമെന്റ് ധനസഹായം പുതുക്കിയതനുസരിച്ച് സബ്സിഡിയിൽ മാറ്റം വരുത്തിയിട്ടില്ല.

(ഇ) ഉണ്ട്. 10000 റൂഫ്ടോപ്പ് പദ്ധതിയിൽ 1 കിലോവാട്ട് സോളാർ സിസ്റ്റത്തിന് അനെർട്ടിന് പദ്ധതി അനുമതി ലഭിക്കുമ്പോൾ ഉണ്ടായിരുന്ന കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച അടിസ്ഥാന വിലയിൽ നിന്ന് കുറഞ്ഞ അടിസ്ഥാന വിലയാണ് Expression of Interest വഴി നിശ്ചയിച്ചിരുന്നത്. അതനുസരിച്ച് എം.എൻ.ആർ.ഇ. അനെർട്ടിന്റെ പതിനായിരം സൗരഗൃഹപദ്ധതിയിൽ സബ്സിഡി 53,262 രൂപ/കിലോവാട്ട് എന്നാക്കി പുനർനിർണ്ണയിച്ചാണ് അനുമതി നൽകിയത്. ഈ അനുമതിയിൽ മൊത്തം സബ്സിഡി തുകയ്ക്ക് 2 വർഷത്തെ കാലാവധിയും അതു കഴിഞ്ഞുവരുന്ന ആദ്യ നാലുമാസം 1% കുറച്ചും പിന്നീട് 2% കുറച്ചുമാണ് ലഭ്യമാക്കുക എന്നും പറഞ്ഞിരുന്നു. ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. പദ്ധതി തലത്തിൽ വന്ന കാലയളവ് കണക്കിലെടുത്ത് വിലകുറച്ച് തരാൻ കമ്പനികളോട് ആവശ്യപ്പെടുകയും അതനുസരിച്ച് 3-11-2015-ൽ വില പുതുക്കി നിശ്ചയിച്ചാണ് പദ്ധതി നടത്തിവരുന്നത്.

(എഫ്) ബാധകമല്ല.

## കുടിവെള്ള പദ്ധതികളുടെ വൈദ്യുതി നിരക്ക്

44(2082) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾക്ക് നിലവിൽ ഈടാക്കുന്ന വൈദ്യുതി നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള പദ്ധതികളുടെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-8-2014 മുതൽ, കുടിവെള്ള പദ്ധതികൾക്ക് ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് താഴെ ചേർത്തിരിക്കും പ്രകാരമാണ്:

| പ്രതിമാസഫിക്സഡ്ചാർജ്ജ് (രൂപ/കണക്ഷൻ) | എനർജി ചാർജ് | | |
|---|---|---|---|
| | പ്രതിമാസ ഉപഭോഗം യൂണിറ്റിൽ ) | നിരക്ക് (രൂപ/യൂണിറ്റ്) | |
| സിംഗിൾ ഫേസ് -20 രൂപ | 50 യൂണിറ്റ് വരെ | 2.80 | ബാധകം ടെലിസ്കോപ്പിക് |
| ത്രീഫേസ് - 60 രൂപ | 120 യൂണിറ്റ് വരെ | 3.80 | |
| | 200 യൂണിറ്റ് വരെ | 4.50 | |
| | 300 യൂണിറ്റ് വരെ | 6.30 | |

(ബി) ഇല്ല. സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് പരിഷ്ക്കരിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

## പ്രോജക്ട് സൺഷിഫ്റ്റ്

45(2083) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രോജക്ട് സൺഷിഫ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക, പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നിവയാണ് സൺഷിഫ്റ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരം പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും ഉപഭോക്താക്കൾക്ക് ഏറ്റവും ആവശ്യമായ പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരു ഭാഗം ഇൻവെർട്ടറുകൾ വഴി ഉപയോഗിക്കാനും കഴിയുന്നു.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി സോളാർ ഇൻവെർട്ടർ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നും വൈദ്യുതി ബോർഡ് താല്പര്യപത്രം ക്ഷണിക്കുകയും ബോർഡിന്റെ സ്പെസിഫിക്കേഷൻ പ്രകാരം രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. ഈ പദ്ധതി പ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5,000 രൂപ സബ്സിഡി അനെർട്ട് വഴി നൽകാനായി സർക്കാർ 5-2-2015-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സബ്സിഡിക്കായുള്ള അപേക്ഷകൾ 2015 സെപ്റ്റംബർ 23 വരെ സ്വീകരിച്ചിരുന്നു.

## അട്ടപ്പാടി മേഖലയിലെ കാറ്റാടിപ്പാടങ്ങൾ

46(2084) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിപ്പാടങ്ങൾ എത്ര ; ഇതു വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പാടങ്ങൾ സ്ഥാപിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാറ്റാടിപ്പാടങ്ങളുടെ ഉടമസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ; ഈ പാടങ്ങൾ സ്ഥാപിച്ച ഏജൻസിയുടെ പേരും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) ആദിവാസികൾക്ക് നിയമപരമായി അവകാശപ്പെട്ട ഭൂമിയിൽ എത്ര കാറ്റാടിപ്പാടങ്ങളാണ് ഉള്ളത്; ഇവിടെ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമിയിലെ കാറ്റാടിപാടങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിത വിഹിതം ആദിവാസികൾക്ക് ലഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 31 കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2007-08 കാലയളവ് മുതൽ സ്ഥാപിച്ച കാറ്റാടിപ്പാടങ്ങളിൽനിന്നും 2010-11 വരെ 18.6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) കാറ്റാടിപ്പാടങ്ങളുടെ ഉടമസ്ഥരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*. Suzlon, Sarjan Realities എന്നീ ഏജൻസികളാണ് കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ച് ഉടമസ്ഥർക്ക് കൈമാറിയത്. കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാനുള്ള സാങ്കേതികാനുമതി മാത്രമാണ് അനെർട്ട് നൽകാറുള്ളത്. അതുകൊണ്ട് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാനുള്ള സാങ്കേതികാനുമതി മാത്രമാണ് അനെർട്ട് വഴി നൽകുന്നത്. കാറ്റാടിപ്പാടങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്ന വേളയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ അധികൃതർ നൽകിയ രേഖകളാണ് പരിഗണിക്കുന്നത്. 2014-15 വർഷം ഇവയിൽനിന്നും 40.04 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

(ഡി) ആദിവാസി ഭൂമിയിലെ കാറ്റാടിപ്പാടങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 5% ഭൂവുടമയ്ക്ക് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്*.

## കാസർഗോഡ് ജില്ലയിലെ പുതിയ ട്രാൻസ്ഫോർമറുകൾ

47(2085) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പുതിയതായി എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമംമൂലം പ്രയാസപ്പെടുന്ന ഏതെല്ലാം പ്രദേശങ്ങളിൽ ഇനി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വളരെ അത്യന്താപേക്ഷിതമായിട്ടുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; മെറ്റീരിയലുകളുടേയും ജീവനക്കാരുടേയും കുറവാണെങ്കിൽ അതേക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ കൊടുക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | സെക്ഷൻ | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | കാഞ്ഞങ്ങാട് | 28 |
| 2 | ചിത്താരി | 31 |
| 3 | പടന്നക്കാട് | 1 |
| 4 | മാവുങ്കാൽ | 37 |
| 5 | പെരിയ ബസാർ | 28 |
| 6 | രാജപുരം | 37 |
| 7 | ബളാംതോട് | 34 |
| 8 | നീലേശ്വരം | 28 |
| 9 | ചോയ്യങ്കോട് | 15 |
| 10 | ഭീമനടി | 19 |
| 11 | നല്ലോമ്പുഴ | 22 |
| 12 | പിലിക്കോട് | 19 |
| 13 | തൃക്കരിപ്പൂർ | 16 |
| 14 | കയ്യൂർ | 18 |
| 15 | പടന്ന | 7 |
| 16 | കാസർഗോഡ് | 28 |
| 17 | നെല്ലികുന്ന് | 31 |
| 18 | കുമ്പള | 27 |
| 19 | ഉപ്പള | 30 |
| 20 | മഞ്ചേശ്വരം | 16 |

| (1) | (2) | (3) |
|---|---|---|
| 21 | വോർക്കാടി | 15 |
| 22 | പൈവളിഗെ | 33 |
| 23 | ചെർക്കള | 34 |
| 24 | ബദിയഡുക്ക | 26 |
| 25 | മുള്ളേരിയ | 51 |
| 26 | പെർള | 6 |
| 27 | ഉദുമ | 14 |
| 28 | കുറ്റിക്കോൽ | 21 |
| 29 | ചട്ടഞ്ചാൽ | 11 |

(ബി) വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ബാക്കിയുള്ളവ.

| ക്രമ നമ്പർ | സെക്ഷൻ | സ്ഥലം |
|---|---|---|
| (1) | (2) | (3) |
| 1 | ബളാംതോട് | ഓട്ടമമല |
| 2 | ബളാംതോട് | തമ്പിയോടി |
| 3 | ബളാംതോട് | പാടികൊച്ചിൽ |
| 4 | ഭീമനടി | ചുള്ളി ജംഗ്ഷൻ |
| 5 | ഭീമനടി | മഴവഞ്ചേരി ജംഗ്ഷൻ |
| 6 | ഭീമനടി | തലക്കുളം |
| 7 | ഭീമനടി | വട്ടക്കയം |

| (1) | (2) | (3) |
|---|---|---|
| 8 | ഭീമനടി | കുന്നുംകൈ കാനാറാ ബാങ്ക് |
| 9 | കാഞ്ഞങ്ങാട് | മേലങ്കോട് |
| 10 | കയ്യൂര് | നരിയൻമൂല |
| 11 | മാവുങ്കാല് | ചളിയംകണ്ട് |
| 12 | മാവൂങ്കാല് | ദൂരദർശന് മുത്തപ്പൻപാറ |
| 13 | മാവുങ്കാല് | കമലപ്ലാവ് കോളനി റോഡ് |
| 14 | മാവുങ്കാല് | കല്യാണ് മുത്തപ്പൻപാറ |
| 15 | മാവുങ്കാല് | കാരക്കോട് പട്ടത്തിമൂല |
| 16 | മാവുങ്കാല് | കാട്ടിപ്പാറ |
| 17 | മാവുങ്കാല് | നന്ദപുരം മുണ്ടോട്ട് ഏരിയ |
| 18 | മാവുങ്കാല് | മേലടുക്കം |
| 19 | പടന്ന | പെരിയാല് |
| 20 | പടന്ന | കിന്നാത്തില് നോർത്ത് |
| 21 | പടന്നക്കാട് | ഓരി കുതിരവളപ്പ് |
| 22 | പടന്നക്കാട് | ഒഴിഞ്ഞവളപ്പ് |
| 23 | പടന്നക്കാട് | പഴയക്കടപ്പുറം |
| 24 | പടന്നക്കാട് | പഴയക്കടപ്പുറം |
| 25 | പടന്നക്കാട് | ഗാലിപ്പള്ളി റോഡ് |
| 26 | പടന്നക്കാട് | തണ്ടുവളപ്പ് |
| 27 | പടന്നക്കാട് | ഒഴിഞ്ഞ അനന്തപ്പാട്ട് |
| 28 | പെരിയ ബസാർ | സി.എച്ച്.സി. പെരിയ |
| 29 | പെരിയ ബസാർ | പനയാല് ബാങ്ക് |

| (1) | (2) | (3) |
|---|---|---|
| 30 | രാജപുരം | ചീച്ചക്കയം |
| 31 | രാജപുരം | ഇരിയ |
| 32 | രാജപുരം | ഏഴാംമൈൽ |
| 33 | രാജപുരം | മയിലപ്പാറ |
| 34 | രാജപുരം | ഒക്ക്ളൈൻ-II |
| 35 | തൃക്കരിപ്പൂർ | കുട്ടിച്ചി മസ്ക്കറ്റ് റോഡ് |
| 36 | തൃക്കരിപ്പൂർ | പേക്കാടം |
| 37 | നീലേശ്വരം | ആലിങ്കാൽ പുതുക്കൈ |
| 38 | നീലേശ്വരം | കിഴക്കും കൊവ്വൽ |
| 39 | നീലേശ്വരം | കോയാംപുറം |
| 40 | നീലേശ്വരം | പള്ളിക്കര തോട്ടം |
| 41 | നീലേശ്വരം | സതേൺക്ലബ് പടിഞ്ഞാറ്റംകൊവ്വൽ |
| 42 | നീലേശ്വരം | തട്ടഞ്ചേരി |
| 43 | പടന്നക്കാട് | കൊട്ടറച്ചാൽ |
| 44 | പടന്നക്കാട് | പുരത്തിക്കാൽ |
| 45 | പടന്നക്കാട് | അച്ചിത്തല |
| 46 | പടന്നക്കാട് | കണിച്ചിറ |
| 47 | പടന്നക്കാട് | ഓർച്ചപ്പാലം |
| 48 | ഉദ്ദുമ | ബട്ട്യംക്കോട്ട് |
| 49 | ഉദ്ദുമ | വാണിയംമൂല |
| 50 | ഉദ്ദുമ | ഒറവങ്കര കടവത്ത് |
| 51 | ഉദ്ദുമ | എരോല് പാലസ് |

| (1) | (2) | (3) |
|---|---|---|
| 52 | ഉദുമ | അമ്പപുരം |
| 53 | ഉദുമ | വള്ളിയോട് |
| 54 | ഉദുമ | ആര്യടുക്കം |
| 55 | ഉദുമ | അംബിക നഗർ |
| 56 | മഞ്ചേശ്വരം | സത്യടുക്ക ഹൊസോട്ട് |
| 57 | ചെർക്കള | പാടി കൈലാര്നഗർ |
| 58 | ചെർക്കള | കാനത്തൂർക്കയ |
| 59 | ചെർക്കള | മുണ്ടക്കൈ |
| 60 | ചെർക്കള | കൊളച്ചിയടുക്കം |
| 61 | ചെർക്കള | നായന്മാർമൂല |
| 62 | ചെർക്കള | കാലിപ്പള്ളം |
| 63 | ചെർക്കള | ചേരൂർ |
| 64 | ചെർക്കള | മദനി നഗർ |
| 65 | ചെർക്കള | അമ്മംകോട് |
| 66 | ഉപ്പള | കണ്ണാടിപ്പാറ മസ്ജിദ് |
| 67 | ഉപ്പള | പാച്ചിലംപാറ ഭഗവതി ടെമ്പിൾ |
| 68 | പൈവളിഗെ | പൊന്നംകയ |
| 69 | പൈവളിഗെ | സുന്നാട |
| 70 | കുമ്പള | പള്ളാത്തിമാർ |
| 71 | കുമ്പള | കൊട്ടേക്കാർ |
| 72 | കുമ്പള | മന്ദംപാടി |
| 73 | വോർക്കാടി | ബോൾമർ ബക്രാബൈൽ |

| (1) | (2) | (3) |
|---|---|---|
| 74 | വോർക്കാടി | ബജ്ജാങ്കള |
| 75 | വോർക്കാടി | ചക്കരക്കൊടി |
| 76 | ബദിയടുക്ക | പാമ്പച്ചിക്കടവ് |
| 77 | ബദിയടുക്ക | ബഞ്ചത്തടുക്ക |
| 78 | ബദിയടുക്ക | സാലത്തടുക്ക |
| 79 | ബദിയടുക്ക | ചുക്കിനടുക്ക |
| 80 | ബദിയടുക്ക | രത്നഗിരി |
| 81 | ബദിയടുക്ക | കൊലരു അങ്കണവാടി |
| 82 | ബദിയടുക്ക | സായിമന്ദിർ |
| 83 | ചട്ടഞ്ചാല് | മുനമ്പം |
| 84 | ചട്ടഞ്ചാല് | ബറോട്ടി |
| 85 | ചട്ടഞ്ചാല് | ബാലനടുക്കം |
| 86 | പെർള | വോയട്ടം |
| 87 | പെർള | നാൽക്ക പാമ്പത്തടുക്ക |
| 88 | മുള്ളേരിയ | കനകത്തൊടി |
| 89 | മുള്ളേരിയ | കിരാതേശ്വര ടെംപിൾ |
| 90 | മുള്ളേരിയ | മുണ്ടോൾമൂല |
| 91 | മുള്ളേരിയ | ജയനഗർ |
| 92 | കുറ്റിക്കോൽ | ഈയംത്തളം |
| 93 | കുറ്റിക്കോൽ | ഇട്ടക്കാട് |
| 94 | കുറ്റിക്കോൽ | കാട്ടിപ്പാറ |
| 95 | മഞ്ചേശ്വരം | ഹൊസങ്കടി |

| (1) | (2) | (3) |
|---|---|---|
| 96 | മഞ്ചേശ്വരം | കുഞ്ചത്തൂർ |
| 97 | ചെർക്കള | പൊവ്വൽ എൽ.ബി.എസ്. |
| 98 | ചെർക്കള | റഹ്മത്ത് നഗർ |
| 99 | ചെർക്കള | ചിപ്പ്ലിക്കയ |
| 100 | ചെർക്കള | നെല്ലിക്കട്ട |
| 101 | ചെർക്കള | ബേവിഞ്ച ഇല്ലം |
| 102 | ചെർക്കള | ഇടനീർ മീത്തൽ |
| 103 | ചെർക്കള | പൈക്ക |
| 104 | മുള്ളേരിയ | ബെള്ളൂർ പഞ്ചായത്ത് |
| 105 | മുള്ളേരിയ | ശാന്തിമല |
| 106 | പെർള | ബജകുട്ല്ലു |
| 107 | പെർള | കെ.കെ.റോഡ് |
| 108 | പെർള | അമൈക്കാല |
| 109 | കുമ്പള | മൈമൂന നഗർ |
| 110 | കുമ്പള | നാരക്കട്ട |
| 111 | കുമ്പള | നായ്ക്കാപ് അനന്തപുരം റോഡ് |
| 112 | ചട്ടച്ചാൽ | ചേടിക്കുണ്ട് |
| 113 | ബദിയടുക്ക | മാവിനക്കട്ട |
| 114 | ബദിയടുക്ക | തുഞ്ചാർ ഗൗരീശ |

(സി) സാധാരണ ഗതിയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ സെക്ഷനിൽ ഭരണാനുമതി കൊടുത്തതിന്റെ മുൻഗണനാക്രമത്തിലാണ് ഏറ്റെടുത്ത് നടത്താറുള്ളത്. എന്നാൽ വളരെ അത്യന്താപേക്ഷിതമായിട്ടുള്ള സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജോലിക്ക് പ്രത്യേക മുൻഗണന നൽകി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നുണ്ട്. ആവശ്യമുള്ള ട്രാൻസ്ഫോർമറുകളുടെ ലഭ്യതയിൽ കുറവുള്ളതുകൊണ്ടാണ് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികൾ നീണ്ടുപോകുന്നത്. ആയതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സൗരോർജ്ജ പദ്ധതികൾ**

48(2086) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് സാധ്യമായ എല്ലാ സ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സംസ്ഥാനത്തിനകത്ത് ഊർജ്ജ ഉല്പാദനശേഷി വർദ്ധിപ്പിക്കുക, റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർ.പി.ഒ.) നികത്തുക മുതലായവ നടപ്പിലാക്കി സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം.

സർക്കാർ പുറപ്പെടുവിച്ച സൗരോർജ്ജ നയത്തിൽ 2017 ഓടെ 500 മെഗാവാട്ടും 2030 ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത ഉല്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിങ്ങിനുള്ള വഴികൾ കണ്ടെത്തുക തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. 2000 സ്ക്വയർ ഫീറ്റിലധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000-ത്തിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും ഏർപ്പെടുത്താൻ സൗരോർജ്ജനയം നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ ഭരണതലത്തിൽനിന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമന നിർമ്മാണ നടപടികൾ സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. വിവിധ സൗരോർജ്ജ പദ്ധതികൾ അനെർട്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കിവരുന്നു. സൗരോർജ്ജ പ്ലാന്റുകൾ ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് റെഗുലേഷൻസ് പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്.

## അമ്പലപ്പുഴ മണ്ഡലത്തിലെ വോള്‍ട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികള്‍

49(2087) ശ്രീ. ജി. സുധാകരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തില്‍ നടപ്പിലാക്കി വരുന്ന വോള്‍ട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികള്‍ ഓരോന്നും ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര പുതിയ ട്രാന്‍സ്ഫോര്‍മറുകള്‍ സ്ഥാപിച്ചുവെന്നും എത്ര ലൈന്‍ കണ്‍വര്‍ഷന്‍ നടത്തിയെന്നും വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയും അടിയന്തരമായി പൂര്‍ത്തീകരിക്കാന്‍ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വോള്‍ട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തില്‍ 10 ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കുകയും 5.53 കിലോമീറ്റര്‍ ലൈന്‍ കണ്‍വര്‍ഷന്‍ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അമ്പലപ്പുഴ ഇലക്ട്രിക്കല്‍ സെക്ഷന്റെ കീഴിലുള്ള തോട്ടപ്പള്ളി, പുന്നപ്ര ഇലക്ട്രിക്കല്‍ സെക്ഷന്റെ കീഴില്‍ പറവൂര്‍ ജംഗ്ഷന് വടക്കുവശം, കപ്പക്കട ജംഗ്ഷന് തെക്കുവശം എന്നീ സ്ഥലങ്ങളില്‍ ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കുന്ന പണികള്‍ പുരോഗമിച്ചുവരുന്നു.

(ബി) 10 ട്രാന്‍സ്ഫോര്‍മറുകള്‍ 5.53 കിലോമീറ്റര്‍ ലൈന്‍ കണ്‍വര്‍ഷന്‍

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ഇടുക്കിയിലെ പുതിയ ട്രാന്‍സ്ഫോര്‍മറുകള്‍

50(2088) ശ്രീ. റോഷി അഗസ്റ്റിന്‍ : താഴെ കാണുന്ന ചോദ്യത്തിന് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

ഇടുക്കി നിയോജക മണ്ഡലത്തില്‍ ഈ ഗവണ്‍മെന്റ് ആകെ എത്ര ട്രാന്‍സ്ഫോര്‍മറുകള്‍ പുതുതായി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

99 ട്രാന്‍സ്ഫോര്‍മറുകള്‍ പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

51(2089) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്ര ജല കമ്മീഷൻ വനം പരിസ്ഥിതി മന്ത്രാലയത്തിന് നല്കിയിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സാമൂഹിക വനാവകാശ നിയമം ഈ പദ്ധതി പ്രദേശത്ത് ബാധകമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രദേശത്തെ ഊരുകളിലുള്ള ആദിവാസികളുടെ സുരക്ഷിത ജീവിത വ്യവസ്ഥകളെ ബാധിക്കാനിടയുണ്ടോ; ഉണ്ടെങ്കിൽ ഈ ആദിവാസികളെ സംരക്ഷിക്കുന്നതിന് എന്തു നടപടികളാണ് ഉള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ജലലഭ്യത 2012-13 വരെ ജല കമ്മീഷൻ പരിശോധിച്ച് അനുകൂല റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ഊരുകളിലുള്ള ആദിവാസികളെ കുടിയൊഴിപ്പിക്കുകയോ പുനരധിവസിപ്പിക്കുകയോ ചെയ്യുന്നില്ല. ആദിവാസികളെ സംരക്ഷിക്കുന്നതിനുള്ള നിബന്ധനകൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവിൽത്തന്നെ നിഷ്കർഷിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ്

52(2090) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്;

(ബി) ഏതെല്ലാം പുതിയ പദ്ധതികളാണ് മേൽ കാലയളവിൽ കമ്മീഷൻ ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ആരംഭിച്ചതും പ്രവൃത്തി നടക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സ്വകാര്യ മേഖലയിലെ പദ്ധതികൾ ഉൾപ്പെടെ 42.92 മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾവഴി അധികമായി കൂട്ടിച്ചേർത്തിട്ടുണ്ട്. അനെർട്ട് വഴി നടപ്പാക്കിയ പദ്ധതികളിലൂടെ 8.863 മെഗാവാട്ടിന്റെ സോളാർ പവർ ഉല്പാദനശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി 1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു*. പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഒരു കിലോവാട്ട് ശേഷിയുള്ള 8500 പ്ലാന്റുകളും ഇതിനുപുറമേ വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ടിന്റെ സോളാർ പവർ പ്ലാന്റും കമ്മീഷൻ ചെയ്യുകയുണ്ടായി.

(സി) മേല്പറഞ്ഞ കാലയളവിൽ ആരംഭിച്ചതും പ്രവൃത്തി നടക്കുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

| | | |
|---|---|---|
| 1 | വെള്ളത്തുവൽ SHEP | 3.6 MW |
| 2 | ഭൂതത്താൻകെട്ട് SHEP | 24 MW |
| 3 | പെരുന്തേനരുവി SHEP | 6.0 MW |
| 4 | പെരിങ്ങൽക്കുത്ത് SHEP | 24.0 MW |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി ആരംഭിച്ചതും പല ഘട്ടങ്ങളിലായി നിർമ്മാണം നടന്നുവരുന്നതുമായ Solar/Wind പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്*. പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പദ്ധതിയിൽ 8500-ന് മുകളിലുള്ള പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. 15 മെഗാവാട്ട് ഗ്രിഡ് ബന്ധിത റൂഫ്ടോപ്പ് പദ്ധതിയിൽ പവർ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് ആരംഭിച്ച യൂട്ടിലിറ്റി വിഭാഗത്തിൽ വരുന്ന 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് നിർമ്മാണവും പുരോഗമിച്ചുവരുന്നു.

## സർക്കാർ സ്ഥാപനങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾ

53(2091) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾമൂലം എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ അളവിൽ കെട്ടിടവും സ്ഥലവുമുണ്ടെങ്കിൽ അവിടെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&സി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സ്ഥാപനങ്ങളിൽനിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനെർട്ടിന്റെ മേൽനോട്ടത്തിൽ വിശദമായ പഠനം നടത്തി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. അനെർട്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന 10000 സൗരഗൃഹ പദ്ധതിയിലും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിലും സർക്കാർ സ്ഥാപനങ്ങൾക്കും അപേക്ഷിച്ച് സബ്സിഡിയോടുകൂടി പവർപ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ അനെർട്ടിന്റെ ഡെപ്പോസിറ്റ് സ്കീമുകളിൽ ഉൾപ്പെടുത്തിയും പ്രതിഷ്ഠാപനം നടത്താവുന്നതാണ്. ഇതിന്മേൽ അതാത് വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചാത്തന്നൂർ സബ് സ്റ്റേഷൻ**

54(2092) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ 33 കെ. വി. സബ് സ്റ്റേഷൻ 66 കെ. വി. സബ് സ്റ്റേഷനായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന**

55(2093) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക, ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ച് പുരോഗതി അവലോകനം ചെയ്ത് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി രൂപീകരിച്ച ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതികൾ അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതല കമ്മിറ്റിയിൽ എം.എൽ.എ., എം.പി., പഞ്ചായത്ത് മെമ്പർമാർ എന്നിവർ അംഗങ്ങളാണ്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുകവഴി 125000-ത്തോളം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ 112860 വീടുകൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടേതാണ്.

## സൺ ഷിഫ്റ്റ് പദ്ധതി

56(2094) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച സൺഷിഫ്റ്റ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മുതൽ മുടക്കുന്ന ഉപഭോക്താവിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; പദ്ധതിയുടെ ഭാഗമായി ബോർഡിന് വരുമാനം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരമായി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരം പീക്ക് സമയത്തെ ഉപയോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുകയാണ് സൺഷിഫ്റ്റ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു സോളാർ പവർ പായ്ക്കിൽ 200 WP-യുടെ സോളാർ പാനൽ, 650 VA ഇൻവെർട്ടർ, 160 AHCIO ബാറ്ററി എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ നിർദ്ദേശാനുസരണം പ്രത്യേകമായി രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാരം പരിശോധന നടത്തിയശേഷം ഏഴ് സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനായി 42,750 രൂപ മുതൽ 53,000 രൂപവരെയാണ് വിലയായി നൽകേണ്ടത്. ഈ പദ്ധതി പ്രകാരം സോളാർ പവർ പായ്ക്ക് സ്ഥാപിച്ചശേഷം ആദ്യം അപേക്ഷിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5,000 രൂപ സബ്സിഡി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. സബ്സിഡിക്കായുള്ള അപേക്ഷ 23-9-2015 വരെ സ്വീകരിച്ചിരുന്നു.

(ബി) ഉപഭോക്താക്കൾ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ വൈദ്യുത തടസ്സം ഉണ്ടായാലും ഇല്ലെങ്കിലും ഉപഭോക്താവിന്റെ വൈദ്യുതി ഉപഭോഗവും വൈദ്യുതി ബില്ലും വർദ്ധിപ്പിക്കുന്നു. സാധാരണ ഇൻവെർട്ടറുകൾ പ്രവർത്തിക്കുമ്പോൾ 30 മുതൽ 50 വാട്സ് വരെ നോലോഡ് നഷ്ടം ഉണ്ടാകുന്നു.

ഇതുമൂലം ദിവസം ¾ മുതൽ ഒരു യൂണിറ്റ് വൈദ്യുതിവരെ കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്ന് അധികമായി എടുക്കുന്നു. സൺഷിഫ്റ്റ് സോളാർ ഇൻവെർട്ടറുകൾ അടിയന്തര സാഹചര്യത്തിലൊഴികെ സൗരോർജ്ജത്തിൽ നിന്നാണ് ഈ നഷ്ടം നികത്തുന്നത്. അതുകൊണ്ടുതന്നെ ഉപഭോക്താവിന്റെ വൈദ്യുതി ബിൽ കുറയ്ക്കുകയും വൈദ്യുതി ആവശ്യം നിറവേറ്റുകയും ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സബ്സിഡിക്കായി അപേക്ഷിക്കാനുള്ള അവസാന തീയതി 23-9-2015 ആയിരുന്നു. പ്രസ്തുത പദ്ധതി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനല്ല മറിച്ച് ഉപഭോക്താവിന് സാങ്കേതിക മെച്ചം, സാമ്പത്തിക മൂല്യം എന്നിവ നൽകുന്നതിനുപുറമേ പീക്ക് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുന്നതുമായ ഒരു സോളാർ ഇൻവെർട്ടറായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

57(2095) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വൈദ്യുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര-പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് ഡയറക്ടറുടെ 9-10-2015-ലെ കത്തുപ്രകാരം അതിരപ്പള്ളി പദ്ധതിയുടെ പാരിസ്ഥിതികാനുമതിയുടെ കാലാവധി 18-7-2012 മുതൽ 18-7-2017 വരെ അഞ്ചുവർഷത്തേയ്ക്ക് നീട്ടി നൽകുകയുണ്ടായി. കൂടാതെ പദ്ധതിക്കെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച രണ്ട് പൊതുതാല്പര്യ ഹർജികളും 29-5-2015-ലെ വിധി പ്രകാരം കോടതി തീർപ്പാക്കിയിട്ടുള്ളതാണ്. പദ്ധതിയുടെ

റീ-ടെണ്ടറിനെതിരെ കരാറുകാരനായ M/s. HCC സമർപ്പിച്ച കേസിൽ ലഭിച്ച അനുകൂലമായ വിധിക്കെതിരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിച്ച റിട്ട് അപ്പീൽ അനുവദിച്ചുകൊണ്ടും HCC-യുടെ പരാതി തീർപ്പാക്കി ക്കൊണ്ടും 25-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലുള്ള ചില സാങ്കേതിക പിഴവുകൾ നീക്കുന്നതിനായി ബോർഡ് റിവ്യൂ പെറ്റീഷൻ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ പരിഗണനയിലാണ്.

(സി) പദ്ധതി നിർമ്മാണത്തിനാവശ്യമായ വനഭൂമി വനംവകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനിടെ പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിൽനിന്നും ലഭിച്ച 9-10-2015-ലെ പുതുക്കിയ പാരിസ്ഥിതിക അനുമതിക്കെതിരായി രണ്ട് പൊതുതാല്പര്യ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

**പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി**

58(2096) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശിസാഗർ ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരവും ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുകയും ഭരണാനുമതി നൽകുകയും ചെയ്തെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾക്കായി 3.05 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള അപേക്ഷ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പിന്റെ എൻ.ഒ.സി.-യും സ്ഥലം കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശവും ജലവിഭവ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്കൽ ഡിവിഷനുകൾ**

59(2097) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഏതൊക്കെ ഇലക്ട്രിക്കൽ ഡിവിഷനുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഡിവിഷനുകളിൽ വിവിധ കാറ്റഗറിയിലായി എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്; ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്നും ഇവിടെ ജീവനക്കാരെ എന്നത്തേയ്ക്ക് നിയമിക്കുമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായി കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് അറിയിക്കുമോ; ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷനാണ് ഉള്ളത്. ഇത് കൂടാതെ കുണ്ടറ ഡിവിഷന്റെ കീഴിലുള്ള വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ ഒരു ചെറിയ ഭാഗവും (ആദിച്ചനല്ലൂർ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നുണ്ട്.

(ബി) 296 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.റ്റി.സി., സ്വീപ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പി.റ്റി.സി. സ്വീപ്പറുടെ ഒഴിവ് സെക്ഷൻ തലത്തിൽ

| | |
|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ, ചാത്തന്നൂർ | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണനല്ലൂർ | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ | 1 |

പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഊർജ്ജോല്പാദന മേഖലയിലെ കർമ്മ പദ്ധതികൾ**

60(2098) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിൽ ഉല്പാദന രംഗത്ത് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതികൾ നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഊർജ്ജ മേഖലയിൽ ഉല്പാദന രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികളും അവ നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

നിർമ്മാണം ആരംഭിച്ച 6 ജലവൈദ്യുത പദ്ധതികളെ കൂടാതെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് സാധ്യമായ എല്ലാ സ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനും കാറ്റിൽ നിന്നുള്ള പദ്ധതികൾ നടപ്പിൽ വരുത്താനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഒരു കിലോവാട്ട് ശേഷിയുള്ള 8500 പ്ലാന്റുകളും ഇതിനുപുറമേ വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ടിന്റെ സോളാർ പവർ പ്ലാന്റും കമ്മീഷൻ ചെയ്യുകയുണ്ടായി. പതിനായിരം ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പദ്ധതിയിൽ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. 15 മെഗാവാട്ട് ഗ്രിഡ്ബന്ധിത റൂഫ്ടോപ്പ് പദ്ധതിയിൽ പവർ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് ആരംഭിച്ച യൂട്ടിലിറ്റി വിഭാഗത്തിൽ വരുന്ന 2 മെഗാവാട്ട് സോളാർ പവർപ്ലാന്റ് നിർമ്മാണവും പുരോഗമിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ജില്ലാതല പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ച് 1-6-2012-ലും 17-12-2014-ലും സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർതലത്തിൽ അവലോകനം നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ BOOT അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ CPP/IPP ആയി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1200 മെഗാവാട്ടിന്റെ കൽക്കരി ഇന്ധനമായുള്ള പദ്ധതിക്കുവേണ്ടി കൽക്കരി അലോക്കേഷൻ കിട്ടുന്നതിന് കേന്ദ്രത്തിന് അപേക്ഷ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. പെറ്റ്കോക്ക് ഇന്ധനമായുള്ള പദ്ധതിക്കുവേണ്ടി കൊച്ചിയിൽ FACT-ന്റെ കൈവശമുള്ള സ്ഥലം ലഭ്യമാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസനം ഉറപ്പാക്കുന്നവണ്ണം നവീകരിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യത പരമാവധി ഉയർത്തുക, ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാന നിലയങ്ങളിലെ ആശ്രിതത്വം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾക്ക് പുറമേ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർ.പി.ഒ.) നികത്തുന്നതിനും സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ടി പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

## ജലസംഭരണികളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം

61(2099) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സംസ്ഥാനത്തെ ജലസംഭരണികളിൽ ഉണ്ടായ ജലവർദ്ധനവ് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള ജലനിരപ്പ് കണക്കിലെടുത്ത് വൈദ്യുത ഉൽപ്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(സി) ഈ ജലം ഉപയോഗിച്ച് എത്ര ദിവസത്തേക്കുള്ള വൈദ്യുതി ഉദ്പാദിപ്പിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) ശേഷിക്കുന്ന ദിവസത്തേയ്ക്കുള്ള വൈദ്യുതി എന്തെല്ലാം മാർഗ്ഗങ്ങളിലൂടെ കണ്ടെത്താൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2015 ജൂൺ മാസം മുതൽ 2016 ജനുവരി മാസം വരെ 5147.37 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം ലഭിച്ചിട്ടുണ്ട്.

(ബി-ഡി) 2016 ഫെബ്രുവരി മാസം 1-ാം തീയതിയിലെ കണക്കനുസരിച്ച് 2496.723 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം ലഭ്യമാണ്. കൂടാതെ 497 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാനായുള്ള ജലം ഒഴുകിയെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അടുത്ത Water Year ആരംഭിക്കുന്ന ജൂൺ ഒന്നാം തീയതി കരുതലായി വയ്ക്കുന്നതൊഴികെയുള്ള ജലം മുഴുവൻ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കുന്ന രീതിയിലാണ് 2016 മാർച്ച് മാസം 31-ാം തീയതിവരെയുള്ള ഉല്പാദനം ക്രമീകരിച്ചിരിക്കുന്നത്. ശേഷിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം നിറവേറ്റുന്നത് ആഭ്യന്തര ഉല്പാദനത്തിനുപുറമേ കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും ഹ്രസ്വ/ മദ്ധ്യ/ദീർഘകാല കരാറുകൾവഴി ട്രേഡർമാർ മുഖേനയും പവർ എക്സ്ചേഞ്ച് വഴിയും ലഭ്യമാകുന്നവകൂടി ഉപയോഗിക്കുന്നു.

## ഇലക്ട്രിക്കൽ സെക്ഷനാഫീസ്

62(2100) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷനാഫീസുകളുടെ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ഇല്ലാത്ത ഏതൊക്കെ സ്ഥലങ്ങളിലാണ് ഓവർസിയർ ആഫീസുകൾ നിലവിലുള്ളത്; ഈ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെ; ആഴ്ചയിൽ ഏതൊക്കെ ദിവസങ്ങളിലായാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്;

(സി) വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷനാഫീസിനു കീഴിലുള്ള ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ നിലവിൽ ഒഴിവുള്ള തസ്തികകളും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഇ) ശബരിമല ഉൾപ്പെടെയുള്ള വളരെ വിശാലമായ പ്രദേശത്തിന് ഒരേയൊരു സെക്ഷനാഫീസ് മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ പഞ്ചായത്തുകളാണ് ഈ സെക്ഷന്റെ പരിധിയിൽ വരുന്നത്;

(എഫ്) ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാട് പരിഗണിച്ച് വടശ്ശേരിക്കര സെക്ഷനാഫീസ് വിഭജിച്ച്, പെരുനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു*.

(ബി) നിലവിലുള്ള ഓവർസിയർ ഓഫീസുകളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

ഉപഭോക്താക്കളെ മുൻകൂട്ടി അറിയിച്ചിട്ടുള്ള നിശ്ചിത ദിവസങ്ങളിൽ വൈദ്യുതി ചാർജ്ജ് സ്വീകരിക്കുക, വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിക്കുക, അവ പരിഹരിക്കുക, സർവ്വീസ് കണക്ഷൻ നൽകുക, മറ്റ് മെയിന്റനൻസ് ജോലികൾ ചെയ്യുക തുടങ്ങിയ സേവനങ്ങളാണ് ഓവർസിയർ ഓഫീസിൽ നിന്നും ലഭ്യമാകുന്നത്. പൊതുഅവധി ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ ഓവർസിയർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| (സി) | ഗാർഹികം | 15912 |
| | വാണിജ്യം | 2399 |
| | കാർഷികം | 12 |
| | വ്യാവസായികം | 143 |
| | മറ്റുള്ളവ | 12 |
| | ആകെ എൽ.റ്റി. | 18478 |
| | ആകെ എച്ച്.റ്റി. | 9 |

(ഡി)

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഒഴിവുകൾ |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | - |
| സീനിയർ സൂപ്രണ്ട് | 1 | 1 |
| സീനിയർ അസിസ്റ്റന്റ് | 2 | - |
| കാഷ്യർ | 2 | - |
| സബ് എഞ്ചിനീയർ | 4 | - |
| ഓവർസിയർ | 7 | 2 |
| മീറ്റർ റീഡർ | 5 | 5 |

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടശ്ശേരിക്കര, റാന്നി, പെരുനാട്, നാറാണമൂഴി എന്നീ പഞ്ചായത്തുകൾ മുഖ്യമായും മലയാലപ്പുഴ, റാന്നി, പഴവങ്ങാടി, മൈലപ്ര എന്നീ പഞ്ചായത്തുകൾ ഭാഗികമായും വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽവരുന്നു. വടശ്ശേരിക്കര, കക്കാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ വരുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി റാന്നി പെരുനാട് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചുവരുന്നു.

## വൈദ്യുതീകരിക്കാത്ത വീടുകൾ

63(2101) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വീടുകൾ വൈദ്യുതീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ചേലക്കര നിയോജക മണ്ഡലത്തിൽ എത്രപേർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ചേലക്കര നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ ലഭ്യമായ കണക്കുകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| ഇടുക്കി | - | 857 വീടുകൾ |
| മലപ്പുറം | - | 295 വീടുകൾ |
| വയനാട് | - | 300 വീടുകൾ |
| കണ്ണൂർ | - | 47 വീടുകൾ |
| കാസർഗോഡ് | - | 70 വീടുകൾ |

തൃശ്ശൂർ-നാഗത്താൻപാറ കോളനിയിൽ 6 വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തതുകൊണ്ടാണ് വൈദ്യുതീകരിക്കാൻ സാധിക്കാത്തത്.

(ബി) DDUGJY, PVTG (Primitively Vulnerable Tribal Group) എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എം.പി.-എം.എൽ.എ. ഫണ്ട്, TSP ഫണ്ട് എന്നിവ ഉപയോഗിച്ച് വൈദ്യുതീകരണ പ്രവൃത്തികൾ നടത്തിവരുന്നു.

(സി) 4675 പേർക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) 221.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി

64(2102) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എത്രയാണ് ; പ്രസ്തുത വൈദ്യുതി ഉല്പാദിപ്പിക്കാൻ നിലവിലുള്ള സ്ഥാപിതശേഷി എത്രയായി വർദ്ധിപ്പിക്കേണ്ടതുണ്ട് ; 2020-21 വർഷത്തേയ്ക്ക് ആവശ്യമുള്ള വൈദ്യുതി എത്ര ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് പ്രവർത്തി പൂർത്തീകരിച്ച വൈദ്യുത പദ്ധതികളിൽ നിന്നും നിലവിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി എത്ര ; പ്രസ്തുത പദ്ധതികളുടെ സ്ഥാപിതശേഷിയിലുള്ള വർദ്ധനവ് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 18-ാം ഇലക്ട്രിക് പവർ സർവ്വേ കണക്ക് പ്രകാരം 26584 മില്യൻ യൂണിറ്റ് ആണ്. പരമാവധി ശേഷി വേണ്ടിവരുന്നത് 4669 മെഗാവാട്ടും. ഇപ്പോഴത്തെ ആഭ്യന്തരമായ സ്ഥാപിതശേഷി 2844 മെഗാവാട്ടാണ്. കേന്ദ്ര വിഹിതമായി 1700 മെഗാവാട്ടോളം വൈദ്യുതി ലഭ്യമാകുന്നുണ്ട്. ആഭ്യന്തര ഉല്പാദനം ഉപഭോഗത്തിനനുസരിച്ച് വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരളത്തിന് പുറത്തുള്ള വൈദ്യുത നിലയങ്ങളിൽനിന്നും ഹ്രസ്വകാല-മധ്യകാല-ദീർഘകാല കരാറുകൾവഴി 1400 മെഗാവാട്ടോളം വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 വർഷത്തേയ്ക്ക് 32895 മില്യൻ യൂണിറ്റ് വൈദ്യുതിയും പരമാവധിശേഷി 5777 മെഗാവാട്ടും ആണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ജലവൈദ്യുത പദ്ധതികളും അവയുടെ സ്ഥാപിതശേഷിയും താഴെ ചേർക്കുന്നു:

| | |
|---|---|
| ചിമ്മിനി | 2.5 MW |
| ആഢ്യൻപാറ | 3.5 MW |
| പൊരിങ്ങൽകുത്ത് മൈക്രോ | 0.011 MW |
| പൊരിങ്ങൽകുത്ത് നവീകരണ പദ്ധതി | 4 MW |
| ആകെ | 10.011 MW |

1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. ഇതിനുപുറമേ അനെർട്ട് വഴി ആരംഭിച്ച് പൂർത്തീകരിച്ച പദ്ധതികൾവഴി പ്രതിദിനം 31000 യൂണിറ്റ് വൈദ്യുതി ഉല്പാദനം സാധ്യമാകുന്നുണ്ട്. ഇതിലൂടെ 8.863 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2016 ജനുവരി മാസത്തെ ഉപഭോഗം 1914 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ 419 ദശലക്ഷം യൂണിറ്റ് ആഭ്യന്തര നിലയങ്ങളിൽനിന്നും ഉത്പാദിപ്പിച്ചതാണ്. 1495 മില്യൻ യൂണിറ്റ് കേരളത്തിന് പുറത്തുനിന്നും വാങ്ങിയതാണ്. ഉപഭോഗവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അന്തരം 1495 ദശലക്ഷം യൂണിറ്റാണ്.

**കല്പറ്റ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

65(2103) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജ മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള വീടുകൾ എത്രയുമെന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നിലവിലില്ല. സംസ്ഥാനത്തെ വൈദ്യുതിയില്ലാത്ത മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സർക്കാരിന്റെ കാലത്ത് കല്പറ്റ നിയോജക മണ്ഡലത്തിൽ 14916 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ അപേക്ഷ ലഭിച്ചിട്ടുള്ള 15 കണക്ഷനുകൾ മാത്രമേ നൽകുവാനുള്ളൂ. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനുകീഴിലെ സ്കിൽഡ് അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തിക**

66(2104) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു കീഴിലെ സ്കിൽഡ് അസിസ്റ്റൻറ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ എന്നു പറയാമോ;

(ബി) ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ, സ്കിൽഡ് അസിസ്റ്റൻറ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. യോഗ്യതാ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ട് എത്രനാളായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ലിസ്റ്റ് വന്നതിനുശേഷം എത്രപേരെ ഇതിനോടകം നിയമിച്ചു വെന്ന് പറയാമോ; 2011-നു ശേഷം ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ ഉണ്ടായ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ ;

(ഡി) മീറ്റർ ടെസ്റ്റിംഗ് ലാബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന തീരുമാനം നടപ്പിലാക്കാത്തതെന്തുകൊണ്ടാണെന്ന് പറയാമോ;

(ഇ) എല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ ലാബുകൾ സ്ഥാപിക്കുവാനും സ്കിൽഡ് അസിസ്റ്റൻറുമാരെ കൂടുതലായി നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, ഇടുക്കി, കോട്ടയം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) 1(ഒന്ന്). ആലപ്പുഴ ജില്ലയിലെ റാങ്ക് പട്ടിക 2-12-2015-ന് നിലവിൽ വന്നു.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കകം വരുന്ന ഒഴിവിന്റെ മുറയ്ക്ക് നിയമിക്കാനാകും. ഒരാൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2011-നുശേഷം ഒഴിവുകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) സ്ഥലപരിമിതി കാരണം ആലപ്പുഴ ജില്ലയിൽ മാത്രം നടപ്പിലാക്കാനായിട്ടില്ല. മറ്റ് എല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) കൂടുതൽ സ്കിൽഡ് അസിസ്റ്റന്റുമാരെ നിയമിക്കേണ്ട സാഹചര്യം നിലവിലില്ല.

## പുതുതായി അനുവദിച്ച ട്രെയിനുകൾ

67(2105) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം-കായംകുളം തീരദേശ റെയിൽ പാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുകിട്ടിയതും ദീർഘിപ്പിച്ചു കിട്ടിയതുമായ ട്രെയിനുകൾ ഏതെല്ലാമെന്ന് പറയാമോ; പുതിയ ട്രെയിനുകളും ബോഗികളും അനുവദിച്ചുകിട്ടുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേ മന്ത്രാലയത്തിൽ ആവശ്യങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ബോഗികളുടെ എണ്ണം കൂട്ടുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അനുവദിച്ചുകിട്ടുന്നത് റിസർവ്വേഷൻ ബോഗികളാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതുമൂലം സാധാരണക്കാരായ ദൈനംദിന യാത്രക്കാർക്ക് പ്രയോജനമില്ലാത്തതിനാൽ കംപാർട്ട്മെൻറുകൾ ജനറൽകൾകൂടി അനുവദിച്ചു കിട്ടുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുമോ?

ഉത്തരം

(എ) എറണാകുളം-കായംകുളം തീരദേശ റെയിൽപാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുകിട്ടിയതും ദീർഘിപ്പിച്ചുകിട്ടിയതുമായ ട്രെയിനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ട്രെയിൻ നമ്പർ 19262/19261 – പോർബന്തർ - കൊച്ചുവേളി - പോർബന്തർ എക്സ്പ്രസ്
2. ട്രെയിൻ നമ്പർ 66302/66303 – കൊല്ലം - എറണാകുളം - കൊല്ലം മെമു.
3. ട്രെയിൻ നമ്പർ 22207/22208 – മദ്രാസ് തിരുവനന്തപുരം - മദ്രാസ് തുരന്തോ.
4. ട്രെയിൻ നമ്പർ 22633/22634 – തിരുവനന്തപുരം - നിസാമുദ്ദീൻ - തിരുവനന്തപുരം
5. ട്രെയിൻ നമ്പർ 66309/66310 – കൊല്ലം - എറണാകുളം - കൊല്ലം
6. ട്രെയിൻ നമ്പർ 22655/22656 – തിരുവനന്തപുരം - നിസാമുദ്ദീൻ - തിരുവനന്തപുരം.

സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക മെമ്മോറാണ്ടം 2016-17-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയും എം.പി.-മാരും ചേർന്ന് നേരിട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകുകയുണ്ടായി. ടി മെമ്മോറാണ്ടത്തിൽ നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഒരു സ്വതന്ത്ര ട്രെയിനായി സർവ്വീസ് നടത്തുക, തിരുവനന്തപുരം-മധുര-വേളാങ്കണ്ണി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഭാരത് തീർത്ഥ ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം - മംഗലാപുരം ഇന്റർസിറ്റി എക്സ്പ്രസ് ആരംഭിക്കുക, തമിഴ്നാട്, കേരളം, കർണ്ണാടകം, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് കന്യാകുമാരി-ഗോവ ടൂറിസ്റ്റ് ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം-നിസ്സാമുദ്ദീൻ രാജധാനി എക്സ്പ്രസ് ദിവസേന സർവ്വീസ് നടത്തുക, കോട്ടയം വഴിയുള്ള കണ്ണൂർ- തിരുവനന്തപുരം ജനശതാബ്ദി ട്രെയിൻ ദിനംപ്രതിയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) ദീർഘദൂര ട്രെയിനുകൾ പ്രധാനമായും സംസ്ഥാനത്തുനിന്നും ദൂരയാത്ര നടത്തുന്നവരെയും തിരികെയുള്ളവരെയും ഉദ്ദേശിച്ചുള്ളവയാണ്. പ്രസ്തുത ട്രെയിനുകളിൽ ബോഗികളുടെ എണ്ണം കൂട്ടുമ്പോൾ വർദ്ധിച്ചുവരുന്ന ദീർഘദൂര യാത്രാവശ്യം കണക്കിലെടുത്ത് റിസർവ്വേഷൻ ബോഗികൾ അനുവദിക്കുന്നതാണ് ഉചിതം.

**ട്രെയിൻ യാത്രക്കാരുടെ സുരക്ഷ**

68(T2106) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

വനിതാ കോൺസ്റ്റബിൾമാർ ഉൾപ്പെടെ മൊത്തം 180 RPF (Railway Protection Force) ഉദ്യോഗസ്ഥരുടെ സേവനം കേരളത്തിലോടുന്ന 17 മെയിൽ/ എക്സ്പ്രസ്സ് ട്രെയിനുകൾക്കും 36 പാസഞ്ചർ/കമ്മ്യൂട്ടർ ട്രെയിനുകൾക്കും അകമ്പടി നൽകുവാനായി ഉപയോഗിക്കുന്നുണ്ട്. വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകളിൽ സ്ത്രീകളുടെ കമ്പാർട്ടുമെന്റുകൾക്ക് പ്രത്യേക ശ്രദ്ധ നൽകിയാണ് ഈ അകമ്പടി സേവനം ഏർപ്പെടുത്തിയിരിക്കുന്നത്. SI/ASI റാങ്കിലുള്ള ഉദ്യോഗസ്ഥരെയും ട്രെയിൻ അകമ്പടിക്കായി നിയോഗിക്കുന്നുണ്ട്. വഴിയോര സ്റ്റേഷനുകളിൽ ഡ്യൂട്ടിയിലുള്ള RPF ജീവനക്കാർ വനിതാ കമ്പാർട്ടുമെന്റുകളുടെ വാതിലുകൾ ആളുകൾ കയറുന്നതിനും ഇറങ്ങുന്നതിനുമനുസരിച്ച് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാനും കണ്ടെത്താനും 2 RPF Crime Prevention and Detection Squads (CPDS)കൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനും RPF-ഉം GRP (Government Railway Police)-ഉം യോജിച്ച് ട്രെയിനുകളിലും പരിസരങ്ങളിലും തുടർച്ചയായി സൂക്ഷ്മപരിശോധനകൾ നടത്തുന്നു. റെയിൽവേയിലെ ഗസറ്റഡ് ഉദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും RPF ഡ്യൂട്ടി കൃത്യമായി ചെയ്യുന്നു എന്ന് റെയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മിന്നൽ പരിശോധന മുഖേന ഫലപ്രദമായി ഉറപ്പാക്കുന്നുണ്ട്.

പൊതുവിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ട്രെയിനുകളിലും റയിൽവേ പരിസരങ്ങളിലും സ്ഥിരമായി റെയിഡുകൾ നടത്തി സാമൂഹ്യവിരുദ്ധർക്കും അക്രമികൾക്കുമെതിരെ റയിൽവേ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. GRP, ലോക്കൽ പോലീസ്, NGO, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവരുമായി ഏകോപിച്ച് റയിൽവേ Special drive-കളും സംയോജിത പരിശോധനകളും വിപുലമായ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. GRP-ഉം ലോക്കൽ പോലീസും സ്ഥിരം കുറ്റവാളികളെക്കുറിച്ചും ജയിൽ മുക്തരായവരെ ക്കുറിച്ചുമുള്ള രഹസ്യവിവരം കൃത്യമായി അന്യോന്യം കൈമാറി അവരെ നിരീക്ഷിക്കുന്നു. സംസ്ഥാന പോലീസുമായി ചേർന്ന് 2013 ജൂലൈയിൽ റയിൽവേ 'OCTOPUS' എന്ന സുരക്ഷാ ഓപ്പറേഷൻ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം പേട്ട, എറണാകുളം നോർത്ത്, എറണാകുളം സൗത്ത് എന്നീ സ്റ്റേഷനുകളിൽ നടത്തിയിരുന്നു. ഇത് സ്ഥിരമായി നടത്തുവാൻ ഉദ്ദേശിക്കുന്നു.

യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സ്ഥിരം കുറ്റവാളികളെയും സംശയിക്കേണ്ടവരെയും റെയിൽവേയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ കഴിഞ്ഞ് ജയിൽ വിമുക്തരാകുന്നവരെയും കള്ളക്കടത്ത് സാധനങ്ങൾ കടത്തുന്നവരെയും ഫുഡ്ബോർഡിൽ സഞ്ചരിക്കുന്നവരെയും അനധികൃതമായി ട്രെയിനുകളിൽ സഞ്ചരിക്കുന്നവരെയും പൂവാലന്മാരേയും അനധികൃത വില്പനക്കാരെയും കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നു. റെയിൽ അലർട്ട് നമ്പർ 9846200100 RPF ഹെൽപ്‌ലൈൻ നമ്പർ 999504000 എന്നിവ എല്ലാ പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകളിലെ കോച്ചുകൾക്കുള്ളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യാനുസരണം കൃത്യസമയത്ത് സഹായം ലഭ്യമാക്കാൻ ഈ രണ്ട് നമ്പരുകളിലൂടെയുള്ള സേവനം 24 മണിക്കൂറും ലഭ്യമാണ്.

ഈ നമ്പരുകളിലേയ്ക്ക് സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് പരാതികൾ എസ്.എം.എസ്. മുഖേന അയയ്ക്കാനുള്ള സംവിധാനവും ലഭ്യമാണ്. പരാതികൾ rpf.tvpm@yahoo.in എന്ന വിലാസത്തിലേയ്ക്ക് ഇ-മെയിലും ചെയ്യാവുന്നതാണ്. ഇത്തരം പരാതികളിന്മേൽ ആവശ്യമായ ശ്രദ്ധയോടെ നടപടികൾ സ്വീകരിക്കുകയും സ്ഥിരമായി നിരീക്ഷിച്ച് തുടർനടപടികൾ എടുക്കുകയും ചെയ്യുന്നു. സ്ത്രീ യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച് ബോധവത്കരണ പരിപാടികൾ തുടർച്ചയായി നടത്തുന്നു. 'കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി സ്ഥിരമായി യാത്രചെയ്യുന്ന 330 സ്ത്രീകളേയും വിദ്യാർത്ഥിനികളേയും 'RPF Mitra Yojna' പദ്ധതിയിൽ "RPF Mitra" എന്ന പേരിൽ ഉൾപ്പെടുത്തി അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ട്. റെയിൽവേ ട്രാക്കിൽ കല്ലുകളും മറ്റും നിരത്തി ട്രെയിൻ അപായപ്പെടുത്തുന്നതിനുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും വരുന്നുണ്ട്. കൂടാതെ നിരന്തര ബീറ്റ് പെട്രോളിംഗ് നടത്തിവരുന്നുണ്ട്. റെയിൽവേ ട്രാക്കുകൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും സാമൂഹിക പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ആർ.പി.എഫ്., കേരളാ പോലീസ് എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണം നടത്തിവരുന്നുണ്ട്. കൂടാതെ പെട്രോളിംഗ് ഡ്യൂട്ടിയും പ്രത്യേക നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുന്നുണ്ട്.

**ചാലക്കുടി റെയിൽവേ സ്റ്റേഷൻ വികസനം**

69(2107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ടതിന്റെ ഭാഗമായി ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും, കൂടുതൽ ട്രെയിനുകൾക്ക് ഇതിന്റെ ഭാഗമായി സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആദർശ് സ്റ്റേഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം നിലവിൽ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതുതായി പ്ലാറ്റ്ഫോം ഉയർത്തൽ, കുടിവെള്ളം, ഇരിപ്പിടം എന്നിവയ്ക്കായും റെയിൽവേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും ട്രെയിൻ നമ്പർ 12624-12623, 16305-16306, 16345-16346, 13352-13351, 16343-16344, ചെന്നൈ - തിരുവനന്തപുരം മെയിൽ, ഇന്റർസിറ്റി, കുർല, ബൊക്കാറോ-ആലപ്പുഴ, അമൃത എന്നീ ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും റെയിൽവേയോട് ഇതിനകംതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

**റെയിൽവേ പദ്ധതികൾ നടപ്പാക്കുന്നതിന് കമ്പനി**

70(2108) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെയും റെയിൽവെയുടെയും പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരി പദ്ധതിയും നിലമ്പൂർ - നഞ്ചൻകോഡ് പാതയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-1-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായി. സംസ്ഥാനം തെരഞ്ഞെടുക്കുന്ന റെയിൽവേ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി ജോയിന്റ് വെഞ്ച്വർ കമ്പനിയുടെ കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉൾപ്പെടുത്തേണ്ട പദ്ധതികൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടില്ല.

## തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി

71(2109) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാധ്യതാ പഠനം പൂർത്തിയായത് സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്ത് നൽകേണ്ടതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന് വ്യക്തികൾക്ക് നഷ്ടപരിഹാരം നിശ്ചയിച്ച് നൽകുന്നത് ഏത് തരത്തിലാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി പൂർത്തീകരണത്തിന് സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഏകദേശം 600 ഹെക്ടർ സ്ഥലം.

(സി&ഡി) ഇത് സംബന്ധിച്ച് ഇതുവരെ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

## വാഹന പുകപരിശോധന കേന്ദ്രങ്ങൾ

72(2110) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപുക പരിശോധന കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വായുവിനെ മലിനമാക്കുന്നത് പ്രധാനമായും മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള വിഷപ്പുകയാണെന്നതിനെക്കുറിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്ത് എത്ര വാഹനപുക പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; ഈ കേന്ദ്രങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിൽ വാഹനങ്ങൾ മൂലമുണ്ടാകുന്ന വായുമലിനീകരണം സംബന്ധിച്ച് ഒരു പഠനം NATPAC (National Transportation Planning and Research Centre) വഴി നടത്തിവരുന്നു.

(സി) സംസ്ഥാനത്ത് 574 വാഹന പുക പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

വാഹന പുക പരിശോധനകേന്ദ്രങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ :

1. പുക പരിശോധിക്കുവാൻവേണ്ടി ARAI (Automotive Research Association of India) അംഗീകരിച്ച സ്മോക്ക് മീറ്റർ/ ഗ്യാസ് അനലൈസർ എന്നിവയും കമ്പ്യൂട്ടർ, പ്രിന്റർ, ക്യാമറ എന്നിവയും ഇവ സ്ഥാപിക്കാനുള്ള കെട്ടിട മുറിയും ഉണ്ടായിരിക്കണം.
2. രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സ്ഥലം ഉണ്ടായിരിക്കണം.
3. പത്താംക്ലാസ് വിജയിച്ച ITI യോഗ്യതയുള്ള അല്ലെങ്കിൽ ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിൽ ഒരു വർഷം പ്രവൃത്തിപരിചയമുള്ള ഓപ്പറേറ്റർ ഉണ്ടായിരിക്കണം.

മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കോട്ടത്തോട് നവീകരണം

73([T]2111) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ കോട്ടത്തോട് നവീകരണവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കോട്ടത്തോട് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 'ക്ലീനിംഗ് ആന്റ് റെജുവിനേഷൻ ഓഫ് കോട്ടത്തോട്, മാവേലിക്കര, ആലപ്പുഴ' എന്ന പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഇതിനായി 30 ലക്ഷം രൂപ അനുവദിക്കുകയും തുക മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തു.

(സി) 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങി. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ ഇ-ടെണ്ടർ മൂന്ന് തവണ ക്ഷണിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ നെഗോസിയേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്.

## സഹകരണ സർവ്വകലാശാല

74(2112) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല വൈവിധ്യവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ മേഖലയിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് എന്തൊക്കെ അക്കാദമിക് കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(സി) സഹകരണ കോഴ്സുകളും പരിശീലന പരിപാടികളും ഗവേഷണങ്ങളും നടത്തുന്നതിന് സഹകരണ സർവ്വകലാശാലാ സ്ഥാപിക്കാൻ തയ്യാറാകുമോ ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ മേഖലയിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി സഹകരണ മേഖലയിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ (NCCT) കീഴിൽ തിരുവനന്തപുരത്തും കണ്ണൂരും പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റുകൾ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (HDCM) കോഴ്സുകൾ നടത്തിവരുന്നു. ഇതിനുപുറമെ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ 11 കേന്ദ്രങ്ങളിലായി ജെ.ഡി.സി. കോഴ്സുകളും 14 സഹകരണ പരിശീലന കോളേജുകളിലായി ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ & ബിസിനസ് മാനേജ്മെന്റ് (എച്ച്.ഡി.സി&ബി.എം.) കോഴ്സുകളും നടത്തിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്‌സി. (കോ-ഓപ്പറേഷൻ & ബാങ്കിംഗ്), എം.എസ്‌സി. (കോ-ഓപ്പറേഷൻ & ബാങ്കിംഗ്) എന്നീ കോഴ്സുകളും നടത്തിവരുന്നു. ഇതിനുപുറമെ കേരളത്തിലെ മറ്റു യൂണിവേഴ്സിറ്റികളിൽ സഹകരണ മേഖലയിൽ തൊഴിൽ സാദ്ധ്യത കൂടുതലുള്ള ബി.കോം വിത്ത് കോ-ഓപ്പറേഷൻ കോഴ്സുകളും നടത്തിവരുന്നു.

കൂടാതെ സഹകരണ മേഖലയിലെ ജീവനക്കാർക്ക് ടി മേഖലയിലെ മികച്ച പരിശീലന കേന്ദ്രങ്ങളായ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് സ്റ്റാഫ് ട്രെയിനിംഗ് കോളേജ് - കൊച്ചി, കണ്ണൂരിലും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM) മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB) മുഖേനയും പരിശീലനം നടത്തിവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) വിവിധതരം ഇൻഡക്ഷൻ, ഓറിയന്റേഷൻ പരിശീലന പരിപാടികളും നടത്തിവരുന്നു. മാത്രമല്ല വൈകുണ്ഡ് മേത്ത നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (VAMNICOM), പൂനെ, ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (BIRD), ലക്നൗ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും വകുപ്പിലേയും സഹകരണ സംഘങ്ങളിലേയും ഉദ്യോഗസ്ഥർക്ക് വിവിധങ്ങളായ പരിശീലനങ്ങൾ നൽകിവരുന്നു.

(സി) ഇക്കാര്യത്തിൽ വിശദമായ പഠനവും വിശകലനവും ആവശ്യമായതിനാൽ ടി വിഷയം പരിശോധിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയനെ ചുമതലപ്പെടുത്തുകയും ആയത് സഹകരണ യൂണിയൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

## കൊല്ലം ജില്ലയിലെ ത്രിവേണി സ്റ്റോറുകൾ

75(2113) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ത്രിവേണി സ്റ്റോറുകൾ നിർത്തലാക്കേണ്ടി വന്നതിന്റെ സാഹചര്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

ബിസിനസ് വർദ്ധിക്കുവാൻ സാധ്യതയില്ലാത്തതും മതിയായ ഉപഭോക്താക്കൾ ഇല്ലാത്തതും വാടകയിനത്തിൽ ഉടമസ്ഥർ അമിതമായ തുക ആവശ്യപ്പെട്ടിട്ടുള്ളവയും ഭീമമായ നഷ്ടം വരുത്തിയിട്ടുള്ളതുമായ ത്രിവേണി സ്റ്റോറുകൾ തുടർന്ന് പ്രവർത്തിക്കുന്നത് കൺസ്യൂമർ ഫെഡിന് തുടർച്ചയായ നഷ്ടം വരുത്തിവച്ച സാഹചര്യത്തിലാണ് അപ്രകാരമുള്ള ത്രിവേണി സ്റ്റോറുകൾ നിർത്തലാക്കേണ്ടിവന്നത്.

## ഉത്തേജന പലിശയിളവ് പദ്ധതി

76(2114) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിവരുന്നു.

സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർവരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന കാഷ് ക്രഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ.

(സി) പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി തുകകൾ അനുവദിച്ചു കൊടുക്കുന്നതിന്, സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന പരസ്യം വഴിയുള്ള പ്രചാരണവും നൽകിയിട്ടുണ്ട്. 2015-16 വർഷം അനുവദിച്ച 6 കോടി രൂപയിൽ 5,99,81,893 രൂപ ഇതിനോടകം സംഘങ്ങൾക്ക് പദ്ധതി നടത്താനായി നൽകിയിട്ടുണ്ട്.

## എം.ടെക് കോഴ്സുകൾ ആരംഭിക്കാൻ നടപടി

77(2115) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പ്രവർത്തിക്കുന്ന തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളജിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

തൃക്കരിപ്പൂർ എൻജിനീയറിംഗ് കോളേജിൽ എം.ടെക്. കോഴ്സുകൾ ആരംഭിക്കുന്നതിന് 2014 അക്കാഡമിക് വർഷംതന്നെ AICTE-യ്ക്കും CUSAT-നും അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കോഴ്സ് നടത്തുന്നതിനുള്ള അനുമതി കിട്ടിയിട്ടില്ല. AICTE-യുടെ പുതിയ നിയമപ്രകാരം അക്രഡിറ്റേഷനുള്ള കോളേജുകളിൽ മാത്രമേ പുതുതായി കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ തൃക്കരിപ്പൂർ എൻജിനീയറിംഗ് കോളേജിന് അക്രഡിറ്റേഷൻ ലഭിക്കുന്ന മുറയ്ക്ക് എം.ടെക്. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

78(2116) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ?

ഉത്തരം

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത ബോർഡ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് ജില്ലാടിസ്ഥാനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 1266 അപേക്ഷകളിൽ 6,54,64,963 രൂപ (ആറ് കോടി അൻപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് രൂപ മാത്രം) റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## നന്മ സ്റ്റോറുകൾ

79(2117) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിനു കീഴിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നന്മ സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വില നിലവാരം വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന് കീഴിൽ 892 നന്മ സ്റ്റോറുകളാണ് ആരംഭിച്ചത്. അവയിൽ ഇപ്പോൾ 771 എണ്ണം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നന്മ സ്റ്റോറുകൾ മുഖാന്തരം സർക്കാർ സബ്സിഡിയോടെ ഉത്സവ കാലഘട്ടങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ നൽകിവരുന്നുണ്ട്. അതായത് ഉത്സവകാലങ്ങളിൽ സപ്ലൈകോയുടെ സബ്സിഡി വിപണന മേളകളിൽ വിപണനം നടത്തുന്ന അതേ നിരക്കിലാണ് നന്മ സ്റ്റോറുകൾ വഴിയുള്ള വിപണികളും വില്പന നടത്തുന്നത്. ഉത്സവകാലങ്ങളിൽ ഒഴികെ മറ്റുള്ള കാലയളവുകളിൽ പൊതുവിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് നന്മ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിപണനം നടത്തിവരുന്നത്.

## നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ നടപടി

80(2118) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാമാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം നന്മ സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിക്കുണ്ടെന്നും ലാഭകരമല്ലാത്തത് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 9 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 7 നന്മ സ്റ്റോറുകളുമാണ് ആരംഭിച്ചിട്ടുള്ളത്. ഇവയെല്ലാംതന്നെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) നന്മ സ്റ്റോറുകൾ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുന്നതിലേക്കായി നന്മ പായ്ക്കിംഗ് സെന്ററുകൾ ഒഴിവാക്കിയും ഗോഡൗണുകൾ പുനഃക്രമീകരിച്ചും ചെലവുകൾ കുറച്ചും വാടക ഒഴിവാക്കിയും നോൺ സബ്സിഡി ഇനങ്ങളുടെ വില്പന വർദ്ധിപ്പിച്ചും കൺസ്യൂമർഫെഡ് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി സാധനങ്ങൾ ലഭ്യമാക്കിയും ഫെഡറേഷൻ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന നിർദ്ദേശം

81(2119) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിശ്ചിത ദിവസങ്ങളിൽ ഖാദിയോ കൈത്തറിയോ വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതുതായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രമായി പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ എല്ലാ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖലാ/സഹകരണ മേഖലയിലെ ജീവനക്കാരും 2013 പുതുവത്സരാരംഭം മുതൽ ബുധനാഴ്ചകളിൽ ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് 27-12-2012-ലെ ജി.ഒ.(എം. എസ്.) നമ്പർ 155/2012/വ്യവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**എന്റെ സംഘം ക്യാമ്പയിൻ**

82(2120) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ എന്റെ സംഘം ക്യാമ്പയിൻ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തെയും, അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാകേണ്ടതുണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ/ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

നിയമാവലി/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘം ആസ്ഥാനത്ത് പരിശോധനയ്ക്കായി സൂക്ഷിക്കുക, അംഗത്വ രജിസ്റ്റർ, തിരിച്ചറിയൽ കാർഡ് രജിസ്റ്റർ, ലാൻഡ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ കാലാനുസൃതമാക്കുക, പൊതുയോഗം കൃത്യമായി കൂടുക, ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കുക, സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ പിൻവലിച്ച് നൽകുക, ആഡിറ്റ് കുടിശ്ശിക തീർക്കുക, തരളധനം സൂക്ഷിക്കുക, റിസർവ് ഫണ്ട് അടയ്ക്കുക, ജീവനക്കാരുടെ ജോലിവിഭജനം നടത്തുക, അവർക്ക് പരിശീലനം നൽകുക, സെമിനാറുകൾ സംഘടിപ്പിക്കുക, ഡെഡ്സ്റ്റോക്ക് നിയമാനുസൃതം എഴുതിത്തള്ളുക, സംഘത്തിൽ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുക, സംഘം പ്രവർത്തന പരിധിയിലെ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി മികച്ച കർഷകൻ അവാർഡ് നൽകുക, കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുക, സംഘം മുതലുകൾ സംരക്ഷിക്കുക, സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതമാക്കി ശിക്ഷണ നടപടികൾ പൂർത്തിയാക്കുക, ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുക, സംഘം ലൈബ്രറികൾ കാര്യക്ഷമമാക്കുക, പുതിയ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുക എന്നിവ ടി പദ്ധതിയുടെ ഭാഗമാണ്.

(സി) ടി പദ്ധതി നടപ്പാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 12/2012 നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും പദ്ധതി വിലയിരുത്തലിനുമായി താലൂക്ക് തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ്. അസോസിയേഷൻ താലൂക്കുതല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായുള്ള കമ്മിറ്റിയും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർ, സകരണസംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

## സഹകരണ കടാശ്വാസ പദ്ധതി/സഹകരണ റിസ്ക് ഫണ്ട് പദ്ധതി

83(2121) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ കടാശ്വാസ പദ്ധതി/സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ധനസഹായം ഓരോ ജില്ലയിലും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വായ്പയെടുക്കുന്നവർ മരണപ്പെടുകയാണെങ്കിൽ കുടിശ്ശിക ഇളവുകൾക്ക് പുറമേ മാരക രോഗങ്ങൾ പിടിപെടുന്ന വായ്പക്കാർക്ക് ധനസഹായം നൽകുന്നതിന് ഈ സർക്കാർ വന്നതിന് ശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നാളിതുവരെ സഹകരണ ഫണ്ട് പദ്ധതിയിൽ ചേർത്തിട്ടില്ലാത്തതും നിലവിലുള്ളതുമായ വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിനും ഇത് സംബന്ധിച്ച അവബോധം സഹകാരികളിൽ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 23052 അപേക്ഷകളിലായി 156,64,50,124 രൂപ (നൂറ്റി അമ്പത്തിയാറ് കോടി അറുപത്തിനാല് ലക്ഷത്തി അൻപതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു :

| ജില്ല | അപേക്ഷകളുടെ എണ്ണം | തുക |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 1181 | 10,44,68,058 |
| കൊല്ലം | 1200 | 11,11,06,617 |
| പത്തനംതിട്ട | 598 | 4,90,19,575 |
| ആലപ്പുഴ | 661 | 5,80,91,220 |
| കോട്ടയം | 1804 | 15,18,08,203 |
| ഇടുക്കി | 1266 | 6,54,64,953 |
| എറണാകുളം | 4411 | 27,90,72,079 |

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | 2635 | 19,04,59,027 |
| പാലക്കാട് | 1684 | 11,88,52,290 |
| മലപ്പുറം | 1789 | 11,98,76,570 |
| കോഴിക്കോട് | 1062 | 8,22,41,819 |
| വയനാട് | 278 | 1,52,68,822 |
| കണ്ണൂർ | 3366 | 16,69,26,034 |
| കാസർഗോഡ് | 1177 | 5,37,94,857 |
| ആകെ | 23052 | 156,64,50,124 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുകയും വായ്പയെടുത്തശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. മാരകരോഗങ്ങളുടെ പട്ടികയിൽ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്.

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിന് കാലാകാലങ്ങളിൽ അനുമതി നൽകിവരുന്നുണ്ട്. പദ്ധതി നിലവിൽ വന്ന 2008 ഏപ്രിൽ മാസം ഒന്നിന് നിലനിന്നിരുന്ന വായ്പകൾക്ക് പദ്ധതിയിൽ ചേർക്കുന്നതിന് 3 മാസവും 24-7-2014-ലെ റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതിപ്രകാരം 6 മാസവും സമയം അനുവദിച്ചിരുന്നു. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്നും ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം റദ്ദ് ചെയ്യുന്നതാണെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദി യായിരിക്കുമെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ എല്ലാ വായ്പക്കാരെയും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സഹായകരമാകുന്നുണ്ട്.

## സഹകരണ അപ്പക്സ് സംഘങ്ങൾ

84(2122) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
പ്രൊഫ. സി.രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) അപ്പക്സ് സംഘങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) കാർഷിക / ഭവന / ഉപഭോക്തൃ / വിപണന / എസ്.സി-എസ്.ടി / വനിത മേഖലകളിലെ അപ്പക്സ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്; ഇവയുടെ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളെയും അവയുടെ നിജസ്ഥിതിയെയും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) അപ്പക്സ് സംഘങ്ങളുടെ കീഴിലുള്ള അംഗസംഘങ്ങളിൽ എത്ര ശതമാനം പ്രവർത്തനരഹിതമോ നഷ്ടത്തിലോ ലിക്വിഡേഷനിലോ ആയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 17-12-2015-ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം കൂടിയിട്ടുണ്ട്.

(ബി) ടൂർഫെഡ്, കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നവയും സംസ്ഥാന സഹകരണ ബാങ്ക്, കൺസ്യൂമർഫെഡ്, എസ്.സി./എസ്.റ്റി. ഫെഡറേഷൻ, ഹോസ്പിറ്റൽ ഫെഡറേഷൻ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, വനിതാഫെഡ്, ഹൗസ്ഫെഡ് എന്നിവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുമാണ്.

(സി) ഇതുസംബന്ധിച്ച് താഴെപ്പറയുന്ന അപ്പക്സ് സംഘങ്ങളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>സംസ്ഥാന സഹകരണ ബാങ്ക്</u> :-

സംസ്ഥാന കാർഷിക വായ്പ മേഖലയിലെ അപ്പക്സ് ബാങ്കാണിത്. ത്രിതല സംവിധാനത്തിൽ കാർഷിക വായ്പ നൽകിവരുന്ന ബാങ്ക് നബാർഡിൽ നിന്നും ലഭിക്കുന്ന കാർഷിക പുനർ വായ്പ അംഗ സംഘങ്ങൾക്ക് നൽകി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. ബാങ്ക് മറ്റ് അപ്പക്സ് സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകളിൽ കുടിശ്ശിക ബാക്കി നിൽപ്പുണ്ട്. ഇത് ബാങ്കിന്റെ കുടിശ്ശിക വർദ്ധിക്കുന്നതിനും നഷ്ടത്തിനും കാരണമാകുന്നുണ്ട്.

<u>കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്</u> :-

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ പുനർവായ്പാ പദ്ധതികൾക്ക് വേണ്ട സാമ്പത്തിക സഹായം ലഭിക്കുന്നത് നബാർഡിൽ നിന്നുമാണ്. പുനർവായ്പ നബാർഡിൽനിന്നും ലഭിക്കണമെങ്കിൽ സർക്കാർ ഗ്യാരന്റി നൽകേണ്ടതുണ്ട്. ഗ്യാരന്റി സംബന്ധിച്ച ചില പ്രശ്നങ്ങളുള്ളതിനാൽ ബാങ്ക് കൊടുത്ത വായ്പകൾക്ക് നബാർഡിൽ നിന്നും പുനർവായ്പ കിട്ടാത്ത അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്.

സർക്കാർ ഗ്യാരന്റി നിൽക്കുന്നതിന് വർഷാവർഷം നിൽപ്പുവായ്പയുടെ 0.75% ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഇത് ബാങ്കിനെ സംബന്ധിച്ചിടത്തോളം ഭീമമായ തുകയാണെന്ന് പരാതി ഉയർന്നതിനാൽ സർക്കാരിന് ലഭിക്കേണ്ട ഗ്യാരന്റി കമ്മീഷൻ അധിക ഗ്യാരന്റിക്ക് 0.25% കുറവുവരുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. Ceiling on Government Guarantee Act ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നു.

2014-15-ൽ ബാങ്കിന്റെ ലാഭം 23.41 കോടി രൂപയും ഗ്യാരന്റി കമ്മിഷൻ ഇനത്തിൽ സർക്കാരിലേക്ക് ബാങ്ക് അടയ്ക്കേണ്ട തുക 29.20 കോടി രൂപയുമാണ്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് മുമ്പ് അനുവദിച്ചിരുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ interest subvention പിൻവലിച്ചതു കാരണം കർഷകർക്ക് ഹ്രസ്വകാല വായ്പ ഉയർന്ന പലിശ നിരക്കിൽ മാത്രമേ നൽകാൻ കഴിയുന്നുള്ളൂ.

വിദ്യാഭ്യാസ വായ്പയ്ക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന പലിശയിളവ് ബാങ്കിന്റെ വായ്പക്കാർക്ക് ലഭ്യമാക്കുവാൻ കഴിയുന്നില്ല.

ഈ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഈ കാലയളവിൽ Deposit Mobilisation Scheme, Monthly Savings Scheme എന്നിവ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഹൗസ് ഫെഡ് :-

ഫെഡറേഷന്റെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുക്കുമ്പോൾ നിർണ്ണയിക്കുന്ന പലിശനിരക്ക് താരതമ്യേന കൂടുതലാകയാൽ ടി നിരക്കിനോടൊപ്പം ഫെഡറേഷന്റെയും സംഘത്തിന്റെയും പലിശ മാർജിൻകൂടി ചേർത്ത് വായ്പ അനുവദിച്ചു നൽകുമ്പോൾ പലിശനിരക്ക് മറ്റ് സ്ഥാപനങ്ങളിൽനിന്നും നൽകുന്ന വായ്പ പലിശനിരക്കിനേക്കാൾ കൂടുന്നത് പ്രശ്നമാകുന്നു.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുകയും എന്നാൽ ടി സംഘങ്ങൾ വായ്പ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നതിനാൽ വായ്പക്കാർക്ക് പ്രമാണം തിരികെ നൽകുവാൻ കഴിയുന്നില്ല. ഇത് ധാരാളം പരാതികൾക്ക് ഇടയാക്കുന്നു.

കൺസ്യൂമർ ഫെഡ് :-

ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ പ്രധാന പ്രശ്നം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ്.

കൺസ്യൂമർ ഫെഡിന്റെ മികച്ച പ്രവർത്തനം ലക്ഷ്യമാക്കിക്കൊണ്ട് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ ത്രിവേണി വിഭാഗത്തിൽ മെഗാമാർട്ടുകൾ, സൂപ്പർ മാർക്കറ്റുകൾ, മിനി ത്രിവേണി, ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോറുകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് അവയിലൂടെ എല്ലാ ഇനത്തിലുംപെട്ട ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ, എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ച് ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ സാധനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കരമാർഗ്ഗമുള്ള ഗതാഗത സൗകര്യം കുറഞ്ഞവയും ഉപഭോക്താക്കൾ ജലമാർഗ്ഗമുള്ള ഗതാഗതത്തെ ആശ്രയിക്കുന്ന സ്ഥലങ്ങളിൽ ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും ആരംഭിച്ച് ഉപഭോക്താക്കൾക്ക് സേവനം നൽകിവരുന്നു.

റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് :-

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, റബ്ബർ സംഭരണ വകയിൽ ഉണ്ടായ നഷ്ടം, ജീവനക്കാരുടെ കുറവ്, കാർഷികോല്പന്നങ്ങളുടെ വിലക്കുറവ് എന്നിവയാണ് ഈ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികൾ.

എസ്.സി./എസ്.റ്റി. ഫെഡറേഷൻ :-

പ്രവർത്തന മൂലധനത്തിന്റെ അഭാവവും ജീവനക്കാരുടെ കുറവും കാരണം ഫെഡറേഷന്റെ പ്രവർത്തനം ഉദ്ദേശിക്കുന്ന തലത്തിൽ എത്തിക്കാനാവുന്നില്ല.

പ്രവർത്തനം മെച്ചപ്പെടുത്താനായി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിച്ചുവരുന്ന ആയുർധാര ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനത്തിനായി 2012-2013 വർഷത്തിൽ 1 കോടി രൂപയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും ഫെഡറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപയും പഞ്ചകർമ്മ സെന്ററുകളുടെ പ്രവർത്തനത്തിനായി 20 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

വനിതാ ഫെഡ്

സാമ്പത്തിക പ്രതിസന്ധി കാരണം പ്രോജക്ടുകൾ നടപ്പാക്കാനാവുന്നില്ല.

| | | | |
|---|---|---|---|
| (ഡി) | പ്രവർത്തനരഹിതമായവ | – | 8% |
| | നഷ്ടത്തിൽ പ്രവർത്തിക്കുന്നവ | – | 53% |
| | ലിക്വിഡേഷനിലായവ | – | 2% |

## സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

85(2123) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാം;

(ബി) നടപ്പിലാക്കിയ പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് സംസ്ഥാനത്തിനുണ്ടായതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഡി) സഹകരണ മേഖലയിലെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളും അതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ പ്രയോജനങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(i) നിക്ഷേപ സമാഹരണയജ്ഞം :-

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011, 2012, 2013, 2014 എന്നീ വർഷങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. 36-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2016 ജനവരി 1 മുതൽ ഫെബ്രുവരി 15 വരെ നടത്തിവരുന്നു. 6000 കോടി രൂപയാണ് ടാർജറ്റ്. മറ്റ് വർഷങ്ങളിലെ ടാർജറ്റും നേട്ടവും ചുവടെ ചേർക്കുന്നു:

| വർഷം | ടാർജറ്റ് | കൈവരിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| 2011 | 3000 | 4425.09 |
| 2012 | 4500 | 5194.36 |
| 2013 | 5000 | 6674.00 |
| 2014 | 6000 | 6232.22 |
| ആകെ | 18,500 | 22,525.67 |

(ii) കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴിയുള്ള നിക്ഷേപ സമാഹരണം:-

പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നിക്ഷേപ സമാഹരണം നടത്തുന്ന പദ്ധതി ആരംഭിച്ചു. ഇത് സഹകരണ നിക്ഷേപ മേഖലയിലെ ഒരു സുപ്രധാന ചുവടുവയ്പായിരുന്നു.

(iii) സഹകരണ നിക്ഷേപ സുരക്ഷാനിധി/നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ രൂപീകരണം :-

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള കേരള സഹകരണ നിക്ഷേപ സുരക്ഷാ നിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകിവരുന്നു. നിലവിൽ ഈ സ്കീമിൽ 1872 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 73.23 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(iv) സഹകരണ ബാങ്കുകളുടെ ആധുനികവല്ക്കരണം:-

സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ എ.റ്റി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സഹകരണ സംഘങ്ങളുടെയും, ബാങ്കുകളുടെയും വായ്പാ കുടിശ്ശിക അടയ്ക്കുന്നതിനും കുടിശ്ശികക്കാരായ വായ്പക്കാരന് ആശ്വാസം നൽകുന്നതിനുമായി നടപ്പിലാക്കുന്ന 'ആശ്വാസ്' പദ്ധതിയിലൂടെ 2011, 2012, 2014, 2015 വർഷങ്ങളിലായി 935.14 കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെയും വായ്പാ ബാദ്ധ്യത നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്ന പദ്ധതിയായ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒന്നര ലക്ഷംരൂപവരെയുള്ള വായ്പാ ബാദ്ധ്യത ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ വിവിധ കടാശ്വാസ പദ്ധതികൾ പ്രകാരം കടാശ്വാസ ആനുകൂല്യം നൽകിവരുന്നുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

**കടാശ്വാസ പദ്ധതി**

1. കർഷക കടാശ്വാസ പദ്ധതി :-

   കേരള കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്തിരുന്ന വായ്പകൾക്കായി ഈ സർക്കാരിന്റെ കാലത്ത് 89.39 കോടി രൂപയുടെ കടാശ്വാസ ആനുകൂല്യം സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി :-

   മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്തിരുന്ന വായ്പകൾക്കായി 123.08 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ബന്ധപ്പെട്ട വായ്പക്കാർക്ക് കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇതിനുപുറമേ ടി പദ്ധതിയിൻ കീഴിൽ 4.86 കോടി രൂപ കൂടി ഫിഷറീസ് ഡയറക്ടർ മുഖാന്തരം സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

3. <u>പട്ടികജാതി കടാശ്വാസ പദ്ധതി</u> :-

ഒന്നരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും സർക്കാർ ഉത്തരവാകുകയും ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഒന്നര ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങൾ

86(2124) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നിയമങ്ങൾ പാലിച്ചു എന്ന് ഉറപ്പുവരുത്തിയാണോ സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ സംഘങ്ങൾക്ക് തസ്തിക, പ്രതിമാസ നിക്ഷേപ പദ്ധതി എന്നിവയ്ക്ക് അനുമതി നല്കുന്ന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1911 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 12 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കടമ്പഴിപ്പുറം പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1314
2. ശ്രീകൃഷ്ണപുരം പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1323
3. ഒറ്റപ്പാലം താലൂക്ക് ബിൽഡിംഗ് ആന്റ് റോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1328
4. ലക്കിടി പേരൂർ പഞ്ചായത്ത് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1334

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കടമ്പഴിപ്പുറം പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1348
6. കരിമ്പുഴ പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1349
7. പ്രിയദർശിനി കൺസ്യൂമർ സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1359
8. ഒറ്റപ്പാലം എഡ്യൂക്കേഷണൽ ഡിസ്ട്രിക്ട് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1377
9. ഒറ്റപ്പാലം മുൻസിപ്പൽ മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നം. പി. 1378
10. ശ്രീകൃഷ്ണപുരം പഞ്ചായത്ത് മൾട്ടിപർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1396
11. ശ്രീകൃഷ്ണപുരം ബ്ലോക്ക് മർച്ചന്റ് മാർക്കറ്റിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1408
12. തിരുവാഴിയോട് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ പി. 1409

(സി) സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) സർക്കാരും സഹകരണ സംഘം രജിസ്ട്രാറും അതാത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരവും ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് പുതിയ സഹകരണ സംഘങ്ങൾക്ക് തസ്തിക അനുവദിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയുടെ നെറ്റ് അസറ്റിന്റെ 50%-ൽ അധികരിക്കാതെ സംഘങ്ങളുടെ/ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരമാവധി 10 ലക്ഷത്തിൽ അധികരിക്കാതെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തോടെയാണ് പ്രതിമാസ നിക്ഷേപ പദ്ധതിക്ക് അനുമതി നൽകുന്നത്.

## സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര

87(2125) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊള്ളപ്പലിശക്കാരിൽനിന്നും സ്വകാര്യ പണമിടപാടുകാരിൽനിന്നും രക്ഷിച്ച് സഹകാരികൾക്ക് യഥാസമയം മതിയായ തോതിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ മേഖലയിൽ കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യം.

(സി) താഴെപ്പറയുന്ന നടപടികളാണ് ഇക്കാര്യത്തിൽ നടപ്പിലാക്കിവരുന്നത് :

1. ദാരിദ്ര്യരേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5000/- രൂപ വരെ വായ്പ സ്വന്തം ജാമ്യത്തിൽ, അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2. അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

3. ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 8 വരെ ദീർഘിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

4. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പകൾക്ക് പലിശ 16% വരെ എന്നത് 1% കുറച്ച് പരമാവധി 15% ആയി കുറവു ചെയ്തിട്ടുണ്ട്.

5. സ്വർണ്ണപണയ വായ്പയുടെ പരിധി ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശനിരക്ക് 12% ആയും നിജപ്പെടുത്തി.

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

(1) സഹകാരികൾക്ക് കൂടുതൽ സൗകര്യത്തിനായി ഞായറാഴ്ചകളിൽ ബാങ്കിംഗ് സേവനം നൽകാനായി 'സൺഡേ ബാങ്കിംഗ്' നടത്തുക.

(2) 1 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും 50,000/ രൂപവരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നടപ്പിലാക്കുക.

(3) കൃത്യമായി വായ്പ മുതൽ തുക തിരിച്ചടക്കുന്ന ഹ്രസ്വകാലവിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകുക, ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുക.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

### സഹകരണ നിയമത്തിൽ ഭേദഗതി

88(2126) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനായി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നു; കമ്മിറ്റി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ. ചെയർമാനായും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ശ്രീ. കെ. പി. സുരേഷ് ബാബു കൺവീനറായും 17 അംഗ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. മറ്റ് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്നു:

1. ശ്രീ. ജോയ് എബ്രഹാം, എം.പി. - ഡയറക്ടർ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ
2. ശ്രീ. കെ. എ. ചന്ദ്രൻ, എക്സ് എം.എൽ.എ. - പ്രസിഡന്റ്, പാലക്കാട് ജില്ലാ സഹകരണ ആശുപത്രി സംഘം
3. അഡ്വ. എൻ. ദാമോദരൻ നായർ, ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
4. ശ്രീ. ഇ. എം. അഗസ്തി, എക്സ് എം.എൽ.എ. - പ്രസിഡന്റ്, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്
5. ശ്രീ. പി. രാഘവൻ, എക്സ് എം.എൽ.എ. - ചെയർമാൻ, കാസർഗോഡ് എഡ്യൂക്കേഷണൽ സഹകരണ സംഘം
6. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ, എക്സ് എം.എൽ.എ. - ചെയർമാൻ, അർബൻ സഹകരണ ബാങ്ക്, കൊട്ടാരക്കര.
7. ശ്രീ. മനയത്ത് ചന്ദ്രൻ, പ്രസിഡന്റ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്
8. ശ്രീ. എം. മെഹബൂബ്, എം. ദാസൻ മെമ്മോറിയൽ ഇൻഫർമേഷൻ ടെക്നോളജി സഹകരണ സംഘം (MDit), കോഴിക്കോട്
9. ശ്രീ. കരകുളം കൃഷ്ണപിള്ള, മുൻ ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
10. ശ്രീ. പി. അബ്ദുൾ ഹമീദ്, ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

11. ശ്രീ. സി. എൻ. വിജയകൃഷ്ണൻ, ചെയർമാൻ, കാലിക്കട്ട് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്

12. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

13. ശ്രീ. എം. എം. രാജപ്പൻ, മുൻ ജനറൽ മാനേജർ, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

14. അഡ്വ. കെ. ജയവർമ്മ, പ്രസിഡന്റ്, തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്ക്, ഇരവിപേരൂർ പി.ഒ., തിരുവല്ല

15. ശ്രീ. ഇ. ഷംസുദ്ദീൻ, പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്.

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമവും ചട്ടവും സമഗ്രമായി ഭേദഗതി ചെയ്യുക എന്നതാണ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ്. കമ്മിറ്റിയുടെ റിപ്പോർട്ട് ഉടൻതന്നെ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ**

89(2127) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ നൽകുന്നതിന് 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും എത്ര തുക വിതം വിതരണം ചെയ്യുകയുണ്ടായി;

(ബി) മേൽ പ്രസ്തുതാവിച്ച ഓരോ വർഷവും ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 10 കോടി രൂപയിലധികം വായ്പ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വായ്പകളുടെ പലിശ നിരക്ക്, കാലാവധി ഇവ എത്രയാണ്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തിൽ സംസ്ഥാന സഹകരണ ബാങ്ക്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) എന്ന സ്ഥാപനത്തിന് മാത്രമേ വായ്പ നൽകിയിട്ടുള്ളൂ. 21-6-2012-ൽ 10 കോടി രൂപയാണ് രണ്ടാമത്തെ വായ്പയായി അനുവദിച്ചത്. മുമ്പ് 9-1-2010-ൽ 10 കോടി രൂപ ആദ്യ വായ്പയായി നൽകിയിരുന്നു.

(ബി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന് 10 കോടി രൂപയിലധികം വായ്പ നൽകിയിട്ടുണ്ട്.

(സി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന്റെ 2 വായ്പകളുടേയും കാലാവധി 10 വർഷമാണ്. പലിശ യഥാക്രമം 12 ശതമാനവും 12.5 ശതമാനവുമാണ്.

**സഹകരണ സ്ഥാപനങ്ങൾവഴി കൂടുതൽ സേവനങ്ങൾ**

90(2128) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനം സുതാര്യവും അഴിമതി രഹിതവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടി മേഖല, റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാ ക്ഷേമം എന്നീ മേഖലകളിൽ പഠനം നടത്തിവരികയും മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. ലേബർ കോൺട്രാക്ട് സംഘങ്ങളുടെയും ടൂറിസം സഹകരണ സംഘങ്ങളുടെയും അപ്പക്സ് ഫെഡറേഷനുകൾ രൂപീകരിക്കുകയും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുകയും, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും ജൈവ പച്ചക്കറി

കൃഷി ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുകയും 'ഓപ്പറേഷൻ കുബേര'-യുടെ ഭാഗമായി നടപടി സ്വീകരിക്കുകയും വാർഷിക പദ്ധതികളിൽ പുതിയ ധനസഹായ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ കെയർ സെന്റർ, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾവഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ, എ.ടി.എം., കോർബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിൽ കൃത്യമായ പരിശോധന നടത്തുന്നതിനാവശ്യമായ രീതിൽ വകുപ്പിലെ ജനറൽ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആഡിറ്റ് മാന്വൽ പരിഷ്ക്കരിക്കുന്നതിനും വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ/ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## അടച്ചുപൂട്ടിയ നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ

91(2129) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച എത്ര നീതി, നന്മ, ത്രിവേണി സ്റ്റോറുകളാണ് ഓരോ ജില്ലയിലും അടച്ച് പൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യം ചെയ്യുമ്പോൾ കൺസ്യൂമർ ഫെഡ് വഴിയുള്ള വ്യാപാരത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തു പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച 73 നീതി സ്റ്റോറുകളും 10 ത്രിവേണി സ്റ്റോറുകളുമാണ് അടച്ചുപൂട്ടിയിട്ടുള്ളത്. നന്മ സ്റ്റോറുകൾ ഒന്നുംതന്നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളവയല്ല. അടച്ചുപൂട്ടിയ നീതി, ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | അടച്ചുപൂട്ടിയ നീതി സ്റ്റോറുകൾ | അടച്ചുപൂട്ടിയ ത്രിവേണി സ്റ്റോറുകൾ |
|---|---|---|
| തിരുവനന്തപുരം | 11 | 3 |
| കൊല്ലം | 3 | 2 |
| പത്തനംതിട്ട | 1 | 1 |
| ആലപ്പുഴ | 5 | - |
| കോട്ടയം | 17 | 1 |
| ഇടുക്കി | 2 | - |
| എറണാകുളം | 1 | 2 |
| തൃശ്ശൂർ | 10 | 1 |
| പാലക്കാട് | 9 | - |
| മലപ്പുറം | 1 | - |
| കോഴിക്കോട് | 2 | - |
| വയനാട് | - | - |
| കണ്ണൂർ | 9 | - |
| കാസർഗോഡ് | 2 | - |
| ആകെ | 73 | 10 |

(ബി) വില്പനയിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വില്പനെയെക്കാൾ ഈ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 103.11 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ 72 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

## നിക്ഷേപ സമാഹരണം

92(2130) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയുടെ പ്രധാന വിഭവസ്രോതസ്സായ നിക്ഷേപ സമാഹരണത്തെ ഇപ്പോൾ പ്രതികൂലമായി ബാധിച്ചിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ആദായ നികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകളും കെ.വൈ.സി. നോംസ് സഹകരണ മേഖലയ്ക്കും നിർബന്ധമാക്കിയതും നിക്ഷേപ സമാഹരണത്തെ ബാധിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ സമാഹരണത്തിന്റെ നേട്ടം ലക്ഷ്യത്തിന്റെ ശതമാനക്കണക്കിൽ ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞു വരികയാണോ; 2010-11-ലെ നേട്ടം ലക്ഷ്യത്തിന്റെ എത്ര ശതമാനമായിരുന്നു; 2015-16-ലെ നേട്ടം ലക്ഷ്യത്തിന്റെ എത്ര ശതമാനമാണ്;

(ഡി) അംഗ സംഘങ്ങൾ സമാഹരിക്കുന്ന നിക്ഷേപം കേന്ദ്ര സംഘങ്ങളിൽ നിക്ഷേപിക്കുമ്പോൾ അവ കൂടി ഓരോ തലങ്ങളിലേയും നിക്ഷേപമായി കണക്കാക്കി പെരുപ്പിച്ച് കാണിക്കുന്ന പ്രവണതയുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവും, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ആദായനികുതി ബാധകമാക്കിയെന്ന സഹകാരികളുടെ ആശങ്കയും സംസ്ഥാനത്തെ സഹകരണ നിക്ഷേപ സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ തുക നിക്ഷേപിച്ചിട്ടുള്ളവരും, 10,000 രൂപയിൽ കൂടുതൽ പലിശ വാങ്ങിയിട്ടുള്ളവരുമായ നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ആദായ നികുതി വകുപ്പ് നടപടി സ്വീകരിച്ചതും, സഹകരണ ബാങ്കുകൾ ആദായനികുതി നിയമപ്രകാരം നിക്ഷേപകരിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കണമെന്ന ആദായനികുതി നിയമത്തിലെ ഭേദഗതിയും നിക്ഷേപ സമാഹരണത്തെ ദോഷകരമായി ബാധിക്കുന്നതായി ആക്ഷേപമുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ കെ.വൈ.സി. നോംസ് പാലിക്കണമെന്ന നിർദ്ദേശം നിക്ഷേപ സമാഹരണത്തെ സാരമായി ബാധിക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല.

(സി) 2010 മുതൽ നടന്ന നിക്ഷേപ സമാഹരണങ്ങളുടെ ലക്ഷ്യം, നേട്ടം, ശതമാനം ഇവ ചുവടെ പരാമർശിക്കുന്നു:

| നിക്ഷേപ സമാഹരണം | ലക്ഷ്യം | നേട്ടം | ശതമാനം |
|---|---|---|---|
| | (തുക കോടിയിൽ) | | |
| 2010 മാർച്ച് | 1250 | 4135.62 | 330% |
| 2011 മാർച്ച് | 2500 | 3127.13 | 125% |
| 2011 നവംബർ | 3000 | 4425.09 | 147.50 % |
| 2012 ഡിസംബർ | 4500 | 5194.36 | 115.43% |
| 2013 ഡിസംബർ | 5000 | 6674 | 133.48% |
| 2014 ഡിസംബർ | 6000 | 6232.22 | 103.87% |
| (2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചു വരുന്നു.) | 6000 | - | - |

2010 മാർച്ചിൽ 1250 കോടി രൂപ ലക്ഷ്യം നിശ്ചയിച്ചിരുന്നത് 2011 മാർച്ചിൽ 2500 കോടിയായും 2011 നവംബറിൽ 3000 കോടിയായും 2012 ഡിസംബറിൽ 4500 കോടി രൂപയായും 2013 ഡിസംബറിൽ 5000 കോടി രൂപയായും 2014 ഡിസംബറിൽ 6000 കോടി രൂപയായും ഉയർത്തുകയുണ്ടായി. ഈ സാഹചര്യത്തിലാണ് നേട്ടത്തിന്റെ ശതമാനം കണക്കിൽ കുറഞ്ഞുവരുന്നത്.

(ഡി) അംഗ സംഘങ്ങളുടെ മിച്ച ഫണ്ട്, റിസർവ് ഫണ്ട്, തരളധനം എന്നിവ അതാതു കേന്ദ്ര സംഘങ്ങളിലാണ് നിക്ഷേപിച്ചുവരുന്നത്. കേന്ദ്ര സംഘങ്ങളുടെ ബാക്കി പത്രത്തിൽ ഇവ അവയുടെ നിക്ഷേപ ബാക്കിനിൽപ്പായാണ് കണക്കിൽപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല പ്രസ്തുത നിക്ഷേപം കേന്ദ്ര സംഘങ്ങളുടെ പ്രവർത്തന മൂലധനമായി കണക്കാക്കിവരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത നിക്ഷേപം ഓരോ തലങ്ങളിലെയും നിക്ഷേപകമായി കണക്കാക്കിയാണ് വരുന്നത്. സംഘങ്ങളുടെ കണക്കെഴുത്ത് രീതിയും ഇപ്രകാരമായതിനാൽ നിക്ഷേപം പെരുപ്പിച്ച് കാണിക്കുന്നുവെന്ന് പറയാനാവില്ല.

## നിക്ഷേപരംഗത്തെ ഉണർവിനായി കർമ്മ പരിപാടികൾ

93(2131) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവിനായി കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തെ ഉണർവിനായി 5 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുക ഉണ്ടായി. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 സഹകരണ നിക്ഷേപ രംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച 4 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ 18,500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിലൂടെ 22,527.67 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചു. ഈ സർക്കാരിന്റെ കാലത്തെ 5-ാമത്തേതും 1-1-2016 മുതൽ 15-2-2016 വരെയുള്ള കാലയളവിലേക്ക് ഇപ്പോൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ നിക്ഷേപ സമാഹരണ യജ്ഞത്തിൽ 6,000 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക വഴി സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപകരെയും നിക്ഷേപവും ആകർഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യം കൈവരിക്കാനാണുദ്ദേശിക്കുന്നത്.

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലും വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും, സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ/ ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങളെ നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കാൻ വകുപ്പുമന്ത്രി ചെയർമാനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മേൽ പരാമർശിച്ച സംഘങ്ങൾ/ബാങ്കുകളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത എല്ലാ സംഘങ്ങളും നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരേണ്ടതാണെന്നും, സ്കീമിൽ ചേരാത്ത സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അവകാശം നഷ്ടമാകുമെന്നും, ഇത്തരം സംഘങ്ങളെ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ രജിസ്ട്രാറെ അധികാരപ്പെടുത്തിയുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി

94(2132) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിൽ 2013-ൽ ഓഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കിയിരുന്നുവോ; പ്രസ്തുത പദ്ധതി എല്ലാ സഹകരണ സർക്കിളുകളിലും നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളാവുന്ന ഓഡിറ്റർമാർക്ക് ഇൻസന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(സി) പൊന്നാനി സഹകരണ സർക്കിളിനു കീഴിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിൽ എത്ര ഓഡിറ്റർമാരാണ് പങ്കാളികളായത് എന്ന് വിശദമാക്കുമോ;

(ഡി) ഇവർക്ക് ഇൻസന്റീവ് നൽകിയിരുന്നോ; ഇൻസന്റീവ് ഇനി ആർക്കെങ്കിലും നൽകാനുണ്ടോ; എങ്കിൽ ആർക്കെല്ലാം; നൽകാതിരിക്കുന്നതിനു കാരണം വിശദമാക്കുമോ;

(ഇ) ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; മാനദണ്ഡങ്ങളിലെ പിശക് മൂലമാണ് പ്രസ്തുത ഇൻസന്റീവ് ലഭിക്കാതിരുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 1-4-2013 മുതൽ 31-12-2013 വരെ ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി എല്ലാ സർക്കിളുകളിലും നടപ്പിലാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളാവുന്ന ആഡിറ്റർമാർക്ക് സർക്കാരിന്റെ 22-7-2013-ലെ സ.ഉ. (സാധാ) 478/2013/സഹ. നമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് പ്രഖ്യാപിച്ചിരുന്നു.

(സി) ഉണ്ട്. പൊന്നാനി സർക്കിളിൽ നിന്ന് 8 ആഡിറ്റർമാരും ജനറൽ വിഭാഗത്തിൽ നിന്ന് 3 ഇൻസ്പെക്ടർമാരും ഉൾപ്പെടെ 11 പേർ കുടിശ്ശിക നിവാരണ പദ്ധതിയിൽ പങ്കാളികളായി.

(ഡി) സർക്കാരിന്റെ 22-7-2013-ലെ സ.ഉ. (സാധാ) 478/2013/സഹ. നമ്പർ ഉത്തരവ് പ്രകാരം ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക ആഡിറ്റ് കുടിശ്ശികയിൽ പങ്കാളികളായ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 22-7-2013-ലെ സ.ഉ. (സാധാ) 478/2013/സഹ. നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി അനുസരിച്ച് കുടിശ്ശിക തീർക്കുന്നതിന് അധികമായി ജോലി ചെയ്ത ആഡിറ്റർമാർക്കും/ഇൻസ്പെക്ടർമാർക്കും അവർ സാധാരണ ജോലിക്കു പുറമേ അധികമായി ചെയ്ത ജോലിക്ക് ആഡിറ്റ് ഫീസിന്റെ 30 ശതമാനം പരമാവധി 25,000 രൂപ ഇൻസെന്റീവ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിൽ പിശകുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി

95(2133) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബർ സഹകരണ സംഘങ്ങൾക്ക് അടിയന്തര വായ്പാ സഹായം നൽകുമോ എന്നറിയിക്കുമോ;

(സി) റബ്ബർ സഹകരണ സംഘങ്ങളുടെ വായ്പയ്ക്കും അവയുടെ തിരിച്ചടവിനും പലിശയ്ക്കും സാവകാശവും ഇളവും പ്രഖ്യാപിക്കുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ-സി) റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക സഹായം നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

## കേപ്പിലെ വായ്പ തിരിച്ചടവ്

96(2134) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് ഇനത്തിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷന് അനുവദിച്ച വായ്പ തിരിച്ചടയ്ക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതാ വിമുക്തമാക്കാൻ പ്രസ്തുത ബാങ്കിന്റെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) വായ്പാതുക തിരിച്ചടക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതമുക്തമാക്കി കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കേപ്പിനെ ബാധ്യതമുക്തമാക്കുന്നതിനുവേണ്ടി കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയും സഹകരണ സംഘം രജിസ്ട്രാറും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കേപ്പിന് അനുവദിച്ച വായ്പയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇല്ല. എന്നാൽ 17-12-2013-ലെ സ.ഉ. (കൈ) നം. 288/2013/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള ആസ്തികളും ബാധ്യതകളും സഹിതമാണ് കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തത്.

(സി) 5-3-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നൽകാനുള്ള തുകയെ സംബന്ധിച്ച് ബാങ്ക് അധികാരികളുമായി സർക്കാർ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാനം 26-3-2015-ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 149-ാമത് യോഗം അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് 16-7-2015-ൽ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കേപ്പ് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിൽ 30-6-2014-ൽ കേപ്പ് അടച്ചുതീർക്കേണ്ട തുകയായ 74,86,10,025 രൂപ മുതലായി കണക്കാക്കാനും അന്നുമുതൽ നബാർഡ് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം പലിശ കണക്കാക്കാനും അത് പ്രകാരമുള്ള തുക ഒക്ടോബർ 2015 മുതൽ മൂന്ന് തുല്യ മാസഗഡുക്കളായി നൽകാനും തീരുമാനമായി. എന്നാൽ ഇതിനുള്ള തുക 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താതിരുന്നതുകൊണ്ട് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി**

97(2135) <u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## ഉത്തരം

(എ) ഉണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പറയുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

(സി) മുഖാമുഖം പരിപാടിയിൽ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്മാർ, സംഘം പ്രസിഡന്റുമാർ, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിൽ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവയിൽ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയുണ്ടായി. സഹകരണ മേഖലയുടെ അടിസ്ഥാന ആവശ്യങ്ങൾ ആഴത്തിൽ വിലയിരുത്തുന്നതിനും പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഈ നൂതന പരിപാടികളിലൂടെ സാധിച്ചു.

## കോബാങ്ക് വ്യാപാർ ലോൺ വായ്പാ പദ്ധതി

98(2136) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കോബാങ്ക് വ്യാപാർ ലോൺ വായ്പാ പദ്ധതിയിലൂടെ 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ഓരോ ജില്ലയിലും എത്ര വ്യാപാരികൾക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ ജില്ലയിലും ആകെ എന്ത് തുക വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) കോബാങ്ക് വ്യാപാർ ലോണിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ;

(സി) പലിശ നിരക്കും പരമാവധി വായ്പാ തുകയും എത്രയാണ് എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. സ്വന്തമായി കച്ചവടസ്ഥാപനം നടത്തുന്ന വ്യക്തികൾക്കാണ് ഈ വായ്പ അനുവദിക്കുന്നത്.

2. മൂന്ന് വായ്പക്കാരുടെ പരസ്പര ജാമ്യത്തിൽ ഈ വായ്പ അനുവദിക്കുന്നു.

3. പ്രതിദിനം ഒരു നിശ്ചിത തുകവച്ച് വായ്പ തിരിച്ചടയ്ക്കാവുന്നതാണ്.

(സി) പരമാവധി വായ്പാതുക 2,00,000 രൂപ, പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

| വർഷം | പലിശ നിരക്ക് | കാലാവധി |
|---|---|---|
| 2011-12 | 15.50 % | 3 വർഷം |
| 2012-13 | 15.50 % | 3 വർഷം |
| 2013-14 | 15.00 % | 3 വർഷം |
| 2014-15 | 13.00 % | 3 വർഷം |

## ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ

99(2137) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ നിലവിലുണ്ടോ;

(ബി) ഔഷധ വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പ്രസ്തുത സ്റ്റോറുകൾ വിജയകരമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമല്ല എന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത സംരംഭം ആരംഭിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സഹകരണ വകുപ്പിന് കീഴിൽ ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ല. എന്നാൽ നീതി മെഡിക്കൽ സ്റ്റോറുകൾ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നുണ്ട്.

(ഡി) നീതി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഘങ്ങൾ വഴി ക്രമപ്രകാരമുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സംരംഭം ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

**പാർട്ട് ടൈം ജീവനക്കാരുടെ നിയമനം**

100(2138) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉത്തരവ് (പി) നമ്പർ 12/2013 തീയതി 19-1-2013 പ്രകാരം സഹകരണ ബാങ്കിലെ പാർട്ട് ടൈം ജീവനക്കാരെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ അവരെ സഹകരണ സംഘത്തിലെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്താനും ഒഴിവുവരുന്ന സബ് സ്റ്റാഫ് വിഭാഗത്തിൽ 50% സംവരണം നൽകി നിയമിക്കുന്നതിനുമുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തിയതിനുശേഷം മാത്രമേ ടി ആവശ്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**റിസ്ക് ഫണ്ട് പദ്ധതി**

101(2139) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക്ഫണ്ട് പദ്ധതിയിൽ അംഗമായ വായ്പക്കാരൻ മരണപ്പെടുകയും പദ്ധതിയിലെ ആനുകൂല്യത്തിനായി ബന്ധപ്പെട്ട ബാങ്കുമുഖേന അപേക്ഷ നൽകുകയും ചെയ്താൽ വായ്പക്കാരന്റെ അവകാശികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സംഘങ്ങൾക്ക് അധികാരവും അവകാശവും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവോ സർക്കുലറോ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാധ്യതയായി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്നും വായ്പക്കാരെ ഒഴിവാക്കുന്നതിനു വേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പരിധിക്കുള്ളിലുള്ള വായ്പകളിൽ വായ്പക്കാരന്റെ അവകാശികളുടെ പേരിൽ സംഘങ്ങൾ നടപടി സ്വീകരിക്കാൻ പാടുള്ളതല്ല. വായ്പ തുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും, ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം വായ്പക്കാരനിൽ നിന്ന് ഈടാക്കി സ്കീമിന്റെ കോർപ്പസ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ എല്ലാ വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നരലക്ഷം രൂപയും ആയതിന്റെ പലിശയും ആയിരിക്കും. റിസ്ക് ഫണ്ട് ആനുകൂല്യ പരിധിയിൽ അധികരിച്ചുള്ള വായ്പാ ബാധ്യത സംബന്ധിച്ചും ആയത് ഈടാക്കുന്നത് സംബന്ധിച്ചും റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) വായ്പ ഈടാക്കുന്നത് സംബന്ധിച്ച് വായ്പക്കാരനും സംഘവും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, റിസ്ക് ഫണ്ട് ആനുകൂല്യ പരിധി ഇപ്പോൾ വർദ്ധിപ്പിക്കുന്ന സാഹചര്യം നിലവിലില്ലാത്തതിനാലും, റിസ്ക് ഫണ്ട് ആനുകൂല്യത്തിന് ഉപരിയായ ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച് വായ്പക്കരാർ പ്രകാരം സംഘത്തിന് ഉചിതമായ നിയമാനുസൃത തീരുമാനം കൈക്കൊള്ളാമെന്നിരിക്കെ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കൊട്ടാരക്കര മണ്ഡലത്തിലെ വികസന പദ്ധതികൾ

102(2140) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശങ്ങളും ആയതിന് വകയിരുത്തിയ തുകയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 സംഘങ്ങൾക്ക് 234.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുബന്ധത്തിൽ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്. *

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന/ എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൺസ്യൂമർഫെഡിലെ അഴിമതി

103(2141) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുവാൻ പ്രവർത്തിക്കേണ്ട സ്ഥാപനമായ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മൂലം വിലക്കയറ്റം തടയുവാനും, അതുവഴി ജനങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിയാത്തതും സംബന്ധിച്ച വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർഫെഡിൽ സ്ഥിരം ജീവനക്കാർ എത്ര; ഡെപ്യൂട്ടേഷൻകാർ എത്ര; താല്ക്കാലിക ജിവനക്കാർ എത്ര;

(ഡി) അഴിമതിക്കും മറ്റ് കുറ്റകൃത്യങ്ങൾക്കും വിവിധ അന്വേഷണം നേരിടുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ ആരെല്ലാം; എത്ര കോടി രൂപയുടെ അഴിമതികേസ്സുകളാണ് നിലവിലുള്ളത്; അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാം; ഏതൊക്കെ അന്വേഷണമാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) കൺസ്യൂമർഫെഡിൽ അഴിമതി സംബന്ധിച്ച് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ തച്ചങ്കരി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ എന്തെല്ലാം വിഷയങ്ങൾ സൂചിപ്പിച്ചുവെന്നും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കൺസ്യൂമർഫെഡിൽ അഴിമതിയും കെടുകാര്യസ്ഥതയും മുഖേന അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള സ്ഥാനക്കയറ്റമാണ് നൽകിയതെന്നും, ഇത്തരത്തിൽ അന്വേഷണം നേരിടുന്ന എത്ര പേരെ സസ്പെന്റ് ചെയ്തുവെന്നും എത്ര പേരെ പിരിച്ചുവിട്ടുവെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കൺസ്യൂമർഫെഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത്; വ്യക്തമാക്കുമോ; നിലവിൽ കൺസ്യൂമർഫെഡ് നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

| | | | |
|---|---|---|---|
| (സി) | സ്ഥിരം ജീവനക്കാർ | - | 1314 |
| | ഡെപ്യൂട്ടേഷൻ | - | 1 |
| | താൽക്കാലിക ജീവനക്കാർ/ | | |
| | ദിവസക്കൂലി | - | 3285 |
| | കരാർ അടിസ്ഥാനം | - | 266 |

(ഡി) കൺസ്യൂമർ ഫെഡറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായർ, ശ്രീ. ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ്സുകുമാരൻ, ശ്രീ. ഷാജു കെ. എന്നിവർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്. അന്വേഷണം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ അഴിമതി കേസുകളുമായി ബന്ധപ്പെട്ട് തുക സംബന്ധിച്ച വിവരം ലഭ്യമല്ല. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നതും ഇതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ജോയിന്റ് രജിസ്ട്രാർ (എസ്. സി./എസ്. ടി.) ശ്രീ. പി. പി. ദിലീപ് കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. അന്വേഷണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി 14 ജില്ലകളിൽ നിന്നും ഉദ്യോഗസ്ഥരുടെ ഒരു ടീം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പരിശോധനയിലുണ്ടായിരുന്ന ഫെഡറേഷന്റെ സാമ്പത്തിക ക്രമക്കേടുകൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ തിരിമറി തുടങ്ങിയവ തന്നെയാണ് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടോമിൻ തച്ചങ്കരി സർക്കാരിന് നൽകിയ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരുന്നത്. ലഭിച്ച റിപ്പോർട്ട് ആവശ്യമായ നടപടികൾക്കായി വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(എഫ്) അഴിമതിയും കെടുകാര്യസ്ഥതയും മുഖേന അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല. കൺസ്യൂമർ ഫെഡറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായർ, ജീവനക്കാരായ ശ്രീ. ആർ. ജയകുമാർ, ശ്രീ. കെ. ഷാജു എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ആരെയും പിരിച്ചുവിട്ടിട്ടില്ല.

(ജി) കഴിഞ്ഞ എൽ.ഡി.എഫ്. ഭരണക്കാലത്തും നിലവിലും കൺസ്യൂമർഫെഡ് അറ്റനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ ഒരു മാസം ശരാശരി വരവ് 21.64 കോടി രൂപയും ചെലവ് 35.33 കോടി രൂപയുമാണ്.

## കൺസ്യൂമർ സ്റ്റോറുകൾ

104(2142) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കൺസ്യൂമർ സ്റ്റോറുകൾ അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 19 എണ്ണം അനുവദിച്ചിരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കോട്ടയം | - | 3 |
| എറണാകുളം | - | 1 |
| തൃശ്ശൂർ | - | 11 |
| കോഴിക്കോട് | - | 1 |
| കാസർഗോഡ് | - | 2 |
| ആകെ | | 19 |

(ബി) കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് സംഘം നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം. നിർദ്ദിഷ്ട കൺസ്യൂമർ സ്റ്റോറിന് സമീപം മറ്റ് സഹകരണ കൺസ്യൂമർ സ്റ്റോറുകൾ ഉണ്ടാകാൻ പാടില്ല. സംഘങ്ങളുടെ പ്രവർത്തനപരിധിയിലായിരിക്കണം നിർദ്ദിഷ്ട സ്റ്റോർ ആരംഭിക്കേണ്ടത്. സ്റ്റോർ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്ഥിതി സംഘത്തിന് ഉണ്ടായിരിക്കണം. ഇവയ്ക്കുപുറമേ വിജയ സാധ്യത കാണിക്കുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ പരിശോധിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകൾക്ക് അനുമതി നൽകി വരുന്നു.

(സി) അർഹമായ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## നിക്ഷേപ സമാഹരണ യജ്ഞം

105(2143) ശ്രീ. പി. സി വിഷ്ണനാഥ് :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപസമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 2011 നവംബർ, 2012 ഡിസംബർ, 2013 ഡിസംബർ, 2014 ഡിസംബർ എന്നീ മാസങ്ങളിലായി 4 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 5-ാമത് നിക്ഷേപ സമാഹരണയജ്ഞം 2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചുവരുന്നു.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച നാല് നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ആകെ 18,500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ആകെ 22,525.67 കോടി രൂപ ഈ യജ്ഞങ്ങളിലൂടെ സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

| നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ച മാസവും വർഷവും | ലക്ഷ്യം (തുക കോടിയിൽ) | നേട്ടം (തുക കോടിയിൽ) |
|---|---|---|
| നവംബർ, 2011 | 3000 | 4,425.09 |
| ഡിസംബർ, 2012 | 4500 | 5,194.36 |
| ഡിസംബർ, 2013 | 5000 | 6,674.00 |
| ഡിസംബർ, 2014 | 6000 | 6,232.22 |
| ആകെ | 18500 | 22,525.67 |

2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചുവരുന്ന നിക്ഷേപ സമാഹരണ യജ്ഞത്തിൽ 6000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലും വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് കാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങൾ/ ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. കാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങളെ നിക്ഷേപ സഹകരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

## എഞ്ചിനീയറിംഗ് കോളേജുകൾ

106(2144) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്;

(ബി) ഇവ ഓരോന്നിലും ഏതൊക്കെ കോഴ്സുകളിലായി എത്ര സീറ്റുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 9 എഞ്ചിനീയറിംഗ് കോളേജുകൾ (സർക്കാരിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള CAPE (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ)-ന് കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കോഴിക്കോട് ജില്ലയിൽ എം. ദാസൻ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും പ്രവർത്തിക്കുന്നു.)

(ബി) 9 എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തുന്ന ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളുടെയും സീറ്റുകളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സഹകരണമേഖലയിൽ കടാശ്വാസ കമ്മീഷൻ**

107(2145) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നിയമവും ചട്ടവും പരിഷ്കരിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടില്ല.

(ബി) സഹകരണസംഘം നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് ശ്രീ. ശിവദാസൻ നായർ, എം.എൽ.എ. അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**വായ്പാത്തട്ടിപ്പ്**

108(2146) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ വൻ വായ്പാത്തട്ടിപ്പ് നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നത് ഏത് ജില്ലയിലാണ്; എത്ര കോടി തട്ടിപ്പ് നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) മൂന്നുമാസത്തിനുള്ളിൽ ചെക്ക് കളക്ഷന് നൽകണമെന്ന വ്യവസ്ഥയുടെ മറവിൽ അക്കൗണ്ടിൽ പണമില്ലെങ്കിലും ചെക്ക് പാസ്സാക്കി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) സാധാരണക്കാരുടെ പണയ സ്വർണ്ണം സ്വകാര്യ ബ്ലേഡ് സ്ഥാപനങ്ങളിൽ പണയം വച്ച് ബാങ്ക് ഭാരവാഹികൾ വായ്പയെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പല സഹകരണ സംഘങ്ങൾ/ ബാങ്കുകളിലും വായ്പ ക്രമക്കേടും പണാപഹരണവും നടന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണ നിയമത്തിലെ 65, 66 എന്നീ വകുപ്പ് പ്രകാരമുള്ള അന്വേഷണങ്ങൾ, പരിശോധനകൾ നടത്തുകയും, അന്വേഷണ റിപ്പോർട്ടുകളുടെയും പരിശോധന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വായ്പ തട്ടിപ്പിലൂടെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ കേരള സഹകരണ നിയമത്തിലെ 68-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും, പണാപഹരണം നടത്തിയ കുറ്റക്കാരായ സംഘം ജീവനക്കാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും, ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും, കുറ്റക്കാരുടെ ഇളകാത്ത മുതലുകൾ ഉടൻ ജപ്തി നടത്തുകയും, ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ക്രമക്കേടുകൾ നടന്ന ചില സഹകരണ സംഘങ്ങളുടെ ഭരണസമിതികൾ നീക്കം ചെയ്യുകയും, ചില സംഘം ഭാരവാഹികൾക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വഷണം നടത്തുന്നതിന് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്.

(ബി) ഏറ്റവും കൂടുതൽ വായ്പ തട്ടിപ്പ് നടന്നത് ആലപ്പുഴ ജില്ലയിലാണ്. 30.46 കോടി രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്, വെണ്ടാർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ചെക്ക് ഡിസ്കൗണ്ടിംഗ് ഇനത്തിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെ സഹകരണ നിയമം/ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും തുക ഈടാക്കുന്നതിന് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസ്, ക്രിമിനൽ കേസ് എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസുകളിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും, ഇതിന് ഉത്തരവാദികളായ ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡ് ക്രിസ്തുമസ് ചന്തയും സബ്സിഡി ഇനങ്ങളും

109(2147) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി ഇനങ്ങളിൽ ലാഭം പാടില്ലെന്ന സർക്കാർ നയം അട്ടിമറിച്ച് കൺസ്യൂമർഫെഡ് മട്ട അരിക്കും, വെളിച്ചെണ്ണയ്ക്കും വില കൂട്ടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുവിപണിയേക്കാൾ 20% വില കുറച്ച് സബ്സിഡി നിരക്കിൽ 43 ഇനങ്ങൾ ക്രിസ്തുമസിന് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ആയത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ക്രിസ്തുമസിന് ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ, സഹകരണ സ്ഥാപനങ്ങളുടെ നീതി സ്റ്റോർ എന്നിവ ഉൾപ്പെടെയുള്ള ക്രിസ്തുമസ് ചന്ത നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ആയത് നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിപണിയെക്കാൾ 20 ശതമാനം വിലകുറച്ച് സബ്സിഡി നിരക്കിൽ 43 ഇനങ്ങൾ ക്രിസ്തുമസിന് നൽകുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2015 ഡിസംബർ 15 മുതൽ 31 വരെ സർക്കാർ സബ്സിഡിയോടെ സപ്ലൈകോ ക്രിസ്തുമസ് വിപണിയുടെ നിരക്കിൽ വിപണനം നടത്തിയിട്ടുണ്ട്.

(സി) ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡറേഷൻ മുഖാന്തരം നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ അവശ്യസാധനങ്ങൾ പൊതുവിപണിയിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വില്പന നടത്തിവരുന്നു. 2015-ലെ ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ച് ഡിസംബർ 15 മുതൽ 31 വരെ ക്രിസ്തുമസ് ചന്തകൾ നടത്തുകയും അവയിലൂടെ 14.48 കോടി രൂപയുടെ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്.

**നീതി സ്റ്റോറുകളിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്നവരെ സ്ഥിരപ്പെടുത്തൽ**

110(2148) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന എത്ര പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്; കൊല്ലം ജില്ലയിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ പുനക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(സി) അഭിലാഷ്. കെ. എന്നയാൾ സെയിൽസ്മാനായി എന്നുമുതലാണ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിന് സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന 107 പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിര പ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 18 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ പുനക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടില്ല.

(സി) അഭിലാഷ് കെ. എന്നയാൾ 3 വർഷമായി സെയിൽസ്മാൻ തസ്തികയിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമാനുസൃത അപേക്ഷ ലഭിച്ചിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) അഭിലാഷ് കെ. എന്നയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിയമാനുസൃത അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**നിക്ഷേപങ്ങൾക്കുള്ള സുരക്ഷ**

111(2149) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപങ്ങൾക്കുള്ള സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സഹകരണമേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നത് വഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, അത്തരം സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ചും ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഖാദി തൊഴിൽ മേഖല

112(2150) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിയുടെ ഉത്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിക്കും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഖാദിയുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ;

(സി) ഖാദി ഉത്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമായി മാറുന്നത് എന്തുകൊണ്ടാണ്; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദിയുടെ ഉല്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിക്കും അനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള മിനിമം വേതനം പദ്ധതി തുടർന്നും നടപ്പാക്കി വരുന്നു. ഇതിനായി 2011-12-ൽ 14.68 കോടി രൂപയും 2012-13-ൽ 20 കോടി രൂപയും 2013-14-ൽ 18 കോടി രൂപയും 2014-15-ൽ 22 കോടി രൂപയും 2015-16-ൽ 13.5 കോടി രൂപയും അനുവദിച്ചത് വിതരണം ചെയ്തുകഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉത്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ചു. നൂല്പുകാർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഒരു കഴി നൂലിന് നൽകിവരുന്ന 30 പൈസ എന്നത് 60 പൈസയായും നെയ്ത്തുകാർക്ക് അവർ നെയ്യുന്നതിനായി ഉപയോഗിക്കുന്ന ഒരു കഴി നൂലിന് 90 പൈസ എന്നത് 180 പൈസയായും വർദ്ധിപ്പിച്ചു നൽകിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടേയും ചർക്കകളുടേയും ആധുനികവത്ക്കരണത്തിനുവേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി കേരള സർക്കാർ നിയമിച്ച ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയും വരുന്നു. പുതിയ വർക്ക് ഷെഡുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണം നടത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ തുക വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. നിലത്തിരുന്ന് നൂറ്റിരുന്ന ഖാദി തൊഴിലാളികൾക്ക് ഖാദി നൂല്പ് പ്രക്രിയയിലെ ആയാസം കുറയ്ക്കുവാനായി മേശയും സ്റ്റൂളും പൂർണ്ണമായും സ്ഥാപിച്ചു. ചെന്നൈ IIT-യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദന ഉപകരണങ്ങളായ ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉല്പാദനക്ഷമതയും വേതനവർദ്ധനയും ഉണ്ടാക്കുവാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് വിപുലപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഖാദി തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ഉത്സവബത്ത 1000 രൂപയായി വർദ്ധിപ്പിച്ചു നൽകി. ഖാദി മേഖലയിലെ സഹകരണ സംഘങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും അവയുടെ പുനരുദ്ധാരണം, ചർക്കയും തറികളും വാങ്ങൽ, വില്പനശാലയുടെ നവീകരണം തുടങ്ങിയവയ്ക്കായി തുക അനുവദിച്ച് സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾക്ക് പുത്തനുണർവ് നൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ ഖാദി തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചു നൽകി. ആയതിനുള്ള തൊഴിലാളി വിഹിതം ബോർഡ് തന്നെ വഹിക്കുന്നു. മെച്ചപ്പെട്ട

ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയതോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഈ സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. പുതിയതായി നെയ്ത്തു കേന്ദ്രങ്ങളും നൂല്പ് കേന്ദ്രങ്ങളും ഈ മേഖലയിൽ ആരംഭിച്ചതുവഴി കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നൽകിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആം ആദ്മി ബീമാ യോജനാ പദ്ധതിയുടെ പ്രയോജനവും ഖാദി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഖാദി മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള നവാഗത തൊഴിലാർത്ഥികൾക്ക് സ്റ്റൈപ്പന്റോടെ പരിശീലനം നൽകിവരുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്നവ ഖാദി മേഖലയിൽ നടപ്പിലാക്കിയതുവഴി ഖാദി മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുവാനും അതുവഴി ഖാദിയുടെ ഉത്പാദനം ഓരോ വർഷവും വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) അടച്ചുപൂട്ടിയ ഖാദി ഉല്പാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനും തൊഴിലാളി ലഭ്യതയ്ക്കനുസൃതമായി പുതിയതായി ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഖാദി മേഖലയുടെ ആധുനികവത്കരണ പദ്ധതിയിൽ കൂടി പുതിയ വർക്ക് ഷെഡുകളുടെ നിർമ്മാണം, സ്പെയർ പാർട്ട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം തുടങ്ങിയവ നൽകിയും യാന്ത്രിക ആധുനീകരണം പരമാവധി ചർക്കകളിലും തറികളിലും വരുത്തി ഉല്പാദന ഇൻസെന്റീവിനും കൂലി വർദ്ധനവിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ഖാദി മേളകളും സംഘടിപ്പിച്ചുവരുന്നു.

(സി) ഖാദി ഉല്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാണെന്നുള്ള വാദം തെറ്റാണ്. ഖാദിയുടെയും ഖാദിയോടൊപ്പമുള്ള ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെയും പ്രധാന ഉപഭോക്താക്കൾ സാധാരണക്കാരാണ്. ബഹുരാഷ്ട്രകുത്തകകളുടെ വിപണിയിലുള്ള കടന്നുകയറ്റവും ഉല്പന്നങ്ങളിന്മേൽ സമൂഹമാധ്യമങ്ങളിലൂടെയടക്കമുള്ള പ്രചരണവും കണക്കിലെടുക്കുമ്പോൾ അവയ്ക്ക് ഒപ്പം മത്സരിക്കാനുള്ള സർക്കാർ സംവിധാനത്തിന്റെ പരിമിതിയാണ് ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള അവബോധം പൊതുജനങ്ങൾക്കിടയിൽ കുറവാണ് എന്നുള്ള തോന്നലിന് ഇടയാക്കുന്നത്. ഖാദിയെ സംബന്ധിച്ചാണെങ്കിൽ വില്പന വർഷന്തോറും വർദ്ധിച്ചുവരികയാണ്. വില്പന ആവശ്യത്തിനനുസരിച്ച് ഖാദി വസ്ത്രങ്ങൾ തദ്ദേശീയമായി നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ ബ്രാന്റഡ് ഉല്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങിയതോടെ കൂടുതൽ പ്രചാരം വന്നിട്ടുണ്ട്. ഒപ്പം വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഖാദി മേഖലയിലെ തൊഴിലാളികൾ

113(2151) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖാദി വ്യവസായത്തിൽ നെയ്ത്ത്, നൂൽപ് അനുബന്ധ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണവും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ഖാദി ബോർഡ്, മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവ അടിസ്ഥാനമാക്കി വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖാദി വ്യവസായത്തിൽ താഴെപ്പറയുന്ന നെയ്ത്ത്, നൂല്പ് തൊഴിലാളികൾ നിലവിലുണ്ടായിരുന്നു:

| മേഖല | നൂല്പ് | നെയ്ത്ത് |
|---|---|---|
| ഡിപ്പാർട്ടുമെന്റ് | 3352 | 1755 |
| ഖാദി സ്ഥാപനങ്ങൾ | 3594 | 2291 |

നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു:

| മേഖല | നൂല്പ് | നെയ്ത്ത് |
|---|---|---|
| ഡിപ്പാർട്ടുമെന്റ് | 3039 | 1656 |
| ഖാദി സ്ഥാപനങ്ങൾ | 3672 | 2438 |

## പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

114(2152) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല പട്ടണക്കാട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിൽ നഷ്ടപ്പെട്ടത് മൂലം പട്ടിണിയിലായ ഇരുപത്തിയഞ്ചോളം സ്ത്രീ തൊഴിലാളികളും അവരുടെ കുടുംബങ്ങളും സ്ഥാപനത്തിന് മുന്നിൽ സമരം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സ്ത്രീകളെ മറ്റേതെങ്കിലും തൊഴിൽ മേഖലയിൽ സ്ഥിരപ്പെടുത്തുന്നതിനോ പ്രസ്തുത സ്ഥാപനം വ്യവസായ വകുപ്പുമായി ചേർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റ്പൂട്ടാനുള്ള തീരുമാനം ആരുടേതാണെന്നും പ്രസ്തുത സ്ഥാപനം ഇവിടെ നിന്നും മാറ്റിയതിലെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കാസർഗോഡ് ജില്ലയിലെ ഉദുമയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും പ്രവർത്തിച്ചുവരുന്ന സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ 15-3-2010-ൽ ഖാദി ബോർഡിന് കൈമാറിയിരുന്നു. എന്നാൽ സെറിഫെഡ് പുനരുദ്ധരിച്ച സാഹചര്യത്തിൽ ആയത് സെറിഫെഡിലേയ്ക്ക് തന്നെ മാറ്റുന്നതിന് ഉത്തരവായിരുന്നു. ഈ വിഷയത്തിൽ തൊഴിലാളികൾ ജോലി സ്ഥിരത ആവശ്യപ്പെട്ട് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ആശങ്ക ഖാദി ബോർഡ് സെക്രട്ടറി നേരിട്ട് അവരുമായി ചർച്ച ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചിരുന്നു.

(ബി&സി) പ്രസ്തുത സ്ഥാപനം സെറിഫെഡിന്റെ യൂണിറ്റായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്**

115(2153) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ലാഭനഷ്ടക്കണക്കുകളുടെ നിജസ്ഥിതി അറിയുന്നതിനും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും കണക്കുകൾ പൂർത്തീകരിക്കണമെന്ന നിബന്ധനകൾ പാലിക്കേണ്ട സാഹചര്യം ഉള്ളതിനാൽ സർക്കാർ മുന്തിയ പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗ് കൂടുതൽ ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽ നിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തിവരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പുരോഗതി RIAB മുഖേന അവലോകനം ചെയ്തുവരുന്നുണ്ട്. സർക്കാർ തലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതുകൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

## കേന്ദ്ര നിക്ഷേപമായി ലഭിച്ച തുക

116(2154) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുകയാണ് വ്യവസായ വകുപ്പിന് കേന്ദ്ര നിക്ഷേപമായി ലഭിച്ചത്; ഏതെല്ലാം മേഖലയിലാണ് ഇത് ചെലവിട്ടതെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച കേന്ദ്ര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- പൊതുമേഖലാ സംയുക്ത സംരംഭമായ സെയിൽ-എസ്.സി.എൽ., കേരള ലിമിറ്റഡിന് 16.23 കോടി രൂപയുടെ നിക്ഷേപം സെയിലിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള മൂലധനമായും പ്രവർത്തന മൂലധനമായുമാണ് ഇത് ഉപയോഗിച്ചിട്ടുള്ളത്.
- ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിനും അനുബന്ധ പെട്രോ കെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്.
- ഗെയിലിന്റെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി 3000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മാർഗ്ഗ രേഖയ്ക്കനുസൃതമായി ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 129.15 കോടി രൂപ ചെലവിൽ സമുദ്രോൽപ്പന്ന മേഖലയ്ക്ക് പ്രാധാന്യം നൽകി മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്രം അനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് കയറ്റുമതിയധിഷ്ഠിത നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയ പദ്ധതിയായ ASIDE Scheme സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടുള്ള പദ്ധതികൾക്ക് 77.02 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

- പാലക്കാട്, ഷൊർണ്ണൂർ, കൊച്ചുവേളി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള വ്യവസായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാനായി കേന്ദ്ര സഹായമായി 9 കോടി രൂപയും സൂക്ഷ്മ -ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതിക്കായി 41.19 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 4.1728 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

### റിവൈവൽ റിഫോംസ് റീസ്ട്രക്ചറിംഗ് പാക്കേജ്

117(2155) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിവൈവൽ റിഫോംസ് റീസ്ട്രക്ച്റിംഗ് പാക്കേജ് (Revival Reforms Restructuring package) നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ച്റിംഗ് പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിവരുന്നു. ഇവയുടെ പ്രവർത്തന പുരോഗതി പൊതുമേഖലാ വ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) മുഖേന സർക്കാർ തലത്തിൽ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ പൊതു മേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 880 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.

## സിഡ്കോയിലെ ശമ്പള പരിഷ്കരണം

118(2156) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുമോ; അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയതെന്ന് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളവും സിഡ്കോയിലെ ജീവനക്കാരുടെ ശമ്പളവും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-ന് ശേഷം വർക്കർമാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) 23-5-2015-ലെ ജി.ഒ. (എം. എസ്.)73/15/ഐ.ഡി. പ്രകാരം സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ലോംഗ് ടേം എഗ്രിമെന്റ് പ്രകാരം വർക്കർമാരുടെ വേതന പരിഷ്കരണ കാലാവധി 31-3-2013-ൽ കഴിഞ്ഞു. ലോംഗ് ടേം എഗ്രിമെന്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ക്ലേയ്സ് & സിറാമിക്സ് ലിമറ്റഡ്

119(2157) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്ലേയ്സ് & സിറാമിക് ലിമിറ്റഡിന്റെ പഴയങ്ങാടി ചൈനാ ക്ലേ യൂണിറ്റും മാങ്ങാട് സിറാമിക് യൂണിറ്റും അടച്ചുപൂട്ടുന്നതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് ; ഈ യൂണിറ്റുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിലാളികളും ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കമ്പനിയുടെ വൈവിധ്യവൽക്കരണത്തിനും ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള ക്ലേയ്സ് & സിറാമിക്സ് ലിമിറ്റഡിൽ മലിനീകരണ പ്രശ്നം ഉയർത്തി തദ്ദേശീയരുടെ ശക്തമായ എതിർപ്പ് മൂലം ചൈനക്ലേയുടെ ഖനനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നതിനാൽ കമ്പനിയുടെ സിറാമിക് യൂണിറ്റിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഈ രണ്ട് യൂണിറ്റിലും കൂടി 121 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തര സാമ്പത്തിക സഹായമായി 159 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കമ്പനിയുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായുള്ള പദ്ധതിയുടെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

## മെഗാ ഭക്ഷ്യപാർക്കുകൾ

120(2158) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് മെഗാ ഭക്ഷ്യപാർക്കുകൾ ആരംഭിക്കുന്നത് എവിടെയൊക്കൊണ്;

(ബി) ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ നിക്ഷേപം എത്ര രൂപയാണ് ; ഇതിൽ കേന്ദ്ര സർക്കാർ നിക്ഷേപം ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിലും പാലക്കാട് ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുമാണ് മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത്.

(ബി) കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്യുന്ന മെഗാ ഫുഡ് പാർക്കിന്റെ മൊത്തം അടങ്കൽ തുക 129.15 കോടി രൂപയാണ്. ഇതിൽ കെ.എസ്.ഐ.ഡി.സി.-യും സംസ്ഥാന സർക്കാരും ചേർന്ന് 69.15 കോടി രൂപയുടെ നിക്ഷേപം വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്ന് 50 കോടി രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി 10 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയായി സ്വീകരിക്കും. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാടുള്ള മെഗാ ഫുഡ് പാർക്കിൽ സംസ്ഥാന സർക്കാരിന്റെ ഭൂമി വില കൂടാതെ നിക്ഷേപം 31 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ നിക്ഷേപം 50 കോടി രൂപയുമാണ്.

(സി) ചേർത്തലയിലെ ഫുഡ് പാർക്കിൽ പ്രത്യക്ഷമായി 3000 പേർക്കും പരോക്ഷമായി 12000 പേർക്കും തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പാലക്കാടുള്ള ഫുഡ് പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 1500 പേർക്ക് പ്രത്യക്ഷമായും 5000-ത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖല വികസനം

121(2159) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖല വികസനത്തിന്റെ പാതയിലാണോ ;

(ബി) സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനെ സ്വാധീനിക്കുന്ന തരത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലും ഈ മേഖലയെ മാറ്റാൻ സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്ക് ഒരു വർഷത്തേയ്ക്ക് ആവശ്യമുള്ള സാധനങ്ങളുടേയും സേവനങ്ങളുടേയും നിശ്ചിത ശതമാനം ഈ മേഖലയിൽ നിന്നും സംഭരണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലായെങ്കിൽ കേന്ദ്രസർക്കാരിന്റെ മാതൃകയിൽ സംസ്ഥാന സർക്കാരും മേൽപ്പറഞ്ഞ സംരംഭങ്ങളിൽ നിന്നും നിർബന്ധിത സംഭരണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അതെ.

(ബി) സംസ്ഥാനത്ത് വ്യവസായ വികസനത്തിനും സംരംഭകത്വ വികസനത്തിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ബോധവത്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി,

ജില്ലാ തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ എമർജിംഗ് കേരള പോലെയുള്ള പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും Single Window Clearance Board (SWCB) പ്രവർത്തിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന സർക്കാർ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റ്/ജില്ലാ വ്യവസായ കേന്ദ്രം/ഖാദി കമ്മീഷൻ/ഖാദി ബോർഡ്/നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ/ഡയറക്ടറേറ്റ് ഓഫ് ഹാന്റ് ലൂം ആന്റ് ഹാന്റിക്രാഫ്റ്റ് എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളെ EMD, Tender Form-ന്റെ വില എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വികസന അതോറിറ്റികൾ, കേരള ഖാദി ആന്റ് വില്ലേജ് ബോർഡ്, കിൻഫ്ര, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവർ, അവരുടെ വാർഷിക സംഭരണത്തിന്റെ 20 ശതമാനം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖലയിൽ നിന്നായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി മേഖലയിലെ സ്ഥാപനങ്ങൾക്ക് ക്വാട്ട് ചെയ്ത തുക L1+15%-നുള്ളിൽ ആണെങ്കിൽ L1 തുകയ്ക്ക് സംഭരണത്തിന്റെ ഒരു വിഹിതം വിപണനം ചെയ്യാവുന്നതാണ്.

### ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി

122(2160) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ തലത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലുള്ള കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉല്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഗുണമേന്മയുള്ള ഭക്ഷ്യ ഉത്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിലെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്.

(സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP)-നായി 2012-13-ൽ കേന്ദ്ര വിഹിതമായി 3.54 കോടി രൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടി രൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്ര വിഹിതമായി 2.22 കോടി രൂപ കേരളത്തിന് ലഭിച്ചു. 2014-15-ന് കേന്ദ്ര വിഹിതമായി 36.14 ലക്ഷം രൂപയും സംസ്ഥാനത്തിന് ലഭിച്ചു. ഇപ്രകാരം ലഭിച്ച കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർന്ന് ലഭിച്ച തുകയിൽ 9.87 കോടി രൂപ ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് 23 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കും 24 സംരംഭകത്വ വികസന പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട് ഒരു പ്രോത്സാഹന പരിപാടിക്കും അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വ്യവസായ സംരംഭങ്ങളിൽ നേരിട്ട് 780 പേർക്കും പരോക്ഷമായി 1196 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പദ്ധതികൾ വഴി 734 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ 2014-15-ഓടെ കേന്ദ്ര സർക്കാർ പദ്ധതിക്കുള്ള സഹായം നിർത്തലാക്കിയിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

123(2161) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്നും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഭരണമൊഴിയുമ്പോൾ ഇതിൽ ഏതൊക്കെ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നുവെന്നും അറിയിക്കുമോ;

(ബി) എൽ.ഡി.എഫ്. ഭരണകാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്നതും എന്നാൽ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്രത്തോളം രൂപാ നഷ്ടത്തിലാണെന്നും സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.
2. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്
3. കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
4. കാപെക്സ്
5. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
6. കേരള സിറാമിക്സ് ലിമിറ്റഡ്.

കൂടാതെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കുണ്ടറ യൂണിറ്റും കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നു. ഇവയിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിലാണ് പ്രവർത്തിച്ചത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഇവയിൽ താഴെപ്പറയുന്ന പതിനൊന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | നഷ്ടം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 2489 |
| 2. | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2762.48 |
| 3. | ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്. | 2425.20 |
| 4. | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 157.91 |
| 5. | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് | 489.61 |
| 6. | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 482.61 |
| 7. | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 726.69 |
| 8. | ഹാന്റക്സ് | 360.27 |
| 9. | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 677.36 |
| 10. | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 318.37 |
| 11. | കെൽപാം. | 7.35 |

## അതിവേഗ റെയിൽപ്പാത

124(T2162) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിവേഗ റെയിൽപ്പാതയുടെ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് ആരാണ് സമർപ്പിച്ചിരിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് കുടിയൊഴിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; ഇതുസംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; കോട്ടയം ജില്ലയിൽ സർവ്വേ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) അതിവേഗ റെയിൽ പദ്ധതിയുടെ നിലവിലുള്ള റൂട്ട് വ്യക്തമാക്കാമോ; നിലവിലുള്ള പാത ഇരട്ടിപ്പിക്കലിനെ ഇത് ബാധിക്കുമോ; നിലവിലെ പാത ഇരട്ടിപ്പിക്കൽ ജോലികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് DMRC തയ്യാറാക്കിവരുന്നു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശദവിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

(ഡി) അതിവേഗ റെയിൽപ്പാത നിലവിലുള്ള റെയിൽപാതയുടെ കിഴക്കു ഭാഗത്ത് ജനസാന്ദ്രത കുറഞ്ഞ മേഖലയിൽ കൂടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള റെയിൽവേയുമായി ഈ പദ്ധതിക്ക് ബന്ധമില്ല.

## കൊച്ചി - മംഗലാപുരം പാചകവാതക പൈപ്പ് ലൈൻ

125(2163) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി- മംഗലാപുരം പാചകവാതക പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഇതിനായി കണ്ണൂർ ജില്ലയിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഭൂ ഉടമകൾക്ക് എത്ര രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട് ;

(സി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് സെക്ഷനലൈസിംഗ് വാൾവ് സ്റ്റേഷനും ഇന്റർമീഡിയേറ്റ് പിഗ്ഗിംഗ് സ്റ്റേഷനും സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) കൊച്ചി - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2012 ജനുവരിയിൽ ആരംഭിച്ചെങ്കിലും, ജനങ്ങളുടെ എതിർപ്പുമൂലം 2013 ഡിസംബറോടുകൂടി നിർത്തിവയ്ക്കേണ്ടിവന്നു. എന്നാൽ ഈ പദ്ധതി പുനരാരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി ഭൂമിയുടെ ഉപയോഗാവകാശമാണ് മുഖ്യമായും ആവശ്യമായിട്ടുള്ളത്. ഇതിനുവേണ്ടി P&MP Act-ന്റെ 6(1) വകുപ്പു പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 83 കിലോമീറ്റർ നീളത്തിൽ 20 മീറ്റർ വീതിയിലാണ് കൈവശാവകാശം ഏറ്റെടുക്കേണ്ടത്. ഇതിനായി നഷ്ട പരിഹാരത്തുകയിനത്തിൽ 1.36 കോടി രൂപ ഗെയിൽ, സ്ഥലമെടുപ്പിന്റെ ചുമതലയുള്ള സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി കളക്ടർ & കോംപിറ്റന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഉടമകൾ നഷ്ടപരിഹാരം സ്വീകരിക്കാൻ തയ്യാറാകാത്തതുകൊണ്ട് തുക ഉടമകൾക്ക് കൈമാറിയിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽ സെക്ഷനലൈസിംഗ് വാൽവ് സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്:

1. തൃപ്പങ്ങോട്ടൂർ വില്ലേജ്, തലശ്ശേരി താലൂക്ക്
2. എരുവട്ടി വില്ലേജ്, തലശ്ശേരി താലൂക്ക്
3. കൂടാളി വില്ലേജ്, തലശ്ശേരി താലൂക്ക്
4. പരിയാരം വില്ലേജ്, തളിപ്പറമ്പ താലൂക്ക്
5. ആലപ്പടമ്പ വില്ലേജ്, തളിപ്പറമ്പ താലൂക്ക്.

ഇന്റർമീഡിയറ്റ് പിഗ്ഗിംഗ് സ്റ്റേഷൻ തളിപ്പറമ്പ താലൂക്കിൽ, കുറുമാത്തൂർ വില്ലേജിൽ, മുണ്ടേരി/മുയ്യം ദേശത്താണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പ്രകൃതിവാതക പൈപ്പ്ലൈനിന്റെ നിർമ്മാണം 2013 ഏപ്രിൽ മാസം പൂർത്തിയാക്കാനായിരുന്നു പദ്ധതിയിട്ടിരുന്നത്. എന്നാൽ പൊതുജനങ്ങളുടെ എതിർപ്പുമൂലം ഇത് സാധിക്കാതെ വരികയും പദ്ധതി താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് പദ്ധതി പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക ബാദ്ധ്യതകൾ

126(2164) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ എന്തൊക്കെയാണെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം ബാദ്ധ്യതയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബാദ്ധ്യതകൾ തീർത്ത് മിൽ നവീകരിക്കുന്നതിലേയ്ക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:

| | (തുക ലക്ഷം രൂപയിൽ) |
|---|---|
| പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ | 81.51 |
| വൈദ്യുതി ചാർജ്ജ് | 24.83 |
| പ്രൊവിഡന്റ് ഫണ്ട് | 123.20 |
| ഇ. എസ്. ഐ. | 5.64 |
| ഗ്രാറ്റുവിറ്റി | 7.34 |
| സർക്കാർ ലോൺ | 2679.94 |
| കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 20.00 |
| കൊല്ലം ജില്ല സഹകരണ ബാങ്ക് | 250.00 |
| മറ്റ് കുടിശ്ശികൾ | 99.99 |
| ആകെ | 3292.45 |

(ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 57.39 കോടി രൂപയുടെ റിവൈസ്ഡ് പ്രൊജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തി കൂടുതൽ തുക അനുവദിക്കുന്നതാണ്.

## ഉദ്യോഗ് ആധാർ

127(2165) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ രജിസ്ട്രേഷന് ഉദ്യോഗ് ആധാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ പുരോഗമിക്കുന്നുണ്ട് എന്നറിയിക്കാമോ;

(സി) ഇത് ചെറുകിട വ്യവസായികൾക്ക് ഗുണപ്രദമാണോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 18-9-2015-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ഉദ്യോഗ് ആധാർ നിലവിൽ വന്നു.

(ബി) ഉദ്യോഗ് ആധാർ പ്രാവർത്തികമാക്കിയതിന്റെ ഭാഗമായി എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള സംരംഭകരെ/വ്യവസായികളെ ഉദ്യോഗ് ആധാറിലേയ്ക്ക് മാറ്റുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് രേഖകളൊന്നും തന്നെ ഹാജരാക്കാതെ ഉദ്യോഗ് ആധാർ 24 മണിക്കൂറും ഓൺലൈനായി എവിടെയിരുന്നും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനമായതിനാൽ യൂണിറ്റുകൾ ആരംഭിച്ച സംരംഭങ്ങൾക്ക് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇത് സഹായകരമാണ്. ഉദ്യോഗ് ആധാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തുടർ സഹായങ്ങൾ വ്യവസായികൾക്ക് നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും ഫീൽഡ് ഉദ്യോഗസ്ഥരായ എല്ലാ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ഇ.എം. പാർട്ട് I, II എന്നിവ ഫയൽ ചെയ്യുന്ന രീതിയെ ലഘൂകരിച്ച് എന്റർപ്രൈസസിന്റെ വിവരങ്ങൾ എളുപ്പത്തിലും സൗകര്യപ്രദമായും ഫയൽ ചെയ്യുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള ഉദ്യോഗ് ആധാർ ഗുണപ്രദമാണ്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള Ease of Doing Business എന്ന പോളിസിയുടെ ഭാഗമായിട്ടുള്ളതാണ് ഉദ്യോഗ് ആധാർ സംവിധാനം.

## വ്യവസായ പുരോഗതി

128(2166) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ജിം, എമർജിംഗ് കേരള, ബി റ്റു ബി മീറ്റ് എന്നിവ നടത്തിയതുവഴി സംസ്ഥാനത്ത് പുതുതായി ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ ഏതൊക്കെ; ഇതുവഴി എത്ര തൊഴിൽ അവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞു; എത്ര കോടി രൂപയാണ് ഇതുവഴി സംസ്ഥാനത്ത് നിക്ഷേപിക്കപ്പെട്ട തെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികൾക്ക് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട് ; ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി വിവിധ ഏജൻസികൾ മുഖേന വ്യവസായ വകുപ്പ് നടപ്പാക്കിയ പരിപാടികൾ/ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കൊച്ചിയിൽ നടന്ന 'ജിം' എന്ന സംരംഭത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്നതു മാത്രമായി ഏകദേശം 339.70 കോടി രൂപ മുതൽമുടക്കുവരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 3354 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയുംകൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്കായി കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ച് നടത്തിയിരുന്നു. 2016-ലെ ബിസിനസ് ടു ബിസിനസ് മീറ്റ് ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ വച്ച് സംഘടിപ്പിച്ചു. ഈ രണ്ട് മീറ്റുകളിലും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, പരമ്പരാഗത മേഖലയിൽ നിന്നുള്ളവ അടക്കം 350-ഓളം ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു.

(സി) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചു :

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Government of Kerala.

2. To implement Advanced Diploma course in Automotive Mechatronics (ADAM) course at Government Engineering College, Barton Hill, Trivandrum- between Mercedez Benz and Higher Education Department, Government of Kerala.

മുകളിൽ പറഞ്ഞ പദ്ധതികളിൽ 12,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് പരിശീലന പദ്ധതിയും ആരംഭിച്ചു.

## മരുന്നുല്പാദന ഫാക്ടറികൾ

129(2167) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സർക്കാർ ഉടമസ്ഥതയിലും സഹകരണ മേഖലയിലും അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി മരുന്നുകൾ ഉല്പാദിപ്പിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യതക്കുറവും സ്വകാര്യ കമ്പനി മരുന്നുകളുടെ വിലവർദ്ധനവും ജനങ്ങളുടെ മരുന്ന് ഉപഭോഗവും കണക്കിലെടുത്ത് സർക്കാർ, പൊതുമേഖല, സഹകരണ മേഖലകളിൽ മരുന്ന് ഉല്പാദന ഫാക്ടറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പൊതുമേഖലയിൽ അലോപ്പതി മരുന്നുകൾ ആലപ്പുഴയിലെ കേരള സംസ്ഥാന ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്നുണ്ട്. സഹകരണ മേഖലയിൽ എറണാകുളം ജില്ലയിലെ പറവൂരിൽ പ്രവർത്തിക്കുന്ന ഡാപ്കോ എന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും നിലവിൽ ഉല്പാദനം നടത്തുന്നില്ല. ആലപ്പുഴ പാതിരാപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഹോംകോ സഹകരണ മേഖലയിൽ ഹോമിയോ മരുന്നുകൾ ഉത്പാദിപ്പിച്ചുവരുന്നു. തൃശ്ശൂർ കുട്ടനെല്ലൂരിൽ പ്രവർത്തിക്കുന്ന ഔഷധി എന്ന സ്ഥാപനം പൊതുമേഖലയിൽ ആയുർവ്വേദ മരുന്ന് ഉത്പാദിപ്പിച്ചുവരുന്നു.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വ്യവസായ മേഖലയുടെ വികസനം

130(2168) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയുടെ വികസനത്തിനും നൂതന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് വർദ്ധിപ്പിക്കുന്നതിലും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയുടെ വികസനത്തിനും നൂതന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഈ മേഖലയിൽ ഉറപ്പാക്കുന്നതിനും സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികൾക്കായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, ജില്ലകൾതോറും നിക്ഷേപക സംഗമം, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ബ്ലോക്ക്-താലൂക്ക്-മുനിസിപ്പാലിറ്റി-ജില്ലാ തലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടി, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉല്പാദകരുടെ ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ തുടങ്ങിയവയും നടത്തിവരുന്നു. ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ പരിപാടികളിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനും ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും വിപണന അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചു. വ്യവസായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ജില്ലാ/സംസ്ഥാന തലങ്ങളിൽ ഏകജാലക സംവിധാനം പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയായ "വി മിഷൻ കേരള"-യുടെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണ മീറ്റിംഗ്, വ്യവസായ യൂണിറ്റ് സന്ദർശനം എന്നിവ സംഘടിപ്പിച്ചു. കൂടാതെ നവംബർ 19-ന് കൊച്ചിയിൽ വനിത സംരംഭകത്വ സമ്മേളനം 'WE summit 2015, WE CAN' എന്ന പേരിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായങ്ങൾ നൽകുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും 2014 സെപ്റ്റംബർ 12-ന് യുവസംരംഭക സംഗമം (YES) സംഘടിപ്പിച്ചു. ഇതിന്റെ രണ്ടാം പതിപ്പായി 'യെസ് ക്യാൻ 2015' എന്ന പേരിൽ ഒരു യുവസംരംഭക സംഗമവും നടത്തി.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗ്ലോബൽ ആയുർവേദ വില്ലേജ്-തിരുവനന്തപുരം, മെഗാഫുഡ് പാർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക്-ഒറ്റപ്പാലം, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ-കാക്കനാട്, അന്താരാഷ്ട്ര ട്രേഡ് കൺവെൻഷൻ സെന്റർ-കാക്കനാട്, ഫുട്‌വെയർ ക്ലസ്റ്റർ-രാമനാട്ടുകര, സ്പൈസസ് പാർക്ക്-തൊട്ടുപുഴ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഖാദി ഗ്രാമ വ്യവസായ മേഖലയുടെ ഉന്നതിക്കായി 1010 ലക്ഷം രൂപ മുടക്കി പ്രത്യേക തൊഴിൽദാന പദ്ധതിയും 4134 ലക്ഷം രൂപ മുടക്കി പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും 50 ലക്ഷം രൂപ മുടക്കി മൺപാത്ര നിർമ്മാണ പദ്ധതി, 20 ലക്ഷം രൂപ മുടക്കി തേനീച്ച കർഷക പ്രോത്സാഹന പരിപാടിയും നടപ്പിലാക്കി. ഖാദി മേഖലയുടെ ആധുനികവൽക്കരണത്തിന് 29.46 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഖാദി ക്ലസ്റ്റർ എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) ഇതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10,26,865 രൂപ മുതൽ മുടക്കിൽ വിവിധ മേഖലകളിൽ 71,135 വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് 4,23,707 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഖാദി വ്യവസായ മേഖലയിൽ 3,522 പുതിയ സംരംഭങ്ങൾ തുടങ്ങുവാനും അതിലൂടെ 7,986 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 255 വ്യവസായ സംരംഭങ്ങളിലൂടെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ 756.96 കോടി രൂപയുടെ നിക്ഷേപവും 12,983 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള പുതിയ പദ്ധതികൾ പ്രവർത്തന സജ്ജമാകുമ്പോൾ 2,500 കോടി രൂപയുടെ നിക്ഷേപവും 12,700 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. സിഡ്കോ, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി അധിക സ്ഥലം**

131(2169) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി അധിക സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള പ്രസ്സിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി ശ്രമം നടത്തുന്നുണ്ടെങ്കിലും ഭൂമി ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ഭൂമി ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

**വ്യവസായ വികസനത്തിനായി കർമ്മ പദ്ധതി**

132(2170) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് കർമ്മ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

(സി) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ സാമ്പത്തികമുൾപ്പെടെയുള്ള എല്ലാ സഹായങ്ങളും കെ.എസ്.ഐ.ഡി.സി. കിൻഫ്ര, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികൾക്ക് നൽകിവരുന്നു. കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കിയ 53 വ്യവസായ സംരംഭങ്ങൾ വിവിധ പാർക്കുകളിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഗ്ലോബൽ ആയുർവേദ വില്ലേജ്-തിരുവനന്തപുരം, മെഗാഫുഡ് പാർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക്-ഒറ്റപ്പാലം, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ-കാക്കനാട്, അന്താരാഷ്ട്ര ട്രേഡ് കൺവെൻഷൻ സെന്റർ-കാക്കനാട്, ഫുട് വെയർ ക്ലസ്റ്റർ - രാമനാട്ടുകര, സ്പൈസസ് പാർക്ക് - തൊടുപുഴ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കേന്ദ്ര- സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി**

133(2171) ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യമായിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്താറുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം പൊതുമേഖലാസ്ഥാപനങ്ങൾ കൂടുതൽ പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ ശേഷി പ്രയോജനപ്പെടുത്താൻ കഴിയുംവിധം ഉല്പന്നങ്ങളുടെ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്വകാര്യ വൽക്കരണ നിലപാടുകൾ ഇതിന് തടസ്സമാകുന്നുണ്ടോയെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, ഓർഡറുകളുടെ അഭാവം, സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് പ്രധാനമായും സ്ഥാപിതശേഷി കൈവരിക്കുന്നതിലെ പ്രധാന തടസ്സങ്ങൾ. ടെക്സ്റ്റൈൽസ് മേഖലയിലുണ്ടാകുന്ന ഹാജർ കുറവും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു. ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധ്യമാകുന്ന സ്ഥാപനങ്ങളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി വിനിയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) ഉണ്ട്. ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശരാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി, ഉൽപ്പാദനച്ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത്, വിപണിയിൽ നേരിടുന്ന കടുത്ത മത്സരം എന്നിവ ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രതിബന്ധമായിട്ടുണ്ട്. ഇത് സ്ഥാപനങ്ങളുടെ ഉൽപ്പാദനശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് തടസ്സമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നയപരിപാടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

## വ്യവസായ - നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനം

134(2172) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ-നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ രംഗത്ത് പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വ്യവസായ-നിർമ്മാണ മേഖലകളിൽ ചെറുകിട സൂക്ഷ്മ സംരംഭകത്വ വികസനത്തിനായി വിവിധ ഏജൻസികൾ മുഖേന വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഈ രംഗത്ത് പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ സർക്കാരിന്റെ സാമ്പത്തിക പരിമിതികളിൽ നിന്നുകൊണ്ട് നടപ്പിലാക്കിവരുന്നു.

## പരമ്പരാഗത വ്യവസായ മേഖല

135(2173) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി, കൈത്തറി, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിലെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തന ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായ രംഗത്തുള്ള ഓരോ പൊതുമേഖലാ സംരംഭങ്ങളുടെയും നഷ്ടവും ലാഭവും വിശദമാക്കാമോ;

(സി) ഓരോ മേഖലയിലും നിലവിൽ എത്ര പേർ സ്ഥിരം തൊഴിൽ ചെയ്യുന്നുണ്ട്; ഓരോ മേഖലയിലും തൊഴിൽ നഷ്ടപ്പെട്ടവർ എത്ര വീതം ; വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കശുവണ്ടി, കൈത്തറി, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുക, ഉൽപ്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുക, ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തന ലക്ഷ്യങ്ങൾ. ആയതിലേയ്ക്കായി നിരവധി കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി, ഹാന്റ്‌ലൂം സെക്ടറിനെ ടൂറിസവുമായി ബന്ധപ്പെടുത്തികൊണ്ട് ഹാന്റ്‌ലൂം വില്ലേജ്, നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധന, കൈത്തറിവസ്ത്ര മേളകൾ, ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ നെയ്യുന്നതിന് നെയ്ത്തുകാർക്ക് പരിശീലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനായി പദ്ധതി, 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം, കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്നിവ കൈത്തറി മേഖലയിലെ നേട്ടങ്ങളാണ്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച റിവൈവൽ റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപെക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കി. തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം കശുമാവ് കൃഷി വ്യാപിപ്പിക്കൽ, കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണം, കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, 2011-12 വർഷത്തിൽ തൊഴിലാളികൾക്ക് റിക്കാർഡ് തൊഴിൽദിനങ്ങൾ എന്നിവ കശുവണ്ടി മേഖലയിലെ നേട്ടങ്ങളാണ്. പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം വഴി പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ചു. പനമ്പ് നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുന്നതിനായി സ്ലീവറിംഗ് യൂണിറ്റുകൾ, ബാംബു കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ബാംബൂ സ്റ്റിപ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഈറ്റവെട്ട് -പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി എന്നിവയും കഴിഞ്ഞ അഞ്ച് വർഷത്തെ നേട്ടങ്ങളാണ്.

പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യവികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ദ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കൽ, കരകൗശല മേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം, തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികൾ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ എന്നിവ കരകൗശല മേഖലയിലെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം, കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, സംരംഭകർക്ക് മാർജിൻ മണി വായ്പ, കയറും കയർ ഉൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സബ്സിഡി, വില വ്യതിയാനം പരിഹരിക്കുന്നതിനായി ധനസഹായം തുടങ്ങിയവയാണ് കയർ മേഖലയിലെ നേട്ടങ്ങൾ. ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി, ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം, ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം, വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ്, ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റ്, ഖാദി മേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി തുടങ്ങിയവ നേട്ടങ്ങളിൽ പ്രധാനമാണ്. ഒപ്പം ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ രംഗത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ സഞ്ചിത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | ലാഭം/നഷ്ടം(പ്രൊവിഷണൽ) |
|---|---|
| കൈത്തറി വികസന കോർപ്പറേഷൻ | 67.9598 കോടി രൂപ നഷ്ടം |
| കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 372.41 കോടി രൂപ നഷ്ടം |
| കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ | 27.9212 കോടി രൂപ നഷ്ടം |
| കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 0.8039 കോടി രൂപ ലാഭം |
| കേരള കരകൗശല വികസന കോർപ്പറേഷൻ | 9.867 കോടി രൂപ നഷ്ടം |
| കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ | 10.1462 കോടി രൂപ ലാഭം. |
| ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്. | 2.9469 കോടി രൂപ നഷ്ടം |
| കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി | 0.13 കോടി രൂപ ലാഭം |

(സി) പരമ്പരാഗത കൈത്തറി മേഖലയിൽ 29044 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ജോലി ചെയ്തു ജീവിക്കുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 12389 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിൽ ഏകദേശം 4400 പേരും പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്തുവരുന്നു. പരമ്പരാഗത കയർമേഖലയിൽ 3.75 ലക്ഷം തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ ആശ്രയിച്ച് പതിനായിരത്തോളം പനമ്പ് നെയ്ത്തു തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കേരള ഖാദി-ഗ്രാമവ്യവസായ മേഖലയിൽ ഒന്നര ലക്ഷത്തോളം പേരും പരമ്പരാഗത കരകൗശല മേഖലയിൽ പതിനായിരത്തോളം കുടുംബങ്ങളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. ഓരോ മേഖലയിലും തൊഴിൽ നഷ്ടപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## സറ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്

136(2174) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ പാലപ്പുറത്തുള്ള സ്റ്റീൽ ഇൻസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാസ്റ്റ് അയൺ പ്രൊഡക്ഷൻ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉല്പന്നങ്ങളായ സി.ഐ. പൈപ്പുകളും മറ്റ് ഉല്പന്നങ്ങളും എടുക്കുന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനവും കേരള വാട്ടർ അതോറിറ്റിയും തമ്മിലുണ്ടാക്കിയ കരാറിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) എന്നാണ് കരാറിന്റെ കാലാവധി അവസാനിച്ചത്;

(ഇ) പുതുക്കി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് ഒറ്റപ്പാലത്തെ പാലപ്പുറം യൂണിറ്റിന്റെ ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 280 ലക്ഷം രൂപയും 2012-13-ൽ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 176 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. ടി നവീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) ഇല്ല.

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉല്പന്നങ്ങളായ സി.ഐ. പൈപ്പുകൾ/ സി.ഐ.ഡി. ജോയിന്റ്, മാൻഹോൾ കവർ എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായുള്ള കരാറിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| നമ്പർ | കരാറിന്റെ കാലാവധി ഉൽപ്പന്നങ്ങൾ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| 1 CID Joint/CI Pipe | 30-10-2015 to 29-10-2016 | കരാർ നിലവിൽ ഉണ്ട് |
| 2 മാൻഹോൾ കവർ | 23-3-2014 to 22-3-2015 | ആറുമാസം കൂടി ഉഭയകക്ഷി സമ്മത പ്രകാരം കരാർ നിലവിൽ ഉണ്ടായിരുന്നു. |

(ഡി) കാസ്റ്റ് അയൺ പൈപ്പുകളും സി.ഐ.ഡി. ജോയിന്റുകളും കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കുവാനുള്ള കരാർ ഇപ്പോഴും നിലവിൽ ഉണ്ട്.

(ഇ) കരാർ പുതുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി കമ്പനി ചർച്ചകൾ നടത്തിവരുന്നു.

**ചേർത്തല ഓട്ടോകാസ്റ്റ്**

137(2175) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഓട്ടോകാസ്റ്റിനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് സർക്കാർ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഓട്ടോകാസ്റ്റിന്റെ പ്രതിസന്ധിക്ക് കാരണമെന്തെന്നും പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ഈ മേഖലയിലുള്ളവരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

ഓട്ടോകാസ്റ്റ് ദീർഘകാലമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി സംരക്ഷിക്കുന്നതിന് വിവിധ തലത്തിലുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റീൽ കാസ്റ്റിംഗ് ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിനും പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ 1875 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോ കാസ്റ്റിന് നൽകിയിട്ടുണ്ട്.

(ബി) അനാരോഗ്യകരമായ ഇറക്കുമതി മൂലം വിപണിയിൽ നിന്ന് നേരിടുന്ന കടുത്ത മത്സരം ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ കമ്പനിക്ക് പ്രതിബന്ധമായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് 2013-ൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്ത്യൻ ഫൗണ്ടറിമെൻ കേരളാ ചാപ്റ്ററിന്റെ ഒരു റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കൂടി പരിഗണിച്ചാണ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാ ക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്.

**പുതിയതായി ആരംഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

138(2176) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ ; ഓരോ സ്ഥാപനത്തിലും എത്ര കോടി രൂപ വീതം മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സിഡ്കോയുടെ ഒരു ഹൈടെക് ഫർണിച്ചർ നിർമ്മാണ യൂണിറ്റ് മലപ്പുറം ജില്ലയിൽ വേങ്ങരയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. 26.78 കോടി രൂപയുടെ ഈ പദ്ധതിക്ക് സർക്കാർ വിഹിതമായ 10.71 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകകയാണ്.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ**

139(2177) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭനഷ്ട കണക്കുകൾ പരിഗണിക്കുമ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തനലാഭം നേടിയിട്ടുണ്ട് ?

ഉത്തരം

കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭനഷ്ടക്കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാപ്പെക്സിന് അനുവദിച്ച തുക

140(2178) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പ്ലാൻ, നോൺപ്ലാൻ, കണ്ടിൻജൻസി ഫണ്ട് എന്നിവകളിലായി കാപെക്സിന് എന്തു തുക വീതം നൽകിയെന്നും ഇതുവരെ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപെക്സിന് 2011-12-ൽ 18.75 കോടി രൂപയും 2012-13-ൽ 23 കോടി രൂപയും2013-14-ൽ 25.30 കോടി രൂപയും 2014-15-ൽ 20 കോടി രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി. പ്രസ്തുത തുക മുഴുവൻ തന്നെ കാപെക്സ് ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ 10 കോടി രൂപ പ്ലാൻ ഫണ്ടിൽ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ, കണ്ടിജൻസി ഫണ്ടുകൾ പ്രസ്തുത കാലയളവുകളിൽ കാപെക്സിന് നൽകിയിട്ടില്ല.

## പുതുക്കാട് മണ്ഡലത്തിലെ പുതിയ പദ്ധതികൾ

141(2179) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുക്കാട് മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുതുക്കാട് മണ്ഡലത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡും കിൻഫ്രയും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) മുകുന്ദപുരം താലൂക്കിൽ നെൻമണിക്കര, തൃക്കൂർ വില്ലേജുകളിൽപ്പെട്ട 100 ഏക്കർ ഭൂമിയിൽ ഒരു കേര പാർക്ക് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ഈ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയിൽപ്പെടുത്തി ഹോളോബ്രിക്സ് യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ടൈലറിംഗ് യൂണിറ്റ്, മോൾഡ്സ്-ഡൈ യൂണിറ്റ്, ഗോൾഡ് ഓർണമെന്റ്സ് യൂണിറ്റ് എന്നിവയ്ക്കായി 31,37,000 രൂപ പ്രോജക്ട് തുകയായി വിവിധ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. എന്റെ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചർ യൂണിറ്റ്, ഫുഡ് പ്രൊഡക്ട്സ് യൂണിറ്റ്, ചിപ്സ് യൂണിറ്റ്, കോൺക്രീറ്റ് പ്രൊഡക്ട്സ് യൂണിറ്റ് എന്നിവയ്ക്കായി 12,30,000 രൂപ വിവിധ വ്യക്തികൾക്കായി നൽകിയിട്ടുണ്ട്.

**അയ്യമ്പുഴ വില്ലേജിൽ കിൻഫ്ര പാർക്കിന്റെ രണ്ടാംഘട്ട വികസനം**

142(2180**)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ വില്ലേജിൽ കിൻഫ്ര എക്സ്പോർട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി 250 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർ, നെടുമ്പാശ്ശേരി ലാൻഡ് അക്വിസിഷൻ തഹൽസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

**പട്ടികജാതി വിഭാഗക്കാർക്കായുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

143(2181) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി വ്യവസായ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വ്യവസായികാഭിരുചി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കൊട്ടാരക്കര മണ്ഡലത്തിലെ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി

144(2182) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും ഭാഗം ഇതര വകുപ്പുകൾക്ക് വിട്ടു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ ഒരേക്കർ ആറു സെന്റ് ഭൂമിയുണ്ട്.

(ബി) പ്രസ്തുത ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ട് നൽകിയിട്ടില്ല.

## സ്മാർട്ട് സിറ്റി പദ്ധതി

145(2183) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ പൂർത്തിയായ സ്മാർട്ട് സിറ്റി പദ്ധതി വഴി എത്രപേർക്ക് പുതുതായി തൊഴിൽ നൽകുവാൻ കഴിഞ്ഞു; പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ എത്ര നാൾ വേണ്ടിവരും?

ഉത്തരം

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ആറര ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതാണ്. ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ൽ പരം ഐ.ടി. ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്. 2020-ഓടു കൂടി പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമം ആകുമെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

## പാലക്കാട്ടെ വ്യവസായ സ്ഥാപനങ്ങൾ

146(2184) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മേഖലയിൽ പൊതുമേഖലയിലടക്കമുള്ള വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ചെറുകിട, ഇരുമ്പുരുക്ക് വ്യവസായ സ്ഥാപനങ്ങൾ അടക്കം വൻ പ്രതിസന്ധിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാലക്കാട് വ്യാവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന് സാദ്ധ്യമായിട്ടില്ലാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളം ഫലപ്രദമായി എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. സ്റ്റീൽ വിലയിലുണ്ടായിട്ടുള്ള വിലയിടിവും അസംസ്കൃത വസ്തുക്കളായ സ്ക്രാപ്പ്, വൈദ്യുതി എന്നിവയുടെ വില വർദ്ധനവ്, ഗുണനില വാരമില്ലാത്ത വില കുറഞ്ഞ സ്റ്റീൽ ഉത്പന്നങ്ങളുടെ ഇറക്കുമതി എന്നിവ ചെറുകിട ഇരുമ്പുരുക്ക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളെ പ്രതിസന്ധി യിലാക്കിയിട്ടുണ്ട്. പാലക്കാട്ടെ ചെറുകിട ഇരുമ്പുരുക്ക് വ്യവസായ സ്ഥാപനങ്ങളുടെ പ്രധാന ഉൽപ്പന്നം T.M.T. (Thermo Mechanically Treated) കമ്പികളാണ്. മെച്ചമായ തരത്തിൽ ബ്രാൻഡ് ചെയ്യപ്പെട്ടിട്ടുള്ള ബില്ലറ്റ് അധിഷ്ഠിത കമ്പികൾക്ക് മാത്രമേ മത്സരാധിഷ്ഠിത കമ്പോളത്തിൽ നിലനിൽക്കാൻ കഴിയുകയുള്ളൂ. ഇവിടെ റ്റി.എം.റ്റി. കമ്പകളുടെ ഉത്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതലുമാണ്. പ്രസ്തുത കമ്പികളുടെ വിലയിൽ മാത്രം ഏകദേശം 30%-ന്റെ ഇടിവുണ്ടായിട്ടുണ്ട്. അന്യസംസ്ഥാനത്തിലെ വൻകിട യൂണിറ്റുകളുടെ വിലകുറഞ്ഞ ഉത്പന്നങ്ങളുടെ കടന്നു കയറ്റത്താൽ കേരളത്തിലെ യൂണിറ്റുകൾക്ക് പിടിച്ചു നിൽക്കാൻ കഴിയാത്തതും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(സി) പാലക്കാട് വ്യവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന് സാദ്ധ്യമായിട്ടില്ല എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടില്ല. ആഗോള സ്റ്റീൽ വിപണിയിലെ നിരക്കനുസരിച്ചാണ് ഇന്ത്യൻ സ്റ്റീൽ വിപണിയിലെയും വില നിലവാരം നിയന്ത്രിക്കപ്പെടുന്നത്. അതുകൊണ്ട് സ്റ്റീൽ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തലത്തിൽ എടുക്കുക എളുപ്പമാവില്ല. ഒറ്റപ്പാലത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഒരു ഡിഫൻസ് പാർക്കും മെഗാ ഫുഡ് പാർക്കും സ്ഥാപിക്കുന്നതിന് അനുമതിയായിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BEML-ന് പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമിയിൽ അതിന്റെ ഒന്നാംഘട്ട പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ഡി) പാലക്കാട് വ്യാവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്**

147(2185) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിന്റെ പ്രോജക്ട് അടങ്കൽ തുക എത്രയാണ് എന്നറിയിക്കുമോ;

(ബി) ഇതിനോടകം പ്രോജക്ടിനായി എത്ര തുക അനുവദിക്കുകയുണ്ടായെന്നും ചെലവഴിക്കുകയുണ്ടായെന്നും അറിയിക്കുമോ ;

(സി) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗതാഗതമാർഗം, ജലവിതരണം, വൈദ്യുതിവിതരണം അടക്കമുള്ള പശ്ചാത്തല സൗകര്യ ലഭ്യതയ്ക്ക് ഇതിനോടകം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ വ്യവസായ പാർക്കിന് വേണ്ടി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അടങ്കൽ തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകൂ.

(ബി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 719/2014/വ്യവ, തീയതി 28-06-2014 പ്രകാരം വെള്ളിയാംപറമ്പ് (മട്ടന്നൂർ) കിൻഫ്ര വ്യവസായ പാർക്കിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 5 കോടി രൂപയിൽനിന്നും ജി.ഒ. (ആർ. ടി.) നമ്പർ 935/2015/വ്യവ, തീയതി 9-9-2015 പ്രകാരം 1 കോടി രൂപയും ജി.ഒ. (ആർ. ടി.)നമ്പർ 142/2016/വ്യവ, തീയതി 8-2-2016 പ്രകാരം 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1.40 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(സി) പാർക്കിന്റെ ചുറ്റുമതിൽ ഗേറ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

(ഡി) അടിസ്ഥാന സൗകര്യങ്ങളായ ജലവിതരണം, വൈദ്യുതി എന്നിവയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഇവ രണ്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

**സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തിലെ പ്രതിസന്ധി**

148(2186) ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയും കൊടുംകാര്യസ്ഥതയും സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായത്തെ എത്രത്തോളം പ്രതിസന്ധിയിലെത്തിച്ചിട്ടുണ്ട് ;

(ബി) വൈദഗ്ദ്ധ്യമില്ലാത്തവരെ പൊതുമേഖലകളുടെ തലപ്പത്ത് കൊണ്ടുവന്നിട്ടുണ്ടോ ; ആയത് വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വിഘാതമായിട്ടുണ്ടോ ;

(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമ്പോൾ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; ഇതിന്റെ അഭാവം ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ളത്. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, കുറഞ്ഞ ഇറക്കുമതി ചുങ്കം മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ അതിന്റെ കാരണം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജുമെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

**കെൽട്രോൺ നവീകരണം**

149(2187) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി. തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണ പരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടി രൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോസിറാമിക്സിന്റെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്

(ബി&സി) വ്യവസായ വകുപ്പിന്റെ അധിനതയിലുള്ള കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട വിവിധ ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 880 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.

## അങ്കമാലിയിലെ കിൻഫ്ര വ്യവസായ പാർക്ക്

150(2188) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്ന കിൻഫ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ലിയു.പി. (സി.) 33795/2010 നമ്പർ കേസിലെ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ കേസിൽ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളേയും 1986-ലെ കേന്ദ്രപരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാൻഡ് അക്വിസിഷൻ നടപടികളെ ചോദ്യം ചെയ്തിട്ടുള്ളത്. ഈ കേസ് വേഗം തീർപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ

151(2189) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു.; അവയിൽ ലാഭത്തിൽ പ്രവർത്തിച്ചവ എത്ര; നഷ്ടത്തിൽ പ്രവർത്തിച്ചവ എത്ര; വ്യക്തമാക്കാമോ;

(ബി) നിലവിൽ പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു ; അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ; വിശദമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 44 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങൾ ലാഭത്തിലും 21 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു.

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിലും 30 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു.

## ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ

152(2190) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ സഹകരണ സ്വകാര്യ മേഖലയിൽ ആരംഭിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം മേഖലയിൽ എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് കളിപ്പാട്ട നിർമ്മാണ വ്യവസായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടില്ല.

(ബി)
1. ബി.എൻ.സി. ഇൻഡസ്ട്രീസ്, തിരുവനന്തപുരം
2. ആതിര ഇൻഡസ്ട്രീസ്, തിരുവനന്തപുരം
3. എ.ഐ.എം. ടെക്നോളജീസ്, ചേർത്തല
4. മിന്നൂസ് പ്രോഡക്ട്സ്, തൃശ്ശൂർ.

## സ്റ്റാർട്ട് അപ്പ് പോളിസി

153(2191) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സ്റ്റാർട്ട് അപ്പ് പോളിസി' യുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 12-5-2015-ലെ സ.ഉ. (കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. ലോകോത്തര നിലവാരമുള്ള ശാസ്ത്ര-സാങ്കേതിക പരിസരം സംസ്ഥാനത്തിനകത്ത് തന്നെ സൃഷ്ടിച്ച് യുവതലമുറയെ ശാക്തീകരിക്കുകയും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 2014-ലെ കേരള സാങ്കേതിക സ്റ്റാർട്ടപ്പ് നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടിരൂപയുടെ നിക്ഷേപം ആകർഷിക്കുക.
2. അടുത്ത അഞ്ച് വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടിരൂപ വിനിയോഗിക്കുക.
3. ഭാരതീയർ ഉടമസ്ഥരായുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടുവരിക.
4. വിവിധ വിഭാഗങ്ങളിലായി 10 സാങ്കേതിക ബിസിനസ്സ് ഇൻകുബേറ്റർ/ആക്സിലറേറ്റർ സ്ഥാപിക്കുക.
5. 10000 സാങ്കേതിക ഉത്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ നൽകുക.
6. ഒരു ദശലം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക.
7. 2000 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക.
8. സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

(സി) സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സൊസൈറ്റിയായ കേരള സ്റ്റാർട്ടപ്പ് മിഷന് ഈ സാമ്പത്തിക വർഷം 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 60.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതു സംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

3. സംരംഭത്വ വികസനത്തിന് വേണ്ടി മാത്രം സംസ്ഥാന വർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കിവച്ച ആദ്യ സംസ്ഥാനമാണ് കേരളം.

4. യുവതലമുറയിൽ സംരംഭകത്വ താൽപ്പര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ്ബെറി പൈപ്രോഗ്രാം, അന്തർ ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3, തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പുതിയ മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകൾ സ്ഥാപിച്ചു. 20 കോളേജുകളിൽ മിനി ഫാബ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു.

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു.

**അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

154(2192) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൻ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; അവ ഏതൊക്കെ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും എന്തുകാരണത്താലാണ് പൂട്ടിയിട്ടുള്ളത് ; ഈ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാർക്ക് സ്ഥാപനം അടച്ചുപൂട്ടിയപ്പോൾ നഷ്ടപരിഹാര പാക്കേജ് നൽകിയിരുന്നോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; എത്ര തൊഴിലാളികൾ ഇതംഗീകരിച്ചു; വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പൂട്ടിപ്പോയ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം തുറന്നുപ്രവർത്തിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുമടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയില്ല. എന്നാൽ കണ്ണൂരിലെ കേരള ക്ലേയ്സ് ആന്റ് സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കീഴിലുള്ള ചില യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം

155(2193) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ എത്ര സ്റ്റാർട്ട്-അപ് സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചത്;

(ബി) അതിൽ എത്ര എണ്ണം നിലവിലുണ്ട്;

(സി) സ്റ്റാർട്ട്-അപ് സംരംഭങ്ങൾക്ക് നല്കിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2014-15-ൽ സാങ്കേതിക മേഖലയിൽ 65 സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളാണ് ആരംഭിച്ചത്. ഇതിൽ 64 എണ്ണം നിലവിലുണ്ട്.

(സി) സാങ്കേതിക മേഖലയിലുള്ള സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നത് സീഡ് ഫണ്ടാണ്. 4.10 കോടി രൂപ ഇത് വരെ സീഡ് ഫണ്ടായി നൽകിയിട്ടുണ്ട്.

## തൊഴിലവസരങ്ങൾ

156(2194) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് കേരളത്തിലെ പൊതുമേഖല-സ്വകാര്യമേഖല വ്യവസായ സ്ഥാപനങ്ങൾ സൃഷ്ടിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ; അതിൽ വിദഗ്ധ തൊഴിലവസരങ്ങൾ എത്ര ;

(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ വിവിധ ഘട്ടങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രഖ്യാപിത പദ്ധതികളുടെ തൊഴിലവസര ലക്ഷ്യവും നേട്ടവും വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## പ്രതിസന്ധിയിലായ വ്യവസായ സ്ഥാപനങ്ങൾ

157(2195) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലായ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിൽ വ്യവസായ വകുപ്പിനു വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭകരമായിരുന്ന വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലും പ്രതിസന്ധിയിലുമായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിൽ എത്രത്തോളം ഈ സർക്കാർ വിജയിച്ചിട്ടുണ്ട് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന ചില പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ കാരണങ്ങളാൽ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും പ്രവർത്തന മൂലധനവുമായി 880 കോടിയിലധികം രൂപ നൽകിയിട്ടുണ്ട്.

## കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണം

158(2196) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക കെൽട്രോണിന് അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തുക ഗ്രാന്റായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നു മുതലാണ് തൊഴിലാളികൾക്ക് പുതിയ ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) വർഷങ്ങളായി ജോലി ചെയ്തുവരുന്ന കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി, ട്രാഫിക് സിഗ്നൽ, സെക്യൂറിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെടിക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി. തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നന്റെ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടിരൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിനെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ധനസഹായം ഗ്രാന്റായി മാറ്റുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്.

(ബി) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുനൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ടെക്നോപാർക്കിലെ പുതിയ കമ്പനികൾ**

159(2197) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിലെ ഐ.റ്റി. കെട്ടിടങ്ങളിൽ സ്ഥലം ഉപയോഗിക്കാതെ കിടപ്പുണ്ടോ;

(ബി) എങ്കിൽ എത്ര ചതുരശ്ര അടി സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ കമ്പനികൾ വരുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് ഘട്ടം - III-ൽ ഏകദേശം 5.07 ലക്ഷം ച.അടി. സ്ഥലത്തിൽ 34000 ച.അടി സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ഇവിടെ സ്ഥലത്തിനായി ഏകദേശം 193 ഐ.ടി. കമ്പനികളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രത്യേക സാമ്പത്തിക മേഖലയിൽ കമ്പനികൾക്കുള്ള നേട്ടങ്ങൾ കുറഞ്ഞതും കമ്പനികൾക്ക് ആവശ്യമായ കുറഞ്ഞ വിസ്തൃതിയിലുള്ള ഐ.ടി. സ്ഥലത്തിന്റെ അഭാവവുമാണ് പുതിയ കമ്പനികൾ വരുന്നതിനുള്ള തടസ്സം.

**എമർജിംഗ് കേരള**

160(2198) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ എത്ര പദ്ധതികൾക്കാണ് എം.ഒ.യു. ഒപ്പ് വച്ചിരുന്നത്; വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പദ്ധതികളിൽ നിക്ഷേപം നടത്തി;

(സി) നിക്ഷേപം നടത്തിയ കമ്പനികളുടെ പേരും നിക്ഷേപിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചു.

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL - between BPCL and Government of Kerala.
2. To implement Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Barton Hill, Trivandrum- between Mercedez Benze and Higher Education Department Government of Kerala.

മുകളിൽപ്പറഞ്ഞ പദ്ധതികളിൽ 12000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടിവ് മെക്കാട്രോണിക്സിന്റെ ആദ്യ ബാച്ചിന്റെ പരിശീലന പദ്ധതിയും ആരംഭിച്ചു.

## തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി

161(2199) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കണ്ണൂർ 430 കിലോമീറ്റർ അതിവേഗ റെയിൽ ഇടനാഴിയുടെ സാദ്ധ്യതാ പഠനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ജനസാന്ദ്രത കൂടിയ കേരളത്തിൽ ഈ പദ്ധതി വിജയപ്രദമാണോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം - കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി ഉൾപ്പെടുന്ന തിരുവനന്തപുരം - കാസർഗോഡ് അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ DMRC മുഖേന നടത്തി വരുന്നു.

(ബി) DMRC സമർപ്പിച്ചിട്ടുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം കേരളത്തില ഈ പദ്ധതി പരിസ്ഥിതി സൗഹാർദ്ദപരവും കാര്യക്ഷമവും സുരക്ഷിതവുമായ ഒരു യാത്രാ മാർഗ്ഗമാണെന്ന് കണക്കാക്കുന്നു.

## ധാതുമണൽ സമ്പത്ത്

162(2200) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലുണ്ടോ;

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ടോ എന്നറിയിക്കുമോ;

(ഡി) ധാതുമണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും വ്യാവസായികമായ ആവശ്യങ്ങൾക്ക് പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജിയുടെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ ആന്റ് റിസർച്ച് സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ ധാതുമണൽ സമ്പത്തിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു:

സർവ്വശ്രീ ടി. എം. മഹാദേവൻ, കെ. കൃഷ്ണൻ ഉണ്ണി, ആർ. ആർ. നായർ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ.

1. കടൽ തീരങ്ങളിൽ കാലവർഷത്തെ തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരി തലത്തിൽനിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.

2. കായംകുളം - ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതുമണൽ ശേഖരം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.

3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.

<u>പ്രൊഫ. കെ. വി. ത്രിവിക്രമജി, ഡോ. സി. ജി. നമ്പ്യാർ, ശ്രീ. എൻ. കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ</u>

1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

2. വ്യക്തമായ മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.

<u>ജസ്റ്റിസ് കെ. ജോൺ മാത്യൂ, ഡോ. കെ. കെ. ദിവേദി, ശ്രീ. ബി. സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്തഭാഗങ്ങൾ</u>

1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്ക്രാപിംഗ് രീതി അനുവർത്തിച്ചുകൊണ്ട് 30 സെ. മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറുസെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.

2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കുട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്. ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് നിലവിൽ കരിമണൽ ഖനനം നടക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് തീരപ്രദേശത്ത് ഖനനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതുമണൽ ശേഖരത്തിന്റെ ചെറിയ ഒരളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾമൂലമാണ് പൂർണ്ണതോതിലുള്ള ധാതുമണൽ ശേഖരം നടക്കാത്തത്.

## നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്

ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയും പറ്റി പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ.) അവരുടെ മിനറൽ സെപറേഷൻ പ്ലാന്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു. മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ. വിലയ്ക്ക് വാങ്ങിക്കൊണ്ടിരിക്കുന്നു. ധാതുമണൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല.

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് സ്വകാര്യ ഏജൻസികൾക്കൊന്നും തന്നെ ഈ സർക്കാർ ഖനനാനുമതി നൽകിയിട്ടില്ല.

(സി) അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെ തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതു കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ്, ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് എന്നിവ നിലവിലുണ്ട്. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണ മേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഈ സ്ഥലത്ത് പോലീസ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരപ്രദേശത്ത് കോസ്റ്റൽ പോലീസിനെ കൊണ്ട് പട്രോളിംഗ് നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മണ്ണ് മാറ്റുന്നതിനുള്ള അനുമതി

163(2201) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കഴിഞ്ഞ 1 വർഷത്തിനിടയിൽ മണ്ണ് മാറ്റുന്നതിനായി നൽകിയിട്ടുള്ള അനുമതികളുടെ വിശദവിവരം വ്യക്തമാക്കാമോ;

(ബി) റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് പ്രസ്തുത താലൂക്കിൽ നിരോധനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) താലൂക്കിൽ പൊതു-സ്വകാര്യ ആവശ്യങ്ങൾക്കായി മണ്ണ് മാറ്റുന്നതിന് നിലവിൽ എവിടെയൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും മണ്ണെടുക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുവാൻ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് വൈക്കം താലൂക്കിൽ മാത്രമായി പ്രത്യേക നിരോധന ഉത്തരവുകളൊന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും നൽകിയിട്ടില്ല.

(സി) വൈക്കം താലൂക്കിൽ മണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി ഉള്ളവരുടെ ലിസ്റ്റ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.* സാധാരണ മണ്ണ് ഖനനം നടക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുന്നതിന് റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്കും ജില്ലാ കളക്ടർക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കും പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർറിനു മുകളിൽ പദവിയുള്ള പോലീസ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അനധികൃത ധാതുഖനനവും ധാതുകടത്തും

164(2202) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം അനധികൃത ധാതുഖനനം, അനധികൃത ധാതു കടത്ത് എന്നിവയ്ക്ക് നൽകിവരുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതു നടപ്പിലാക്കാൻ ആർക്കൊക്കെയാണ് അധികാരമെന്ന് പറയാമോ ;

(സി) അനധികൃത ധാതുഖനനം, ധാതുകടത്ത് എന്നിവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) അനധികൃത ധാതുഖനനത്തിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ 2 വർഷം തടവോ 5 ലക്ഷം രൂപ പിഴയോ രണ്ടും ചേർന്നതോ ആണ്. കൂടാതെ ഖനനം ചെയ്തെടുത്ത ധാതുവിന്റെ റോയൽറ്റിയും റോയൽറ്റിയുടെ രണ്ടിരട്ടി വിലയും ആയി ഈടാക്കാവുന്നതാണ്. റവന്യൂ പുറമ്പോക്കിൽ അനധികൃത ഖനനം നടത്തുന്ന സംഗതിയിൽ സീനിയറേജും (കോമ്പൻസേഷൻ) ഈടാക്കാവുന്നതാണ്. അനധികൃത ധാതുകടത്തിന് 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ 2 വർഷം തടവോ 5 ലക്ഷം രൂപ പിഴയോ രണ്ടും ചേർന്നതോ ആണ്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കും ജില്ലാ കളക്ടർക്കും അധികാരമുണ്ട്. എന്നാൽ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ റവന്യൂ ഡിവിഷണൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്കും പോലീസ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ മേലെയുള്ള തസ്തികയിൽ ജോലി ചെയ്യുന്നവർക്കും അനധികൃത ഖനനവും കടത്തും കണ്ടെത്തി വാഹനങ്ങൾ പിടിച്ചെടുക്കാനും തുടർ നടപടികൾക്കായി ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യാനും അധികാരമുണ്ട്.

(സി) അനധികൃത ഖനനം, ധാതുകടത്ത് എന്നിവയ്ക്ക് പിഴയായി ഈടാക്കാവുന്ന പരമാവധി സംഖ്യ 5 ലക്ഷം രൂപയാണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പിഴ സംഖ്യ കേരളത്തിലെ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയത്. എന്നിരുന്നാലും കേന്ദ്ര നിയമത്തിലും കേരളത്തിലെ ചട്ടങ്ങളിലും പിഴ സംഖ്യ ഈടാക്കി കുറ്റം രാജിയാക്കാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ അനധികൃത ധാതുഖനനം, കടത്ത് എന്നിവ കണ്ടെത്തി നടപടി സ്വീകരിക്കുന്ന സംഗതികളിൽ കുറ്റം ചെയ്ത വ്യക്തി, ജിയോളജിസ്റ്റ്/സർക്കാർ നിശ്ചയിക്കുന്ന പിഴ/തുക ഈടാക്കി കുറ്റം രാജിയാക്കാൻ തയ്യാറാകുന്നതിനാൽ കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നത് വിരളമാണ്. ഈ സർക്കാരിന്റെ കാലയളവിൽ കോടതിയിൽ ഇത്തരത്തിൽ കേസ് ഫയൽ ചെയ്തത് വളരെ കുറവാണ്. ആയതിൽ ശിക്ഷ വിധിക്കപ്പെട്ട കേസുകളും ഇല്ല. ഫയൽ ചെയ്ത കേസുകൾ തീർപ്പാക്കാതിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ അനധികൃത ഖനനം/കടത്ത് എന്നിവ കണ്ടെത്തി പിഴ സംഖ്യ ഈടാക്കിയ 19707 കേസുകൾ ഉണ്ട്. ആയത് പ്രകാരം 33,33,12,695 രൂപ ഈടാക്കിയിട്ടുണ്ട്.

## മിനറൽ സ്ക്വാഡുകളുടെ എണ്ണം

165(2203) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ധാതു ഖനനം, ധാതു കടത്ത് എന്നിവ വർദ്ധിച്ചുവരുന്നതുമൂലം സർക്കാരിന് വൻ റവന്യൂ നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് കണക്കിലെടുത്ത് ജിയോളജി വകുപ്പിന് കീഴിൽ നിലവിലുള്ള മൂന്ന് മേഖല മിനറൽ സ്ക്വാഡുകളുടെ എണ്ണം ജില്ലയ്ക്ക് ഒന്ന് എന്ന തോതിൽ 14 ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനവും ധാതുകടത്തും പരിശോധിക്കുന്നതിനും തടയുന്നതിനുമായി സംസ്ഥാനത്ത് ജില്ലാ ഓഫീസ് കൂടാതെ 3 സ്ക്വാഡുകൾ നിലവിലുണ്ട്. മിനറൽ സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ചെറുകിട ധാതുസമ്പത്ത്

166(2204) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട ധാതുസമ്പത്ത് സംരക്ഷിക്കുന്നതിനും അവയുടെ കടത്തും ഖനനവും നിയന്ത്രിക്കുന്നതിനുമായി കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ എന്തൊക്കെയാണ്;

(ബി) കേരളത്തിൽ കണ്ടുവരുന്ന വൻകിട ധാതുക്കളിൽ ഏതൊക്കെയാണ് കേന്ദ്ര സർക്കാർ ചെറുകിട ധാതുക്കളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) അവയുടെ ഖനനവും കടത്തും നിയന്ത്രിക്കുന്നതിന് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ചെറുകിട ധാതുക്കളായി അംഗീകരിച്ചതിനുശേഷം അവയ്ക്ക് ഖനനാനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ.

(ബി) ചൈനാക്ലേ, ലാറ്ററൈറ്റ്, ക്വാർട്സ്, സിലിക്കാ മണൽ എന്നിവയെ കേന്ദ്രസർക്കാർ ചെറുകിട ധാതുക്കളായി പ്രഖ്യാപിച്ചിട്ടുണ്ട്. തദനുസരിച്ചുള്ള ചട്ടഭേദഗതി സംസ്ഥാന സർക്കാർ തയ്യാറാക്കിവരുന്നു.

(സി) ഈ ധാതുക്കളെ കൂടി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ ധാതുക്കളെ ചെറുകിട ധാതുക്കളായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനുശേഷം ടി ധാതുക്കൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ ടി ധാതുക്കൾക്ക് ടി ചട്ടപ്രകാരം ഖനനാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി

167(2205) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നാളിതു വരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വകുപ്പിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് ലഭ്യമാക്കി; അതിന് എത്ര രൂപ ചെലവാക്കി; മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി എന്നാണ് ആരംഭിച്ചത്; എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചത്; ഇത്രയും കാലതാമസം ഉണ്ടാകാൻ കാരണമെന്ത്;

(സി) ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതുമൂലം നിലവിലെ ചട്ടങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; മൈനിംഗ് & ജിയോളജി വകുപ്പിൽ താലൂക്കുതല ഓഫീസുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ 186.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഇ-ഗവേണൻസ് പദ്ധതി പ്രകാരം വകുപ്പിലെ 204 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കി. വകുപ്പിലെ ജീവനക്കാർക്ക് ട്രെയിനിംഗ് നടത്തിയ ഇനത്തിൽ 8003 രൂപ ചെലവായി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ഏപ്രിൽ 2011-നാണ് ആരംഭിച്ചത്. ഒക്ടോബർ 2013-ൽ പൂർത്തീകരിക്കും എന്നാണ് എൻ.ഐ.സി. അറിയിച്ചിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ കാലതാമസമുണ്ടായിട്ടുണ്ട്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 1967 പ്രകാരമായിരുന്നു എൻ.ഐ.സി., ഇ-ഗവേണൻസ് പദ്ധതിയുടെ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 2015 ഫെബ്രുവരിയിൽ പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുതിയ ചട്ടങ്ങൾ നിലവിൽ വന്നു. ഇതിനായി തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടി വന്നു. ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറിൽ 11 മൊഡ്യൂൾസ് പിന്നീട് കൂട്ടിച്ചേർക്കുന്നതിനും

ഇ-ട്രഷറി സംവിധാനം വഴി ഇ-പേയ്മെന്റ് നടത്തുന്നതിനായി സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനും വകുപ്പ് നടത്തിയ വിവിധ ട്രെയിനിംഗുകളിലും ഡെമോകളിലും ഉപയോക്താക്കൾ ആവശ്യപ്പെട്ട മാറ്റങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും കാലതാമസമുണ്ടായി. കൂടാതെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന എൻ.ഐ.സി.-യിൽ പ്രോഗ്രാമർമാരെ തെരഞ്ഞെടുക്കുന്നതിനും ട്രെയിനിംഗ് നൽകുന്നതിലുണ്ടായ കാലതാമസവും കാരണങ്ങളായിട്ടുണ്ട്.

(സി) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ലെ ചട്ടം 102-ൽ ഓൺലൈനായി ഖനനാനുമതിക്കായി അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ് 2105-ൽ ചട്ടം 26(6) പ്രകാരം ഇ-പാസ്സ് നൽകുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ കൂടുതൽ തസ്തികകൾ

168(2206) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട്ടാവശ്യത്തിന് മണ്ണ് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള മണ്ണ് ഖനനം കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങൾക്ക് കീഴിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ആഫീസുകളിൽ കൂടുതൽ ഫീൽഡ്, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

<u>ഉത്തരം</u>

വീട്ടാവശ്യത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് KMMCR -1967 പ്രകാരം പെർമിറ്റ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആവശ്യമായിരുന്നു. എന്നാൽ പുതുക്കിയ ചട്ടപ്രകാരം (KMMCR-2015) ഇതിന് പെർമിറ്റോ, ലീസോ, മറ്റ് ഉത്തരവുകളോ ആവശ്യമില്ല. മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ മാത്രം ആവശ്യമായ റോയൽറ്റി അടച്ച് അതാത് ജില്ലാ ഓഫീസുകളിൽ നിന്ന് പാസ്സ് നേടേണ്ടതാണ്. വകുപ്പിലെ ജോലി ഭാരം പരിശോധിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ

169(2207) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഏതൊക്കെയെന്നും ഇവിടെ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഉത്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഗവേഷണം നടക്കുന്നുണ്ടോ എന്നും എങ്കിൽ ഏത് സ്ഥാപനമാണ് ഇതിനായി പ്രവർത്തിക്കുന്ന തെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിന്നും ധാതു മണൽ കയറ്റി അയയ്ക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണ് ഇത് അയയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനമായ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസുമാണ് നിലവിൽ ധാതുമണൽ ഉപയോഗിച്ചുപ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. ധാതുമണലിൽനിന്നും ഇൽമനൈറ്റ്, റൂട്ടയിൽ, സിൽക്കൺ, സിലിമനൈറ്റ്, ബ്രൗൺ ഇൽമനൈറ്റ്, (ലൂക്കോക്സിൻ), മോണോസൈറ്റ് എന്നിവ വേർതിരിച്ചെടുക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ഇൽമനൈറ്റിൽ നിന്നും അനടൈസ്, ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും, കേരള മിനറൽസ് ആന്റ് മെറ്റൽസ്, റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും ഉൽപ്പാദിപ്പിക്കുണ്ട്. കൂടാതെ കെ.എം.എം.എൽ. ഇൽമനൈറ്റിൽനിന്നും ടൈറ്റാനിയം സ്പോഞ്ചും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) കേരളത്തിൽ മെ. ഇന്ത്യൻ റെയർ എർത്ത്സും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡിവിഷനും ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന ഉൽപ്പന്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നുണ്ട്. കൂടാതെ ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ കീഴിലുള്ള ഡിഫൻസ് മെറ്റലർജിക്കൽ റിസർച്ച് ലബോറട്ടറിയും ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) ഇല്ല.

**പുരയിടത്തിനു സമീപത്തെ മണ്ണിടിക്കൽ**

170(2208) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചെറുവയ്ക്കൽ വില്ലേജിൽ കട്ടേല ഭാഗത്ത് ഹോളി ട്രിനിറ്റി സ്കൂളിനു സമീപം ശ്രീ. രാമചന്ദ്രൻ നായരുടെ പുരയിടത്തിന് ദോഷകരമായ രീതിയിൽ മണ്ണിടിച്ച് നീക്കം ചെയ്യുന്നതു സംബന്ധിച്ച പരാതിയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ ജില്ലാ ജിയോളജിസ്റ്റ് സ്വീകരിച്ചിരിക്കുന്ന തുടർനടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുവയ്ക്കൽ വില്ലേജിൽ കട്ടേല ഭാഗത്ത് ഹോളിട്രിനിറ്റി സ്കൂളിനു സമീപത്തായി ശ്രീ. രാമചന്ദ്രൻ നായർ എന്ന വ്യക്തിയുടെ പുരയിടത്തിന് ദോഷകരമായ രീതിയിൽ ശ്രീ. സെൽവരാജ് (S/o തമ്പി നാടാർ, രാലൂർകോണത്ത് തടത്തരികത്ത് വീട്, ശാസ്തമംഗലം, ചെറുവയ്ക്കൽ) എന്നയാൾ മണ്ണ് നീക്കം ചെയ്യുന്നതായുള്ള പരാതി 21-12-2015 തീയതി ലഭിച്ചതനുസരിച്ച് 22-12-2105 തീയതി തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും പരാതിക്കാസ്പദമായ സ്ഥലം പരിശോധിച്ചു. പരിശോധനയിൽ പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ മണ്ണ് നീക്കം ചെയ്യൽ ഉടനടി നിർത്തിവെയ്ക്കുന്നതിന് ശ്രീ. സെൽവരാജിന് നോട്ടീസ് നല്കി. കൂടാതെ പ്രസ്തുത സ്ഥലത്തെ മണ്ണെടുപ്പ് ഉടനടി നിർത്തിവെയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീകാര്യം പോലീസ് സബ്ഇൻസ്പെക്ടർക്കും ചെറുവയ്ക്കൽ വില്ലേജ് ഓഫീസർക്കും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് അറിയിപ്പ് നൽകി.

(ബി) പ്രസ്തുത സ്ഥലത്ത് നിന്നും മണ്ണ് പുറത്തുകൊണ്ടുപോയിട്ടില്ലാത്തതിനാൽ എതിർകക്ഷിയായ ശ്രീ. സെൽവരാജിൽനിന്നും പിഴ തുക ഈടാക്കിയിട്ടില്ല എന്നും പ്രസ്തുത സ്ഥലത്തുനിന്നും എതിർകക്ഷി നിരോധന ഉത്തരവ് ലംഘിച്ച് മണ്ണിടിക്കുന്ന പക്ഷം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

## കൈത്തറി മേഖലയുടെ വളർച്ച

171(2209) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തൊഴിലാളികളുടെ ക്ഷേമത്തിനും കൈത്തറിമേഖലയുടെ സമ്പൂർണ്ണ വളർച്ചയ്ക്കും പര്യാപ്തമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കൈത്തറിത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, വിലക്കൂടുതൽ എന്നിവ പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൈത്തറി മേഖലയുടെ ക്ഷേമത്തിനും സമ്പൂർണ്ണ വളർച്ചയ്ക്കും താഴെപ്പറയുന്ന ക്ഷേമനടപടികൾ സ്വീകരിച്ചുവരുന്നു :

1. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി.
2. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും വേണ്ടിയുള്ള പ്രചോദന പരിപാടി
3. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതിയും.
4. ഹാന്റ്ലൂം വില്ലേജ്.
5. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് നടപ്പിലാക്കി. ഇതുവഴി 2010 വരെയുള്ള ലോണിന്റെ 100%-ഉം പലിശയുടെ 25%-ഉം ഒഴിവാക്കി.
6. കൈത്തറിമേളയും ബയർസെല്ലർ മീറ്റും നടത്തി വിപണി പ്രോത്സാഹനം നടത്തിവരുന്നു.

7. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ദേശീയ കൈത്തറി മേളകൾ നടത്തിവരുന്നു.

8. സംഘത്തിന്റെയും നെയ്ത്തുകാരുടെയും വർക്ക് ഷെഡ് നവീകരണം, ഷോറൂം നവീകരണം കൈത്തറി വസ്ത്ര പ്രദർശനവും പ്രചാരണവും വിവിധ മാധ്യമങ്ങളിലൂടെ നൽകി ജനങ്ങൾക്ക് വ്യക്തമായ അവബോധം നൽകിവരുന്നു.

9. ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ നെയ്യുന്നതിന് വിദഗ്ദ്ധ പരിശീനം നടത്തിവരുന്നു.

10. കൈത്തറി ഉൽപ്പന്നങ്ങൾ കേരള കൈത്തറി എന്ന പേരിൽ ബ്രാന്റ് വികസനം നടത്തുന്നുണ്ട്.

11. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(ബി) കൈത്തറി മേഖലയിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി യാൺ ബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ സബ്സിഡിയോടുകൂടി നൂൽ, കെമിക്കൽസ് ആന്റ് ഡൈസ് എന്നിവ വിതരണം നടത്തുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ നാഷണൽ ഹാന്റ് ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരത്തും ബാലരാമപുരത്തും കണ്ണൂരും യാൺ ഡിപ്പോകൾ ആരംഭിച്ചു.

## ഐ.ടി. ഉല്പന്ന കയറ്റുമതി

172(2210) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു ; ആയത് നടപ്പു സാമ്പത്തിക വർഷം എത്രകണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2014-15 വർഷത്തിൽ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു;

(സി) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപ ; ആയത് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയായിരുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ അംഗീകൃത ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുവെന്നും ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും ജോലി നോക്കുന്നു എന്നും വൻകിട ഐ.ടി. കമ്പനികൾ തൊഴിൽ സംസ്കാരം പാലിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെയുള്ള ഐ.ടി. ഉല്പന്ന കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. 2015 -16 സാമ്പത്തിക വർഷത്തെ ഐ.ടി. ഉല്പന്ന കയറ്റുമതിയുടെ വിവരങ്ങൾ പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷമേ ലഭ്യമാവുകയുള്ളൂ. നടപ്പു സാമ്പത്തിക വർഷം 2014-15 സാമ്പത്തിക വർഷത്തിലെ കയറ്റുമതിയേക്കാളും 50% കൂടുതൽ കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2014-15 വർഷത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും 8250.28 കോടി രൂപയുടേയും സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളിൽ നിന്നും 2.92 കോടി രൂപയുടേയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള STP & Non-STP കമ്പനികളിൽ നിന്നും 2867.77 കോടി രൂപയുടേയും ഐ.ടി. ഉല്പന്ന കയറ്റുമതി നടന്നിരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 4.62 കോടി രൂപയാണ്. 2014- 15 സാമ്പത്തിക വർഷം 7.84 കോടി രൂപയായിരുന്നു.

(ഡി) സംസ്ഥാനത്ത് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ജോലി നോക്കുന്നവരെയും സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. വൻകിട ഐ.ടി. കമ്പനികൾ നിലവിലുള്ള തൊഴിൽ നിയമ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ

173(2211) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇ-ഡിസ്ട്രിക്ട് മുഖാന്തരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

(ബി&സി) ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സംസ്ഥാനത്ത് റവന്യൂ വകുപ്പിൻകീഴിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിന് മുന്നോടിയായി റവന്യൂ ഓഫീസുകളിൽ ആവശ്യമായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിക്കുകയും പിന്നീട് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തു. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യവും, കമ്പ്യൂട്ടർ മുതലായ ഹാർഡ്‌വെയറുകളും നൽകി ജില്ലകളിലെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പുവയ്ക്കുന്നതിന് സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും, അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദ്ദേശം ഐ.ടി. മിഷൻ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ എല്ലാ മാസങ്ങളിലും നടത്തുകയും അതാത് ജില്ലകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ഇ-ഗവേണൻസിനുവേണ്ടി ഡിപ്പാർട്ട്മെന്റ് തലത്തിൽ വിവിധ പ്രോജക്ട് കമ്മിറ്റികളും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ അപെക്സ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇ-ഗവേണൻസ് നയരൂപീകരണത്തിന് സ്റ്റിയറിംഗ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി നിലവിലുണ്ട്.

## ഓപ്പൺ പ്ലാറ്റ്ഫോമിൽ ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടി

174(2212) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവയുടേതായ 'ബ്ലോഗുകൾ' തുടങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത വരാതെ 'ഓപ്പൺ പ്ലാറ്റ്ഫോമിൽ' ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; നിബന്ധനകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ 'ബ്ലോഗുകൾ' തുടങ്ങുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഒന്നുംതന്നെ നിശ്ചയിച്ചിട്ടില്ല.

## ഇ-ഗവേണൻസ്

175(2213) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിലാണ് ഇപ്പോൾ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പേപ്പർ-രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(സി) തങ്ങളുടെ പരാതികളും ഫയലുകൾ സംബന്ധിച്ച നീക്കവും അറിയുന്നതിന് പൊതുജനങ്ങൾക്കായി എന്ത് സംവിധാനമാണ് വിവിധ സർക്കാർ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. 4 ഡയറക്ടറേറ്റുകളിലും കണ്ണൂർ കളക്ടേറ്റിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റു കളക്ടേറ്റുകളിലും 21 സബ് കളക്ടേറ്റുകളിലും 75 താലൂക്കുകളിലും ലാൻഡ് റവന്യൂ കമ്മീഷണർമാരുടെ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, വി.എച്ച്.എസ്.ഇ. എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങൾ എസ്.എസ്.ഡി.ജി. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിലേയ്ക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.

(ബി) പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിന് പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക്കായി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്. എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മിഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികളുമായി ബന്ധപ്പെട്ട ഇ-ഫയലുകളുടെ തൽസ്ഥിതി അറിയുവാനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ 'office.kerala.gov.in' എന്ന യു.ആർ.എൽ. മുഖാന്തരം പൊതുജനങ്ങൾക്ക് ഈ സേവനം ലഭ്യമാകുന്നതാണ്.

## ഐ.ടി. വ്യവസായ പാർക്കുകൾ

176(2214) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഫണ്ട് ഉപയോഗിച്ച് ഭൗതിക സാഹചര്യം ഒരുക്കിയ ഐ. ടി. വ്യവസായ പാർക്കുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പാർക്കുകൾക്ക് ഓരോന്നിനും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാർക്കുകളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര സംരംഭകർക്ക് അവസരം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഐ.ടി. വ്യവസായ പാർക്കുകൾ സംരംഭകർക്ക് അനുവദിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള സംവരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ 66.2 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചേർത്തല ഇൻഫോപാർക്കിൽ 2.4 ലക്ഷം ചതുരശ്ര അടിയുള്ള ഒരു ഐ.ടി. കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ 30 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കൊരട്ടി ഇൻഫോപാർക്കിന്റെ വികസനത്തിന്റെ ആദ്യഘട്ടമായി, 52000 ച. അടി വരുന്ന ഐ.ടി. സ്പേസ് പഴയ കെട്ടിടങ്ങൾ പുതുക്കി പണിത് ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ 3.3 ലക്ഷം ചതുരശ്ര അടിയുള്ള ഒരു ഐ.ടി. കെട്ടിടത്തിന്റെ പണി പൂർത്തിയായി കമ്പനികൾ പ്രവർത്തിച്ചുതുടങ്ങി. 3.24 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നെല്ലിക്കോട്, പന്തീരങ്കാവ് വില്ലേജുകളിലായി 44.4 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന സൈബർ പാർക്കിൽ 11,000 ചതുരശ്ര അടിയുള്ള 'Common Facility Centre' കെട്ടിടം പണിയുകയും ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ 2.88 ലക്ഷം ചതുരശ്ര അടിയുള്ള ഒരു ഐ.ടി. കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. ഇവിടെ " Land Development, Internal Roads, Street Lighting, Compound Wall" തുടങ്ങിയ അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കായി 29 കോടി രൂപയും, ശുദ്ധജലം, 11 കെ.വി. സബ്സ്റ്റേഷൻ, 11700 ച. അടി. കോമൺ ഫെസിലിറ്റി സെന്റർ എന്നിവയ്ക്കായി 46.41 കോടി രൂപയും ഉൾപ്പെടെ 75.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ എരമം വില്ലേജിൽ 25 ഏക്കർ ഭൂമിയിൽ 50000 sq.ft. ഉള്ള ഐ.ടി. കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2.17 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമിയിലാണ് 50,000 sq.ft. ഉള്ള ഐ.ടി. കെട്ടിടം പണി ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ അരീക്കോട് ഐ.ടി. പാർക്കിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിന്റെ സാധ്യതാ പഠനത്തിനും, ലാൻഡ് സർവേയ്ക്കുമായി 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന ഐ.ടി. പാർക്കായ ഇൻഫോസിറ്റിയുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പിറവത്തും, മൂവാറ്റുപുഴയിലും, കൊല്ലം ജില്ലയിലെ വെളിയത്തും, കണ്ണൂർ ജില്ലയിലെ തവക്കരയിലും ടെക്നോലോഡ്ജുകൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരളയ്ക്ക് (IIT-Kerala) വേണ്ടിയും, ICT Academy of Kerala-ക്ക് വേണ്ടിയും 52.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി തിരുവനന്തപുരം ടെക്നോപാർക്കിൽ 268.82 കോടി രൂപയും, കൊച്ചി ഇൻഫോപാർക്കിൽ 241.83 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട സംരംഭകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) സംരംഭകർക്ക് സ്ഥലം അനുവദിക്കുന്നതിന് സംവരണം നടപ്പിലാക്കിയിട്ടില്ല.

**ടീകോം കമ്പനിയും സർക്കാരും തമ്മിലുള്ള കരാർ**

177(2215) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ടീകോം കമ്പനിയും സർക്കാരും തമ്മിലുള്ള കരാർ പ്രകാരം നിർമ്മിക്കേണ്ട ഐ.ടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം എത്രയാണ്;

(ബി) കരാർ അനുസരിച്ച് ഈ കെട്ടിടങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാവണം; ഇതുവരെ നിർമ്മാണം പൂർത്തിയായത് എത്ര വിസ്തീർണ്ണമുള്ള കെട്ടിടമാണ്;

(സി) കരാർ നിർമ്മാണം നടക്കാതിരുന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) എഗ്രിമെന്റനുസരിച്ച് ടീകോം കമ്പനി, സ്മാർട്ട് സിറ്റിയിൽ നേരിട്ടും പരോക്ഷമായും തൊഴിൽ നൽകേണ്ടിയിരുന്നത് എത്ര പേർക്ക് വീതമാണ്;

(ഇ) ടീംകോം കമ്പനി കരാർ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ ആദ്യ ഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതാണ്. കൂടാതെ, 45 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോത്ഘാടനവും ഇതോടൊപ്പം നടത്തുന്നതാണ്. ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ൽപ്പരം ഐ.ടി. ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്. ഫ്രെയിംവർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിച്ചതായി ഇതേവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അക്ഷയ സെന്ററുകൾ

178(2216) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്ഷയ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്;

(ബി) പ്രസ്തുത സെന്ററുകൾ മുഖേന എന്തൊക്കെ സേവനങ്ങളാണ് പൊതു ജനങ്ങൾക്ക് ലഭിക്കുന്നത്;

(സി) ഇവയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഫീസ് നൽകേണ്ടതുണ്ടോ ; എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് എത്ര തുക വീതമാണ് ഫീസ് നൽകേണ്ടതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) എല്ലാ വാർഡുകളിലും അക്ഷയ സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പ്രസ്തുത സെന്ററുകളെ ഇൻഫർമേഷൻ കിയോസ്കുകളായി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2418 അക്ഷയ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) അക്ഷയ സെന്ററുകളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

(സി) അക്ഷയ കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്ന സേവനങ്ങൾക്ക് നിരക്ക് നിശ്ചയിട്ടുണ്ട്. അത്തരം സേവനങ്ങളും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന അനുവദനീയ ഫീസ് സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു*.

(ഡി) നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. ഓൺലൈനായി ലഭിക്കുന്ന സർക്കാർ സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ തന്നെ അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതല്ലാതെ പ്രസ്തുത കേന്ദ്രങ്ങൾ പൂർണ്ണമായി ഇൻഫർമേഷൻ കിയോസ്കുകളായി മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ടും അക്ഷയ സംരംഭകരുടെ നിലനിൽപ്പ് ഉറപ്പാക്കികൊണ്ടും മാത്രമേ പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡിജിറ്റൽ കേരള പദ്ധതി

179(2217) ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ കേരള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി കേരള സർക്കാർ ഡിജിറ്റൽ കേരള എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഡിജിറ്റൽ കേരളയുടെ കീഴിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്.

(ബി) എല്ലാവർക്കും അടിസ്ഥാന സൗകര്യമായി ഇന്റർനെറ്റ് ലഭ്യമാക്കുക, ഭരണ നിർവ്വഹണവും സേവനവും പൊതുജനത്തിന്റെ അവകാശമാക്കുക, ഡിജിറ്റൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി എല്ലാവർക്കും ഡിജിറ്റൽ ശാക്തീകരണം നൽകുക എന്നിവയാണ് ഡിജിറ്റൽ കേരളയുടെ പ്രധാന ലക്ഷ്യം. കൂടാതെ സുസ്ഥിര സാമ്പത്തിക വളർച്ച മുൻനിർത്തി സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക, ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേയ്ക്കായി ചെലവു കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, തൊഴിലവസരം വർദ്ധിപ്പിക്കുക, ഐ.ടി. മേഖലയിലെ നിക്ഷേപം വർദ്ധിപ്പിച്ച് കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഡിജിറ്റൽ കേരളയിൽ വിഭാവനം ചെയ്യുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ട് ഭരണതലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

**ടെക്നോളജി ബിസിനസ് ഇൻകുബേറ്റേഴ്സ്**

180(2218) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൂന്ന് ടെക്നോളജി ബിസിനസ് ഇൻകുബേറ്റേഴ്സ് ആരംഭിക്കുന്നതായുള്ള കേന്ദ്ര പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവ ആരംഭിക്കുന്നത് എവിടെയൊക്കെയാണ് ; പത്തനംതിട്ട ജില്ല ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിൽ കേന്ദ്ര സർക്കാർ ആരംഭിക്കുന്ന ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റേഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**ടെക്നോളജി ബിസിനസ് ഇൻകുബേറ്റേഴ്സ്**

181(2219) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൂന്ന് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റേഴ്സ് ആരംഭിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇവ എവിടെയൊക്കെയാണ് ആരംഭിക്കുന്നത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിൽ കേന്ദ്ര സർക്കാർ ആരംഭിക്കുന്ന ടെക്നോളജി ബിസിനസ് ഇൻകുബേറ്റേഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

182(2220) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതു ഘട്ടംവരെയായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രം ആരംഭിച്ചിട്ടില്ല.

(ബി&സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ താഴെപ്പറയും പ്രകാരം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പടിഞ്ഞാറെത്തറ പഞ്ചായത്തിലെ പന്തിപോയിൽ | - | ഒന്ന് |
| പൊഴുതന പഞ്ചായത്തിലെ പിണങ്ങോട് | - | ഒന്ന് |
| കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ | - | മൂന്ന് (ലൊക്കേഷൻ തീരുമാനമായിട്ടില്ല.) |

പന്തിപോയിൽ, കൽപ്പറ്റ മുനിസിപ്പാലിറ്റി എന്നീ ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന്, അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രമേയം ലഭിച്ചിട്ടുണ്ട്. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരിയിൽ ഐ.ടി.പാർക്ക്

183(2221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നത്തേയ്ക്ക് ഐ.ടി. പാർക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തലശ്ശേരിയിൽ ഒരു റൂറൽ ഐ.ടി & ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിന് തലശ്ശേരി, എരഞ്ഞോളി വില്ലേജിൽ 4.48 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ബ്രോഡ്ബാൻഡ് കണക്ഷൻ**

184(2222) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒപ്റ്റിക് ഫൈബർ കേബിൾ ഉപയോഗിച്ചുള്ള അതിവേഗ ബ്രോഡ്ബാൻഡ് കണക്ഷൻ ഏതെല്ലാം പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട് ; ഇതിന് ആവശ്യമായി വന്ന തുക എത്രയാണ്;

(ബി) ബാക്കിയുള്ള പഞ്ചായത്തുകളിൽ ബ്രോഡ്ബാൻഡ് കണക്ഷൻ എപ്പോൾ ഏർപ്പെടുത്തും; ഇതിന് കണക്കാക്കുന്ന ചിലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ പഞ്ചായത്തുകളിലും അതിവേഗ ബ്രോഡ്ബാൻഡ് കണക്ഷൻ പൂർത്തിയായാൽ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ എന്താണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ 977 ഗ്രാമ പഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് പദ്ധതി പ്രകാരം കണക്ടിവിറ്റി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

(സി) ഗ്രാമ പ്രദേശങ്ങൾ നേരിടുന്ന കണക്റ്റിവിറ്റി അപര്യാപ്തതയ്ക്ക് ഒരളവുവരെ ഈ പദ്ധതി കൊണ്ട് പരിഹാരം കാണാനാവും. ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ അതിവേഗ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഇതിലൂടെ ലഭ്യമാക്കാവുന്നതാണ്. അതോടുകൂടി സർക്കാർ നൽകിവരുന്ന ഇ-സർവ്വീസുകളും ഇ-ഗവേണൻസ് പദ്ധതികളും സംസ്ഥാനത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും.

## കമ്പ്യൂട്ടർ ഹാർഡ് വെയർ നിക്ഷേപങ്ങൾ

185(2223) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ ഹാർഡ്‌വെയർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആ രംഗത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തിൽ നിന്നുള്ള ഐ.ടി. ഉല്പന്നങ്ങളുടെ ഉല്പാദനം എത്ര മാത്രം വർദ്ധിച്ചിട്ടുണ്ട്; കേരളത്തിലേയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ കടന്നുവന്ന അന്താരാഷ്ട്ര-ഐ.ടി. സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഈ സ്ഥാപനങ്ങളുടെ വരവിലൂടെ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചു; സ്ഥാപനങ്ങളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഐ.പി.എം.സി. (ഇൻവെസ്റ്റ്മെന്റ് ആൻഡ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ) എന്ന പദ്ധതിയിലൂടെ ഐ.സി.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/കമ്പനികൾക്ക് 1-12-2005 മുതൽ ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ITES/Software/Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ നിർമ്മിക്കുന്നവ ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സ്ഥാപനങ്ങൾക്ക് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയാണ് നൽകിവരുന്നത്. സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.

1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം രൂപ വരെ ആനുകൂല്യം നൽകിവരുന്നു. Fixed capital investment-ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.

2. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ ഫിക്സഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 40% എന്ന നിരക്കിലാണ് ആനുകൂല്യം നൽകുന്നത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽദായകർ ആകുന്നതിനായി പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതിയിൽ ധനസഹായവും സാങ്കേതികവിദ്യാ വികസന ഫണ്ടും (Technology Development Fund) ഉം ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഐ.റ്റി. മിഷൻ IPMC എന്ന ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ടെക്നോപാർക്ക്, തിരുവനന്തപുരം, ഇൻഫോപാർക്ക്, കൊച്ചി, കെ.എസ്.ഐ.ഡി.സി. മുതലായ സ്ഥാപനങ്ങളിലെ തലവന്മാരെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സംരംഭകരെ സഹായിക്കുന്നതിനായി ഐ.പി.എം.സി.-യുടെ കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരായി (Co-ordinating Officer) ആയി നിയമിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ഐ.ടി. സ്ഥാപനങ്ങളിൽ നിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ (STPI) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള വർഷം തിരിച്ചുള്ള കണക്കുകളാണ് സൂക്ഷിച്ചുവരുന്നത്. അവ താഴെചേർക്കുന്നു:

ഐ.ടി. പാർക്കുകളിൽ നിന്നുള്ള കയറ്റുമതി

| വർഷം | കയറ്റുമതി തുക(കോടിയിൽ) |
|---|---|
| 2011-12 | 3267.63 |
| 2012-13 | 5027.00 |
| 2013-14 | 6600.00 |
| 2014-15 | 8250.28 |

സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യയുടെ (STPI) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി. സ്ഥാപനങ്ങളിൽ നിന്നുള്ള കയറ്റുമതി (STP & Non STP) :

| വർഷം | | കയറ്റുമതി തുക(കോടിയിൽ) |
|---|---|---|
| 2011-12 | - | 1982.64 |
| 2012-13 | - | 2240.70 |
| 2013-14 | - | 3665.23 |
| 2014-15 | - | 2867.77 |

2015-16 സാമ്പത്തിക വർഷത്തെ കയറ്റുമതി സംബന്ധിച്ച കണക്കുകൾ നടപ്പു-സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിലെ കമ്പനികളെല്ലാം തന്നെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഇന്ത്യൻ കമ്പനികളായി പ്രവർത്തിക്കുന്നവയാണ്. അതിൽ ഭൂരിഭാഗം സ്ഥാപനങ്ങൾക്കും ഇന്ത്യയ്ക്ക് പുറത്ത് സ്വന്തം ഓഫീസുകൾ ഉണ്ട്. അന്താരാഷ്ട്ര സ്ഥാപനങ്ങളെ സംബന്ധിച്ച വേർതിരിച്ചുള്ള കണക്കുകളും അതിലൂടെയുള്ള തൊഴിൽ ലഭ്യതയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

### സ്മാർട്ട് സിറ്റി പദ്ധതി

186(T 2224) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ കരാറനുസരിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും തൊഴിൽ നൽകുന്നതിനും യഥാസമയം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട്സിറ്റി പദ്ധതി ഇത്തരത്തിൽ ഇഴഞ്ഞുനീങ്ങിയതിന് ആരാണ് ഉത്തരവാദിയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്മാർട്ട്സിറ്റി പദ്ധതി കരാർ അനുസരിച്ച് പുരോഗതിയിലെത്തിക്കുന്നതിന് സാദ്ധ്യമാകാത്തപ്പോഴും നിർമ്മാണ കമ്പനിക്ക് ലാഭം കൊയ്യുന്നതിന് സാഹചര്യം ഒരുക്കുന്നതിനാലാണ് സർക്കാർ താല്പര്യം കാട്ടിയതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്ല്യൺ ച.അടി നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. അതിൽ ആദ്യ ഘട്ടത്തിലെ 6.5 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യ ഐ. ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതുമാണ്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി വിസ്തീർണ്ണത്തിന്റെ 70% ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതോടൊപ്പം 45 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും നടത്തുന്നതാണ്. ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ൽപ്പരം ഐ.ടി. ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തടസ്സങ്ങളൊഴിവാക്കി സ്മാർട്ട് സിറ്റി പദ്ധതിയുടെ കരാറനുസരിച്ചുള്ള നിർമ്മാണ പ്രവർത്തന പൂർത്തീകരണത്തിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു.

(സി) ഇത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗോത്രസാരഥി പദ്ധതി**

187(2225) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര സാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുഗതാഗത സൗകര്യമില്ലാത്തതും, വിദൂരവും ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽ നിന്നും സ്കൂളിൽ ദിവസവും പോയി വരാനാകുന്ന വിധം പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ, പഠിക്കുവാനാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനാണ് ഗോത്ര സാരഥി പദ്ധതി ആവിഷ്കരിച്ചത്. വിദൂരവും, ദുർഘടവുമായ പ്രദേശങ്ങളിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോകുന്നതിനും പഠനശേഷം തിരികെ വീട്ടിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷമാണ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും അർഹമായ സ്കൂളുകളെ പഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നതിനും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

188(2226) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി വിദ്യോദയം എന്ന പേരിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ തന്നെ താമസിപ്പിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടസൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കലാകായിക ഇനങ്ങൾക്ക് പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ, യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും, കളിക്കളം എന്ന പേരിൽ കായികമേളയും നടത്തുന്നു. കൂടാതെ രണ്ട് സ്കൂളുകളിൽ സി.ബി.എസ്.ഇ. സിലബസ്സിലുള്ള പാഠ്യപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

**പട്ടികവർഗ്ഗ ഗോത്രങ്ങളിലെ ശിശുമരണങ്ങളുടെ കണക്ക്**

189(2227) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ ശിശുമരണങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആശ്വാസനിധി പദ്ധതി**

190(2232) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ആശ്വാസ നിധി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി "പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി" എന്ന പേരിലും 'സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിലും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകളും പരിഗണിച്ച് വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുക, പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് ധനസഹായം, പ്രകൃതിക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം എന്നിവയും ടി പദ്ധതിയിലുൾപ്പെടുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആർ.സി.സി., മലബാർ കാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, എസ്.എ.ടി. എന്നീ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മേൽ സ്ഥാപനത്തിലെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം തുക അനുവദിച്ച് നൽകുകയും അവർ അവരുടെ അധീനതയിലുള്ള ജില്ലാ, താലൂക്ക് ആശുപത്രികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിച്ച് നൽകുന്നു. ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർ നൽകേണ്ട രേഖകൾ ഏതൊക്കെയെന്ന് നിശ്ചിയിക്കുകയും പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി ചികിത്സാ ചെലവ് വിവിധ തലങ്ങളിൽ അനുവദിക്കാവുന്നതിന്റെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ആശുപത്രി തലത്തിലും, ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

191(2233) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെരിറ്റ് അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജുകളിലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതു കാരണം മറ്റ് വരുമാനമാർഗ്ഗമൊന്നുമില്ലാത്ത എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുകാരണം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടില്ല.

**വനാവകാശ നിയമപ്രകാരം ആദിവാസികളുടെ അവകാശസംരക്ഷണം**

192(2237) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിനനുസൃതമായി ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വനാവകാശ നിയമമനുസരിച്ച് നിലിവലുള്ളതിൽനിന്നും മെച്ചമായ എന്തെല്ലാമാണ് ആദിവാസി വിഭാഗത്തിന് ലഭ്യമാകേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസികൾക്ക് നിയമാനുസൃതം ലഭ്യമാകേണ്ട അവകാശങ്ങൾ പോലും ലഭ്യമാക്കാത്തത് പ്രസ്തുത വിഭാഗത്തിനോട് കാണിക്കുന്ന ക്രൂരതയാണെന്ന് വിലയിരിത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സാദ്ധ്യമായിട്ടുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ രൂപീകരിച്ചു. എല്ലാ കോളനികളിലും വനാവകാശ നിയമം നടപ്പിലാക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിച്ചു. ഇതിനായി ബന്ധപ്പെട്ട വനാവകാശ കമ്മിറ്റി മെമ്പർമാർക്കും, എസ്.ഡി.എൽ.സി. മെമ്പർമാർക്കും, പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർക്കും വിവിധ ജില്ലകളിലായി പരിശീലനം നൽകിയിട്ടുണ്ട്. വ്യക്തിഗത അവകാശങ്ങൾ തിരുവനന്തപുരം, തൃശ്ശൂർ ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും നൽകിയിട്ടുണ്ട്. 571 വനാവകാശ കമ്മിറ്റികളിലായി ഇതുവരെ 24899 വ്യക്തിഗത അവകാശവും 146 സാമൂഹിക അവകാശവും 446 വികസന അവകാശവും നൽകിയിട്ടുണ്ട്.

(ബി) വനാവകാശ നിയമമനുസരിച്ച് കൈവശ ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ സ്വന്തം ആവശ്യത്തിന് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

(സി) ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ചിട്ടയായി നടന്നുവരുന്നതിനാൽ പരാമർശിച്ച സാഹചര്യം നിലവിലില്ല.

## ആദിവാസി ശിശുമരണങ്ങൾ

193(2238) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണ് ഉണ്ടായത് എന്ന് പറയാമോ;

(സി) അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും വൈദ്യസഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യസഹായം നൽകുന്നതിനും 2015-16 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചു എന്നതും വിശദമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഏതെങ്കിലും ഒരു ഊരു കേന്ദ്രീകരിച്ച് മാത്രം ശ്രദ്ധേയമായ രീതിയിൽ ശിശുമരണം സംഭവിച്ചിട്ടില്ല.

(സി) പോഷകാഹാര കുറവ് മാത്രം കാരണമായി ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. മരണമടഞ്ഞ കുട്ടികൾക്ക് ഗുരുതരമായ മറ്റ് ആരോഗ്യപ്രശ്നങ്ങൾ കൂടി ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യ സഹായം ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽമാത്രം ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി)

| പദ്ധതി | 2015-16 (ലക്ഷം) | |
|---|---|---|
| | ഫണ്ട്നൽകിയവ | ചെലവഴിച്ചവ |
| സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | 1300 | 1219.65 |
| സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം | 120 | 46 |
| ജനനി ജന്മരക്ഷാ പദ്ധതി | 655 | 609.7 |

**ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ**

194(2239) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം സുഗമമാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിനുശേഷമാണോ പ്രഖ്യാപനം നടത്തിയത് ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് ഗുരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. ലോക പ്രശസ്തി

നേടിയ ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗോത്രസംസ്കാരവും പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള മക്കിമലയിലാണ് ഇതുസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പ്രീ-പ്രൈമറി തലം 2016-17 അധ്യയന വർഷം ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

**ആശിക്കും ഭൂമി പദ്ധതി മറവിലെ ഭൂമി ഇടപാട്**

195(2240) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആശിക്കും ഭൂമി' പദ്ധതി അനുസരിച്ച് ആദിവാസികൾക്കായി വയനാടിന് അനുവദിച്ച 70 കോടിയോളം രൂപ ബിനാമികളുടെ കയ്യിലേയ്ക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(സി) വയനാട്ടിലെ പുൽപ്പള്ളി പാടിച്ചിറ വില്ലേജിൽ നടന്ന ഭൂമി ഇടപാടിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ ഭൂമി ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ജില്ലാ കളക്ടറോ മറ്റു ഉയർന്ന റവന്യൂ ഉദ്യോഗസ്ഥരോ സ്ഥലപരിശോധനയ്ക്ക് പോയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

## പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി

196(2243) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി പ്രകാരം എത്ര കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വർഷം തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; ഇതിലേയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; പദ്ധതി അനുസരിച്ചുള്ള വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള പുരോഗതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി പ്രകാരം കേന്ദ്ര സഹായമായി അനുവദിച്ച 148.00 കോടി രൂപയിൽ നിന്നും 133.20 കോടി രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്.

(ബി) ഭവന നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജലസംരക്ഷണം, റോഡ് നിർമ്മാണം, വൈദ്യുതി ലൈൻ വലിക്കൽ, ഭക്ഷ്യസുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ എന്നിവയാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ. പദ്ധതി അനുസരിച്ചുള്ള വിശദ വിവരങ്ങളുടെ ലിസ്റ്റും ചെലവ് വിവരവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(സി) പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രൈബൽ സർവ്വകലാശാല

197(T 2244) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്ടിൽ ഒരു ട്രൈബൽ സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്ക് വേണ്ടി അനുവദിച്ച തുകയുടേയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയുടേയും കണക്ക് ലഭ്യമാക്കാമോ;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 'ഗുരുകുലം' എന്നാണ് നാമകരണം നടത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് ഗുരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗോത്രസംസ്കാരവും പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള മക്കിമലയിലാണ് ഇതുസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ടി പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പ്രീ-പ്രൈമറി തലം 2016-17 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പോക്സോ നിയമം

198(2245) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ വിവാഹം കഴിച്ചു എന്ന കുറ്റം ആരോപിച്ച് എത്ര ആദിവാസി യുവാക്കൾക്കെതിരെ' പോക്ക്സോ' നിയമ പ്രകാരം ക്രിമിനൽ കേസ്സ് എടുത്തിട്ടുണ്ട്;

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വിവാഹം ചെയ്യുന്നത് ഇല്ലായ്മ ചെയ്യുന്നതിന് ആദിവാസി യുവതീ-യുവാക്കൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബനാഥൻ 'പോക്ക്സോ' നിയമ പ്രകാരം കുറ്റം ചുമത്തപ്പെട്ട് ജയിലിൽ പോയതു നിമിത്തം പിഞ്ചുകുട്ടികൾ അനാഥരാകുന്നതു കണക്കിലെടുത്ത് കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വിദ്യോദയം പദ്ധതി

199(2248) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യോദയം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികളാണ് വിദ്യോദയം എന്നറിയപ്പെടുന്നത്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനവും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ദൈനംദിന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ഹോസ്റ്റലുകൾ എന്നിവയ്ക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠന മേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ സയൻസ്/ കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കലാ കായിക ഇനങ്ങൾക്ക് പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ, യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും ' സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു.

## പട്ടികജാതി ജനവിഭാഗങ്ങളുടെ ഉന്നമനം

200(2249) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ 5 വർഷം ചെലവഴിച്ച തുകയുടെ വിശദവിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

| വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 715.38 |
| 2012-13 | 698.69 |
| 2013-14 | 917.59 |
| 2014-15 | 902.47 |
| 2015-16 | 795.27<br>(31-1-2016) |

## അട്ടപ്പാടി പാക്കേജ്

201(2250) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഗ്ദാനം നൽകിയ എന്തെല്ലാം പദ്ധതികളും പാക്കേജുകളുമാണ് അട്ടപ്പാടിയിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ടി പാക്കേജ് നടപ്പിൽ വരുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രഖ്യാപനങ്ങളും പാക്കേജുകളും നടപ്പിലാക്കാത്തത് ഇവിടങ്ങളിലെ ആദിവാസി വിഭാഗത്തിന്റെ ദുരിതം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, വിവാഹ ധനസഹായ പദ്ധതി, വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ, ഗോത്രസാരഥി, അശരണ ബാല്യങ്ങൾക്ക് താങ്ങായി കൈത്താങ്ങ് പദ്ധതി, സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള പ്രതിമാസ ധനസഹായം, ഗർഭിണികൾക്കും അമ്മമാർക്കുമുള്ള ജനനി ജന്മസുരക്ഷാ പദ്ധതി, ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അട്ടപ്പാടിയിൽ നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒറ്റപ്പാലം സബ് കളക്ടർ നോഡൽ ഓഫീസറായ സമിതി എല്ലാ മാസവും അവലോകന യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

## അട്ടപ്പാടി മേഖലയിലെ ശിശുമരണം

202(2251) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ശിശുമരണം പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര ശിശുമരണങ്ങൾ നടന്നു; വിശദവിവരം നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ചിരുന്ന മുഴുവൻ ആനുകൂല്യങ്ങളും പദ്ധതികളും നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ഇവയിൽ നടപ്പാക്കാത്ത പദ്ധതികളുണ്ടോ ; എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ ശിശുമരണങ്ങൾ തടയുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗക്കാർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അടിയന്തര ഘട്ടങ്ങളിൽ ചികിത്സയ്ക്ക് എത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഗുരുതര വിളർച്ച രോഗമുള്ള കുട്ടികളെ (SAM/MAM) പരിചരിക്കുന്നതിന് കിടത്തി ചികിത്സാ സൗകര്യമുള്ള 3 ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുന്ന ശലഭ പദ്ധതി, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. അംഗനവാടി വർക്കേഴ്സ്, ആശാ വർക്കേഴ്സ്, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഊരുകൾ സന്ദർശിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിർദ്ദേശം നൽകുകയും ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. അട്ടപ്പാടിയിലെ ശിശുമരണം സർക്കാരിന്റെ കർമ്മപരിപാടികളിലൂടെയും സാർത്ഥകമായ ഇടപെടലുകളുടെയും ഫലമായി വളരെയധികം കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ബി) 77 എണ്ണം

| | | |
|---|---|---|
| 2012 | - | 16 |
| 2013 | - | 31 |
| 2014 | - | 15 |
| 2015 | - | 14 |
| 2016 | - | 11 |
| | ആകെ | 77 |

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിവരുന്നു.

(ഡി) നടപ്പിലാക്കാത്ത പദ്ധതികളില്ല.

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം

203(2252) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും, ഇനിയും എത്ര പേർക്ക് തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രഖ്യാപനത്തിനുശേഷം കാസർഗോഡ് ജില്ലയിൽ ജനറൽ ഹൗസിംഗിൽപ്പെടുത്തി 221 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ (എ.ടി.എസ്.പി.) പദ്ധതിയിൽപ്പെടുത്തി 1085 വീടുകളും ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 100 വീടുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക | വിതരണം ചെയ്ത തുക |
|---|---|---|
| ജനറൽ ഹൗസിംഗ് (40 വീടുകളുടെ റിപ്പയറിംഗ് ഉൾപ്പെടെ) | 3,80,00,000 രൂപ | 3,80,00,000 രൂപ |
| എ.ടി.എസ്.പി. | 11,72,12,500 രൂപ | 11,72,12,500 രൂപ |
| ഹഡ്കോ ഭവന നിർമ്മാണം | 2,50,00,000 രൂപ | 2,50,00,000 രൂപ |

ഓരോ പദ്ധതിയിലും അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതിയനുസരിച്ച് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസർമാർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് പ്രകാരമാണ് ബന്ധപ്പെട്ട ഗഡു തുക അനുവദിച്ച് നൽകിവരുന്നത്. സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിൽ വിവിധ പദ്ധതികളിലായി ആകെ 165 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകുവാനുണ്ട്. ഇവർക്ക് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ ഭവന പദ്ധതികളിലായി ഇനിയും തുക അനുവദിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ജനറൽ ഹൗസിംഗ് | 20 |
| എ.ടി.എസ്.പി | 145 |
| ആകെ | 165 |

## ഇടുക്കിയിലെ ആദിവാസി ജനവിഭാഗത്തിനായുള്ള പദ്ധതികൾ

204(2254) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിലെ ആദിവാസി ജനവിഭാഗത്തിന്റെ വികസന ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മോഡൽ കോളനി, ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി, സമഗ്രവികസന പദ്ധതി എന്നിവയിലൂടെ ഇടുക്കി നിയോജക മണ്ഡലത്തിൽ എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാംലറ്റ് വികസന പദ്ധതി, ഫുഡ് സപ്പോർട്ട് സ്കീം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പദ്ധതി, ഹൗസിംഗ്, വീട് അറ്റകുറ്റപ്പണി, പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ പദ്ധതികൾ ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മോഡൽ കോളനി, സമഗ്ര വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടില്ല. ഹാംലറ്റ് വികസന പദ്ധതിയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഉമ്മൻചാണ്ടി കോളനിയെയും കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ കോഴിമല എസ്.ടി. കോളനിയെയും തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കുളം നിർമ്മാണം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, സ്ട്രീറ്റ് ലൈറ്റ്, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, കളിസ്ഥലം നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം

205(2255) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിൽ ഏത് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് ആൺ കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിലവിൽ ശ്രീ. ജനാർദ്ദനൻ നായർ (വായാട്ടുമൂല, വട്ടംതട്ട, കുറ്റിക്കോൽ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി&സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിക്കോൽ വില്ലേജിലെ റീസർവ്വേ നമ്പർ 149/2-ൽ ഉൾപ്പെട്ട 83 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ടി ഭൂമിക്ക് മധ്യഭാഗത്തായി കടന്നുപോകുന്ന ഹൈടെൻഷൻ ലൈൻ മാറ്റുന്നതിന് 13,250 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുകയും ബോർഡ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകേണ്ടതുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പിലെ വർക്ക് സ്റ്റഡി**

206(2256) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ വർക്ക് സ്റ്റഡിയുടെ ഭാഗമായി നിർദ്ദേശിച്ചിരുന്ന കാര്യങ്ങളിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത വർക്ക് സ്റ്റഡിയുടെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 2010-ൽ പി&എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുകയും ആയതുപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനും കൂടാതെ പ്രസ്തുത വർക്ക് സ്റ്റഡി കൂടി പരിഗണിച്ച് വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിന്റെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

207(2258) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും തനിമയോടെ നിലനിർത്തുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ആദിവാസി വിഭാഗങ്ങളുടെ പച്ചമരുന്നുകളെക്കുറിച്ചും ഒറ്റമൂലികളെക്കുറിച്ചുമുള്ള അറിവ് പൊതുജനങ്ങളിലെത്തിക്കുവാനും അവ ശാസ്ത്രീയമായി തെളയിക്കുവാനും നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ആദിവാസി ചികിത്സയുടെ മറവിൽ പ്രവർത്തിക്കുന്ന വ്യാജ ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി വകുപ്പിൽ പ്രത്യേകമായി ഒരു 'ആദികലാ കേന്ദ്രം' പ്രവർത്തിക്കുന്നുണ്ട്. ആദികലാ കേന്ദ്രത്തിന്റെയും പരിശീലന വിഭാഗത്തിന്റെയും ഭാഗമായി വർഷം തോറും പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ അടുത്ത തലമുറയിലേയ്ക്ക് പകർന്നു നൽകുന്നതിനും വേദികളിൽ അവതരിപ്പിക്കുന്നതിനും അവയെ ചിട്ടപ്പെടുത്തുന്നതിനും ഗോത്രവർഗ്ഗ പഠനകളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ വർഷംതോറും രണ്ട് ജില്ലകളിലായി നടത്തുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന "പൈതൃകോത്സവം" പരിപാടിയുടെ ഭാഗമായും അല്ലാതെയും ഗോത്ര വർഗ്ഗക്കാരുടെ തനതു കലകളെയും കരകൗശല വൈദഗദ്ധ്യത്തെയും അവരുടെ ഭക്ഷ്യപാരമ്പര്യത്തെയും പ്രോത്സാഹിപ്പിക്കുന്നതിനും അവയെ മറ്റാളുകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും മറ്റുമായി നാടൻ കലാമേളകളും കരകൗശല പ്രദർശന വിപണന സ്റ്റാളുകളും ഭക്ഷ്യമേളകളും സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം' എന്ന പേരിൽ എല്ലാ വർഷവും കലാമേളയും സംഘടിപ്പിക്കാറുണ്ട്.

നടപ്പുസാമ്പത്തിക വർഷം സംസ്ഥാന സ്കൂൾ യുവജനോത്സവം പരിപാടികളിൽ പട്ടികവർഗ്ഗക്കാരുടെ തനതു നൃത്തരൂപങ്ങളെ ഉൾപ്പെടുത്തുന്നതിന് മുന്നോടിയായി പണിയരുടെ വട്ടക്കളി, മാവിലരുടെ മംഗലംകളി, ഇരുളരുടെ നൃത്തം, മലപുലയരുടെ ആട്ടം, പളിയരുടെ നൃത്തം എന്നീ തനത് കലാരൂപങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ അവയ്ക്കുവേണ്ട പരിശീലനം പ്രത്യേകം സംഘടിപ്പിക്കുകയും തിരുവനന്തപുരത്ത് വച്ച് നടന്ന 56-ാം സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മേൽപ്രസ്താവിച്ച തനത് നൃത്തരൂപങ്ങളുടെ പ്രദർശനം ഒരുക്കുന്നതിന് മുൻകയ്യെടുക്കുകയും ചെയ്തു. ഇതിനുപുറമേ 2013-ൽ സംസ്ഥാനത്തിലെ പട്ടികവർഗ്ഗ കലാരൂപങ്ങൾ, കലാസമിതികൾ, കലാകാരന്മാർ, കരകൗശല വിദഗ്ദ്ധർ എന്നിവയുടെ പേര് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിലെ അഞ്ച് അതീവ ദുർബല ഗോത്ര വിഭാഗങ്ങളുടെയും പണിയൻ, അടിയാൻ സമുദായങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾക്കും സാംസ്കാരികവും കലാപരവുമായ സവിശേഷതകൾക്കും ഊന്നൽ നൽകിക്കൊണ്ട് വെവ്വേറെയായി 7 ഹ്രസ്വ ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ വിദ്യാർത്ഥികൾക്കായി വകുപ്പ് സംഘടിപ്പിക്കുന്ന സർഗ്ഗോത്സവത്തിൽ വിജയിക്കുന്ന പട്ടികവർഗ്ഗ കലാപ്രതിഭകൾക്ക് എസ്.എസ്. എൽ.സി. പ്ലസ് ടു പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്.

(ബി) വംശീയ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനും അവയെ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും മറ്റുമായി വകുപ്പ് മുൻകയ്യെടുത്ത് വയനാട് ജില്ലയിലെ മാനന്തവാടി പ്രദേശത്ത് ശ്രീ. അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വംശീയ വൈദ്യ ഗവേഷണ പഠനകേന്ദ്രം ആരംഭിക്കുകയും 1996-ൽ പട്ടികവർഗ്ഗ സമുദായങ്ങൾക്ക് മാത്രമായി ത്രിവൽസര വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2012-13-ൽ കാസർഗോഡ് ഉൾപ്പെടെ 5 ഇടങ്ങളിൽ വംശീയ വൈദ്യ തിരുമ്മു ചികിത്സയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ അടിയ-പണിയ സമുദായാംഗങ്ങളായ 45 യുവതീ-യുവാക്കൾക്ക് 15 ദിവസത്തെ പരിശീലനം വംശീയ വൈദ്യത്തിൽ നൽകിയിട്ടുണ്ട്. വംശീയ വൈദ്യ പാരമ്പര്യ ഔഷധ ജ്ഞാനം ഗോത്രവർഗ്ഗക്കാരിൽത്തന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വംശീയ വൈദ്യ ചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും കൂടുതൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്.

വർഷംതോറും സംസ്ഥാനത്തിലെ രണ്ടു ജില്ലകളിൽ വച്ച് നടത്തപ്പെടുന്ന പൈതൃകോത്സവം പരിപാടികളുടെ ഭാഗമായും അല്ലാതെയും വിവിധ പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള വംശീയ വൈദ്യൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകളും മരുന്നാവികളിയും സംഘടിപ്പിക്കാറുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള വംശീയ വൈദ്യന്മാർ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ വംശീയ വൈദ്യ ചികിത്സാ പാരമ്പര്യത്തെക്കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നതിനും മറ്റുമായി കോഴിക്കോട് ചേവായൂരുള്ള വകുപ്പിന്റെ ക്യാമ്പസിൽവച്ച് പൊതുജന പങ്കാളിത്തത്തോടെ ദേശീയ സംസ്ഥാനതല ശിൽപ്പശാലകൾ നടത്താറുണ്ട്. വംശീയ വൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി ധനസഹായവും നൽകാറുണ്ട്. 1996-ൽ തിരുവനന്തപുരം ജില്ലയിലുള്ള റീജിയണൽ റിസർച്ച് ലബോറട്ടറിയുടെ സഹായത്തിൽ വംശീയ വൈദ്യത്തിലെ പ്രമേഹചികിത്സാ രീതിക്ക് പേറ്റന്റ് ലഭിക്കുന്നതിനായുള്ള അപേക്ഷ വകുപ്പ് മുൻകയ്യെടുത്ത് കൊടുത്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വംശീയ വൈദ്യന്മാരുടെ വിവരശേഖരണം നടത്തുകയും അവ ക്രോഡീകരിച്ച് 2013-ൽ വംശീയ വൈദ്യന്മാർ പേരുവിവരസൂചിക എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പ്രസ്തുത പേര് വിവര സൂചികയിൽ 240 വംശീയ വൈദ്യന്മാരുടെ മേൽവിലാസം, സമുദായം, ചികിത്സാ പ്രാവീണ്യം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പു സാമ്പത്തികവർഷം പരിഷ്കരിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 25 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വകുപ്പിലെ ഗവേഷണ പഠനങ്ങളുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ ചികിത്സാ രീതികളും മറ്റും രേഖപ്പെടുത്തുന്നതിനും അവ വരും തലമുറയ്ക്ക് നൽകുന്നതിനും മറ്റുമായി ഗോത്രവർഗ്ഗക്കാരുടെ ഭക്ഷണവും മരുന്നുമായി ബന്ധപ്പെട്ട സമഗ്ര വിവരശേഖരണം നടന്നുവരുന്നുമുണ്ട്.

(സി) നിലവിൽ കിർത്താഡ്സിന്റെ വംശീയ വൈദ്ദ പേരുവിവര സൂചികയിലുള്ള വംശീയ വൈദ്യന്മാരെ മാത്രമാണ് വകുപ്പ് ശില്പശാലകൾക്കും ഗ്രാന്റ് നൽകുന്നതിനും ക്യാമ്പുകൾക്കും വിളിക്കാറുള്ളൂ. വ്യാജ ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് ഇതുവരെ പരാതി ലഭിച്ചിട്ടില്ല.

## പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ചികിത്സാ സഹായം

208(2259) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര രൂപയുടെ ചികിത്സാ സഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## അട്ടപ്പാടിയിലെ ശിശുമരണം

209(2261) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണത്തിന് അറുതി വരുത്താൻ സാധ്യമായിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) 2011-12 മുതൽ പിന്നിട്ട ഓരോ വർഷവും അട്ടപ്പാടിയിലുണ്ടായ ശിശുമരണങ്ങളുടെ കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളും വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള നടത്തിപ്പിലൂടെയും അട്ടപ്പാടിയിലെ ശിശുമരണ പ്രശ്നത്തിന് അറുതിവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | 2012 | - | 16 |
| | 2013 | - | 31 |
| | 2014 | - | 15 |
| | 2015 | - | 14 |
| | 2016 | - | 1(ഇതുവരെ) |
| | ആകെ | - | 77 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

210(2263) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓർഡേഴ്സ് (അമന്റ്മെന്റ്) ആക്റ്റ് 2002 പ്രകാരം കേരളത്തിലെ അംഗീകരിക്കപ്പെട്ട പട്ടികവർഗ്ഗ/ഗോത്ര വർഗ്ഗ വിഭാഗങ്ങൾ ഏതെല്ലാം;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ അടിയാൻ സമുദായത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റും ആനുകൂല്യങ്ങളും നിഷേധിക്കുന്ന റവന്യൂ അധികൃതരുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം അനുവദിക്കപ്പെട്ടതും അവകാശപ്പെട്ടതുമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ഏത് നിയമപ്രകാരമാണ് ; ഏതു ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്;

(ഡി) ഇതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്ഷേമ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണഘടനയുടെ പരിച്ഛേദം 341, 342 പ്രകാരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കാതെ സംരക്ഷിക്കുന്നതിനുവേണ്ടി 1996-ൽ നിലവിൽ വന്ന കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായസാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഏതാനും പ്രദേശങ്ങളിലെ ചില വ്യക്തികളുടെ പട്ടികവർഗ്ഗ 'അടിയാൻ' അവകാശവാദം സംശയാസ്പദമായതിന്റെ അടിസ്ഥാനത്തിൽ അവരുടെ യഥാർത്ഥ ജാതി സംബന്ധിച്ച് കിർത്താഡ്സിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ഇവരുടെ പട്ടികവർഗ്ഗ 'അടിയാൻ' അവകാശവാദം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ 1996-ലെ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സൂക്ഷ്മപരിശോധനാസമിതി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ദേശീയ സാഹസിക അക്കാഡമി**

211(2265) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സാഹസിക അക്കാഡമി പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാഡമികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ വർഷംതോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ, പാരാസെയിലിംഗ് പരിശീലനം, ആർച്ചറി പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജലസാഹസിക പരിപാടികൾ തുടങ്ങിയവ നടത്തിവരുന്നു. വിപുലമായ പരസ്യം നൽകിയാണ് സാഹസിക പരിശീലനത്തിനായുള്ള യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

## സൗജന്യ മത്സര പരീക്ഷാ പരിശീലനം

212(2266) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി സൗജന്യ മത്സര പരീക്ഷാ പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി., എൽ.ഡി.സി. പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (IBPS) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു. സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിൽ ബാങ്കിംഗ് പരീക്ഷാ പരിശീലനവും 75 കേന്ദ്രങ്ങളിൽ എൽ.ഡി.സി. പരീക്ഷാ പരിശീലവും നടത്തുകയുണ്ടായി.

**സംസ്ഥാന യുവജനനയം**

213(2267) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാന യുവജന നയത്തിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) യുവജനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതിന്റെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സാമൂഹിക തിന്മകളായ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിനെതിരെയും, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസികാരോഗ്യം, അവയവദാനത്തിനുള്ള പ്രാധാന്യം എന്നീ വിഷയങ്ങളെ സംബന്ധിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും അവകാശങ്ങളെ കുറിച്ചും ക്ഷേമപരിപാടികളെക്കുറിച്ചും സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന യുവജന കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. യുവാക്കളുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് കമ്മീഷൻ നടത്തുന്ന അദാലത്തുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ അംഗീകരിക്കുന്നതിനും അതിലൂടെ അവരുടെ നേട്ടങ്ങൾ സംസ്ഥാനത്തെ യുവസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും യുവജനകമ്മീഷന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടേയും, സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും, വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള സർക്കാർ യുവജന നയം രൂപീകരിച്ചു. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, സാമൂഹികം, മൃഗസംരക്ഷണം, ആരോഗ്യം, കായികം, കലാ-സാംസ്കാരികം എന്നീ മേഖലകളിലാണ് പരിപാടികൾ നടപ്പിലാക്കിവരുന്നത്. കേരളോത്സവം, ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ, ജോബ് ഫേസ്റ്റുകൾ, രക്തദാന പദ്ധതിജീവദായിനി, പി.എസ്.സി./ഓൺലൈൻ രജിസ്ട്രേഷൻ കോഴ്സുകൾ, ഐ.ബി.പി.എസ്. കോച്ചിംഗ്, കാർഷിക വികസന പദ്ധതികൾ, സാഹസിക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പരിശീലന പദ്ധതി, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, മാധ്യമശില്പശാലകൾ, വനിതാ ശില്പശാലകൾ, ചലച്ചിത്ര ശില്പശാലകൾ, ചിത്രരചനാ ക്യാമ്പുകൾ, നാടക ശില്പശാലകൾ, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## വ്യവസായ സംരംഭകത്വ വികസന പരിപാടി

214(2268) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന പരിശീലനാർത്ഥികൾക്ക് സംരംഭകാവസരം കണ്ടെത്തുന്നതുമുതൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ സഹായം നൽകുന്നതിലേയ്ക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്റിംഗ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ വിഷയങ്ങൾ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വ വികസന പരിശീലനത്തിൽ ലോക ശ്രദ്ധയാകാർഷിച്ച എന്റർപ്രണർഷിപ്പ് ഡെവലെപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് സംരംഭകത്വ വികസന പരിശീലന പദ്ധതി സംഘടിപ്പിച്ചുവരുന്നത്.

**യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

215(2269) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പ് 2014-15, 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളുടെ വിശദ വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് മാറ്റിവച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) യുവജന കമ്മീഷനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയും യുവജനക്ഷേമ ബോർഡിനെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യുവജനക്ഷേമബോർഡിന്റെ കീഴിലെ യൂത്ത് കോ-ഓർഡിനേറ്റർമാർ

216(2270) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എത്ര യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതലകളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇവരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) 759 പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരാണ് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

(ബി) പഞ്ചായത്ത്തല യുവജന ഏകോപന സമിതികൾ രൂപീകരിക്കുക എന്നതാണ് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രധാന ചുമതല. കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന ചുമതലകളും യൂത്ത് കോ-ഓർഡിനേറ്റർമാർ നിർവ്വഹിച്ചുവരുന്നു.

1. പഞ്ചായത്തിന്റെ അനുമതിയോടെ പഞ്ചായത്തിന് കീഴിലെ ഒരു സാംസ്കാരിക കേന്ദ്രത്തിലോ പഞ്ചായത്ത് അനുവദിക്കുന്ന മറ്റേതെങ്കിലും അനുയോജ്യമായ സ്ഥലത്തോ പഞ്ചായത്ത് യൂത്ത് സെന്റർ സ്ഥാപിക്കുക.
2. ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും പഞ്ചായത്ത് സെക്രട്ടറി മുൻപാകെ റിപ്പോർട്ട് ചെയ്ത് ഹാജർ രേഖപ്പെടുത്തുക. കൂടാതെ, യൂത്ത് ക്ലബ്ബുകൾ ബോർഡിന് നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് ശിപാർശ നൽകുക.
3. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ 1 ശതമാനം എങ്കിലും യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കി, അതിനായി പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ വേളയിൽ തന്നെ സജീവമായി ഇടപെട്ട് യുവജനക്ഷേമ പ്രോജക്ടുകൾ സമർപ്പിക്കുക.

4. ഗ്രാമസഭകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു വേണ്ടി യൂത്ത് ക്ലബ്ബുകളും യുവജന സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുകയും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

5. ജില്ലാ യുവജന കേന്ദ്രം വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും മറ്റ് പരിപാടികളിൽ സജീവമായി സഹകരിക്കുകയും ചെയ്യുക.

6. ഭക്ഷ്യസുരക്ഷാ, സംരംഭകത്വം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യരക്ഷ, ദേശീയ മൂല്യങ്ങളുടെ പരിപോഷിപ്പിക്കൽ തുടങ്ങിയ രംഗങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുക.

7. എല്ലാ മാസവും 5-ാം തീയതിക്കകം കഴിഞ്ഞ മാസത്തിന്റെ പ്രവർത്തന റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറി മുഖാന്തരം ജില്ലാ യുവജന കേന്ദ്രങ്ങളിൽ എത്തിക്കുകയും എല്ലാ മാസവും 25-ാം തീയതിക്കകം അടുത്ത മാസത്തെ അഡ്വാൻസ് പ്രോഗ്രാം പ്ലാൻ പഞ്ചായത്ത് മുഖാന്തരം ജില്ലാ യുവജന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുക.

(സി) എല്ലാ മാസങ്ങളിലും പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം സംബന്ധിച്ച് അതാത് ജില്ലകളിലെ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അവർ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം വിലയിരുത്തുകയും അതിൻപ്രകാരം അവരുടെ ഓണറേറിയത്തിനു വേണ്ടി ശിപാർശയും ചെയ്യുന്നു.

## സ്പോർട്ട്സ് കിറ്റ്

217(2271) ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കായിക രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജന ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, അതുവഴി ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുത്ത് യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം 12,12,752/- രൂപയുടെ സ്പോർട്സ് കിറ്റ് ടെണ്ടർ മുഖാന്തരം തിരുവനന്തപുരം ജില്ലയിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പത്രദ്വാരാ അപേക്ഷ ക്ഷണിക്കുകയും അതാത് ജില്ലാ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവ തെരഞ്ഞെടുക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സരാടിസ്ഥാനത്തിൽ കമ്പനികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ടെണ്ടറുകളൊടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായിക ഉപകരണങ്ങളുടെ സാമ്പിളുകളുടെ ഗുണനിലവാരം കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ ഓഫീസർ, ഫുട്ബോൾ-ക്രിക്കറ്റ്, ബാറ്റ്മിന്റൺ-കോച്ചുകൾ എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ദ്ധമായി പരിശോധിക്കുകയും ഗുണനിലവാരമുള്ളവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ എക്സ്പെർട്ട് മെമ്പർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ ഓഫീസർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള കായിക ഉപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും പ്രസ്തുത കമ്പനികൾ എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ജില്ലാ തലത്തിൽ കായിക ഉപകരണങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

## തിരുവനന്തപുരം മൃഗശാല വികസനം

218(2272) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിന് 2011 മുതൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയതായി ഏതെല്ലാം മൃഗങ്ങളെയാണ് പ്രസ്തുത കാലയളവിൽ കൊണ്ടുവന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗശാലയുടെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചു. അനാക്കോണ്ട, കേഴമാൻ, നീലക്കാള, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി എന്നീ മൃഗങ്ങൾക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. അക്വേറിയം നവീകരണം, ജലപ്പക്ഷികളുടെ കൂട് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാക്കിടോക്കി, സർവയലൻസ് ക്യാമറ, വലിയ കുളത്തിൽ ഫൗണ്ടേൻ എന്നിവ സ്ഥാപിക്കുകയും ഏഴ് ബാറ്ററി വാഹനങ്ങൾ വാങ്ങുകയുമുണ്ടായി. മാസ്റ്റർ പ്ലാൻ പ്രകാരം പുതിയതായി നിർമ്മിക്കാനുള്ള പരിബന്ധനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. സന്ദർശകരുടെ സൗകര്യാർത്ഥം കൂടുതൽ ടോയിലറ്റ് ബ്ലോക്കുകൾ, കുടിവെള്ള കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | - | 7,75,00,000 രൂപ |
| 2012-13 | - | 10,57,94,227 രൂപ |
| 2013-14 | - | 11,75,84,846 രൂപ |
| 2014-15 | - | 10,07,48,805 രൂപ |
| 2015-16 | - | 7,97,47,223 രൂപ |

(സി) ഈ സർക്കാരിന്റെ കാലയളവിൽ വെള്ളകൃഷ്ണ മൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, നീലക്കാളകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മാർമോസൈറ്റുകൾ, ബാരാസിംഗകൾ, റോസിപെലിക്കണുകൾ, മുള്ളൻ പന്നികൾ, വാത്തകൾ (വെള്ള), റീസസ് കുരങ്ങുകൾ, കരിങ്കുരങ്ങുകൾ, മലയണ്ണാനുകൾ, ഹിമാലയൻ കഴുകന്മാർ, നക്ഷത്ര ആമകൾ, മണ്ണുലി പാമ്പുകൾ, അനാകോണ്ടകൾ എന്നിവയെ കൊണ്ടു വന്നിട്ടുണ്ട്.

## തിരുവനന്തപുരം മൃഗശാല

219(2273) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും ചെലവും എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത മൃഗശാലയിൽ പുതുതായി കൊണ്ടുവന്ന മൃഗങ്ങളും പക്ഷികളും എതെല്ലാമാണെന്നും സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) നവീകരണ പ്രവർത്തനങ്ങൾ ഒട്ടേറെ നടക്കുമ്പോഴും സന്ദർശകരെ ആകർഷിക്കാനും അവർക്ക് കൂടുതൽ സൗകര്യങ്ങളുണ്ടാക്കാനും മൃഗശാലയിലെ ജീവജാലങ്ങളെ നന്നായി സംരക്ഷിക്കാനും വേണ്ട സൗകര്യങ്ങൾ ഒരുക്കാത്തതായി ആക്ഷേപം ഉന്നയിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ തിരുവനന്തപുരം മൃഗശാലാ വളപ്പിൽ നിന്നും മുറിച്ചു മാറ്റപ്പെട്ട മരങ്ങൾ എത്രയാണെന്നും അതിന്റെ മതിപ്പുവിലയെത്രയാണെന്നും അറിയിക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിലെ ജീവനക്കാരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ എത്രയെന്നും കുറഞ്ഞിട്ടുണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിലെ പ്രതിവർഷ വരുമാനവും തരം തിരിച്ചുള്ള ചെലവുവിവരവും അനുബന്ധമായി ചേർക്കുന്നു*.

(ബി) വെള്ളകൃഷ്ണമൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, നീലക്കാളകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മർമോസൈറ്റുകൾ, ബാരാസിംഗകൾ, റോസ് പെലിക്കൺ, മുള്ളൻ പന്നി, വാത്തകൾ, റീസസ് കുരങ്ങ്, കരിങ്കുരങ്ങ്, മലയണ്ണാനുകൾ, ഹിമാലയൻ കഴുകൻ, അനാകോണ്ടകൾ എന്നിവയാണ് ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി കൊണ്ടുവന്ന പക്ഷികളും മൃഗങ്ങളും. ഈ സർക്കാരിന്റെ കാലയളവിൽ സന്ദർശകർക്ക് പുതുതായി ഒരുക്കിയ സൗകര്യങ്ങൾ താഴെചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. എൽ.ഇ.ഡി. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു.
2. കുട്ടികൾക്കായി ആക്ടിവിറ്റി സെന്റർ
3. സന്ദർശകർക്ക് മൃഗശാലാ സന്ദർശനത്തിന് ബാറ്ററി വാഹനം വാങ്ങി
4. ലൈബ്രറി നവീകരണം
5. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ പ്രവേശന ഗ്യാലറിയുടെ നവീകരണം
6. കുട്ടികളുടെ പാർക്കിന്റെ നവീകരണം
7. മൃഗശാലയിൽ ഫ്ലോട്ടിംഗ് ഫൗണ്ടൻ
8. മ്യൂസിയത്തിന് ചുറ്റുമുള്ള പൂന്തോട്ടം മോടിപിടിപ്പിച്ചു
9. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി
10. മ്യൂസിയം മൃഗശാലാ സമുച്ചയത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു
11. റീ-സൈക്ലിംഗ് പ്ലാന്റ്
12. പക്ഷിമൃഗാദികളെ കൈമാറ്റവ്യവസ്ഥയിൽ എത്തിച്ചു
13. പുതിയ പരിബന്ധനങ്ങൾ സ്ഥാപിച്ചു. (മലയണ്ണാൻ, കേഴമാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള, അനാക്കോണ്ട)
14. മ്യൂസിയത്തിലെ നടപ്പാത നവീകരിച്ചു
15. ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്ക്
16. സർവയലൻസ് ക്യാമറകൾ സ്ഥാപിച്ചു
17. തിരുവനന്തപുരം മൃഗശാലക്ക് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി
18. വയർലസ് വാക്കിടോക്കികൾ വാങ്ങി
19. 3 ഡി തിയേറ്റർ സ്ഥാപിച്ചു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ നവീകരണത്തിന്റെ ഭാഗമായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | - | 7,75,00,000 |
| 2012-13 | - | 10,57,94,227 |
| 2013-14 | - | 11,75,84,846 |
| 2014-15 | - | 10,07,48,805 |
| 2015-16 | - | 7,97,47,223 |

(ഡി) ഇത്തരത്തിൽ ഒരു ആക്ഷേപവും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഒട്ടേറെ നവീകരണപ്രവർത്തനങ്ങൾ സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവികളെ നന്നായി സംരക്ഷിക്കുന്നതിനും ഏർപ്പാടാക്കിയിട്ടുണ്ട്.

(ഇ) നവീകരണ പ്രവർത്തനങ്ങളുടെ പേരിൽ മരങ്ങൾ മുറിച്ച് മാറ്റപ്പെട്ടിട്ടില്ല.

(എഫ്) ഈ സർക്കാരിന്റെ കാലയളവിൽ ഒരു ബയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുകളോ കുറവുകളോ ഉണ്ടായിട്ടില്ല.

**കാഴ്ചബംഗ്ലാവുകളുടെ ആധുനികവത്കരണം**

220(2274) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :

<u>ശ്രീ. പി. ബി. അബ്ദുൽ റസാക്</u> :

<u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> :

<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാഴ്ചബംഗ്ലാവുകളും മൃഗശാലകളും ആധുനികവത്കരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) പുതുതായി കാഴ്ചബംഗ്ലാവുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കാഴ്ചബംഗ്ലാവുകളിൽ കൂടുതൽ പ്രദർശന വസ്തുക്കൾ ശേഖരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കാഴ്ചബംഗ്ലാവുകളും മൃഗശാലകളും ആധുനികവത്കരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്.

(ബി) വയനാട് കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കുന്നുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) കാഴ്ചബംഗ്ലാവുകളിലെ സ്ഥലപരിമിതി കാരണം നിലവിലുള്ള പ്രദർശന വസ്തുക്കൾ പ്രദർശിപ്പിക്കാൻ സാധിക്കാത്തതിനാൽ കൂടുതൽ പ്രദർശന വസ്തുക്കൾ ശേഖരിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(നക്ഷത്രചിഹ്നമിടാത്ത 2228, 2229, 2230, 2231, 2234, 2235, 2236, 2241, 2242, 2246, 2247, 2253, 2257, 2260, 2262, 2264 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II. ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ : കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ പതിനഞ്ചാം ചട്ടത്തിന്റെ (8)-ാം ഉപചട്ടപ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the Thirteenth Kerala Legislative Assembly for the Motion of Thanks adopted by its Sixteenth Session on my address to the Assembly on 5th February 2016."

## III. അടിയന്തരപ്രമേയം

### റേഷൻ മൊത്ത വ്യാപാര ഡിപ്പോ കോഴക്കേസ്

മി. സ്പീക്കർ : റേഷൻ മൊത്ത വ്യാപാര ഡിപ്പോ കോഴക്കേസിൽ കോടതിയിൽ സമർപ്പിച്ച കുറ്റപത്രം റദ്ദാക്കി മന്ത്രിയെയും കൂട്ടരെയും പ്രതിപ്പട്ടികയിൽ നിന്നും നീക്കണമെന്ന ആവശ്യം നിയമോപദേശത്തെ തുടർന്ന് വിജിലൻസ് ഡയറക്ടർക്ക് തള്ളേണ്ടിവരികയും മന്ത്രി അടൂർ പ്രകാശിനെതിരായ കുറ്റപത്രം പ്രാബല്യത്തിൽ വരികയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നല്കിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഏകദേശം പത്ത് വർഷത്തിലേറെ പഴക്കമുള്ള ഒരു കേസാണിത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലഘട്ടത്തിൽ ശ്രീ. അടൂർ പ്രകാശിനെതിരായി ബി. സി. സചിത്രൻ എന്ന ആളിന്റെ പരാതിയിന്മേൽ അന്വേഷണം നടത്തി വി.സി.2/2008/എൻ.ആർ.കെ. നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസ്സിൽ അന്വേഷണം പൂർത്തിയാക്കി 28-2-2011-ൽ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ചാർജ് ഷീറ്റ് ഫയൽ ചെയ്തു. കോടതി അത് സി.സി. 6/2011 ആയി ഫയലിൽ സ്വീകരിച്ചു. ഈ കേസിൽ അബ്ദുൾ റഹിമാൻ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പുറത്തുവന്ന

പുതിയ തെളിവുകൾ കണക്കിലെടുത്ത് further investigation നടത്തുന്നതിന് വിജിലൻസ് കോടതി 5-2-2014-ൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കേസിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമാനുസരണം തുടരന്വേഷണ റിപ്പോർട്ട് പരിഗണനയ്ക്കായി വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതാണ്. അപ്രകാരം തുടരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് അന്വേഷണ ഘട്ടത്തിൽ കേസുകളിൽ ഇടപെടുന്ന സമീപനം ഈ സർക്കാരിനില്ല. കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥരും മേൽനോട്ടം വഹിക്കുന്ന വിജിലൻസ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും നിയമോപദേശത്തിന്റെയും മറ്റും വെളിച്ചത്തിൽ വസ്തുതകൾ വിലയിരുത്തി എടുക്കുന്ന തീരുമാനങ്ങളിൽ സർക്കാർ ഇടപെടാറില്ല. പ്രതിപക്ഷം ഇവിടെ ഉന്നയിച്ചിരിക്കുന്ന ഈ അടിയന്തര പ്രമേയം തികച്ചും പ്രീമെച്വർ ആയിട്ടുള്ള ഒന്നാണ്. തുടരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുമുമ്പ് ഇത്തരം ഒരു കാര്യം സമൂഹത്തിൽ തെറ്റിദ്ധാരണ വരുത്താനുള്ള ശ്രമമായിട്ടുമാത്രമേ കാണാൻ കഴിയുകയുള്ളു. ഈ വിഷയത്തിൽ ഇപ്പോൾ ഒരു പ്രത്യേക അടിയന്തരസാഹചര്യവും നിലവിലില്ല. ഇത് 11 വർഷം മുമ്പ് നടന്ന കാര്യമാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, മന്ത്രി ശ്രീ. അടൂർ പ്രകാശിനെതിരെ നിലനിൽക്കുന്ന വിജിലൻസ് കേസിൽ തുടരന്വേഷണം നടത്തി അദ്ദേഹത്തെ കുറ്റവിമുക്തനാക്കണമെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ തള്ളിക്കളഞ്ഞു എന്നുള്ള വാർത്ത ഇന്നലെ പുറത്തുവന്നു. അത് ഇന്ന് എല്ലാ പത്രങ്ങളിലും വന്നിട്ടുമുണ്ട്. ഇത് അതീവ ഗൗരവമുള്ള ഒരു സ്ഥിതിവിശേഷമാണ്. 11 വർഷം പഴക്കമുള്ള കേസ് നിസ്സാരമാണോ? 11 വർഷമോ 20 വർഷമോ പഴക്കമുള്ളതാണെങ്കിലും ഏറ്റവും വൃത്തിഹീനമായ ഒരു കൈക്കൂലി കേസിൽ ഈ മന്ത്രി പ്രതിയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, അന്ന് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ്, റേഷൻ മൊത്ത വ്യാപാര ഡിപ്പോ ലൈസൻസ് നൽകുന്നതിന് ശ്രീ. എൻ. കെ. അബ്ദുൾ റഹിമാനോട് ഇരുപത്തിയഞ്ച് ലക്ഷം രൂപ കൈക്കൂലി ചോദിച്ചു. അബ്ദുൾ റഹിമാൻ എന്ന ഒരു വ്യക്തിയെന്നാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. ആ വ്യക്തി ഈ ആരോപണം ഉന്നയിക്കുന്ന സമയത്ത് കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറായിരുന്നു. അതിനുമുമ്പ് അദ്ദേഹം കെ.പി.സി.സി. സെക്രട്ടറിയായിരുന്നു.

അദ്ദേഹത്തിന്റെ പേരിനുതന്നെ ഒരു ചരിത്രമുണ്ട്. ശ്രീ. അബ്ദുൾ റഹിമാന്റെ പിതാവ് കുഞ്ഞാലി സ്വാതന്ത്ര്യ സമരകാലത്ത് കോഴിക്കോട്ടെ അറിയപ്പെടുന്ന കോൺഗ്രസ് പ്രവർത്തകനായിരുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ മുക്കത്ത് നിന്നും കൊടിയത്തൂരിലേയ്ക്കുള്ള അവസാനത്തെ തോണിയാത്രയിൽ അദ്ദേഹത്തെ അനുയാത്ര ചെയ്ത ആളാണ് കുഞ്ഞാലി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മരിച്ചുവീഴുന്നതിന് ദൃക്സാക്ഷിയായിരുന്ന ആളാണ് കുഞ്ഞാലി. അബ്ദുറഹിമാൻ സാഹിബിന്റെ ഓർമ്മയ്ക്കുവേണ്ടിയാണ് തന്റെ മകന് അബ്ദുൾ റഹിമാൻ എന്ന് അദ്ദേഹം പേരിട്ടത്. അങ്ങനെ ജനിച്ചപ്പോഴേ കോൺഗ്രസ്സുകാരനായ അബ്ദുൾ റഹിമാനാണ് തന്നോട് "എല്ലാവരും 50 ലക്ഷം രൂപയാണ് തരുന്നത് നിങ്ങൾ കോൺഗ്രസുകാരനായതുകൊണ്ട് 25 ലക്ഷം രൂപ തന്നാൽ മതി" എന്നുപറഞ്ഞ് റേറ്റ് കുറച്ചുകൊടുത്തുവെന്ന് പരാതിപ്പെട്ടത്. അദ്ദേഹമിത് പരസ്യമായി പറഞ്ഞതാണ്. അങ്ങനെ പരസ്യമായി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ പേരിൽ കോൺഗ്രസ് നടപടിയെടുത്തു. ഈ അബ്ദുൾ റഹിമാൻ കോഴിക്കോട്ടെ റേഷൻ വ്യാപാരികളുടെ സംഘടനയുടെ പ്രസിഡന്റാണ്. കോഴിക്കോട് താലൂക്കിൽ ഒരു റേഷൻ ഹോൾസെയിൽ ഡിപ്പോ കൂടി വേണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യമനുസരിച്ചാണ് അദ്ദേഹം ഇതിന് അപേക്ഷ കൊടുത്തത്. അദ്ദേഹം എഫ്.സി.ഐ.-യുടെ നിലവാരത്തിലുള്ള ഗോഡൗൺ ഉണ്ടാക്കി. അങ്ങോട്ടേക്ക് റോഡ് നിർമ്മിച്ചു. ഇതെല്ലാം ചെയ്ത് അപേക്ഷിച്ച് കാത്തിരുന്നപ്പോൾ മന്ത്രി പറഞ്ഞത് '29 സ്ഥലങ്ങളിൽ ഞങ്ങൾ അനുവദിക്കുന്നുണ്ട്. എല്ലാവരുടേയും കയ്യിൽനിന്നും കാശ് വാങ്ങിയിട്ടാണ് ഞങ്ങൾ ഇത് ചെയ്യുന്നത്. താങ്കളിൽനിന്ന് 25 ലക്ഷം രൂപ വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹത്തിന് അനുമതി നിഷേധിച്ച് വേറൊരാൾക്ക് കൊടുത്തത്. ഇതിനെപ്പറ്റി വിജിലൻസ് കോടതിയിൽ ഒരാൾ പരാതികൊടുത്തു. ആ പരാതിയുടെ പേരിൽ അന്വേഷണം നടന്നു. ശ്രീ. അബ്ദുൾ റഹിമാൻ എല്ലാ തെളിവുകളും വളരെ വ്യക്തമായി അന്വേഷണ ഉദ്യോഗസ്ഥരോട് പറഞ്ഞു. ആ കേസിൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിചാരണ നേരിടേണ്ട ഒരാളെയാണ് ഈ മന്ത്രിസഭയിൽ അംഗമാക്കിയത്. മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ സഹായിക്കുന്നതിനുവേണ്ടി വിജിലൻസ് ഡയറക്ടർ റീ-ഇൻവെസ്റ്റിഗേഷൻ നടത്താൻ ഉത്തരവിട്ടു. ഇന്ത്യൻ ക്രിമിനൽ നടപടി നിയമത്തിൽ എവിടെയാണ് റീ-ഇൻവെസ്റ്റിഗേഷന് വ്യവസ്ഥയുള്ളത്?

റീ-ഇൻവെസ്റ്റിഗേഷൻ നടത്താൻ പറ്റില്ലെന്ന് കോടതി പറഞ്ഞപ്പോൾ തുടരന്വേഷണം മതിയെന്നായി. നിയമം അറിഞ്ഞുകൂടാത്തതുകൊണ്ടല്ല ഇങ്ങനെ ചെയ്തത്. തുടരന്വേഷണമെന്ന് പറഞ്ഞാൽ പ്രതിയാകില്ലല്ലോ; തുടരന്വേഷണം നേരിടുന്ന ഒരാളെ മന്ത്രിയാക്കാമല്ലോ; ആരോപണങ്ങൾ തൽക്കാലം മാറിക്കിട്ടുമല്ലോ. അങ്ങനെ പുനരന്വേഷണം തുടരന്വേഷണമാക്കി മാറ്റി. ആ തുടരന്വേഷണം ഈ നാലര വർഷക്കാലവും തുടർന്നുപോയി. അവസാനം തെളിവുകളില്ലായെന്ന് പറഞ്ഞ്, ഇവർ പറഞ്ഞാൽ അനുസരിക്കുന്ന ഉദ്യോഗസ്ഥനെക്കൊണ്ട് റിപ്പോർട്ടെഴുതിച്ച്, ഇവർ പറഞ്ഞാൽ എല്ലാം മൂളി കേൾക്കുന്ന ഡയറക്ടറുടെ അടുത്ത് കൊടുത്തു. പക്ഷെ, തെളിവുകളുടെ സ്വഭാവം, അതിൽ ആളുകൾ പറഞ്ഞ മൊഴി ഇതെല്ലാം കൃത്യമാണെന്ന് മനസ്സിലാക്കിയ വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടി ഈ റിപ്പോർട്ട് സ്വീകാര്യമല്ലായെന്ന നിലപാടാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. ഈ സഭയിൽ ഇരിക്കുന്ന മന്ത്രി കൈക്കൂലി കേസിൽ കുറ്റവിചാരണ നേരിടുന്ന മന്ത്രിയാണ്. കേരളത്തിന്റെ ചരിത്രത്തിൽ എന്നെങ്കിലും കുറ്റവിചാരണ നേരിടുന്ന, കൈക്കൂലി കേസിൽ പ്രതിയായ ഒരു മന്ത്രി, മന്ത്രിസഭയിലുണ്ടായിട്ടുണ്ടോ? ഇനിയെന്തിനാണ് ഇവർ സമയം ചോദിക്കുന്നത്? ഇതിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപ്പെടാനാണ് സമയം ചോദിക്കുന്നത്. വിവരങ്ങൾ എല്ലാം പുറത്തുവന്നു കഴിഞ്ഞതിനാൽ എങ്ങനെയാണ് ഈ മന്ത്രിയെ രക്ഷിക്കാൻ കഴിയുന്നത്; സ്റ്റേ എന്തെങ്കിലും കിട്ടുമോ? ശ്രീ. കെ. ബാബുവിന്റെ രാജിക്കത്തും പോക്കറ്റിലിട്ടുകൊണ്ട് മുഖ്യമന്ത്രി അഞ്ച് ദിവസം നടന്നല്ലോ; ആ അഞ്ച് ദിവസം കൊണ്ട് ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച ഒരു സ്റ്റേയുടെ മറവിലാണ് ശ്രീ. കെ. ബാബു ഇപ്പോൾ മന്ത്രിയായി തുടരുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. ആര്യാടൻ മുഹമ്മദും ആ സ്റ്റേയുടെ ബലത്തിൽ തുടരുകയാണ്. അവർക്കൊരു സ്റ്റേയുടെ ബലമെങ്കിലുമുണ്ട്. എന്നാൽ നഗ്നതമറയ്ക്കാൻ ഒരു സ്റ്റേയുടെ കടലാസുപോലുമില്ലാത്ത ഒരു മന്ത്രി അഴിമതി കാണിച്ച് നിർലജ്ജം ഇവിടെ അധികാരത്തിൽ തുടരുകയാണ്. 29 ഹോൾസെയിൽ ഡിപ്പോകളാണ് അന്ന് അനുവദിച്ചത്. ആ ഡിപ്പോക്കാരുടെ കയ്യിൽ നിന്നും അന്ന് ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ് കാശ് വാങ്ങിച്ചുവെന്ന് ശ്രീ. അബ്ദുൾ റഹിമാൻ വ്യക്തമായി മൊഴി നൽകിയിട്ടുണ്ട്. എത്ര കോടിയാണ് ഇങ്ങനെ സമ്പാദിച്ചത്. ശ്രീ. കെ. എം. മാണിയുടെ കേസ്സിൽ എന്താണ് നടന്നത്? ആ കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന്

പറഞ്ഞു. അതിന്റെ ഭാഗമായി വന്ന ഒരു കേസിൽ ഹൈക്കോടതി സീസറുടെ ഭാര്യയെ പരാമർശിച്ചപ്പോൾ ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനം രാജിവച്ചു. ഇവിടെ സീസറുടെ ഭാര്യ സംശയാതീതയാകണമെന്നല്ല, സീസറുടെ ഭാര്യ അഴിമതിയിൽ മുങ്ങിക്കിടക്കുകയാണ്. അഴിമതിയിൽ മുങ്ങിക്കിടക്കുന്ന ഒരു മന്ത്രിയാണ് ഇന്ന് മന്ത്രിസഭയിൽ ഇരുന്ന് വേറൊരു വകുപ്പ് നിയന്ത്രിക്കുന്നത്. കുറ്റാരോപിതനായ ഒരാൾ, വിചാരണ നേരിടേണ്ട ഒരാൾ ഈ മന്ത്രിസഭയിൽ ഇരിക്കുന്നതിന് എന്ത് സാംഗത്യമാണുള്ളത്? നമ്മുടെ നാട്ടിൽ എന്നെങ്കിലും ഇങ്ങനെയൊരു കാര്യം ഉണ്ടായിട്ടുണ്ടോ? ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും ശ്രീ. കെ. ബാബുവിന്റെയും മുഖ്യമന്ത്രിയുടെയും കാര്യത്തിൽ ഹൈക്കോടതിയുടെ സ്റ്റേ ഓർഡറെങ്കിലുമുണ്ട്. ഈ കേസിന് അങ്ങനെ ഒന്നുമില്ല. ഈ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണ്ടേ; ഇത് കോടതിയിൽ സമർപ്പിക്കാതെ വച്ച് താമസിപ്പിക്കാൻ സാധിക്കുമോ? ഇവർ പറയുന്ന എല്ലാ കാര്യത്തിനും ഏറാൻ മൂളുന്ന വിജിലൻസ് ഡയറക്ടർക്കുപോലും ഈ അന്വേഷണ റിപ്പോർട്ട് അംഗീകരിക്കാൻ പറ്റില്ല എന്നുള്ള നിഗമനത്തിൽ എത്തേണ്ടിവന്നെങ്കിൽ എത്ര വ്യക്തമായ തെളിവുകളാണ് ഈ മന്ത്രിക്കെതിരെയുള്ളതെന്ന് നമ്മൾ ആലോചിക്കണം. അങ്ങനെയുള്ള ഒരാൾ മന്ത്രിസഭയിൽ തുടരാൻ പാടില്ല. ജനാധിപത്യത്തിന് ചില ധാർമ്മികതകളുണ്ട്. അതൊരു വ്യക്തിയുടെ ധാർമ്മികതയല്ല. ജനാധിപത്യത്തിന് പൊതുവായുള്ള ധാർമ്മികതയുടെ അടിസ്ഥാനത്തിലാണ് ലാൽ ബഹദൂർ ശാസ്ത്രി മുതൽ ഇങ്ങോട്ട് ഒട്ടനവധി ആളുകൾ കേന്ദ്രത്തിലും സംസ്ഥാനത്തും രാജിവച്ചത്. ഈ മന്ത്രിസഭയിൽ ഇത്രയേറെ അഴിമതി നിറഞ്ഞ, കളങ്കിതരായ മന്ത്രിമാരുണ്ടായിട്ടും ഒരാളെങ്കിലും സ്വമേധയാ രാജിവച്ചോ? ശ്രീ. കെ. ബാബുവിന്റെ രാജിക്കത്ത് എന്തിനാണ് മുഖ്യമന്ത്രി പോക്കറ്റിലിട്ടുകൊണ്ട് നടന്നത്? ആ രാജിക്കത്ത് സ്വീകരിച്ചാൽ അടുത്ത രാജി തന്റേതാകുമെന്ന് അറിയാവുന്നതുകൊണ്ടാണ് മുഖ്യമന്ത്രി അത് പോക്കറ്റിലിട്ടുകൊണ്ട് അഞ്ചുദിവസം നടന്ന് സ്റ്റേ ഓർഡർ വാങ്ങി ശ്രീ. കെ. ബാബുവിനോട് മന്ത്രിയാകാൻ പറഞ്ഞത്. അതിനുശേഷം ശ്രീ. കെ. എം. മാണിയോടും വേണമെങ്കിൽ മന്ത്രിയായിക്കൊള്ളാൻ മുഖ്യമന്ത്രി പറഞ്ഞു. അതിന് താൻ ഇല്ലെന്നും ഒരു ബലത്തിലും തനിക്ക് മന്ത്രി സ്ഥാനം വേണ്ടെന്നും ശ്രീ. കെ. എം. മാണി പറഞ്ഞു. ഇവർക്കെല്ലാം പല നീതികളാണ്. കോൺഗ്രസുകാരനായ ശ്രീ. അടൂർ പ്രകാശാണ് ജനിച്ചപ്പോൾ മുതൽ കോൺഗ്രസുകാരനായ ഒരാളുടെ കയ്യിൽനിന്നും കൈക്കൂലി വാങ്ങിച്ചത്.

ആ ആരോപണം വന്നതിനുശേഷം കേസ് അന്വേഷിക്കാനോ നടപടി സ്വീകരിക്കാനോ കെ.പി.സി.സി. തയ്യാറായോ? പരസ്യമായി ആരോപണം ഉന്നയിച്ചുവെന്ന് പറഞ്ഞ് ശ്രീ. അബ്ദുൾ റഹിമാന്റെ പേരിൽ നടപടി സ്വീകരിച്ചു, അതാണുണ്ടായത്. ഇപ്പോൾ ഈ അന്വേഷണത്തിൽനിന്ന്, ഈ കുറ്റത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രീ. അടൂർ പ്രകാശിന് സാധിക്കില്ല. അദ്ദേഹം മന്ത്രിയായി തുടരുന്നത് ഈ നാടിന് കളങ്കമാണ്. അറേബ്യയിലെ മുഴുവൻ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്ന് പൂശിയാലും ഈ അഴിമതിയുടെ വൃത്തികെട്ട മണം, കറ മായ്ക്കാൻ പറ്റില്ല എന്നുള്ളത് ഇവർ മനസ്സിലാക്കണം. അതുകൊണ്ട് ഈ നാടിന് എന്തെങ്കിലും മാതൃക കാണിക്കാൻ, ഈ ഗവൺമെന്റോ യു.ഡി.എഫ്.-ഓ കോൺഗ്രസ് നേതൃത്വമോ തയ്യാറുണ്ടെങ്കിൽ ശ്രീ. അടൂർ പ്രകാശ് രാജിവച്ച് പുറത്തുപോയി കുറ്റവിചാരണ നേരിടണം. ഈ സ്ഥിതി വിശേഷം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, എന്റെ സുഹൃത്തായ ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞതിൽ വസ്തുതാവിരുദ്ധമായ ചില കാര്യങ്ങൾ കൂടിയുണ്ട്. ഈ കേസിന്റെ ചരിത്രമാണ് ഞാൻ മറുപടിയിൽ സൂചിപ്പിച്ചത്. ഈ കേസിന്റെ അന്വേഷണഘട്ടത്തിൽ ഗവൺമെന്റ് ഇടപെട്ടിട്ടില്ല, ഇടപെടാൻ പാടുള്ളതല്ല. ഈ വിഷയത്തിൽ further investigation നടന്നത് കോടതിയുടെ അനുമതിയോടുകൂടിയാണ്. അതിന്റെ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതായി യാതൊരു വിവരവും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. വിജിലൻസ് ഡയറക്ടർ തീരുമാനമെടുത്തോ ലീഗൽ അഡ്വൈസർ തീരുമാനമെടുത്തോ എന്നൊക്കെയുള്ളത് നടപടിക്രമങ്ങളുടെ ഭാഗമാണ്. അത് ഗവൺമെന്റ് അറിയേണ്ട കാര്യമില്ല. അത്തരം കാര്യങ്ങൾ ഗവൺമെന്റിന്റെ മുന്നിലില്ല. കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമ്പോഴാണ് ഗവൺമെന്റ് അറിയുന്നത്. 2004-2006-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് രാഷ്ട്രീയപ്രേരിതമായി എടുത്ത ഒരു കേസാണിത്. ശ്രീ. അടൂർ പ്രകാശ് ഇവിടെ ആർക്കും റേഷൻകട മൊത്ത വ്യാപാര ഡിപ്പോ അനുവദിച്ചിട്ടില്ല. ശ്രീ. അടൂർ പ്രകാശ് മറുപടി പറയുമ്പോൾ അതിന്റെ വിശദാംശങ്ങൾ പറയുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന സമയത്ത് രാഷ്ട്രീയപ്രേരിതമായി എടുത്ത കേസാണിത്. .....(ബഹളം)........ 28-2-2011-ൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ശ്രീ. അടൂർ പ്രകാശ് ജാമ്യമെടുക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോടതിയുടെ

അനുമതിയോടുകൂടിയാണ് തുടരന്വേഷണത്തിന് ഉത്തരവിട്ടത്. അങ്ങനെ ചെയ്യാനുള്ള എല്ലാ അധികാരവും ഗവൺമെന്റിനുണ്ട്. നമ്മുടെ നിയമം അനുസരിച്ച് ഒരു കേസിലും പുനരന്വേഷണമില്ല, തുടരന്വേഷണമാണുള്ളത് എന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതാണ് ഇവിടെ നടത്തിയത്. ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ ഈ ആരോപണം നിലനിൽക്കുമ്പോഴും ശ്രീ. അടൂർ പ്രകാശ് തെരഞ്ഞെടുപ്പിനെ നേരിട്ടു. ബഹുഭൂരിപക്ഷത്തോടെ 14800-ലധികം വോട്ടുകൾക്കാണ് അദ്ദേഹം വിജയിച്ചത്. ഈ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചശേഷവും അദ്ദേഹം തെരഞ്ഞെടുപ്പിനെ നേരിട്ടു. അദ്ദേഹത്തെ പരാജയപ്പെടുത്താൻ ഇടതുപക്ഷജനാധിപത്യ മുന്നണി എല്ലാ അടവുകളും പയറ്റിയെങ്കിലും അദ്ദേഹം 8000-ലധികം വോട്ടുകളുടെ ഭൂരിപക്ഷത്തോടുകൂടിയാണ് വീണ്ടും വിജയിച്ചുവന്നത്. നിങ്ങൾ ഉന്നയിച്ച ഈ രാഷ്ട്രീയ ആരോപണം തെറ്റാണെന്ന് തെളിയിച്ചുകൊണ്ട് കോന്നിയിലെ ജനങ്ങൾ ബഹുഭൂരിപക്ഷത്തോടെ ശ്രീ. അടൂർ പ്രകാശിനെ വിജയിപ്പിക്കുകയുണ്ടായി. ജനകീയ കോടതിയിൽ അഗ്നിശുദ്ധി വരുത്തിയാണ് ശ്രീ. അടൂർ പ്രകാശ് മന്ത്രിയായത്. ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് ആവശ്യമില്ലാത്ത ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. ..........ബഹളം............. 11 വർഷക്കാലം നീണ്ടുനിന്ന ഒരു കേസ് ജനങ്ങളുടെ മധ്യത്തിൽ, ജനകീയ കോടതിയിൽ വിചാരണ ചെയ്തപ്പോൾ ജനങ്ങൾ ശ്രീ. അടൂർ പ്രകാശിന് അനുകൂലമായിട്ടാണ് വിധി രേഖപ്പെടുത്തിയത്. അദ്ദേഹം മന്ത്രിയായതിനെപ്പറ്റിയും പറയുകയുണ്ടായി. ജനങ്ങൾ തെരഞ്ഞെടുത്ത ഒരാളിന് മന്ത്രിയാകാം. നിയമപരമായ മറ്റുകാര്യങ്ങൾ നിയമപരമായി നേരിടും. വിജിലൻസ് ഡയറക്ടറെക്കുറിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പിന് നല്ല അഭിപ്രായമാണുള്ളത്. അതിൽ എനിക്ക് ഒരുപാട് സന്തോഷമുണ്ട്. വിജിലൻസ് ഡയറക്ടർ ശ്രീ. ശങ്കർ റെഡ്ഡി കോൺഗ്രസ്സ് മന്ത്രിയുടെ ബന്ധുവാണെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. അങ്ങനെയൊരു മന്ത്രിയുമില്ല, ശ്രീ. ശങ്കർ റെഡ്ഡിക്ക് അങ്ങനെയൊരു ബന്ധുവുമില്ല. ആരോപണം ഉന്നയിക്കുന്നത് വസ്തുതകൾ മനസ്സിലാക്കി വേണം. .......... (ബഹളം).............

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമ്പോൾ പ്രതിപക്ഷം ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. ഇവിടെ ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഒരു ഭാഗത്തുനിന്നും ബഹളമുണ്ടായില്ല. എല്ലാവരും പ്രസംഗം ശ്രദ്ധിച്ചുകേട്ടുകൊണ്ടാണിരുന്നത്. ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണ്ടേ? മറുപടി പറയുമ്പോൾ

നിങ്ങൾ ഇങ്ങനെ ബഹളമുണ്ടാക്കാമോ? ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മറുപടി നിങ്ങൾ ശ്രദ്ധിക്കണം. സ്കൂളുകളിൽ കൊച്ചുകുട്ടികൾ ബഹളം ഉണ്ടാക്കുന്നതുപോലെ ബഹളം ഉണ്ടാക്കരുത്. ഇത് നിയമസഭയാണ്. നിയമസഭയ്ക്കൊരു അന്തസ്സുണ്ട്. അത് കാത്തുസൂക്ഷിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, വിജിലൻസ് ഡയറക്ടറായ ശ്രീ. ശങ്കർ റെഡ്ഡി കോൺഗ്രസ്സ് മന്ത്രിയുടെ ബന്ധുവാണെന്ന് പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുകയുണ്ടായി. അദ്ദേഹം കോൺഗ്രസ് മന്ത്രിയുടെ ബന്ധുവല്ല. അദ്ദേഹത്തിന്റെ മകളെ കല്യാണം കഴിച്ചത് തെലുങ്കുദേശം മന്ത്രിയുടെ മകനാണ്. തെലുങ്കുദേശവും സി.പി.ഐ.(എം)-ഉം ആയിട്ടാണ് എല്ലാക്കാലവും കൂട്ടുകെട്ട്, കോൺഗ്രസുമായി ഒരു കാലത്തും കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടില്ല. ശ്രീ. ശങ്കർ റെഡ്ഡി കേരളത്തിലെ ഏറ്റവും സമർത്ഥനായൊരു പോലീസ് ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെപ്പറ്റി ഒരാരോപണവും നിലവിലില്ല. ഇപ്പോഴെങ്കിലും ശ്രീ. ശങ്കർ റെഡ്ഡി നല്ല ആളാണെന്ന് ശ്രീ. സുരേഷ് കുറുപ്പ് പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ഓരോ കേസെടുക്കുമ്പോഴും അതിന്റെ മെരിറ്റ് അനുസരിച്ചാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. വിജിലൻസ് ആരെയും സഹായിക്കുകയോ ആരെയും എതിർക്കുകയോ ഇല്ല. കാരണം വിജിലൻസിന്റെ എല്ലാ നടപടികളും കോടതിയുടെ സ്ക്രൂട്ടിണിക്ക് വിധേയമാണ്. അത് കോടതി പരിശോധിക്കും. അതുകൊണ്ട് വിജിലൻസ് എടുക്കുന്ന ഓരോ കേസിലും അതിന്റെ മെരിറ്റ് അനുസരിച്ച് മാത്രമേ ഡയറക്ടർക്ക് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഈ കേസന്വേഷണം സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ തീരുമാനമെടുത്തോ എന്നുള്ളത് ഞാൻ ചോദിച്ചിട്ടില്ല, ഗവൺമെന്റിന് അതറിയേണ്ട കാര്യവുമില്ല. ഈ കേസിൽ ഇതുവരെയും കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുമില്ല.

ശ്രീ. മാത്യൂ റ്റി. തോമസ് : സർ, ഓരോ കേസും അതിന്റെ മെരിറ്റ് അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ശ്രീ. അടൂർ പ്രകാശിനെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കാൻ പറ്റില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനിച്ചത് മെരിറ്റ് അടിസ്ഥാനത്തിലാണെന്ന് അങ്ങ് സമ്മതിക്കുമോ?

10.00 AM]

ശ്രീ. രമേശ് ചെന്നിത്തല : സർ, വിജിലൻസ് ഡയറക്ടർ ഏത് തീരുമാനമെടുത്തുവെന്നുള്ളത് ഗവൺമെന്റിന് അറിയില്ല. 2006 മുതൽ നടക്കുന്നൊരു കേസാണിത്. ഇതിനകത്ത് നിരവധി നിയമോപദേശങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. വിജിലൻസ് ഡയറക്ടർ അഭിപ്രായങ്ങൾ തേടാറുണ്ട്. ഇതൊക്കെ ഒരു കേസിന്റെ പ്രോസസ്സാണ്. കോടതിയുടെ സ്ക്രൂട്ടിണിക്ക് വിധേയമായിട്ടാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. കോടതിയിൽ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചതായി ഗവൺമെന്റിന് യാതൊരു അറിവുമില്ല. രാഷ്ട്രീയപ്രേരിതമായി ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്തെടുത്ത കേസാണിത്. ഈ കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നത് എന്നാണെന്ന് അറിയാമോ? ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് രണ്ടുദിവസം മുമ്പ്, തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ്. ഞാൻ ഒരു ആരോപണവും ഉന്നയിക്കുന്നതല്ല, ഇതാണ് ഇതിന്റെ വസ്തുത. ശ്രീ. അടൂർ പ്രകാശ് ജനങ്ങൾ അംഗീകരിച്ച ഒരു നേതാവാണ്. ഈ കേസ് നിലനിൽക്കുമ്പോഴും അദ്ദേഹത്തെ ജനങ്ങൾ ബഹുഭൂരിപക്ഷത്തോടുകൂടി വിജയിപ്പിച്ചതാണ്. അതുകൊണ്ട് ഇവിടെ അസാധാരണമായ യാതൊരു സാഹചര്യവും നിലവിലില്ല. ലീഗൽ നടപടിക്രമങ്ങളനുസരിച്ചാണ് മുന്നോട്ടുപോകുന്നത്. ലീഗൽ ഓപ്ഷൻസ് ഇനിയും ശ്രീ. അടൂർ പ്രകാശിന്റെ മുന്നിലുണ്ട്. അദ്ദേഹത്തിന് ഇഷ്ടമുണ്ടെങ്കിൽ അത് സ്വീകരിക്കാവുന്നതാണ്. ഈ കേസിൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ഗുരുതര അവസ്ഥയും നിലവിലില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ശ്രീ. അടൂർ പ്രകാശ് തെരഞ്ഞെടുപ്പിൽ ജയിച്ചതിനെക്കുറിച്ച് പറഞ്ഞു. തെരഞ്ഞെടുപ്പിൽ ജയിച്ചാൽ ക്രിമിനൽ നടപടികളിൽനിന്ന് ഒഴിവാകാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ജനങ്ങളുടെ കോടതിയാണ് ഏറ്റവും അവസാനത്തേത്. ജനങ്ങളുടെ കോടതിയിൽ രണ്ടുതവണ അഗ്നിശുദ്ധി വരുത്തിയ രാഷ്ട്രീയ നേതാവാണ് ശ്രീ. അടൂർ പ്രകാശ്. അതുകൊണ്ട് കേസ് ഇല്ലാതാകുമെന്ന് ഞാൻ പറയുന്നില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. ശ്രീ. കെ. സുരേഷ് കുറുപ്പ് ഉന്നയിച്ച ആരോപണത്തിനാണ് ഞാൻ മറുപടി പറഞ്ഞത്. ശ്രീ. അടൂർ പ്രകാശിനെ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ജനങ്ങൾ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിപ്പിച്ചു എന്ന കാര്യമാണ് ഞാൻ പറഞ്ഞത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ഇന്ന് എനിക്കെതിരെ അടിയന്തരപ്രമേയം കൊണ്ടുവന്നു. അദ്ദേഹം പ്രഗത്ഭനായ ഒരു അഭിഭാഷകനാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹം എനിക്കെതിരെ ഒരു ആക്ഷേപം സഭയിൽ കൊണ്ടുവന്നപ്പോൾ, അദ്ദേഹം ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും അന്വേഷിച്ചിട്ടാണോ ആക്ഷേപമുന്നയിച്ചത് എന്ന് എനിക്ക് സംശയമുണ്ട്. ഞാൻ എല്ലാ കാര്യങ്ങളും വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. കാരണം ബഹുമാനപ്പെട്ട കോടതിയുടെ മുന്നിലുള്ള വിഷയമായതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ സഭയിൽ പറയുന്നത് ശരിയല്ല. എങ്കിലും ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ ചില കാര്യങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിക്കണമെന്ന് ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന 2004-2006 കാലഘട്ടത്തിൽ ഞാൻ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രിയായിരുന്നു. അന്ന് റേഷൻ മൊത്തവ്യാപാര ഡിപ്പോകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട്ടുനിന്ന് ഹോൾസെയിൽ ഡിപ്പോകളുടെ പ്രസിഡന്റ് എന്ന നിലയിൽ ശ്രീ. അബ്ദുൾ റഹിമാൻ ഒരു അപേക്ഷ നൽകിയതായിട്ടാണ് എന്റെ ഓർമ്മ. ലഭിച്ച അപേക്ഷകൾ പരിശോധന നടത്തുന്നതിനായി വകുപ്പിന് കൊടുക്കുകയും വകുപ്പിൽനിന്നും ലഭിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ഓമശ്ശേരി കേന്ദ്രമാക്കി ഒരു ഡിപ്പോ അനുവദിക്കുന്നതിനുവേണ്ടിയുള്ള പ്രോസസ്സ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. റേഷൻ മൊത്തവ്യാപാര ഡിപ്പോ അനുവദിക്കാനായുള്ള അപേക്ഷ ക്ഷണിക്കുന്നത് ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയോ വകുപ്പ് ഉദ്യോഗസ്ഥരോ അല്ല. അപേക്ഷ ക്ഷണിക്കുന്നതും പരിശോധന നടത്തുന്നതുമൊക്കെ അതാത് ജില്ലാകളക്ടർമാരുടെ ചുമതലയിൽ നടക്കേണ്ട കാര്യങ്ങളാണ്. റേഷൻ മൊത്തവ്യാപാര ഡിപ്പോയ്ക്കുവേണ്ടി അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷകൻ ആ പ്രദേശത്തെ താമസക്കാരനായിരിക്കണമെന്ന് നിയമമുണ്ട്. എന്നാൽ ഓമശ്ശേരി ഡിപ്പോയ്ക്കുവേണ്ടി അപേക്ഷ കൊടുത്തത് കാരാശ്ശേരി പഞ്ചായത്തുകാരനായ ശ്രീ. അബ്ദുൾ റഹിമാനാണ്. ആ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ജില്ലാ കളക്ടർ അപേക്ഷ നിരസിക്കുകയും ഓമശ്ശേരിയിൽനിന്നും നിയമാനുസൃതം അപേക്ഷ കൊടുത്ത ആളിന് ഡിപ്പോ അനുവദിക്കുകയുമാണ് ചെയ്തത്. അത് ആരാണെന്ന് എനിക്ക് ഇപ്പോഴും അറിയില്ല. ഞാൻ 25 ലക്ഷം രൂപ ചോദിച്ചു എന്ന ആക്ഷേപമാണ് എന്നെക്കുറിച്ച് പറഞ്ഞത്, അല്ലാതെ 25 ലക്ഷം രൂപ വാങ്ങിയെന്നല്ല പറഞ്ഞിട്ടുള്ളത്. അങ്ങ് പറഞ്ഞതിന്റെ പേരിൽ ചോദിച്ചു എന്നത് ഞാൻ സ്വീകരിക്കട്ടെ. ഓമശ്ശേരിയിൽ ജില്ലാകളക്ടർ നിയമാനുസൃതം അനുവദിച്ച റേഷൻ

മൊത്തവ്യാപാര ഡിപ്പോ ശ്രീ. അബ്ദുൾ റഹിമാൻ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ക്യാൻസൽ ചെയ്തു. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. അബ്ദുൾ റഹിമാൻ അപ്പീൽ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആ ഡിപ്പോ അനധികൃതമായി അദ്ദേഹത്തിന് അനുവദിച്ചുകൊടുത്തു. ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരിക്കുമ്പോൾ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, ഞാൻ 25 ലക്ഷം രൂപ ചോദിച്ചത് കിട്ടാത്തതുകൊണ്ടാണ് ശ്രീ. അബ്ദുൾ റഹിമാന് റേഷൻ മൊത്തവ്യാപാര ഡിപ്പോ അനുവദിച്ചുകൊടുക്കാത്തത് എന്ന ആക്ഷേപം ഉന്നയിച്ച നിങ്ങൾ ഓമശ്ശേരി ഡിപ്പോയ്ക്കുവേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ കാരാശ്ശേരി പഞ്ചായത്തിലെ താമസക്കാരന് അനധികൃതമായി എങ്ങനെ ഡിപ്പോ അനുവദിച്ചുവെന്ന് ഈ സഭയിൽ പറയണമെന്ന് ഞാൻ തന്നെ ആവശ്യപ്പെട്ടിരുന്നു. അന്ന് ഡിമാന്റ് ചർച്ചയുടെ മറുപടി കഴിഞ്ഞതിനുശേഷം അന്നത്തെ ബഹുമാന്യനായ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുടെ ടെലിഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ ഡിപ്പോ അനുവദിച്ചത് ക്യാൻസൽ ചെയ്തു. ഇപ്പോഴും അത് കൊടുത്തിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. കോടതിയിൽ കേസ് വന്നിട്ടുള്ള നിലയിലാണെങ്കിൽ, സ്വാഭാവികമായും ഈ സഭയിലുള്ള എത്രയോ ആളുകൾ കേസിലെ പ്രതികളാണ്, ഞാൻ മാത്രമാണോ? അടൂർ പ്രകാശ് 25 ലക്ഷം രൂപ ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ടെലഫോൺ സന്ദേശത്തിലൂടെ എഫ്.ഐ.ആർ. ഇടാൻ നിർദ്ദേശം കൊടുത്തു. ഇത് ഞാൻ പറയുന്ന കാര്യമല്ല, എഫ്.ഐ.ആർ-ന്റെ കോപ്പിയെടുത്ത് പരിശോധിച്ചാൽ ശ്രീ. കെ. സുരേഷ് കുറുപ്പിന് മനസ്സിലാക്കാൻ സാധിക്കും. ടെലഫോൺ സന്ദേശം എവിടെനിന്ന് വന്നു എന്ന് ഞാൻ പറയുന്നില്ല. ആ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ എഫ്. ഐ. ആർ. ഇടുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ, ഫെബ്രുവരി മാസം 28-നോ 29-നോ ആണെന്നാണ് എന്റെ ഓർമ്മ, അന്നത്തെ വിജിലൻസ് ഡയറക്ടർ റിട്ടയർ ചെയ്യുന്നതിന്റെ തലേദിവസം ചാർജ് ഷീറ്റ് കൊടുക്കാൻവേണ്ടി നിർദ്ദേശം കൊടുത്തു. ആ കേസിൽ ഞാൻ കോടതിയിൽനിന്ന് ജാമ്യം എടുത്തിട്ടുണ്ട് എന്ന കാര്യം മറച്ചുവച്ചിട്ടില്ല. നിയമസഭയിലേയ്ക്ക് മത്സരിക്കുന്ന അവസരത്തിൽ അക്കാര്യം ഞാൻ വ്യക്തമായി പറഞ്ഞിരുന്നു. ഈ കേസിന്റെ അടിസ്ഥാനത്തിൽ എനിക്കെതിരെ എഫ്. ഐ. ആർ. ഇട്ടിട്ടുണ്ടെന്ന് ഞാൻ അന്ന് പറഞ്ഞിരുന്നു. ഇതൊരു പുതിയ കാര്യമായി കൊണ്ടുവരുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. റിട്ട് പെറ്റിഷൻ (സിവിൽ) 33565/2008 നമ്പരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് വന്നു. എന്നോടൊപ്പം രണ്ടാം

പ്രതിയാക്കിയിരിക്കുന്ന എന്റെ അന്നത്തെ പി.എസ്. ആയിരുന്ന ശ്രീ. രാജുവിനെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സസ്പെൻഡ് ചെയ്തു. അതിനെ ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി. അഡ്വക്കേറ്റ് എന്ന നിലയിൽ അതിന്റെ വിധിപ്പകർപ്പ് എടുക്കാൻ അങ്ങേയ്ക്ക് കഴിയുമല്ലോ. അങ്ങേയ്ക്ക് അത് പരിശോധിക്കാനുള്ള എല്ലാ അവകാശങ്ങളും ഉള്ളതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, 'in the light of the above, it is clear that the order of suspension amounts to abuse of power and victimization' എന്നാണ്. അതാരാണ് ചെയ്തത്? അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. കോടതിയുടെ പരാമർശം ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് ശരിയല്ലെന്നാണ് ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ആക്ഷേപം. അത് തീരുമാനിക്കേണ്ടത് മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ഒരു കാര്യം ഞാൻ പറയുന്നു, വെറുതെ ആക്ഷേപം ഉന്നയിച്ച് പുകമറ ഉണ്ടാക്കിയതുകൊണ്ട് ആ ആക്ഷേപത്തിനു മുന്നിൽ തലകുനിച്ച് പോകുമെന്ന് കരുതണ്ട. എന്നെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ചില കാര്യങ്ങൾ പറഞ്ഞു. കോന്നിയിലെ ജനങ്ങൾക്ക് ഞാൻ ആരാണെന്നും, എന്റെ പ്രവർത്തനങ്ങൾ എന്താണെന്നും നന്നായി അറിയാമെന്നുള്ളതുകൊണ്ടാണ് 1996-ൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിക്കെതിരെ 806 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഈ സഭയിൽ വന്നത്. എനിക്കെതിരെ ഈ ആക്ഷേപം ഉന്നയിച്ച് പ്രചരണം നടത്തിയ അവസരത്തിൽ 14895 വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടിയാണ് ഞാൻ ജയിച്ചുവന്നത്. ഓടിളക്കി വന്നതല്ല; ജനങ്ങളുടെ അംഗീകാരം വാങ്ങിക്കൊണ്ടാണ് ഞാൻ ഈ സഭയിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഇതുപോലെ എന്തെങ്കിലും ആക്ഷേപം പറയുമ്പോൾ പുറകിലോട്ടോടുമെന്ന് കരുതണ്ടെന്ന് മാത്രമേ എനിക്ക് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെയും റവന്യൂവും കയറും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

ശ്രീ. എസ്. ശർമ്മ : സർ, ഇവിടെ നടന്ന ചർച്ചകളിൽ ബഹുമാന്യനായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നടത്തിയിട്ടുള്ള വിശദീകരണം അദ്ദേഹത്തിനുതന്നെ ബോദ്ധ്യമാകുമെന്ന് ഞാൻ കണക്കാക്കുന്നില്ല. ഇത്തരത്തിൽ

ഒരു സംഭവം നടന്നതായി ഗവൺമെന്റിന് അറിയില്ലെന്നാണ് അദ്ദേഹത്തിന്റെ സംഭാഷണത്തിൽ വിശദീകരിച്ചത്. ഈ ഗവൺമെന്റ് ഈ ലോകത്തെ ഗവൺമെന്റാണോ, പരലോകത്തെ ഗവൺമെന്റാണോയെന്ന് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകുന്നില്ല. പഞ്ചേന്ദ്രിയങ്ങൾ നഷ്ടപ്പെട്ട്, അന്ധ-ബധിര-മൂകരെപ്പോലെയുള്ള ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിക്കഴിഞ്ഞു. ഗവൺമെന്റിന്റെ വിശദീകരണ മറുപടിയിൽ ഈ കേസ് രാഷ്ട്രീയ പ്രേരിതമാണെന്ന് പറയുകയുണ്ടായി. അതുകൊണ്ടാണ് ഇത് പരലോകത്തെ ഗവൺമെന്റാണോയെന്ന് ചോദിച്ചത്. ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. അബ്ദുൾ റഹിമാൻ ഏത് രാഷ്ട്രീയപാർട്ടിക്കാരനാണ്? ഇന്നും, അന്നും, എന്നും അദ്ദേഹത്തിന്റെ പിതാവ് ഉൾപ്പെടെയുള്ളവരുടെ കുടുംബപാരമ്പര്യം നോക്കിയാൽ അതെല്ലാവർക്കുമറിയാം. അബ്ദുൾ റഹിമാൻ ഏത് രാഷ്ട്രീയപാർട്ടിക്കാരനാണെന്ന് മനഃസാക്ഷിയുള്ള കോൺഗ്രസ്സുകാർ നെഞ്ചത്ത് കൈവച്ച് ചോദിക്കട്ടെ. അദ്ദേഹം രാഷ്ട്രീയ പ്രേരിതമായിട്ടുള്ള ഇടപെടലുകൾ നടത്തിയിട്ടുള്ള ആളാണെങ്കിൽ ആ രാഷ്ട്രീയം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? അത് കോൺഗ്രസ് രാഷ്ട്രീയമല്ലേ? തനിക്ക് നേരിട്ടുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിലല്ലേ അദ്ദേഹം പരാതി കൊടുത്തിട്ടുള്ളത്. ഞങ്ങൾ ആരെങ്കിലും പറഞ്ഞ് പരാതി കൊടുപ്പിച്ചതല്ല. അദ്ദേഹം കൊടുത്ത പരാതിയാണ്. ആ പരാതിയുടെ അടിസ്ഥാനത്തിലാണ് വി.സി. 2/2008/എൻ.ആർ.കെ. നമ്പർ ആയി 20-2-2008-ൽ കേസ് രജിസ്റ്റർ ചെയ്തത്. 28-2-2011-ൽ കോഴിക്കോട് വിജിലൻസ് കോടതിയിൽ കേസ്സന്വേഷണം നടത്തിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ കുറ്റപത്രം സമർപ്പിച്ചു. ആ കുറ്റപത്രത്തിൽ ഒന്നാംപ്രതിയാണ് ശ്രീ. അടൂർ പ്രകാശ്. എഫ്.ഐ.ആർ. എടുത്തതിന് അതിന്റേതായ ഗൗരവമുണ്ട്. കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിലല്ല; എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. മാണി രാജി വയ്ക്കേണ്ടിവന്നത്. എഫ്.ഐ.ആർ. അന്വേഷണത്തിൽ മാറുകയോ മാറാതിരിക്കുകയോ ചെയ്യാം. കുറ്റപത്രത്തിൽ ഉൾപ്പെട്ട സാഹചര്യത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് വന്നതും ശ്രീ. അടൂർ പ്രകാശ് മന്ത്രിയായതും. കഴിഞ്ഞ നാലര വർഷത്തിനിടയിൽ തുടരന്വേഷണത്തിന്റെ നിലപാട് സ്വീകരിക്കുകയും അന്വേഷണം നടത്തി മന്ത്രി പ്രതിയല്ലെന്ന് റിപ്പോർട്ട് വാങ്ങാൻ നോക്കുകയും ചെയ്തു. കോഴിക്കോട് വിജിലൻസ് അഡ്വൈസറുടെ ഉപദേശത്തിന് കൊടുത്തു. ആദ്യമെടുത്ത കുറ്റപത്രം നിലനിൽക്കുന്നതാണെന്നും മന്ത്രിയെ പ്രതിയല്ലാതാക്കി കൊണ്ടുള്ള റിപ്പോർട്ട് തള്ളിക്കളയണമെന്നും അതിന് നിയമപ്രാബല്യമില്ലെന്നും വിജിലൻസ് അഡ്വൈസർ പറഞ്ഞു. പല തോന്ന്യാസങ്ങൾക്കും കൂട്ടുനിൽക്കുന്ന

ആളായിരുന്നിട്ടും അദ്ദേഹത്തിനുപോലും തള്ളിക്കളയേണ്ടി വന്നുവെന്നുള്ളതാണ് ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നത്. സാധാരണ കൊലയാളികളായിട്ടുള്ള ആളുകൾപോലും ചില പ്രത്യേക കാര്യങ്ങൾ ചെയ്യുമ്പോൾ ശ്രദ്ധിക്കപ്പെടും. അങ്ങനെ ശ്രദ്ധിക്കപ്പെടുന്ന വിധത്തിൽ റിപ്പോർട്ട് നിരാകരിച്ചു. ആ സാഹചര്യം ഗവൺമെന്റിന് അറിയില്ലെന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് മനുഷ്യരുടെ ഗവൺമെന്റല്ലേ; പരലോകത്തെ ഗവൺമെന്റാണോയെന്ന് ഞാൻ ചോദിച്ചത്. എന്റെ സ്നേഹിതൻ ശ്രീ. രമേശ് ചെന്നിത്തല ഗവൺമെന്റിന് അറിയില്ലെന്ന് പറഞ്ഞ് മനഃസാക്ഷിക്ക് വിരുദ്ധമായി, സത്യസന്ധമല്ലാത്ത പ്രസ്താവന നടത്തി.

<u>മി. സ്പീക്കർ</u> : അടിയന്തരപ്രമേയത്തിന് അവതരണാനുമതി ചോദിച്ചു കൊണ്ടുള്ള പ്രസംഗമല്ല നടത്തുന്നത്; വാക്കൗട്ട് പ്രസംഗമാണ്. അഞ്ച് മിനിട്ടായി. പ്ലീസ്....

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. രാഷ്ട്രീയ പ്രേരിതമാണെന്ന അടിസ്ഥാനരഹിതമായ ആക്ഷേപം ഉന്നയിച്ച് സങ്കുചിത രാഷ്ട്രീയ താൽപ്പര്യം സംരക്ഷിക്കാനുള്ള മറുപടിയാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ നടത്തിയിട്ടുള്ളത്. നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഏത് കാര്യം വരുമ്പോഴും അദ്ദേഹം കേരളത്തിലെ ജനങ്ങളോടും പ്രതിപക്ഷത്തോടും ചോദിക്കുന്നത് എന്തെങ്കിലും തെളിവുണ്ടോയെന്നാണ്. 28-2-2011-ൽ കോഴിക്കോട് വിജിലൻസ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ ഒന്നാംപ്രതിയാണ് ശ്രീ. അടൂർ പ്രകാശ് എന്നതിനെക്കാൾ വേറെയെന്ത് തെളിവാണ് വേണ്ടത്? ഈ തെളിവ് കാണാതിരിക്കുന്ന എന്നുള്ളതുകൊണ്ടാണ് പഞ്ചേന്ദ്രിയങ്ങൾ നഷ്ടപ്പെട്ട ഗവൺമെന്റാണ് ഈ ഗവൺമെന്റെന്ന് പറയേണ്ടിവരുന്നത്. കുറ്റകൃത്യം നടത്തിയ, സത്യപ്രതിജ്ഞാ ലംഘനം നടത്തിയ, ഭരണഘടനാ ലംഘനം നടത്തിയ, കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് കൂട്ടുനിന്ന് അതിന് നേതൃത്വം കൊടുത്ത ഒരു മന്ത്രിക്ക് മന്ത്രിസ്ഥാനത്ത് തുടരാൻ ധാർമ്മികമായി, ഭരണഘടനാപരമായി, നിയമപരമായി അവകാശമില്ലെന്ന ആവശ്യത്തെ നിരാകരിക്കുന്ന ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ഇവിടെ ഭരണഘടനാ വ്യവസ്ഥതന്നെ തകർന്നിരിക്കുകയാണ്. അതല്ലെങ്കിൽ ഇവിടെ ബഹുമാന്യനായ അടൂർ പ്രകാശിന് മന്ത്രിയായി തുടരാൻ കഴിയുമായിരുന്നില്ല. ഈ കേസ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കെട്ടിച്ചമച്ചതാണെന്ന രീതിയിലായിരുന്നു ബഹുമാന്യനായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചിട്ടുള്ളത്. രാഷ്ട്രീയപ്രേരിതമായാണ് ഈ കേസ് വന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഇവിടെ നടന്ന വിശദമായ ചർച്ചയിൽ ഒരുകാര്യം നല്ലതുപോലെ ബോധ്യപ്പെട്ടതാണ്. ഈ പരാതി സമർപ്പിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെതന്നെ പാർട്ടിയിൽപ്പെട്ട, ദീർഘകാല പാരമ്പര്യമുള്ള കോൺഗ്രസ് കുടുംബത്തിലെ അംഗമായ ശ്രീ. അബ്ദുൾ റഹിമാൻ ആണെന്ന് ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹം പരാതി നൽകിയില്ലെങ്കിൽ ഇങ്ങനെയൊരു കേസുണ്ടാകുമോ; പരാതി അദ്ദേഹത്തെക്കൊണ്ട് ആരെങ്കിലും കൊടുപ്പിച്ചതാണെങ്കിൽ തുടരന്വേഷണം അവിടെ നടക്കുമ്പോൾ, അല്ലെങ്കിൽ ഇതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട ഘട്ടത്തിൽ അദ്ദേഹം അതിനാവശ്യമായ രീതിയിലുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കുമോ? അദ്ദേഹത്തോട് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന കാര്യം അദ്ദേഹംതന്നെ ചൂണ്ടിക്കാണിച്ചതാണ്. ഈ കാര്യങ്ങളൊക്കെ പച്ചയായി ബോധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത് വളരെ പഴക്കമുള്ള കേസ്സാണെന്നും 10 വർഷങ്ങൾക്കുമുമ്പുള്ളതാണെന്നും പറഞ്ഞാൽ സാധാരണഗതിയിൽ മലബാറിൽ 'പാമ്പ് കടിച്ചാൽ പുല്ലിൽ തേച്ചാൽ പോകില്ല, ആ വിഷം അവിടെത്തന്നെ നിൽക്കും, അതിന് ചികിത്സ വേണം' എന്നുപറയുന്നതുപോലെ അതിനാവശ്യമായ നടപടിയുണ്ടാകണം. അതിന്റെ ഭാഗമായി ഇപ്പോൾ പുനരന്വേഷണത്തിന് ശ്രമിച്ചപ്പോൾ നിയമത്തിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട് തുടരന്വേഷണമാക്കി മാറ്റി. തുടരന്വേഷണത്തിനുശേഷം അതിൽ ബന്ധപ്പെട്ട അധികാരികളെ സ്വാധീനിച്ചുകൊണ്ട് കുറ്റവിമുക്തനാക്കാൻ നടത്തിയ ശ്രമമെല്ലാം പരാജയപ്പെട്ടപ്പോൾ അവസാനമായി ഇപ്പോൾ മന്ത്രിയായി തുടരാനുള്ള എല്ലാ അവകാശവും നഷ്ടപ്പെട്ട ശ്രീ. അടൂർ പ്രകാശ് ഈ സഭാതലത്തിൽ ഒരു ചോദ്യം ചോദിച്ചു, 'ഞാൻ മാത്രമാണോ ഇവിടെ ഇങ്ങനെയൊരു കുറ്റാരോപിതനായിട്ടുള്ള ആൾ'; ശ്രീ. ഉമ്മൻ ചാണ്ടിയോടാണ് അദ്ദേഹം ചോദിച്ചത്. 'എന്റെ മുമ്പിലും എന്റെ വലതുവശത്തും എന്റെ പിറകിലുമെല്ലാം ഇരിക്കുകയല്ലേ ഇത്തരം കേസ്സിൽപ്പെട്ടിട്ടുള്ള ആളുകൾ, അവരൊക്കെ എന്താണ് പറയുന്നത്? ഇത്തരമൊരു സാഹചര്യത്തിൽ പ്രതിപക്ഷമോ ശ്രീ. കെ. സുരേഷ് കുറുപ്പോ രാജിവയ്ക്കണമെന്ന് പറഞ്ഞാൽ

ഒളിച്ചോടാൻ താനില്ല, പറയാനുത്തരവാദപ്പെട്ട ആൾ എന്റെ മുമ്പിലിരിക്കുന്നു, മുഖ്യമന്ത്രി പറയട്ടെ എന്ന്. ഈ സാഹചര്യത്തിൽ കുറ്റമാരോപിക്കപ്പെട്ട, ഒന്നാം പ്രതിയായിട്ടുള്ള, തെളിവുകളുടെ അടിസ്ഥാനത്തിലിപ്പോൾ കോടതിയുടെ മുമ്പിൽ കുറ്റക്കാരനായി കയ്യും കെട്ടി നിൽക്കേണ്ടിവരുന്ന ശ്രീ. അടൂർ പ്രകാശ് മന്ത്രിയായി തുടരണമോ വേണ്ടയോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. ഇവിടെ ഞാനും ആവശ്യപ്പെടുന്നു, മുഖ്യമന്ത്രി അതിലൊരു തീരുമാനമുണ്ടാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇവിടെ നടത്തിയിട്ടുള്ള എല്ലാ അന്വേഷണങ്ങളും, മുഖ്യമന്ത്രി ഇതുസംബന്ധിച്ച് എന്തെങ്കിലും പറയുമോ എന്നറിയില്ല, ഇതുമായി ബന്ധപ്പെട്ടു നടന്ന എല്ലാ വിഷയങ്ങളും വളരെ സംശയാതീതമായി തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. കുറ്റം ചെയ്തിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹമിവിടെ മന്ത്രിയായി തുടരുന്നതിലർത്ഥമില്ല. ഈ വിഷയം ചർച്ച ചെയ്യാൻ അനുവാദം നൽകാത്ത അങ്ങയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ബഹുമാന്യനായ മന്ത്രി ശ്രീ. അടൂർ പ്രകാശ് ഒരു ഭരണഘടനാ സത്യം പറഞ്ഞത്, മുഖ്യമന്ത്രി പറയട്ടെ അദ്ദേഹത്തിന് വിശ്വാസമുള്ളിടത്തോളം കാലം തുടരുമെന്നാണ്. കുറ്റപത്രത്തിൽ പേരു ചേർക്കപ്പെട്ട ഒരാൾ മന്ത്രിയായി തുടരുന്ന ഒരു കീഴ്വഴക്കം കേരളത്തിലുണ്ടാകണമോ എന്ന് തീരുമാനിക്കുന്നത് ഇപ്പോൾ മുഖ്യമന്ത്രിയാണ്. എഫ്.ഐ.ആർ.-ൽ അല്ല, കോടതിയിൽ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിൽ പേരു ചേർക്കപ്പെട്ട ഒരാൾ കേരളത്തിൽ ഇന്നേവരെ മന്ത്രിയായിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ ഒരാൾ മന്ത്രിസ്ഥാനത്ത് തുടരുന്ന ഒരു കീഴ്വഴക്കംകൂടി ഈ മന്ത്രിസഭയുടെ തൊപ്പിയിൽ ചേർത്തുവയ്ക്കാൻ മുഖ്യമന്ത്രി ഇഷ്ടപ്പെടുന്നുണ്ടോ എന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നമായി ഇവിടെ നിൽക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രതിരോധത്തിനുവേണ്ടി രണ്ടുകാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഒന്ന്, കാലപ്പഴക്കമുള്ള കേസ്സാണ്, 11 വർഷമായി, എന്നാണ് അദ്ദേഹം പറഞ്ഞത്. പതിറ്റാണ്ടു കഴിഞ്ഞ നക്സൽ വർഗ്ഗീസ് വധക്കേസ്സിലെ പ്രതികളെ എത്ര നാളുകൾക്കുശേഷമാണ് ശിക്ഷിച്ചതെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഒന്ന് ഓർക്കുന്നത്

നല്ലതാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, വീണ്ടും വീണ്ടും ആ മന്ത്രി ആ മണ്ഡലത്തിൽ ജയിക്കുന്നുവെന്നാണ്. ഫൂലൻ ദേവിയുടെയും ഷിബു സോറന്റെയും പപ്പു യാദവിന്റെയും ഒരവതാരം കേരളത്തിൽ വേണമെന്നാണോ ഈ ആഭ്യന്തര വകുപ്പുമന്ത്രി ഉദ്ദേശിച്ചതെന്ന് ഞാൻ ന്യായമായി സംശയിച്ചുപോകുകയാണ്. കേരളത്തിൽ മുഖ്യമന്ത്രി ഒരു മന്ത്രിയുടെ രാജി പോക്കറ്റിൽ കുറച്ചുനാൾ കൊണ്ടു നടന്നല്ലോ; ഏറ്റവും കുറഞ്ഞത് ശ്രീ. അടൂർ പ്രകാശ് മറ്റൊരു കോടതിയുടെ സ്റ്റേ കൊണ്ടുവരുന്നതുവരെ ഒരു രാജിക്കത്ത് വാങ്ങി പോക്കറ്റിലിട്ട് നടന്നുകൂടേ; രാജിക്കത്ത് പോക്കറ്റിൽ കിടക്കുകയേയുള്ളൂവെന്ന് ശ്രീ. കെ. ബാബുവിനോട് പറഞ്ഞിട്ടുണ്ടാകും, ശ്രീ. അടൂർ പ്രകാശിന് ചിലപ്പോൾ ആ വിശ്വാസം കാണില്ല, എടുത്ത് പ്രയോഗിച്ചുകളയുമോ എന്ന ഭയമുണ്ടോ എന്നെനിക്കറിയില്ല, ഗ്രൂപ്പ് സമവായത്തെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ, സ്റ്റേ കൊണ്ടുവരുന്നതുവരെ ഒരു രാജിക്കത്ത് എന്റെ പോക്കറ്റിലിരിക്കട്ടെയെന്ന് പറയാനുള്ള ആർജ്ജവമെങ്കിലും ഈ മുഖ്യമന്ത്രി കാണിക്കാത്തത് വലിയ കഷ്ടമാണ്. മെറിറ്റിന്മേലാണ് വിജിലൻസ് ഡയറക്ടറുടെ തീരുമാനമെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രിയുടെ പക്ഷം. അപ്പോൾ ശ്രീ. അടൂർ പ്രകാശിനെ കുറ്റപത്രത്തിൽനിന്ന് നീക്കം ചെയ്യേണ്ടതില്ല, അദ്ദേഹം വിചാരണ നേരിടട്ടെ എന്ന് പറയാൻതക്കവണ്ണം പ്രഥമദൃഷ്ട്യാ ഒരു കേസ്സുണ്ട് എന്നത് മെറിറ്റായി ഈ ഗവൺമെന്റ് അംഗീകരിക്കുന്നുവെന്ന് വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. പിന്നെയും അദ്ദേഹം മന്ത്രി സ്ഥാനത്ത് തുടരണമെന്ന് പറയുന്നതിലെ യുക്തി എന്താണ്? വളരെ ഗൗരവമുള്ള ഒരു വിഷയം ചർച്ച ചെയ്യാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

മി. സ്പീക്കർ : ഇവിടെ തൊട്ടുമുമ്പ് സി.പി.ഐ. വാക്കൗട്ട് നടത്തിയപ്പോൾ പറഞ്ഞത് ചെയറിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നുവെന്നാണ്. ചെയറിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്താൻ സാധിക്കില്ല. ഇവിടെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഗവൺമെന്റാണ് പറഞ്ഞത്. ഒരാൾ പ്രസംഗിച്ചുകൊണ്ടുനിൽക്കുന്നതിന്റെ ഇടയ്ക്കുകയറി പറയണ്ട എന്നുകരുതിയാണ് ശ്രീ. മാത്യു റ്റി. തോമസിന്റെ പ്രസംഗത്തിനുശേഷം ഇക്കാര്യം പറഞ്ഞത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഇന്നിവിടെ ജനങ്ങൾക്കാകെ ബോധ്യമുള്ള ഒരു കാര്യമാണ് പ്രതിപക്ഷം അടിയന്തരപ്രമേയത്തിലൂടെ ഉന്നയിക്കാൻ ശ്രമിച്ചത്. കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം പ്രതിയായി തുടരുന്ന ഒരാൾ മന്ത്രിസഭയിൽ തുടരുന്നതിലുള്ള രാഷ്ട്രീയവും നിയമപരവുമായ പ്രശ്നമാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. നിയമപരമായും രാഷ്ട്രീയമായും അങ്ങനെ തുടരാൻ അവകാശമില്ല. ആ ഒരു മഹനീയ മാതൃകയിലേക്ക് കേരളത്തിലെ രാഷ്ട്രീയത്തെ തിരിച്ചുകൊണ്ടുവരിക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം ഉന്നയിച്ചത്. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി അദ്ദേഹത്തിനും എനിക്കും അറിയാവുന്ന അബ്ദുൾ റഹിമാനെക്കുറിച്ചാണ് പറഞ്ഞത്. അബ്ദുൾ റഹിമാൻ പരാതി കൊടുത്തത് ഞങ്ങളാരും പറഞ്ഞിട്ടല്ല, പക്ഷെ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നന്നായി അറിയാം ആരു പറഞ്ഞിട്ടാണ് പരാതി അബ്ദുൾ റഹിമാൻ കൊടുത്തതെന്ന്. ആ അബ്ദുൾ റഹിമാൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്, ഇപ്പോഴും ആ ആക്ഷേപത്തിൽനിന്ന് പിൻവാങ്ങിയിട്ടുമില്ല. ഈയൊരു സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇതെങ്ങനെയാണ് ഒരു രാഷ്ട്രീയ പ്രേരിതമാകുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അങ്ങനെയൊരു രാഷ്ട്രീയ പ്രേരണ അബ്ദുൾ റഹിമാന് പുറകിലുണ്ടായിട്ടുണ്ടെങ്കിൽ ആ പ്രേരണ നൽകിയത് പ്രതിപക്ഷത്തുള്ളവരാണോ, ഭരണപക്ഷത്തുള്ളവരാണോ. അങ്ങ് പരോക്ഷമായിട്ടാണെങ്കിലും കുറെ സത്യങ്ങൾ ബോധ്യപ്പെടത്തക്ക വിധത്തിലിവിടെ സൂചിപ്പിച്ചു. ശ്രീ. അടൂർ പ്രകാശിനെതിരെ രാഷ്ട്രീയപ്രേരിതമായ ആരോപണം ഉന്നയിക്കാൻ ഇടയാക്കിയതിന്റെ പുറകിൽ പ്രവർത്തിച്ചതാരാണെന്ന് അദ്ദേഹം തന്നെ ചിന്തിക്കണം, ഞങ്ങളോടല്ല ആക്ഷേപം നടത്തേണ്ടത്. കുറ്റവിമുക്തനാക്കാൻ കഴിയില്ല എന്ന് വിജിലൻസ് ഡയറക്ടർ പറഞ്ഞു. അങ്ങനെ പറഞ്ഞ ഒരാൾ പിന്നെയെങ്ങനെയാണ് അധികാരത്തിൽ തുടരുന്നത്. എപ്പോഴാണ് ഒരു മന്ത്രി രാജി വയ്ക്കേണ്ടിവരിക എന്നതാണ് എന്റെ സംശയം. ഇങ്ങനെയുള്ള സാഹചര്യങ്ങളിലല്ലാതെ ഒരു ഗവൺമെന്റിൽ ഒരു മന്ത്രി രാജിവയ്ക്കേണ്ട സാഹചര്യങ്ങൾ ഏതാണ്? പക്ഷെ ശ്രീ. അടൂർ പ്രകാശിനെ ഞാൻ പ്രശംസിക്കുകയാണ്. അദ്ദേഹം മുഖ്യമന്ത്രിയുടെ ധാർമ്മികതയെ പരോക്ഷമായി ഇവിടെ വെല്ലുവിളിച്ചിട്ടുണ്ട്. ഇവിടെ അതുകൊണ്ട് ചർച്ച ചെയ്യേണ്ടത് ഇത്തരം പ്രശ്നങ്ങളടങ്ങിയ നിയമപരവും ധാർമ്മികവുമായ കാര്യങ്ങളാണ്. അങ്ങനെ സഭയുടെ അന്തസ്സ് ഉയർത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. ആ നിലപാട് സ്വീകരിക്കാത്ത ഗവണ്മെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്തുപോയി.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### ജി.സി.സി. രാജ്യങ്ങളിൽ നോർക്ക സെല്ലുകൾ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ പ്രവാസികളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട സഭയുടെയും മന്ത്രിയുടെയും മുമ്പാകെ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. കേന്ദ്ര പ്രവാസികാര്യ വകുപ്പ് നിർത്തലാക്കിയതോടുകൂടി വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് ജി.സി.സി. രാജ്യങ്ങളിലും കേരള സർക്കാരിന് കീഴിൽ നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ....... (ബഹളം)...............

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് സഭയിൽ തിരികെ ഹാജരായി.)

മി. സ്പീക്കർ : എന്താണ് ?

ശ്രീ. എസ്. ശർമ്മ : സർ, അതീവ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഇന്ന് അടിയന്തരപ്രമേയത്തിലൂടെ പ്രതിപക്ഷം ഉന്നയിച്ചത്. ആ പ്രശ്നത്തോട് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതിനെത്തുടർന്നാണ് വാക്കൗട്ട് ചെയ്തത്. ഈ നിലപാട് ഗവൺമെന്റ് തുടരുന്നിടത്തോളംകാലം ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഈ സഭയ്ക്കകത്ത് കുത്തിയിരുന്ന് ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുകയാണ്................(ബഹളം).............

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, സംസ്ഥാന ജനസംഖ്യയുടെ ആറിലൊന്ന് ഭാഗം ജനങ്ങളും വിദേശ രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നത്. ഇതിൽ 90 ശതമാനം മലയാളികളും ജോലി ചെയ്യുന്നത് ജി.സി.സി. രാജ്യങ്ങളിലാണ്. ഇവരുടെ തൊഴിൽ, വിസ, യാത്രാ രേഖകൾ സംബന്ധമായ പ്രശ്നങ്ങൾ, അതുപോലതന്നെ ക്രിമിനൽ കേസുകൾ, ജയിലിലടയ്ക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ, വിവിധ നഷ്ടപരിഹാരം സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ എംബസി വഴി പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്ന സ്ഥിതിവിശേഷമാണുള്ളത്. ഈ വിഷയത്തിൽ കെ.എം.സി.സി., ഒ.ഐ.സി.സി. പോലുള്ള പ്രവാസി

സംഘടനകളുടെയും വിദേശ മലയാളി വ്യവസായികളുടെയുമൊക്കെ സേവനം നിസ്തുലമാണ്. അതിനെ ഞാൻ ചെറുതായി കാണുന്നില്ല. എന്നിരുന്നാലും കേരള സർക്കാരിന്റെ ഔദ്യോഗിക സംവിധാനത്തിന്റെ സഹായം ഈ രാജ്യങ്ങളിൽ എളുപ്പം ലഭ്യമല്ല എന്നുള്ളത് വലിയൊരു പോരായ്മയാണ്. ഇത് പരിഹരിക്കുന്നതിന് നോർക്ക സെല്ലുകൾ ആരംഭിക്കേണ്ടത് ആവശ്യമാണ്. ഗൾഫിൽ ജോലി ചെയ്യുന്ന ആളുകളെ സംബന്ധിച്ച് ധാരാളം പ്രശ്നങ്ങളുണ്ട്. അവരുടെ എല്ലാ പ്രശ്നങ്ങളും ഓഫീസുകളിൽനിന്നും മറ്റും പരിഹരിക്കുന്നതിന് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന സംവിധാനമുണ്ടാകണം. സൗദി അറേബ്യയിലും യു.എ.യിലുമായി ഏകദേശം നാൽപ്പത് ലക്ഷത്തിലധികം മലയാളികൾ ജോലി ചെയ്യുന്നുണ്ട്. ഖത്തർ, ഒമാൻ, ബെഹറിൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിൽ നല്ലൊരു ശതമാനം ആളുകൾ ജോലി ചെയ്യുന്നുണ്ട്........ (ബഹളം)...........

മി. സ്പീക്കർ : സഭാനടപടികൾ തല്ക്കാലം നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 10.24-ന് നിർത്തിവച്ച സഭ 11.24-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ : ഭരണകക്ഷികളുമായും പ്രതിപക്ഷ കക്ഷികളുമായും സംസാരിച്ചുവെങ്കിലും ഒരു യോജിച്ച തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. സാധാരണ സഭയിൽ മൂന്നു ദിവസമാണ് ബഡ്ജറ്റ് ചർച്ച നടക്കുന്നത്. പ്രത്യേക സാഹചര്യത്തിൽ അത് രണ്ടുദിവസമായി ചുരുക്കി. ഇന്നും ബഡ്ജറ്റ് ചർച്ചയില്ലാതെ പോകുന്നത് ശരിയല്ല. അതുകൊണ്ട് ഇന്നത്തെ ചർച്ച നടത്താൻ ദയവായി എല്ലാവരും സഹകരിക്കണം. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, അങ്ങേയ്ക്ക് ശ്രദ്ധ ക്ഷണിക്കൽ തുടരാവുന്നതാണ്.

(പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് നോർക്കയുടെ ഒരു സെൽ എല്ലാ ജി.സി.സി. രാജ്യങ്ങളിലും അനുവദിച്ചുകൊണ്ട് പ്രവാസി മലയാളികളെ സഹായിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിനുള്ള ഒരു തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുക്കണം. ലക്ഷക്കണക്കിന് മലയാളികളാണ് വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ജി.സി.സി. രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. അതുകൊണ്ടുതന്നെ മലയാളികളായ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ എല്ലാ ഗൾഫ് രാജ്യങ്ങളിലും നോർക്ക സെല്ലുകൾ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടി ശ്രീ. എൻ. ഷംസുദ്ദീന് രേഖാമൂലം കൊടുത്താൽ മതി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഒരു വാക്ക് പറയാൻ അനുവദിക്കണം. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവനകൾ നൽകുന്ന പ്രവാസികളുടെ കാര്യം ചർച്ച ചെയ്യുമ്പോൾ ഈ നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ഇത് നിർഭാഗ്യകരമാണ്. കേരളം ഇന്ന് മുന്നോട്ടുപോകുന്നത് പ്രവാസികളുടെ കഠിനാദ്ധ്വാനത്താലാണ്. അവരെപ്പറ്റിയുള്ള ആവശ്യം ഉന്നയിക്കുമ്പോൾ, ഈ സഭയിൽ അത് ഉന്നയിക്കാനുള്ള അവസരം കൊടുക്കാതെ ഇത്തരത്തിൽ കോലാഹലം ഉണ്ടാക്കുന്നത് ശരിയല്ല. പ്രവാസികളോടുള്ള പ്രതിപക്ഷത്തിന്റെ അവഗണനയാണിത്. മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

(ശ്രീമതി ഇ. എസ്. ബിജിമോൾ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി.സ്പീക്കർ : സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുള്ള മറുപടി അംഗങ്ങൾക്ക് നൽകേണ്ടതാണ്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്.
2. തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്തിന്റെ 2013-14-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

11.00 AM]

II. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) 2013-14-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

III. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
2. കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഉണ്ണായിവാരിയർ സ്മാരക കലാനിലയത്തിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്.

V. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

അക്കാദമി ഓഫ് പ്രിസൻസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെ 2013-14-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VII. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (കിലെ) 2007-08-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) ചട്ടം 236(6) പ്രകാരമുള്ളത് (ലിസ്റ്റ് II)

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI-പെൻഷനും പലവകയും | 2014-15 | കേരള സംസ്ഥാന ഭാഗ്യക്കുറി (2075 എന്ന ശീർഷകം സംബന്ധിച്ച്) |

2. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIII- മത്സ്യബന്ധന | 2014-15 | മത്സ്യബന്ധനം |
| XL- തുറമുഖങ്ങൾ | 2014-15 | തുറമുഖം |

## VI. റിപ്പോർട്ട് സമർപ്പണം

(1) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

(കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടും വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടില്ല.)

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ട്.

ശ്രീ. ജോസഫ് വാഴക്കൻ : സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-16) -യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറു മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII. ധനകാര്യം

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങേയ്ക്ക് ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, "ലോകത്ത് എവിടെയുമെനിക്കൊരു വീടുണ്ട്" എന്ന് അഭിമാനത്തോടെ പാടിയ, വിശ്വമാനവികതയുടെ കവിയായിരുന്ന ഒ.എൻ.വി. സങ്കുചിത ചിന്താഗതികളിൽ കുടുങ്ങി മനുഷ്യസമൂഹം കൊച്ചുകൊച്ചു

കൂടാരങ്ങളിലേക്ക് ഒതുങ്ങിക്കൂടുന്ന ഈ കാലഘട്ടത്തിൽ ആ കവിയുടെ ജീവിതവും കൃതികളും വരുംതലമുറകൾക്ക് എന്നും ഓർക്കാനായി തലസ്ഥാനത്ത് അദ്ദേഹത്തിന്റെ പ്രതിമയും ജന്മനാട്ടിൽ മ്യൂസിയവും സ്ഥാപിക്കാൻ അതിവേഗം തീരുമാനമെടുത്ത മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു.

എന്റെ ഇഷ്ട പുസ്തകങ്ങളിലൊന്നാണ് ഒ.എൻ.വി. കുറുപ്പ് സാർ മഹാകവി രവീന്ദ്രനാഥടാഗോറിനെക്കുറിച്ച് എഴുതിയ "അമീ കവി". "ആരാണ് നീ" എന്ന ചോദ്യത്തിന് ടാഗോർ പറഞ്ഞ മറുപടി അതിൽ കാവ്യാത്മകമായി പ്രതിപാദിച്ചിട്ടുണ്ട്. 'അമീ കവി - ഞാൻ ഒരു കവി. പിന്നെയോ മറ്റുപലതിന്റേയുമൊരു ദൂതൻ'. .......(ബഹളം)...........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കാൻ അനുവദിക്കണം. ബഹളമുണ്ടാകുമെന്ന് അറിയാമായിരുന്നതിനാൽ ഞാൻ പ്രസംഗം എഴുതി തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : പ്രസംഗിക്കാൻ അവസരമില്ലാത്ത സാഹചര്യത്തിൽ പ്രസംഗം അങ്ങേയ്ക്ക് മേശപ്പുറത്തുവയ്ക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഞാൻ എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു.*

<u>മി. സ്പീക്കർ</u>: സഭ നടത്തിക്കൊണ്ടുപോകുവാൻ നല്ല അന്തരീക്ഷമില്ലാത്ത സാഹചര്യത്തിൽ ഇന്നത്തെ മറ്റു പ്രസംഗങ്ങളെല്ലാം ഒഴിവാക്കുന്നു.

ഓർഡർ....., ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.31-ന് പിരിഞ്ഞു.)

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## അനുബന്ധം

(1) 17-2-2016-ലെ ശ്രീ. എൻ. ഷംസുദ്ദീന്റെ ശ്രദ്ധ ക്ഷണിക്കലിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കേരളത്തിന് പുറത്തും വിദേശരാജ്യങ്ങളിലും വിവിധ മേഖലകളിൽ പണിയെടുക്കുന്ന പ്രവാസി മലയാളികൾ സംസ്ഥാനത്തിന് സാമൂഹിക സാമ്പത്തിക മേഖലകളിൽ നൽകുന്ന സംഭാവന വളരെ വലുതാണ്. പ്രവാസി ഇന്ത്യാക്കാരിൽ ബഹുഭൂരിപക്ഷവും മലയാളികളാണ്. ഇത് കണക്കിലെടുത്ത് പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി ഇന്ത്യയിൽ ആദ്യമായി പ്രവാസികൾക്കായി ഒരു വകുപ്പ് രൂപീകരിച്ചത് കേരളമാണ്. 1996-ൽ രൂപീകൃതമായ നോർക്ക വകുപ്പിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് കണ്ടതിനെ തുടർന്നാണ് കേന്ദ്ര സർക്കാർ പ്രവാസി കാര്യമന്ത്രാലയം 2004-ൽ രൂപീകരിച്ചത്. ഇപ്പോൾ ഈ മന്ത്രാലയം നിർത്തലാക്കുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതിഷേധാർഹമാണ്. വിദേശ രാജ്യങ്ങളിലെ പ്രത്യേകിച്ച് ജി.സി.സി. രാജ്യങ്ങളിൽ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് ഈ തീരുമാനം പ്രതിലോമകരമാകും എന്നതിനാൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം അറിയിച്ചുകൊണ്ടും തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് നൽകുകയും, ബഹു. മുഖ്യമന്ത്രിയും ബഹു. നോർക്ക മന്ത്രിയും ബഹു. കേന്ദ്ര വിദേശകാര്യ മന്ത്രിയെ നേരിൽക്കണ്ട് സർക്കാരിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവാസികളുടെ പ്രശ്ന പരിഹാരത്തിന് എംബസികൾ വഴി നോർക്ക വകുപ്പ് സാധ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വിവിധ രാജ്യങ്ങളിലെ പ്രവാസി സംഘടനകളുടെയും, സാമൂഹ്യ പ്രവർത്തകരുടെയും സഹകരണവും നോർക്ക വകുപ്പിന് ലഭിക്കുന്നുണ്ട്. നോർക്ക ഡയറക്ടർ ബോർഡ് ടി പ്രദേശത്തു നിന്നുള്ളവരെക്കൂടി ഉൾപ്പെടുത്തിയാണ് രൂപീകരിച്ചിട്ടുള്ളത് എന്നതിനാൽ ഇവരുടെ നേരിട്ടുള്ള സഹകരണവും സഹായവും ഇപ്പോൾ ലഭിക്കുന്നുണ്ട്. എങ്കിൽപ്പോലും ജി.സി.സി. മേഖലയിൽ പ്രത്യേകമായി നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. ഒരു സംസ്ഥാന സർക്കാർ വകുപ്പിന്റെ/ഏജൻസിയുടെ സെല്ലുകൾ വിദേശരാജ്യങ്ങളിൽ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട രാജ്യങ്ങളിലെ സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നയതന്ത്ര തലത്തിലുള്ള തീരുമാനം ആവശ്യമാണ്. മേൽ സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ നോർക്ക സെല്ലുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(2) 17-2-2016-ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ മേശപ്പുറത്തുവച്ച പ്രസംഗം (തുടർച്ച)

താൻ ജീവിച്ച കാലഘട്ടത്തിന്റെ കാഴ്ചകൾ കാണുകയും അവയോട് നിരന്തരം പ്രതികരിക്കുകയും ചെയ്ത കവിയായിരുന്നു ടാഗോർ. സുന്ദരമായ കാഴ്ചകളെ അദ്ദേഹം വാക്കുകളിലും വരകളിലും സന്നിവേശിപ്പിച്ചു. കിരാതമായ കാഴ്ചകളോട് പലകുറി 'മാ നിഷാദ' എന്നു വിളിച്ചുപറഞ്ഞു.

ഒ.എൻ.വി.-യുടെ ആ നിരീക്ഷണം വായിച്ചപ്പോൾ എനിക്ക് പെട്ടെന്ന് ഓർമ്മവന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുഖമാണ്. അദ്ദേഹം അവതരിപ്പിച്ച 2016-17-ലെ ബഡ്ജറ്റ് തന്റെ അരനൂറ്റാണ്ടു നീണ്ട പൊതുപ്രവർത്തനത്തിനിടയിൽ കണ്ട കാഴ്ചകളുടെ പ്രതിഫലനവും പ്രതികരണവുമാണ്. സമൂഹത്തിലെ കാഴ്ചകൾ കാണാതെ, കാഴ്ചകൾക്കുനേരെ കണ്ണടച്ച് ഒരു ഭരണാധികാരിക്കും മുന്നോട്ടുപോകാനാവില്ല. യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാതെ പരിഹാരം കണ്ടെത്താനാവില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സഭയിൽ അവതരിപ്പിച്ച 2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. ഇത് ഇന്നത്തെ തലമുറയ്ക്കുവേണ്ടി മാത്രമുള്ള ബഡ്ജറ്റല്ല. വരുംതലമുറകളെക്കൂടി മുന്നിൽകണ്ട് തയ്യാറാക്കിയതാണ്. നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുള്ള ബഡ്ജറ്റ് എന്നതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാന വിമർശനം. തെരഞ്ഞെടുപ്പല്ല, കേരളത്തിന്റെ ശോഭനമായ ഭാവി ലക്ഷ്യമാക്കിയുള്ളതാണ് ഈ ബഡ്ജറ്റിലെ ഓരോ പ്രഖ്യാപനവും. അതുകൊണ്ടാണ് ഇത് സാർവത്രികമായി സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്നത്.

ബഡ്ജറ്റ് രേഖകളിലൂടെ കടന്നുപോകുമ്പോൾ, ഈ സർക്കാരിനുവേണ്ടി കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട മാണി സാർ നിയമസഭാ പ്രസിദ്ധീകരണമായ 'സാമാജികൻ' മാസികയുടെ 2015 ജൂലൈ ലക്കത്തിൽ എഴുതിയ ലേഖനത്തിലെ ഒരു വാചകമാണ് എന്റെ ഓർമ്മയിൽ വരുന്നത്. അതിലെ ഒരു പ്രസക്ത ഭാഗം ഉദ്ധരിക്കട്ടെ: "ബഡ്ജറ്റ് ഒരു സംസ്ഥാനത്തിന്റെ വരവുചെലവ് കണക്കുകൾ മാത്രമല്ല, അത് ഒരു നാടിന്റെ വികസനരേഖയാണ്. സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിൽ പരിവർത്തനത്തിനുള്ള സാമ്പത്തിക ഉപകരണം കൂടിയാണത്. ദർശനം, പരിപ്രേക്ഷ്യം, സമീപനം എന്നിവയെല്ലാം അതിൽ വ്യക്തമാകുന്നു".

അക്ഷരാർത്ഥത്തിൽ അത് ശരിവയ്ക്കുന്നതാണ് ഈ ബഡ്ജറ്റ്. മാധ്യമങ്ങളിൽ വരുന്ന വിമർശനങ്ങളും അഭിപ്രായങ്ങളും ബഹുജനാഭിപ്രായത്തെ പ്രതിഫലിപ്പിക്കുന്നു എന്നതുകൊണ്ട് ഈ ബഡ്ജറ്റിനെ മാധ്യമങ്ങൾ എങ്ങനെ കാണുന്നു എന്ന് പരിശോധിക്കുന്നത് അനുചിതമാവില്ല എന്ന് ഞാൻ വിചാരിക്കുന്നു.

'ക്ഷേമപക്ഷം' എന്നാണ് മാതൃഭൂമി വിലയിരുത്തിയത്. ജനകീയ ബഡ്ജറ്റാകുമെന്ന പ്രതീക്ഷ തെറ്റിയില്ല. ബഡ്ജറ്റിലെ മികച്ച നിർദ്ദേശങ്ങളും പദ്ധതികളും നിലനിർത്താൻ ഇനി വരുന്ന ഭരണകർത്താക്കളും ശ്രമം നടത്തേണ്ടതാണ് എന്നും മാതൃഭൂമി നിർദ്ദേശിക്കുന്നു.

"സമൃദ്ധ ബഡ്ജറ്റ്; ജനകീയവും" എന്നാണ് മലയാള മനോരമയുടെ എഡിറ്റോറിയലിന്റെ തലക്കെട്ട്. "ഭരണത്തുടർച്ചയ്ക്ക് നായിഡു മോഡൽ വികസനം" എന്നാണ് കേരള കൗമുദിയുടെ വാർത്താ തലവാചകം. "സ്വപ്ന ബഡ്ജറ്റ്" എന്നാണ് മാധ്യമത്തിന്റെ തലക്കെട്ട്.

'Chandy uses tax whip for green cause' എന്ന ദ ഹിന്ദുവിന്റെ തലക്കെട്ട് ശ്രദ്ധേയമാണ്. കേരളത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്ന പദ്ധതികളുടെ ഘോഷയാത്ര എന്ന് മംഗളം ബഡ്ജറ്റിനെ വിലയിരുത്തുന്നു.

ക്ഷേമപദ്ധതികൾകൊണ്ട് സമ്പന്നവും ആഹ്ലാദകരവും എന്ന് മാധ്യമം അഭിപ്രായപ്പെടുന്നു. വികസനാധിഷ്ഠിതവും കരുതലുള്ളതും ഭരണത്തുടർച്ച ലക്ഷ്യമിട്ടുള്ളതും എന്നാണ് ബഡ്ജറ്റിനെ ദീപിക വിശേഷിപ്പിക്കുന്നത്. ഒരു ഇടക്കാല ബഡ്ജറ്റ് എന്ന നിലയിലല്ല പൊതുവെ മാധ്യമങ്ങൾ ഈ ബഡ്ജറ്റിനെ കാണുന്നത്. അതിനു കാരണം ബഡ്ജറ്റിലുടനീളം പ്രതിഫലിക്കുന്ന ദീർഘകാല ലക്ഷ്യത്തോടെയുള്ള നയങ്ങളും പദ്ധതികളും പരിപാടികളുമാണ്.

മറ്റൊരു കുറ്റവും പറയാനില്ലാത്തതിനാൽ യു.ഡി.എഫ്.-ന്റെ പ്രകടനപത്രിക എന്നാണ് പ്രതിപക്ഷം ഈ ബഡ്ജറ്റിനെ വിമർശിച്ചത്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മോശമായതിനാൽ പശ്ചാത്തലസൗകര്യ വികസനത്തെക്കുറിച്ചും മറ്റുമുള്ള ബഡ്ജറ്റിലെ ഭാവനകൾ ദിവാസ്വപ്നങ്ങളായിത്തീരും എന്ന് ഡോ. തോമസ് ഐസക് മാതൃഭൂമിയിൽ എഴുതിയ ലേഖനത്തിൽ നടത്തിയ പ്രവചനം അപ്രസക്തമാണെന്ന് കഴിഞ്ഞ 5 വർഷത്തെ ഭരണനേട്ടങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകും.

സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ഖജനാവ് ഇന്നുപൂട്ടും നാളെപൂട്ടും എന്നും കഴിഞ്ഞ നാലരവർഷം നിരന്തരം പറഞ്ഞുനടന്ന സാമ്പത്തിക വിദഗ്ദ്ധനാണ് ഡോ.തോമസ് ഐസക്. അദ്ദേഹം ഇപ്പോഴും അതുപറഞ്ഞുകൊണ്ടിരിക്കുന്നു എന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നും ഈ പ്രസ്താവനയ്ക്കുമില്ല.

ധനമന്ത്രിയെന്ന നിലയിൽ മാണിസാർ അവതരിപ്പിച്ച കഴിഞ്ഞ 5 ബഡ്ജറ്റുകളിലെ നയങ്ങളും പദ്ധതികളും സുസ്ഥിരമാക്കുന്ന ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഇത്രയധികം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ മറ്റൊരു സർക്കാർ ഉണ്ടായിട്ടില്ലെന്ന് ശത്രുക്കൾപോലും സമ്മതിക്കും.

- 7525 കോടി ചെലവ് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം
- 7205 കോടിയുടെ കൊച്ചി മെട്രോ റെയിൽ
- 1892 കോടി രൂപ ചെലവിൽ പണി പൂർത്തിയായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം
- 433 കോടി രൂപ ചെലവിൽ കൊച്ചിയിൽ നിർമ്മാണം നടക്കുന്ന വൈറ്റില മൊബിലിറ്റി ഹബ്ബ്
- 6728 കോടി രൂപ ചെലവിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും നിർമ്മിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി
- 3063 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായി ധാരണാപത്രം ഒപ്പിട്ട Rapid Rail Transport system
- ആറരലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

  സാമ്പത്തിക ഞെരുക്കങ്ങൾക്കും പ്രതിപക്ഷത്തിന്റെ ആരോപണ കോലാഹലങ്ങൾക്കുമിടയിൽ ഇവയ്ക്കൊക്കെ പണം കണ്ടെത്താനും പ്രാവർത്തികമാക്കാനും ഈ സർക്കാരിനു കഴിഞ്ഞു.

ദീർഘവീക്ഷണത്തോടുകൂടിയ ഒരു perspective plan -ഉം അത് നടപ്പാക്കാൻ 30,000 കോടി രൂപയുടെ മൂലധന നിക്ഷേപം സമാഹരിക്കാൻ Kerala Infrastructure Fund-ഉം സജ്ജീകരിച്ച് കേരളത്തിനെ വികസനത്തിന്റെ ഹൈവേയിലെത്തിച്ച ശേഷിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2016-17-ലേക്ക് 24,000 കോടി രൂപയുടെ വാർഷിക പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് തെളിയിച്ചിരിക്കുന്നത്. നടപ്പുവർഷത്തെ പദ്ധതി വിഹിതത്തെക്കാൾ 20% അധികമാണ് ഇത്.

സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് പരിതപിക്കുന്നവർ ഒരു കാര്യം വിസ്മരിക്കരുത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2010-11-ൽ 38,998 കോടി രൂപയായിരുന്നു വരുമാനം. 2015-16-ൽ അത് 95,432 കോടിയായി ഉയർന്നു. 146% വർദ്ധന. ഈ വരുമാന വർദ്ധനവ് സംസ്ഥാനത്ത് വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് സഹായകമായി.

2010-11-ൽ 22,282 കോടി രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതെങ്കിൽ 2015-16-ൽ 57,023 ആയി വർദ്ധിച്ചു. (156% വർദ്ധന). ഇതൊരു ചരിത്ര നേട്ടമാണ്.

പുതുതായി 2.23 ലക്ഷം തൊഴിലവസരങ്ങളാണ് കഴിഞ്ഞ 5 വർഷം സൃഷ്ടിക്കാനായത്. 8,225 കോടി രൂപയുടെ നിക്ഷേപം കൈവരിച്ചു. സർക്കാരിന്റെ ആദ്യ 100 ദിനങ്ങളിൽ പ്രഖ്യാപിച്ച 107 പരിപാടികളിൽ 102-ഉം പൂർത്തിയാക്കി കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി.

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ വിവാദമുയർത്തിയ വിഷയമാണ് ഭാഗ്യക്കുറി. ലോട്ടറി മാഫിയ അഴിഞ്ഞാടിയ ആ കാലഘട്ടത്തിൽ 6000 കോടി രൂപയാണ് ലോട്ടറി മാഫിയ കേരളീയരെ പറ്റിച്ച് കൊണ്ടുപോയത്. അത് വില്പനയുടെ കണക്കുകളിലും കാണാം. 2010-11-ൽ വിറ്റുവരവ് 557 കോടി രൂപയായിരുന്നു. ഇന്നത് 6000 കോടിയിലെത്തിയിരിക്കുന്നു. രണ്ട് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം പാവപ്പെട്ടവരുടെ ചികിത്സയ്ക്കാണ് ഉപയോഗിക്കുന്നത്. ഇതിനകം 1,42,000 പേർക്കായി 1200 കോടിയാണ് അനുവദിച്ചത്. സർക്കാരിന്റെ അഭിമാന പദ്ധതിയായ കാരുണ്യ ഇന്ന് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയിരിക്കുകയാണ്.

ഒരു സർക്കാരിന്റെ ഏറ്റവും വലിയ വിജയം ഏറ്റവും പ്രയാസമേറിയ സന്ദർഭങ്ങളിൽ ഏറ്റവും സാധാരണക്കാരനായ പൗരന് സർക്കാരിന്റെ സാന്ത്വനം, സാമീപ്യം, സ്പർശം അനുഭവപ്പെടുമ്പോഴാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ വർഷത്തെ പ്രധാന നേട്ടങ്ങളും അതുതന്നെയാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി, ദുരിതാശ്വാസ നിധി, കാരുണ്യ ബനവലന്റ് ഫണ്ട്, ബാലസാന്ത്വനം തുടങ്ങി എണ്ണമറ്റ പദ്ധതികളിലൂടെ ഏതാണ്ട് 30,000 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് പാവപ്പെട്ടവരുടെ തുണയ്ക്കെത്തിയത്. 15,911 കോടി രൂപയാണ് ക്ഷേമപെൻഷനുവേണ്ടി മാത്രം ചെലവഴിച്ചത്.

കേരളത്തിൽ ഒന്നും നടക്കില്ല എന്നൊരു ധാരണ നാട്ടിലും മറുനാട്ടിലും മലയാളികൾക്കുണ്ട്. അതുമാറ്റിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചു. കേരളത്തിൽ ഇടുക്കി അണക്കെട്ടിനും (1973) നെടുമ്പാശ്ശേരി വിമാനത്താവളത്തിനും (1999) ശേഷം വൻകിട പദ്ധതികളുടെ പരമ്പരകളാണ് കഴിഞ്ഞ അഞ്ചുവർഷം കേരളത്തിൽ പ്രാവർത്തികമായത്.

കേരളത്തിന് പണ്ടേയുള്ള ദുഷ്പ്പേര് നിക്ഷേപകർ പേടിച്ചോടുന്ന നാട് എന്നതാണ്. അതിനൊരു മാറ്റം വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. കഴിഞ്ഞ അഞ്ച് വർഷം ചെറുതും വലുതുമായ 51,899 പുതിയ സംരംഭങ്ങളാണ് ആരംഭിച്ചത്. 8225 കോടി രൂപയുടെ നിക്ഷേപം അതുവഴിയുണ്ടായി. 2.97 ലക്ഷം പേർക്ക് പുതുതായി തൊഴിൽ ലഭിച്ചു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞു എന്നത് ഒരു നിസ്സാര കാര്യമല്ല.

വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു മേഖലയേയും ഒരു പ്രദേശത്തെയും ബഡ്ജറ്റിൽ അവഗണിച്ചിട്ടില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സർക്കാരിന്റെ തലോടൽ കിട്ടാത്തതായി ഒരു മേഖലയോ, സവിശേഷ ശ്രദ്ധ ലഭിക്കാത്തതായി ഒരു ജനവിഭാഗമോ അവശേഷിക്കുന്നില്ല എന്ന് നിസ്സംശയം പറയാം.

ഏറ്റവും മികച്ച ധനമാനേജ്മെന്റാണ് കഴിഞ്ഞ 5 വർഷം ഉണ്ടായത്. അതുകൊണ്ടാണ് ഇത്രയും വൻകിട പദ്ധതികൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും പണം കണ്ടെത്താനായത്. അതുകൊണ്ടാണ് 2014-15-ലെ ദേശീയ വളർച്ചാനിരക്ക് 10.5% രേഖപ്പെടുത്തിയപ്പോൾ കേരളത്തിന് 12.31% കൈവരിക്കാനായതും.

ഗ്രാമീണ ആസ്തിയുടെയും പ്രതിശീർഷവരുമാനത്തിന്റെയും കാര്യത്തിലും കേരളം മുൻനിരയിലാണ്. മാനവ വികസന സൂചികകളിലെല്ലാം മുൻനിരയിൽ നിൽക്കുന്ന കേരളത്തിന്റെ മാനംകെടുത്തിയ ദുരന്തമാണ് വർദ്ധിച്ച മദ്യാസക്തി. അതിന് അറുതിവരുത്താനാണ് പുതിയ മദ്യ നയത്തിന് രൂപംനൽകിയത്. മദ്യത്തിന്റെ ലഭ്യത പടിപടിയായി കുറയ്ക്കാൻ 730 ബാറുകളും 78 ബിവറേജസ് ഔട്ട്ലെറ്റുകളും പൂട്ടി. സുപ്രീംകോടതിവരെ നീണ്ട നിയമ പോരാട്ടത്തിൽ സർക്കാരിന് വിജയം നേടാനായി. മദ്യംമൂലമുള്ള കുറ്റകൃത്യങ്ങളും വാഹനാപകടങ്ങളും ഗണ്യമായി കുറഞ്ഞു.

കോടികളുടെ നഷ്ടംവന്ന ബാറുടമകൾക്ക് പക്ഷെ അത് സഹിക്കാനായില്ല. അവരിൽ ചിലർ പ്രതിപക്ഷവുമായി കൈകോർത്ത് സർക്കാരിനെ തള്ളിതാഴെയിടാൻ ഗൂഢാലോചന നടത്തി. അതിന്റെ തെളിവുകൾ പുറത്തുവന്നപ്പോൾ മലക്കംമറിയുകയാണ് ഇടതുപക്ഷം. തങ്ങൾ അധികാരത്തിൽ വന്നാൽ എന്തായിരിക്കും മദ്യനയം എന്നുപറയാൻപോലും എൽ.ഡി.എഫ്. തയ്യാറാകുന്നില്ല. അധികാരം കിട്ടട്ടെ. അപ്പോൾ കാണിച്ചുതരാം എന്നതാണ് അവരുടെ മനോഭാവം. ജനങ്ങളുടെ ക്ഷേമം കാംക്ഷിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഇങ്ങനെ ഒളിച്ചോടുന്നത് ഭീരുത്വമല്ലേ സർ?

ഉമ്മൻചാണ്ടി സർക്കാരിന്റെ ജനകീയ മുഖമാണ് ജനസമ്പർക്ക പരിപാടി. അതിലൂടെ 7.89 ലക്ഷം പരാതികൾക്ക് പരിഹാരം കണ്ടു. 188 കോടി രൂപയുടെ സഹായം ലഭ്യമാക്കി. ഇതൊരു ലോകറെക്കോർഡാണ്. ലോകം കണ്ട ഏറ്റവും വലിയ ജനകീയ പ്രശ്നപരിഹാര പരിപാടി. പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2015 ഡിസംബർ വരെ 540 കോടി രൂപയാണ് വിതരണം ചെയ്തത്.

കേവലം രാഷ്ട്രീയ മുദ്രാവാക്യങ്ങളുമായി ഒരു ഭരണാധികാരിക്കും ഇന്നത്തെ സമ്പദ്‌വ്യവസ്ഥയിൽ രാജ്യത്തെ മുന്നോട്ടുനയിക്കാനാവില്ല.

ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഇന്നൊരു യാഥാർത്ഥ്യമാണ്. ലോക സാമ്പത്തികക്രമം മാറിവരുന്നു. സമസ്തമേഖലകളിലും കോർപ്പറേറ്റുകളും ബഹുരാഷ്ട്ര കമ്പനികളും പിടിമുറുക്കുന്നു. കേന്ദ്ര സർക്കാർ അതിന് കുടപിടിക്കുകയാണ്.

കേരളം ഇപ്പോഴും സാമ്പത്തിക സന്ദിഗ്ധാവസ്ഥയിലാണ്. ആഗോള സാമ്പത്തിക മാന്ദ്യം ഇന്ത്യയിൽ ആദ്യം ബാധിക്കുന്നത് കേരളത്തിലാണ്. നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനയുണ്ടാവുന്നില്ല. അതേസമയം വികസന ആവശ്യങ്ങൾക്കുള്ള ചെലവ് അധികരിക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുപ്പ് അടുത്തുവരികയുമാണ്. ഈ സാഹചര്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കുമെന്ന് പ്രതിപക്ഷത്തിനുമാത്രമല്ല, ഭരണപക്ഷത്തിനും ആകാംക്ഷയുണ്ട്. എന്നാൽ തൊട്ടുമുന്നിൽ നിൽക്കുന്ന തെരഞ്ഞെടുപ്പിനെക്കാളേറെ സംസ്ഥാനത്തിന്റെ പൊതുനന്മയും വികസനമുന്നേറ്റത്തിനുമാണ് മുൻഗണനയെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ മുഖ്യമന്ത്രി വിജയിച്ചിരിക്കുന്നു.

കേരളത്തെ കാൽനൂറ്റാണ്ട് പിന്നിലേക്ക് നയിച്ചത് ആരാണെന്ന് കൊച്ചുകുട്ടികൾക്കുപോലുമറിയാം. എന്നും വികസനത്തെ കണ്ണടച്ച് എതിർക്കുന്ന സമീപനമായിരുന്നു ഇടതുപക്ഷത്തിന്റേത്. പ്രത്യേകിച്ചും സി.പി.ഐ.(എം)-ന്റെ നയം.

തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പഠനകോൺഗ്രസ് നടത്തി സി.പി.ഐ.(എം) ഇപ്പോൾ വികസനത്തിന് വേഗം പോരെന്ന് വിലപിക്കുകയാണ്. ഈ കാപട്യം ഇനി കേരളത്തിൽ വിലപ്പോകില്ല. സി.പി.ഐ.(എം)-ന്റെ മനംമാറ്റം തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ്. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഓരോ മനംമാറ്റത്തിനുമിടയിൽ കേരളത്തിന് നഷ്ടപ്പെടുന്നത് കാൽനൂറ്റാണ്ടാണ്. അതിന് ആര് സമാധാനം പറയും?

<u>യുവജന ബഡ്ജറ്റ്</u> :

ഇതൊരു യുവജന ബഡ്ജറ്റാണ്. "വൃദ്ധന്മാർ വീഴുമ്പോൾ യുവജനങ്ങൾ എഴുന്നേൽക്കുന്നു" എന്ന് ഷേക്സ്പിയറിന്റെ KING LEAR എന്ന നാടകത്തിലെ കഥാപാത്രം പറയുന്നുണ്ട്. യുവജനങ്ങളുടെ ദൗത്യത്തെ ഓർമ്മിപ്പിക്കുന്ന ഡയലോഗ് ആണിത്.

പഴയ തലമുറ എത്തിച്ചിടത്തുനിന്ന് ലോകത്തെ മുന്നോട്ടുകൊണ്ടുപോകാൻ യുവാക്കൾക്ക് വിജ്ഞാനത്തിന്റെയും സാങ്കേതിക വിദ്യയുടെയും ശക്തി പകർന്നു നൽകേണ്ടതുണ്ട്. അത് അത്ര എളുപ്പമുള്ള കാര്യമല്ല.

2011-ലെ സെൻസസ് രേഖ പ്രകാരം അടുത്ത 20 വർഷത്തിനുള്ളിൽ ഇന്ത്യയുടെ തൊഴിൽസേന 32 ശതമാനം വർദ്ധിക്കുമ്പോൾ വ്യാവസായിക രാജ്യങ്ങളിൽ അത് 4 ശതമാനവും ചൈനയിൽ 5 ശതമാനവും കുറയും. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്താൻ 2022 ആകുമ്പോഴേയ്ക്ക് 50 കോടി ആളുകൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കേണ്ടതുണ്ട് എന്നാണ് കണക്ക്.

നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ആസ്തി നമ്മുടെ യുവജനങ്ങളാണ്. യുവശാക്തീകരണത്തിനായി നിരവധി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതിലൂടെ സംസ്ഥാന സർക്കാർ ഒരു പുതുയുഗത്തിന് തുടക്കം കുറിക്കുകയാണ്.

ചരിത്രപരമായ കാരണങ്ങൾ കൊണ്ടുതന്നെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം താരതമ്യേന മുന്നിലാണ്. എന്നാൽ അതിനനുസൃതമായി തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ അഭ്യസ്തവിദ്യരുടെ

തൊഴിലില്ലായ്മയിൽ കേരളത്തിന് അല്പം ദുഷ്പേരുണ്ട്. കേരളത്തിലെ തൊഴിൽ ചെയ്യാൻ പ്രാപ്തരായ ജനങ്ങളിൽ 26% കേരളത്തിന് പുറത്തു ജോലിചെയ്യുന്നു എന്നാണ് കണക്ക്. അത് മാറ്റിയെടുക്കാൻ കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലും അനേകം പദ്ധതികൾക്ക് കേരളം രൂപം നൽകി. അതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. അവയുടെ ചുവടുപിടിച്ച് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന നൈപുണി വികസന പദ്ധതികളും സംരംഭക പ്രോത്സാഹന സ്കീമുകളും കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല.

<u>സ്ത്രീ സൗഹൃദ ബഡ്ജറ്റ് :</u>

സ്ത്രീ സൗഹൃദ ബഡ്ജറ്റ് എന്നാണ് തിങ്കളാഴ്ച മാതൃഭൂമി എഡിറ്റോറിയലിൽ പുതിയ ബഡ്ജറ്റിനെ വിശേഷിപ്പിച്ചത്. അത് അക്ഷരാർത്ഥത്തിൽ ശരിയാണ്.

കേരളത്തിന്റെ അഭിമാന പദ്ധതിയാണ് കുടുംബശ്രീ. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കുടുംബശ്രീ മാതൃക പിന്തുടരുന്നതിനുള്ള പ്രവർത്തനം നടന്നു വരികയാണ്. 40 ലക്ഷത്തിലധികം കുടുംബങ്ങൾ അംഗങ്ങളായ കുടുംബശ്രീക്ക് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 130 കോടി രൂപയാണ് അനുവദിച്ചിരുന്നത്.

കുടുംബശ്രീയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയാണ് ഈ സർക്കാർ ആ പ്രസ്ഥാനത്തോടുള്ള പ്രതിബദ്ധത പ്രഖ്യാപിച്ചിരിക്കുന്നത്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ കുടുംബശ്രീക്ക് നൽകിയത് 45 കോടി രൂപയാണ്. 2012-ൽ യു.ഡി.എഫ്. സർക്കാർ അത് 85 കോടി രൂപയാക്കി. 2015-16 ആയപ്പോഴേക്കും 121 കോടി രൂപയാക്കി ഉയർത്തി. പുറമെ സ്വന്തം ആസ്ഥാനം നിർമ്മിക്കാൻ 5 കോടി രൂപയും അനുവദിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 5 കൊല്ലം നൽകിയ മൊത്തം തുക വെറും 220 കോടി രൂപയാണ്.

ജനസംഖ്യയിൽ പകുതി വരുന്ന സ്ത്രീ സമൂഹത്തിന്റെ ശാക്തീകരണത്തിനും പുരോഗതിക്കുംവേണ്ടി ശ്രദ്ധേയമായ നിരവധി പദ്ധതികളാണ് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾക്ക് പെൻഷൻ, അവരുടെ കുട്ടികൾക്ക് പഠനസഹായം, പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കാനുള്ള ബോധവൽക്കരണം, സ്ത്രീകൾക്ക് സംരംഭം തുടങ്ങാനുള്ള പരിശീലനവും സഹായവും എന്നിവ ഈ രംഗത്തെ നിർണ്ണായക ചുവടുവയ്പുകളാണ്.

ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ഇത്തരം പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ കൃത്യമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്. അക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജി.എസ്.ഡി.പി.), അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പാദനം എന്നിവയുടെ കാര്യത്തിൽ വൻപുരോഗതിയാണ് രേഖപ്പെടുത്തിയതെന്ന് 2015-ലെ സാമ്പത്തിക അവലോകന രേഖ വ്യക്തമാക്കുന്നു.

അതേസമയം കൃഷി അനുബന്ധ മേഖലയുടെ വളർച്ചാനിരക്ക് 2014-15 വർഷം (-)4.67 ശതമാനമായി കുറഞ്ഞത് ആശങ്കയുണർത്തുന്നതാണ്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ കൃഷി അനുബന്ധ മേഖലയുടെ വിഹിതം 2011-12-ൽ 14.38 ശതമാനമായിരുന്നത് കഴിഞ്ഞ വർഷം 11.6 ശതമാനമായി കുറഞ്ഞു എന്നതും ശ്രദ്ധിക്കേണ്ടതാണ്.

നെല്ലിന്റെ ഉൽപ്പാദനക്ഷമതയിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ മൊത്തം നെല്ലുൽപ്പാദനത്തിലും ചെറിയ കുറവാണ് കാണുന്നത്. (2013-14 - 5.64 ലക്ഷം മെട്രിക് ടൺ, 2014-15 - 5.62 ലക്ഷം മെട്രിക് ടൺ), പച്ചക്കറി (64%), വാഴ (29.23%), നാളികേരം (2.31%), മരച്ചീനി (18%), ഏലം (14.2%), പാൽ (2.11%) എന്നിവയുടെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് പ്രത്യാശാജനകമാണ്.

ഹരിത ബഡ്ജറ്റ് :

ഈ ബഡ്ജറ്റ് അക്ഷരാർത്ഥത്തിൽ തന്നെ ഒരു ഹരിത ബഡ്ജറ്റാണ്. പരിസ്ഥിതി സൗഹൃദ സമീപനവും പരിപാടികളും കൊണ്ട് ജൈവസമ്പന്നമാണിത്.

ആവാസവ്യവസ്ഥ സംരക്ഷണം, മണ്ണ്-ജലസംരക്ഷണം, വിഷരഹിത പച്ചക്കറി ഉൽപ്പാദനം, സുസ്ഥിര നെൽകൃഷി വികസനം, ജൈവവൈവിധ്യ സംരക്ഷണം, പരിസ്ഥിതി പരിപാലനം, വന്യജീവി സംരക്ഷണം, ദേശീയ പാർക്കുകളുടെ പരിപാലനം, വനമേഖലാ സംരക്ഷണം, ഇക്കോട്ടൂറിസം, ശുചിത്വകേരളം, ശ്മശാന നിർമ്മാണം എന്നീ ഇനങ്ങളിൽ 568.63 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്ക് 1673.98 കോടി രൂപയും ഗ്രീൻബുക്ക് പ്രോജക്ടുകൾക്ക് 15.70 കോടി രൂപയും ഗ്രീൻ ടൂറിസം സർക്യൂട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പുറമേ നദികളെ സംരക്ഷിക്കാൻ നദീതട അതോറിറ്റിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇത്രയധികം പ്രകൃതി-സൗഹൃദ പദ്ധതികൾ ഉൾപ്പെടുത്തിയ ബഡ്ജറ്റ് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

പരിസ്ഥിതി മലിനീകരണത്തിൽ ഒരു മുഖ്യഘടകമാണ് പ്ലാസ്റ്റിക്കുകളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം. അത് കുറച്ചുകൊണ്ടുവരാൻ പ്ലാസ്റ്റിക് ബാഗുകളുടെ നികുതി 20 ശതമാനമായി ഉയർത്താനും പ്ലാസ്റ്റിക് ബോട്ടിലുകളിൽ വരുന്ന വെള്ളം, സോഡ, ശീതളപാനീയങ്ങൾ തുടങ്ങിയവയ്ക്ക് 5% സർചാർജ് ഏർപ്പെടുത്താനുമുള്ള തീരുമാനം അങ്ങേയറ്റം അഭിനന്ദനമർഹിക്കുന്നു. അതിലൂടെ ലഭിക്കുന്ന അധിക വരുമാനം പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കാനും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കാനും ഉപയോഗിക്കുമെന്നാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത്രയും ഭാവനാസമ്പന്നമായ ഒരു പദ്ധതിയെ ആർക്കാണ് എതിർക്കാൻ കഴിയുക?

നമ്മുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് പ്രവാസികൾ. ബാങ്കുകളിൽ പ്രവാസികളുടെ നിക്ഷേപം മാത്രം ഒരു ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. പക്ഷേ അന്യനാട്ടുകളിൽ നട്ടുവൊടിയെ പണിയെടുത്ത് കേരളത്തെ പോറ്റുന്ന പ്രവാസികൾ ഇപ്പോഴും ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അവധിക്കാലത്ത് നാട്ടിലെത്തുന്ന പ്രവാസികളെ വിമാനകമ്പനികൾ കൊള്ളയടിക്കുന്നു. അതിനൊരു അറുതിവരുത്തണം. ആവശ്യമെങ്കിൽ എയർ കേരള പ്രൊപ്പോസൽ വീണ്ടും പരിഗണിക്കണം.

പ്രവാസികൾ പലകാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങാൻ നിർബന്ധിതരാവുന്നു. അവരുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞ നാലരവർഷം ഒട്ടേറെ പദ്ധതികൾക്ക് സർക്കാർ രൂപം നൽകി. 2016-17 ബഡ്ജറ്റിൽ നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. അതോടൊപ്പം പ്രവാസികളുടെ പ്രധാനപ്പെട്ട ഒരു പരിവേദനം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ പ്രതിമാസം 100 രൂപ അംശദായം അടയ്ക്കുന്നവർക്ക് 500 രൂപയും 300 രൂപ അടയ്ക്കുന്നവർക്ക് 1,000 രൂപയുമാണ് പെൻഷൻ അനുവദിക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ കോർപ്പസ് ഫണ്ടിൽ ഇപ്പോൾ 80 കോടിയോളം രൂപ നിക്ഷേപമായുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പെൻഷൻ യഥാക്രമം 1,000 രൂപയും 2,000 രൂപയുമായി ഉയർത്തണമെന്നാണ് പ്രവാസികൾ ആവശ്യപ്പെടുന്നത്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ നടപ്പാക്കാനാവുന്ന ഈ നിർദ്ദേശം പരിഗണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മറ്റ് ക്ഷേമനിധി അംഗങ്ങൾക്ക് ഏർപ്പെടുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഇൻഷ്വറൻസ് പ്രവാസികൾക്കുകൂടി ബാധകമാക്കുന്ന കാര്യം അനുകൂലമായി പരിഗണിക്കണം. കേന്ദ്ര സർക്കാർ പ്രവാസികാര്യ വകുപ്പും പ്രവാസി ഭാരത് ദിവസവും നിർത്തലാക്കിയ സാഹചര്യത്തിൽ 'കേരള പ്രവാസി ദിവസം' ആചരിക്കാൻ സർക്കാർ മുൻകൈയെടുക്കണം.

ഒരു വ്യാപാര സൗഹൃദ സമീപനത്തിലൂടെ മാത്രമേ സംസ്ഥാനത്ത് വ്യാപാരമേഖലയെ പുഷ്ടിപ്പെടുത്താനാവൂ. അതുവഴി മാത്രമേ നികുതിവരുമാനം ഉയർത്താനാവൂ.

വിൽപ്പന നികുതി നിരക്കുകൾ ഏകീകരിക്കാനും നടപടിക്രമം ലഘൂകരിക്കാനുമുള്ള ബഡ്ജറ്റ് നിർദ്ദേശം സ്വാഗതാർഹമാണ്. ഒപ്പം ദീർഘകാലമായുള്ള ചെറുകിട വ്യാപാരി വ്യവസായികളുടെ ആവശ്യവും ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. വ്യാപാരി ക്ഷേമനിധിയിലെ കുറഞ്ഞ പെൻഷൻ മൂന്നുവർഷം മുമ്പ് 500 രൂപയിൽനിന്ന് 750 രൂപയാക്കിയിരുന്നു. എന്നാൽ 30 മാസമായിട്ടും അത് പ്രാവർത്തികമാക്കിയിട്ടില്ല. അത് ഉടൻ കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ നടപടിയെടുക്കണം. ഇക്കാര്യം മുൻപും സഭയിൽ ഞാൻ ഉന്നയിച്ചിരുന്നു. അതുപോലെ 60 ലക്ഷം രൂപയാണ് ഇപ്പോൾ വ്യാപാരികൾക്ക് നിശ്ചയിച്ചിരിക്കുന്ന ടേണോവർ പരിധി. അത് കുറഞ്ഞത് 75 ലക്ഷമായി ഉയർത്തണം. വാറ്റ് നിയമത്തിൽ കാലോചിതമായ ഭേദഗതികൾ അനിവാര്യമാണ്. 25(3) വകുപ്പിൽ Best of Judgement തുകയുടെ മൂന്നിലൊന്ന് കെട്ടിവയ്ക്കണമെന്ന വ്യവസ്ഥ ചെറുവ്യാപാരികളെ വീർപ്പുമുട്ടിക്കുന്നതാണ്. തുകയൊടുക്കാനാവാതെ പലരും ആത്മഹത്യയുടെ വക്കിലാണ്. അതൊഴിവാക്കാൻ നടപടിയെടുക്കണം. നികുതി വരുമാനം സർക്കാർ കർശനമായും ഉറപ്പാക്കണം. അതേസമയം പോലീസിനെ ഉപയോഗിച്ചുള്ള കടപരിശോധന ഒഴിവാക്കണം. കടയുടമകൾ നിസ്സഹകരിച്ചാൽ മാത്രമെ പോലീസിന്റെ സേവനം ഉപയോഗപ്പെടുത്താവൂ എന്ന് നികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം.

ഞാൻ വ്യക്തിപരമായി മുഖ്യമന്ത്രിയോട് നന്ദി രേഖപ്പെടുത്തുകയാണ്. തിരുവനന്തപുരം ജില്ലയിൽ രണ്ടാമതൊരു റവന്യൂ ഡിവിഷൻ എന്ന ദീർഘകാല സ്വപ്നം ഈ ബഡ്ജറ്റിലൂടെ യാഥാർത്ഥ്യമാവുകയാണ്. നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിലെ മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി നെടുമങ്ങാട് ആസ്ഥാനമായി ഒരു മലയോര റവന്യൂ ഡിവിഷൻ നിലവിൽ വരുന്നതോടെ ജില്ലയിലെ മലയോര മേഖലയിൽ വികസനത്തിന്റെ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

അതുപോലെതന്നെ ഡോ. സാം പിത്രോഡയുടെ 10 നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട, ലോകനിലവാരമുള്ള Knowledge City എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിപ്പുറത്ത് സ്ഥാപിക്കാനുള്ള തീരുമാനവും അങ്ങേയറ്റം അഭിമാനാർഹമാണ്.

നിർദ്ദിഷ്ട തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ യാർഡും ഷോപ്പിംഗ് കോംപ്ലക്സും എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിപ്പുറത്ത് വരുന്നു എന്നുള്ളത് നഗരപ്രാന്തത്തിന്റെ വളർച്ചയ്ക്ക് ഏറെ ഗുണകരമാവുമെന്നതിൽ സംശയമില്ല.

എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് പ്രശ്നങ്ങൾ കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. നെടുമങ്ങാട് താലൂക്കിലെ വാഹന അപകട കേസുകൾ ഇപ്പോൾ കൈകാര്യം ചെയ്തുവരുന്നത് ആറ്റിങ്ങലിലും നെയ്യാറ്റിൻകരയിലുമുള്ള എം.എ.സി.റ്റി. കോടതികളിലാണ്. കൊല്ലം ജില്ലാ അതിർത്തിവരെയുള്ള നെടുമങ്ങാട് താലൂക്കിലെ നിവാസികൾ ഇത്തരം കേസുകൾക്കായി ആറ്റിങ്ങൽ/ നെയ്യാറ്റിൻകര കോടതികളെയാണ് ആശ്രയിക്കേണ്ടി വരുന്നത്. ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഏറ്റവും കൂടുതൽ റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് നെടുമങ്ങാട് താലൂക്കിലാണ്. ഈ അവസ്ഥ പരിഗണിച്ച് നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് ആസ്ഥാനമായി ഒരു എം.എ.സി.റ്റി. കോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കോടതി ഉടനടി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നെടുമങ്ങാട് താലൂക്ക്, ആണ്ടൂർക്കോണം പഞ്ചായത്തിൽ ആനതാഴ്ചിറ എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റി 10 കോടി രൂപ ചെലവഴിച്ച് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിവരികയാണ്. 36 ഏക്കറിൽ പരന്നുകിടക്കുന്ന മനോഹരമായ, വളരെയധികം ടൂറിസം സാധ്യതയുള്ള സ്ഥലമാണ് ആനതാഴ്ചിറ. ജലസംഭരണിയോട് അനുബന്ധിച്ച് കുട്ടികളുടെ പാർക്കും ഒരു ഉദ്യാനവും നിർമ്മിക്കുന്നത് ഈ പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കും. അതിന് ഒരു കോടി രൂപ വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കർഷകരും കർഷകത്തൊഴിലാളികളും സാധാരണക്കാരും ഏറ്റവും കൂടുതൽ അധിവസിക്കുന്ന നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനം ഉൾപ്പെടുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി ഒരു ഐ.ടി.ഐ. ആരംഭിക്കണമെന്നുള്ളത് ദീർഘകാലമായുള്ള ആവശ്യമാണ്. പോത്തൻകോട് പഞ്ചായത്തിലെ വേങ്ങോട് പട്ടികജാതി ക്ഷേമ വകുപ്പിന്റെ കൈവശമുള്ളതും പൊതുആവശ്യത്തിനായി നീക്കിവച്ചിട്ടുള്ളതുമായ സ്ഥലത്ത് ഒരു ഐ.ടി.ഐ. തുടങ്ങണമെന്ന് ഗ്രാമപഞ്ചായത്തും ആവശ്യപ്പെട്ടിട്ടുണ്ട്. അതും കൂടി പരിഗണിക്കണം.

ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിന്റെ സ്ഥായിയായ പുരോഗതിക്ക് വേണ്ടത് വികസന പ്രവർത്തനങ്ങളിലെ സമവായവും സഹവർത്തിത്വവുമാണ്. നേട്ടങ്ങൾ നിലനിർത്താനും മുന്നോട്ടുകൊണ്ടുപോകാനും സമാധാനപരമായ അന്തരീക്ഷം അനിവാര്യമാണ്. നിർഭാഗ്യവശാൽ ഇക്കാര്യങ്ങളിലെല്ലാം പ്രതിപക്ഷത്തിന്റെ സമീപനവും നിലപാടുകളും നിഷേധാത്മകമാണ്. ക്രിയാത്മകമായ വിമർശനമല്ല, അക്രമാസക്തമായ ആക്രോശങ്ങളാണ് സഭയ്ക്കുള്ളിലും പുറത്തും പ്രതിപക്ഷം അഴിച്ചുവിടുന്നത്. ഇത് കേരളത്തിലെ ജനത തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കണം. ജനവികാരം ഉൾക്കൊണ്ട് പ്രതിപക്ഷം അതിന്റെ ശരിയായ ഉത്തരവാദിത്തം നിർവ്വഹിക്കണം.

നിക്ഷിപ്ത താല്പര്യക്കാർ ഉയർത്തിക്കൊണ്ടുവരുന്ന വ്യാജ ആരോപണങ്ങൾ ഏറ്റുപിടിച്ച് സഭ സ്തംഭിപ്പിച്ചും അണികളെ ഇളക്കിവിട്ട് പൊതുമുതൽ നശിപ്പിച്ചും പ്രതിപക്ഷം നടത്തുന്ന സമരാഭാസങ്ങൾ കേരളത്തിന് ഒരു ഗുണവും ചെയ്യില്ല. ആരോപണങ്ങളുന്നയിക്കുന്നവരുടെ തനിനിറം പുറത്തുവരുമ്പോൾ വികൃതമാകുന്നത് പ്രതിപക്ഷത്തിന്റെ മുഖമാണെന്ന കാര്യം വിസ്മരിക്കരുത്.

ഞാൻ കഴിഞ്ഞ ദിവസം ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന സഭാദ്ധ്യക്ഷന്മാരുടെയും ഉപാദ്ധ്യക്ഷന്മാരുടെയും ദേശീയ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അവിടെ നടന്ന ചർച്ചകൾ രണ്ട് വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. നിയമസഭാ പ്രവർത്തനങ്ങളെ ജനങ്ങൾ എങ്ങനെ കാണുന്നു എന്നതാണ് ഒന്ന്. ആ വിഷയത്തിലാണ് ഞാൻ സംസാരിച്ചത്. ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാൻ സഭയ്ക്ക് കഴിയുന്നുണ്ടോ എന്ന ആത്മപരിശോധനയാണ് ചർച്ചകളിലുടനീളം നടന്നത്. അതിരൂക്ഷമായ സ്വയം വിമർശനങ്ങളാണ് ചർച്ചകളിൽ ഉയർന്നുവന്നത്. സഭയ്ക്കുള്ളിൽ നടക്കുന്നത് ഇന്ന് ജനങ്ങൾ തത്സമയം വീടുകളിലിരുന്നു കാണുകയാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം പോലും നഷ്ടപ്പെടാൻ അംഗങ്ങളുടെ നിഷ്ക്രിയത്വവും നിഷേധാത്മക നിലപാടും ഇടയാക്കും എന്ന നിഗമനത്തിലാണ് കടുത്ത ആശങ്കകളോടെ ചർച്ച പര്യവസാനിച്ചത്.

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അവതരണവേളയിൽ കേരള നിയമസഭയിൽ നടന്നതെന്താണെന്ന് പലരും എന്നോട് ചോദിച്ചു. ലജ്ജിച്ചു തലതാഴ്ത്താനേ എനിക്ക് കഴിഞ്ഞുള്ളൂ. നമുക്ക് തലയുയർത്തി നിൽക്കണ്ടേ? നാം കൂട്ടായി ചിന്തിക്കണം.

സഭാ നടപടികളിൽ അംഗങ്ങളുടെ സക്രിയ പങ്കാളിത്തം എന്നതായിരുന്നു രണ്ടാമത്തെ വിഷയം. അതിലും നിരാശാജനകമായിരുന്നു ചർച്ചകളിൽ ഉയർന്നുവന്ന വിമർശനം.

നാം ആത്മപരിശോധന നടത്തണം. അക്രമവും ആക്രോശങ്ങളും മാത്രമല്ല പ്രതിഷേധിക്കുന്നതിനുള്ള മാർഗ്ഗം. ജനങ്ങളുടെ മുന്നിൽ സഭാംഗങ്ങൾ പരിഹാസ പാത്രമാവരുത്.

സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും പരിപാവനതയും കാത്തു സൂക്ഷിക്കണം. ബഹുമാനപ്പെട്ട ഗവർണറുടെ ഭരണഘടനാ ബാധ്യതയായ നയപ്രഖ്യാപന പ്രസംഗത്തെപ്പോലും അലങ്കോലപ്പെടുത്തുന്ന പ്രതിപക്ഷം അതുവഴി എന്താണ് നേടുന്നത്?

അക്രമവും കൊലപാതകങ്ങളും കൊണ്ട് രക്തസാക്ഷികളെ സൃഷ്ടിച്ച് അധികാരം പിടിച്ചെടുക്കാമെന്ന വ്യാമോഹം ഇനി കേരളത്തിൽ വിലപ്പോവില്ല. ചിന്തിക്കുന്ന സമൂഹം തിരിച്ചടിക്കും.

" വാളല്ലെൻ സമരായുധം

ഝണഝണധ്വനം മുഴക്കീടുവാ

നാളല്ലെൻ കരവാളുവിറ്റൊരു

മണിപ്പൊൻ വീണ വാങ്ങിച്ച ഞാൻ"

എന്ന് വയലാർ രാമവർമ്മ പതിറ്റാണ്ടുകൾക്കുമുമ്പ് 'സർഗ്ഗസംഗീത'ത്തിൽ കുറിച്ചിട്ട വരികൾ ഏറ്റുപാടി വിപ്ലവരാഷ്ട്രീയത്തിൽനിന്ന് ചെറുപ്പക്കാർ അരാഷ്ട്രീയവാദത്തിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത പ്രതിപക്ഷം തിരിച്ചറിയണം.

"നാടന്തർപ്രഹരങ്ങളേറ്റ് പിടയുമ്പോൾ" അതിനെ തീച്ചൂളയിലേക്ക് തള്ളിവിട്ട് മുതലെടുക്കാൻ നടത്തുന്ന ഹീനശ്രമത്തിൽനിന്ന് പ്രതിപക്ഷം പിന്തിരിയണം.

ജനങ്ങൾക്കുവേണ്ടത് വികസനവും സമാധാനവുമാണ്. സമാധാനമില്ലാത്ത സമൂഹത്തിൽ പുരോഗതി പൂർണ്ണമാവില്ല എന്ന രാഷ്ട്രപിതാവിന്റെ വാക്കുകൾ നാം ഉൾക്കൊള്ളണം. വിമർശനം അനിവാര്യമാണ്. അത് പ്രതിപക്ഷത്തിന്റെ ധർമ്മവുമാണ്. എന്നാൽ അകാരണമായി എന്തിനേയും ഏതിനേയും എതിർക്കുന്നത് ജനങ്ങൾ പുച്ഛത്തോടെയേ കാണുകയുള്ളൂ.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന 2016-17-ലെ ബഡ്ജറ്റ് സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ അതിവേഗം ബഹുദൂരം മുന്നേറാനുള്ള ഒരു സുവർണ്ണ രേഖയാണ്.

നമുക്ക് പരിഹരിക്കേണ്ടതായി നിരവധി പ്രശ്നങ്ങളുണ്ട്. ധാരാളം വെല്ലുവിളികൾ നമ്മെ തുറിച്ചുനോക്കുന്നുണ്ട്. ഇവിടെ എല്ലാം ഭദ്രമാണെന്ന വിചാരം എനിക്കില്ല.

വിസ്തൃതിയിൽ ഏറ്റവും ചെറിയ നമ്മുടെ സംസ്ഥാനം ജനസാന്ദ്രതയിൽ ഏറ്റവും മുന്നിലാണ്. കേരളീയരിൽ 26 ശതമാനവും തൊഴിലിനായി മറുനാട്ടിലാണ്. ആഗോള സാമ്പത്തിക മാന്ദ്യം ഇന്ത്യയിൽ ഏറ്റവുമാദ്യം ബാധിക്കുന്നത് കേരളത്തെയാണ്. ഏതു നിമിഷവും പ്രവാസികൾക്ക് കേരളത്തിലേയ്ക്ക് മടങ്ങേണ്ടി വന്നേക്കാം. സംസ്ഥാനത്തിന്റെ വരുമാനം പരിമിതമാണ്. വികസനാവശ്യങ്ങൾ വലുതും.

കേന്ദ്ര സർക്കാരിന്റെ പക്ഷപാതപരമായ നയങ്ങളും നിലപാടുകളും ഫാസിസ്റ്റ് മനോഭാവവും സംസ്ഥാനത്തിന്റെ മുന്നേറ്റത്തിന് ഒരു പ്രധാന തടസ്സമായി നിലനിൽക്കുന്നു. തങ്ങളുടെ രാഷ്ട്രീയ അജണ്ട നടപ്പാക്കുന്നതിനായി സ്വാതന്ത്ര്യലബ്ധി മുതൽ വികസനാസൂത്രണത്തിന്റെ ചുക്കാൻ പിടിച്ച ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കി വികസന രംഗത്ത് സ്തംഭനാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ.

ഭക്ഷ്യോൽപ്പാദനത്തിൽ നാം സ്വയംപര്യാപ്തമല്ല. ജീവിത ശൈലീരോഗങ്ങൾ പെരുകുകയാണ്. വർഗ്ഗീയ ഫാസിസവും അസഹിഷ്ണുതയും അക്രമവാസനയും പിടിമുറുക്കുന്നു. മദ്യവും മയക്കുമരുന്നും യുവതലമുറയെ വശീകരിക്കുന്നു. ഇവയ്ക്കെല്ലാം പരിഹാരം കാണണമെങ്കിൽ വികസന കാര്യങ്ങളിൽ സമവായം വേണം, ഇച്ഛാശക്തി വേണം, ആത്മസംയമനവും അനിവാര്യമാണ്. പ്രതിപക്ഷം കൂടി സഹകരിച്ചാൽ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റാനാവും.

നാം ഈ സഭാസമ്മേളനം കഴിഞ്ഞ് നേരെ പോകുന്നത് ജനകീയ കോടതിയിലേക്കാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണമാണ് അവിടെ ജനങ്ങൾ വിലയിരുത്താൻ പോകുന്നത്. വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വച്ച പ്രതിപക്ഷത്തിന്റെ വിനാശകരമായ നിലപാടുകൾ അവിടെ വിചാരണ ചെയ്യപ്പെടും. സംശയമില്ല.

ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുവാൻ ഭരണത്തുടർച്ച വേണമെന്ന ബോധ്യമായിരിക്കും അവിടെ വിജയിക്കുക, സംശയമില്ല.

സംസ്ഥാനത്തിന്റെ സുസ്ഥിര പുരോഗതിക്ക് സമഗ്രവികസനത്തിന്റെ കവാടം തുറക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.